Kerala Catholic Bishops' Council's
Commission for Social Harmony and Vigilance

# KCBC JAGRATHA

## കെസിബിസി ജാഗ്രതന്യൂസ്

Issue 280 July 2021

## ക്രൈസ്തവ വിരുദ്ധത

### വളർത്താനുള്ള ശ്രമങ്ങളും പടരുന്ന തലങ്ങളും

ജനമാണു ശരി!

ചിതലരിക്കാൻ അറയ്ക്കുന്ന അക്വേറിയം

വർഗീയ രാഷ്ട്രീയവും മതരാഷ്ട്രവാദവും

## ക്രൈസ്തവ ജാഗ്രതയ്ക്ക് വേണ്ടത് പുതിയ ദിശാബോധം

For private circulation

www.malankaralibrary.com

# മുഖവുര

ആധുനിക മനുഷ്യന്റെ ചരിത്രത്തിൽ ഏറ്റവും സങ്കീർണ്ണമായ കാലഘട്ടം ഇപ്പോൾ നാം കടന്നുപോയ്ക്കൊണ്ടിരിക്കുന്നതാണ് എന്ന് കുറേപ്പേരെങ്കിലും കരുതുന്നുണ്ട്. വാസ്തവത്തിൽ, പല കാലഘട്ടങ്ങളിലെയും മനുഷ്യർ അപ്രകാരം ചിന്തിച്ചിരുന്നെങ്കിലും ഇപ്പോൾ നാം അഭിമുഖീകരിക്കുന്ന ചില പ്രതിസന്ധികൾ വിലയിരുത്തിയാൽ ഈ കാലഘട്ടം കൂടുതൽ സങ്കീർണ്ണമാണെന്ന് തോന്നാം. മുൻകാലങ്ങളിലൊന്നുമില്ലാത്ത രീതിയിൽ ആരോഗ്യപരവും, സാമ്പത്തികവും, സാമൂഹികവുമായ നിരവധി പ്രതിസന്ധികൾ നമുക്കിടയിൽ ബഹുഭൂരിപക്ഷം പേരുടെയും സമാധാനം കെടുത്തി യിരിക്കുന്നു. സാമ്പത്തികമായി അതിജീവനഭീഷണി നേരിടുന്നവരും, ആരോഗ്യകര മായി വലിയ വെല്ലുവിളികളെ നേരിടുന്നവരും നമുക്ക് ചുറ്റും അനേകരുണ്ട്. അതിനൊപ്പം സാമൂഹികവും സാമുദായികവുമായ ഞെരുക്കങ്ങൾക്കൂടിയാകുമ്പോൾ ഏറെപ്പേരെ നിരാശയിൽ അകപ്പെടുത്താൻ ഇപ്പോഴുള്ള പ്രതിസന്ധികൾ ധാരാളം. എല്ലാ വെല്ലുവിളികളെയും അതിജീവിക്കത്തക്കതായ കരുത്ത് ആധുനിക മനുഷ്യൻ കൈവരിച്ചിരിക്കുന്നു എന്ന് പലരും ധരിച്ചിരുന്ന ഒരു സമയത്താണ് കാര്യങ്ങളെല്ലാം തകിടം മറിഞ്ഞത്. വലിയ ഞെരുക്കങ്ങളിലൂടെയാണ് കടന്നുപോകുന്നതെങ്കിലും ഇവയൊക്കെ ഈ ലോകവും നാമും അതിജീവിക്കുമെന്ന് നമുക്കറിയാം. അതാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. ഈ കാലഘട്ടത്തിലെ അനുഭവങ്ങളും ചില വിലയേറിയ പാഠങ്ങൾ നമുക്ക് നൽകുന്നുണ്ട്. ഒരുമയും സ്നേഹവും സഹവർത്തിത്വവും പ്രത്യാശ യുമാണ് ഈ കാലഘട്ടം നമ്മിൽനിന്ന് ആവശ്യപ്പെടുന്നത്. അഹങ്കാരവും സ്വാർത്ഥ ചിന്തകളും അതിരുകവിഞ്ഞ അവകാശവാദങ്ങളും കൈവെടിഞ്ഞ് അൽപം കൂടി എളിമ സ്വായത്തമാക്കാനും മറ്റുള്ളവരെക്കുറിച്ചുകൂടി കരുതലുള്ളവ രാകാനും ഈ കാലഘട്ടം നമുക്ക് പ്രചോദനം പകരട്ടെ.

KCBC
JAGRATHA
കെസിബിസി ജാഗ്രത ന്യൂസ്

July 2021| Issue 280

Pastoral Orientation Centre
Palarivattom, Kochi - 25
Phone: 0484 2806262

Patron
Rt. Rev. Dr. Joseph Kariyil

Managing Editor
Fr. Saju Kuthodiputhanpurayil CST

Consultant Editor
Rev. Dr. Joshy Mayyattil

Editor
Vinod Nellackal

Design
Lithin Mathew

*Office & DTP*
Vimala Shaji

www.malankaralibrary.com

4 ജനമാണു ശരി!

ക്രൈസ്തവ ജാഗ്രതയ്ക്ക് വേണ്ടത് പുതിയ ദിശാബോധം 7

12 ക്രൈസ്തവ വിരുദ്ധത വളർത്താനുള്ള ശ്രമങ്ങളും...

വർഗീയ രാഷ്ട്രീയവും മതരാഷ്ട്രവാദവും 22

32 അനിവാര്യം കേരള തീരസംരക്ഷണ അതോറിറ്റി

ഇസ്രയേൽ പലസ്തീൻ യുദ്ധം കേരളത്തിലും! 40

52 കത്തോലിക്കാസഭയിലെ സമർപ്പിത ജീവിതരീതികൾ

ചിതലരിക്കാൻ അറയ്ക്കുന്ന അക്വേറിയം 57

75 ന്യൂനപക്ഷവും വിവിധ പക്ഷങ്ങളും

**KCBC SOCIAL HARMONY AND VIGILANCE COMMISSION**

**Chairman:** Rt Rev. Dr. Joseph Kariyil
**Vice Chairmen:** Abp. Mar Andrews Thazhath, Bp. Mar Pauly Kannookkadan
**Secretary:** Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre, Palarivattom, Kochi - 25**
**Phone: 0484 2806262; Email: kcbcshvc@gmail.com**

+91 7594900555 https://www.facebook.com/kcbcvigilance

www.malankaralibrary.com

# ജനമാണു ശരി!

**ബിഷപ്പ് ഡോ. ജോസഫ് കരിയിൽ**
**ചെയർമാൻ, കെസിബിസി ജാഗ്രതാ കമ്മീഷൻ**



പ്രതീക്ഷകൾക്കപ്പുറമുള്ള ഭൂരിപക്ഷത്തോടെ ഭരണകക്ഷി വീണ്ടും അധികാരത്തിൽ വന്നിരിക്കുകയാണ്. ദുരിതങ്ങളും അതുളവാക്കുന്ന അരക്ഷിതാവസ്ഥയുമെല്ലാം മുതലെടുത്ത് ലോകത്തെവിടെയും ഭരണത്തുടർച്ചയല്ല, ഭരണമാറ്റമാണ് സംഭവിക്കാറുള്ളത്. 'മാറി മാറി വരുന്ന ഭരണക്കാർ' എന്ന പ്രയോഗം അനുഭവസാധുതയുമായി കേരളത്തിലുണ്ട് താനും. എന്നാൽ, അപൂർവ്വമെന്നു പറയാവുന്ന ഒരപവാദം കേരളത്തിൽ ഉണ്ടായിരിക്കുന്നു. കിറ്റു കൊടുത്താണു ജയിച്ചതെന്ന് തോറ്റവർ കെറുവിക്കുന്നു. ധാന്യവും എണ്ണയുമൊക്കെ അടുക്കളയിലെത്തിച്ച് വലിയൊരു ബാലറ്റ്യുദ്ധം ജയിച്ച മാതൃക മുന്നിലുണ്ടല്ലോ. ഒരു സാമൂഹിക ചിന്തകൻ നിരീക്ഷിച്ചു:

'മുന്നണികൾ ചെയ്യുന്നത് എന്താണെന്ന് പരിശോധിക്കാം. ഭിക്ഷകൊടുക്കുന്നതിലുള്ള മത്സരമാണ് ഇവിടെ നടക്കുന്നത്. ഒരു കൂട്ടർ രണ്ടായിരം രൂപയാണ് വാഗ്ദാനം ചെയ്യുന്നതെങ്കിൽ മറ്റൊരു കൂട്ടർ മൂവ്വായിരം രൂപ വാഗ്ദാനം ചെയ്യുന്നു. ഇത് ഭിക്ഷകൊടുക്കലാണ്'. കുറഞ്ഞ ഭിക്ഷ ഓഫർ ചെയ്തവരുടെ പിന്നാലെ ജനം കൂടി എന്നതിൽ അത്ഭുതപ്പെടണോ? 'ടോക്കൺ അഡ്വാൻസ്' മുന്നേ കിട്ടിത്തുടങ്ങിയതിനാൽ ജനം ഇവരെ വിശ്വസിച്ചു എന്നു കരുതിക്കൂടേ?

ഇലക്ഷൻ കമ്മീഷൻ പ്രവർത്തനം തുടങ്ങുംമുമ്പേ ഒരുപറ്റം മാധ്യമപ്രവർത്തകർ 'ജനവികാരനിർമ്മിതി'ക്കായി പണിപ്പുരയിൽ പ്രവർത്തനം തുടങ്ങി എന്നൊരു അഭിപ്രായം പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. അതിനെക്കുറിച്ചുള്ള ചില വിവരങ്ങൾ പുറത്തുവന്നെങ്കിലും ഇതിനു പിന്തുടർച്ച കണ്ടില്ല. ചിലർക്കു വീരപരിവേഷം നൽകിയും ചിലരെ തെരെഞ്ഞെടുത്ത് അപകീർത്തിപ്പെടുത്തിയുമുള്ള കഥകൾ ഇറങ്ങുണ്ടായിരുന്നു. ഇതിലെ 'കരാർതൊഴിലി'ന്റെ സ്വഭാവം സൂക്ഷ്മദൃഷ്ടികൾക്കുപോലും പിടികിട്ടിയെന്നു തോന്നുന്നില്ല. നിഷ്പക്ഷതയുടെ മൂടുപടമണിയുമ്പോഴും അവതാരകരുടെ ഉള്ളിലിരുപ്പ് വെളിവാകുമായിരുന്നു, പലപ്പോഴും.

നിർമ്മിതബുദ്ധിയുടെ കാലമാണെങ്കിലും മേൽപ്പറഞ്ഞ രീതിയിലുള്ള ജനവികാരനിർമ്മിതി -അതിനുള്ള ശ്രമംപോലും- ആശങ്കപ്പെടുത്തേണ്ടതല്ലേ? ബ്രസീലിലെ ഒരു ഇലക്ഷൻ കാലത്ത് ഒരു സ്ഥാനാർത്ഥിയുടെ വലിയപടം ഒരു നാല്ക്കവലയിൽ സ്ഥാപിച്ചിരുന്നതിനെക്കുറിച്ച് പാവ്‌ളോ ഫ്രെയർ "Education for Critical Consciousness' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. പരസ്യബോർഡിലെ നേതാവിന്റെ തലയിലേയ്ക്കും കണ്ണുകളിലേയ്ക്കും കാതുകളിലേയ്ക്കും വായിലേയ്ക്കും ഓരോ കൈചൂണ്ടികൾ വരച്ചിരിക്കുന്നു. അടിയിലെ എഴുത്ത് ഇങ്ങനെയാണ്:

You don't need to think,
he thinks for you
You don't need to see,
he sees for you
You don't need to hear,
he hears for you
You don't need to speak,
he speaks for you.

ബോധമയക്കത്തിലാക്കി സാധാരണക്കാരെ പോളിങ് ബൂത്തി


www.malankaralibrary.com

ലെത്തിക്കാനുള്ള ശ്രമമായിരുന്നു ഇവിടെ. 'യഥാർത്ഥ'മായ അസത്യ നിർമ്മിതി ടെക്നോളജിയുടെ പുരോഗതിയുടെ ഇക്കാലത്ത് ക്ഷിപ്രസാധ്യമാണ്. എന്തെങ്കിലുമൊക്കെ നിർമ്മിച്ച് സോഷ്യൽ മീഡിയായിലേക്കു ഇട്ടുകൊടുത്താൽ, അത് വൈറസുപോലെ പടർന്നുകൊള്ളും. ഓരോ മനസ്സിലും ഓരോ വകഭേദങ്ങൾ ഈ വൈറസ് പെട്ടെന്ന് ഉണ്ടാക്കിയെടുക്കും. പേരിടാൻ, ഏറ്റവും വലിയ അക്ഷരമാലയുള്ള മലയാളം പോലും പോരാതെയും വരും.

സ്വാഭാവികമായി സംഭവിക്കേണ്ട ഒന്നാണ് ജനസമ്മതി. കാരണം ജനാധിപത്യത്തിന്റെ പവിത്രത ഈ സ്വാഭാവികത ആവശ്യപ്പെടുന്നു. കുറ്റങ്ങളും കുറവുകളും എത്രയധികം വേണമെങ്കിലും ചൂണ്ടിക്കാണിക്കാണിക്കാൻ പറ്റുമ്പോഴും പരീക്ഷിച്ചുനോക്കപ്പെട്ടതിൽ ഏറ്റവും നല്ല ഭരണരീതി, ജീവിതരീതി, ജനാധിപത്യം തന്നെയാണ്. ദാർശനികപ്രതിഭയായ റെയ്നോൾഡ് നീബൂർ “Moral Man and Immoral Society” എന്ന പ്രഖ്യാതഗ്രന്ഥത്തിലെഴുതി : “Man’s capacity for justice makes democracy possible. Man’s inclination to injustice makes democracy necessary”. ഈ ജനാധികാരത്തെ മൈൻഡ് മാനേജ്മെന്റിലൂടെ പരുവപ്പെടുത്തുന്നത് വലിയ അപകടമാണ്.

സ്വർണ്ണക്കടത്ത്, ഡോളർകടത്ത്, ലൈഫ് മിഷൻ, പിൻവാതിൽ നിയമനം തുടങ്ങി പ്രധാനപ്പെട്ട വിഷയങ്ങളിന്മേലുള്ള ചർച്ചകൾ വേണ്ടിയിരുന്നതാണ്. ഇവയൊന്നും ചർച്ചയിൽ കാര്യമായി വരാതിരിക്കാൻ ആരോ ഒക്കെ പ്രവർത്തിക്കുന്നുണ്ടായിരുന്നു എന്നു തോന്നിപ്പോയി. ക്യാപ്റ്റൻ, മാർഷൽ തുടങ്ങിയ വിശേഷണങ്ങൾക്കു ആവർത്തിച്ചു അടിവരയിടുന്നതു കപ്പോൾ അറിയാതെ Fuehrer, Duce തുടങ്ങിയവയെ സംബന്ധിച്ചുള്ള അസുഖകരമായ ഓർമ്മകൾ പൊന്തിവന്നു! ('ലീഡർ' എന്ന വാക്ക് കോൺഗ്രസ്സിലുണ്ടായിരുന്നില്ലേ? എന്ന ചോദ്യമാവാം. പക്ഷേ, അതു കോൺഗ്രസ്സാണ്. അവിടെ തുടങ്ങുന്നതൊന്നും മുന്നോട്ട് പോകാറില്ലല്ലോ. Indira is India എന്നതിന് പോലും ആയുസ്സ് അധികം ഉണ്ടായില്ലല്ലോ). ബീഹാറിലും മറ്റുമുള്ള ബൂത്തുപിടുത്തം പോലെ തന്നെയാണ് കൃത്രിമമായ ജനസമ്മതിയുടെ നിർമ്മിതിയും. ഒന്ന് മണ്ണിൽ നടക്കുന്നു. രണ്ടാമത്തേത് മനസ്സിൽ നടക്കുന്നു; ഒന്ന് ദൃശ്യവും സ്ഥൂലവും. രണ്ടാമത്തേത് അദൃശ്യവും സൂക്ഷ്മവുമായ ആക്രമ



ണം. രണ്ടും ജനാധിപത്യത്തിന്റെ പാതകം തന്നെ. 'ഞങ്ങളുടെ പി.ആർ. വർക്ക് വേണ്ടത്ര ഫലിച്ചില്ല' എന്ന് ഒരു നേതാവ് പറയുകയുണ്ടായി. ജനങ്ങൾക്കിടയിൽ പ്രവർത്തിച്ച്, ജനങ്ങൾക്കായി പ്രവർത്തിച്ചല്ലേ ജനസമ്മതി നേടേണ്ടത്? ഇലക്ഷൻ പ്രവർത്തനങ്ങൾ ഒരു ഈവന്റ് മാനേജ്മെന്റായി മാറുന്നതും അതിനെ അങ്ങനെ ആക്കുന്നതും എതിർക്കപ്പെടുക തന്നെ വേണം. ജനാധിപത്യത്തിന്റെ സുസ്ഥിതിക്ക് അത് അത്യാവശ്യകമാണ്.

തെരഞ്ഞെടുപ്പ് ഫലത്തെ ഒന്നുകൂടി ജനപക്ഷത്തുനിന്നു നോക്കിക്കണ്ടാൽ എങ്ങനെയിരിക്കും? രണ്ടുമൂന്നു ദുരന്തങ്ങൾ സാമാന്യം ഭേദപ്പെട്ട നിലയിൽ കൈകാര്യം ചെയ്യാൻ ഭരണകക്ഷിക്ക് കഴിഞ്ഞു. കോവിഡ് പ്രതിരോധത്തിന്റെ കാര്യത്തിലും മറ്റൊരു സംസ്ഥാനത്തിലും കാണാത്ത ജാഗ്രത


www.malankaralibrary.com

ഇവിടെ ഉണ്ടായി. പ്രതിപക്ഷം പല മൗലിക പ്രശ്നങ്ങളും ഉയർത്തിക്കൊണ്ടുവന്നു എന്നതു ശരിതന്നെ. ''ആരെങ്കിലുമൊക്കെ സ്വർണ്ണം കടത്തട്ടെ; ഡോളർ കടത്തട്ടെ; ലൈഫ് മിഷനിൽ എന്തും നടക്കട്ടെ, 'ലൈഫാ'ണു പ്രധാനം; അതിനു ഭരണത്തുടർച്ചയാണു നല്ലത്'' എന്നു ജനം കരുതി. ഈ കരുതലാണു ജനഹിതമായി പുറത്തു വന്നത് എന്ന് എനിക്കു തോന്നുന്നു. തെരഞ്ഞെടുപ്പിനു ശേഷം പ്രതിപക്ഷത്തുണ്ടായ അനിശ്ചിതത്വവും അവ്യവസ്ഥയും നാം കണ്ടതല്ലേ? തെരഞ്ഞെടുപ്പിൽ ജയിച്ചിരുന്നെങ്കിൽ ഒരു മന്ത്രിസഭയുണ്ടാക്കാൻ എത്ര മാസം വേണ്ടിവരുമായിരുന്നു? ഇതിനിടയിൽ കോവിഡ് മൂന്നാം തരംഗം കടന്നിട്ടുണ്ടാകുമായിരുന്നു. ജനം ചിന്തിച്ചത് ശരിയായ രീതിയിലല്ലേ? ജനമാണു ശരി എന്നു പറയേണ്ടി വരും. ഈ ജനത്തെ ഗൗരവത്തിലെടുക്കാൻ ഭരണത്തുടർച്ച കിട്ടിയവർ ശ്രദ്ധ കാണിക്കുമെന്നു കരുതാം. അവരിൽ ഭൂരിപക്ഷവും 'സഗൗരവ'മാണല്ലോ പ്രതിജ്ഞയെടുത്തത്.

## ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിന് തുല്യനീതി ഉറപ്പാക്കുന്ന നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ തയ്യാറാകണം: കെസിബിസി

കൊച്ചി: എല്ലാ ന്യൂനപക്ഷ വിഭാഗങ്ങളെയും പ്രതിനിധാനം ചെയ്യുന്ന വിധത്തിൽ മൈനോരിറ്റി വകുപ്പും മൈനോരിറ്റി കമ്മീഷനും രൂപീകരിച്ചശേഷം, ന്യൂനപക്ഷ സമുദായങ്ങൾക്കായി കേന്ദ്ര-കേരളസർക്കാരുകൾ അനുവദിക്കുന്ന സമ്പത്ത് ഏതെങ്കിലും ഒരു ന്യൂനപക്ഷവിഭാഗത്തിനു മാത്രമായി ചിലവഴിക്കുന്നതിനെയാണ് പുനപ്പരിശോധിക്കേണ്ട ഒന്നായി ഹൈക്കോടതി ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ന്യൂനപക്ഷ ക്ഷേമവകുപ്പ് വിഭാവനം ചെയ്യുന്ന പദ്ധതികൾ എല്ലാ വിഭാഗം ന്യൂനപക്ഷങ്ങളെയും മുന്നിൽക്കണ്ടായിരിക്കണം എന്നും ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിക്കുന്നു. വളരെ വസ്തുതാപരമായി ഈ വിഷയത്തെ സമീപിച്ച ഹൈക്കോടതി, നീതിപൂർവകമായി വേണം ക്ഷേമപദ്ധതികൾ വിതരണം ചെയ്യേണ്ടതെന്ന് സർക്കാരിനോട് നിർദേശിച്ചിരിക്കുന്നു. ശ്രീ പാലൊളി മുഹമ്മദ്കുട്ടി തന്നെ ഈ വിധിയെ സ്വാഗതം ചെയ്തിരിക്കുന്നുവെന്നത് പ്രതീക്ഷയ്ക്കു വക നല്കുന്നു. വേണ്ടിവന്നാൽ ന്യൂനപക്ഷവിഭാഗങ്ങളുടെ ക്ഷേമത്തിന് തുല്യനീതി ഉറപ്പാക്കുന്ന നിയമനിർമ്മാണം നടത്തുന്നതിന് ജനാധിപത്യ സർക്കാർ തയ്യാറാകണം.

ന്യൂനപക്ഷവകുപ്പ് പ്രഖ്യാപിക്കുന്ന ക്ഷേമപദ്ധതികൾ ചില പ്രത്യേക വിഭാഗങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയതും ആനുകൂല്യങ്ങളുടെ വിതരണത്തിൽ വിവേചനപരമായ അനുപാതം നിശ്ചയിച്ചതും ഹൈക്കോടതി റദ്ദാക്കിയതിലൂടെ വ്യക്തമാകുന്നത്, സർക്കാർ ഈ അനുപാതം നിശ്ചയിച്ചത് ശാസ്ത്രീയമായ പഠനത്തിന്റെ വെളിച്ചത്തിലല്ലായിരുന്നു എന്നാണ്. എല്ലാ വിഭാഗം ന്യൂനപക്ഷങ്ങളുടെയും പിന്നോക്കാവസ്ഥ ശാസ്ത്രീയമായി പഠിച്ചിട്ടുവേണമായിരുന്നു ക്ഷേപദ്ധതികളിലെ അനുപാതം നിശ്ചയിക്കേണ്ടിയിരുന്നത്.

ന്യൂനപക്ഷക്ഷേമം എന്നത് ജനാധിപത്യസംവിധാനത്തിൽ എല്ലാ ന്യൂനപക്ഷവിഭാഗങ്ങളുടെയും ക്ഷേമം എന്നായിരിക്കണം. നിക്ഷിപ്ത താത്പര്യങ്ങൾവച്ചോ, രാഷ്ട്രീയലാഭം നോക്കിയോ മാത്രം ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് സമൂഹത്തിൽ സ്പർദ്ധ വളർത്തുന്നതിനും സാമൂഹിക അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതിനും കാരണമാകും.

ഈ കോടതി വിധിയുടെ പശ്ചാത്തലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പു കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഭാരതഭരണഘടന വിഭാവനം ചെയ്യുന്നതുപോലെ വിവേചനരഹിതമായി ന്യൂനപക്ഷ വിഭാഗങ്ങളിലെ ഓരോ വിഭാഗത്തിനും അവർ അർഹിക്കുന്ന പരിഗണന കൊടുത്ത് പദ്ധതികൾ നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു.


www.malankaralibrary.com

# ക്രൈസ്തവ ജാഗ്രതയ്ക്ക് വേണ്ടത് പുതിയ ദിശാബോധം

**ഫാ. സാജു കൂത്തോടിപുത്തൻപുരയിൽ സിഎസ്റ്റി**
**സെക്രട്ടറി, ജാഗ്രത കമ്മീഷൻ**



തങ്ങളുടെ ജീവിത ചുറ്റുപാടുകൾ മുൻകാലങ്ങളിലേതിന് വിപരീതമായി ഇടുങ്ങിവരുന്ന അനുഭവം ഇന്ന് പൊതുവേയുണ്ട്. ജൈവികമായ ചുറ്റുപാടുകളെയല്ല, മതമൗലികവാദവും വർഗീയചിന്തകളും ശ്വാസം മുട്ടിക്കുന്ന സാമൂഹികമായ പരിതഃസ്ഥിതികളെയാണ് ഉദ്ദേശിക്കുന്നത്. കാഴ്ചപ്പാടുകളിലെ സങ്കുചിതത്വം ഒരു പകർച്ചവ്യാധിപോലെ പടർന്നുകൊണ്ടിരിക്കുന്നത് അയൽബന്ധങ്ങളെപ്പോലും സ്വാധീനിച്ചിരിക്കുന്ന കാഴ്ചകൾ നാട്ടിൻപുറങ്ങളിൽ തന്നെയും അപൂർവമല്ല. എങ്ങനെയാണ് നിഷേധാത്മകവും പരനന്മ കാംക്ഷിക്കാത്തതുമായ നിലപാടുകൾക്കും, മൗലികവാദങ്ങൾക്കും ഇത്രമാത്രം വേരോട്ടം നമുക്കിടയിലുണ്ടായത് എന്നത് സങ്കീർണ്ണമായ ഒരു ചോദ്യമാണ്.

രാഷ്ട്രീയ - സാമൂഹിക കാഴ്ചപ്പാടുകളിൽ തീവ്ര വലതുപക്ഷ സ്വാധീനങ്ങൾ അധികരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് അനിവാര്യമായ പ്രതികരണങ്ങളെയും ജാഗ്രതയെയും കുറിച്ച് നാം വിചിന്തനം ചെയ്യുന്നത് എന്ന വാസ്തവം മനസ്സിൽ സൂക്ഷിക്കാം. പ്രശാന്തസുന്ദരമായ ഒരു നദി അപകടകരമായ ചതിക്കുഴികളും കുത്തൊഴുക്കുമുള്ള മറ്റൊന്നായി മാറിയിരിക്കുന്നതു പോലെയാണ് ഇവിടെ സംഭവിച്ചിരിക്കുന്ന മാറ്റങ്ങൾ. സങ്കീർണ്ണമായ കാഴ്ചപ്പാടുകളുടെയും മൗലിക ചിന്തകളുടെയും ആവിർഭാവം നമുക്കുചുറ്റും ചതിക്കുഴികൾ സൃഷ്ടിച്ചിരിക്കുന്നു.





www.malankaralibrary.com

സാമൂഹ്യമാധ്യമങ്ങളുടെ കടന്നുവരവും അമിത സ്വാധീനവുമാണ് സങ്കീർണ്ണമായ ഇത്തരം മാറ്റങ്ങൾക്ക് കാരണമെന്ന പൊതു അഭിപ്രായമുണ്ട്. സോഷ്യൽ മീഡിയ തുറന്നുനല്കുന്ന അവസരങ്ങൾ നിക്ഷിപ്ത താൽപര്യക്കാർ തങ്ങളുടെ ഗൂഢലക്ഷ്യങ്ങൾക്കായും തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുന്നതിനായും ദുരുപയോഗിക്കുന്നു എന്നുള്ളത് വാസ്തവമാണ്. പ്രചരിപ്പിക്കപ്പെടുന്ന അർദ്ധ സത്യങ്ങൾ വീണ്ടുവിചാരം കൂടാതെ മുഖവിലയ്ക്കെടുക്കുന്ന ഭൂരിപക്ഷം വരുന്ന സോഷ്യൽമീഡിയ ഉപയോക്താക്കളും അവാസ്തവങ്ങൾ പ്രചരിപ്പിക്കാൻ പ്രധാന കണ്ണികളായി മാറുന്നുണ്ട്.

> **'വാസ്തവങ്ങൾ അവഗണിക്കപ്പെടുന്നത് പതിവാകുകയും ഒപ്പം, അയഥാർത്ഥ ചിത്രങ്ങൾ വാസ്തവങ്ങൾ എന്ന വ്യാജേന പ്രചരിക്കപ്പെടുകയും ചെയ്യുമ്പോൾ അത് വെല്ലുവിളിയാകുന്നത് ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിനോ ചില വിഭാഗങ്ങൾക്കോ മാത്രമല്ല, മറിച്ച് ആഗോള മാനവികതയ്ക്ക് മുഴുവനായാണ്.'**

സംഘടിതമായ അതിക്രമങ്ങളായിത്തന്നെ വിലയിരുത്താൻ കഴിയുന്ന, കത്തോലിക്കാ സമൂഹത്തിനുമേലുള്ള സൈബർ - ഓൺലൈൻ കടന്നുകയറ്റങ്ങൾ രണ്ട് വിധത്തിലുള്ളതാണ്. ഒന്ന്, വീണുകിട്ടുന്ന അവസരങ്ങൾ ഉപയോഗിച്ചുകൊണ്ടുംകഥകൾമെനഞ്ഞുകൊണ്ടുമുള്ള ദുഷ്പ്രചാരണങ്ങൾ. രണ്ട്, സഭയുടെ യഥാർത്ഥ നിലപാടുകളെയും സമീപനശൈലികളെയും അവഗണിച്ചുകൊണ്ട് തെറ്റിദ്ധാരണ പ്രചരിപ്പിക്കാനുള്ള ശ്രമങ്ങൾ. സമീപകാലങ്ങളിൽ കത്തോലിക്കാ സഭയ്ക്കും സന്ന്യസ്തർക്കും എതിരായി സാമൂഹ്യമാധ്യമങ്ങളിൽ നടന്ന ചില പ്രചരണങ്ങൾ ആദ്യ വിഭാഗത്തിന് ഉദാഹരണങ്ങളാണ്. സന്യാസ സമൂഹങ്ങൾ നടത്തുന്ന ആതുരാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് എതിരെ ഉയർന്നിട്ടുള്ള ചില ആരോപണങ്ങളെ പർവ്വതീകരിച്ച് മുഴുവൻ സന്ന്യസ്തരെയും പ്രതിക്കൂട്ടിൽ നിർത്താനുള്ള ശ്രമങ്ങൾ പലപ്പോഴായി നാം കണ്ടിട്ടുണ്ട്. ചില അസ്വാഭാവിക മരണങ്ങളെ ചൂണ്ടിക്കാണിച്ച് പതിനായിരക്കണക്കിനായ സന്ന്യസ്തർ മുഴുവൻ പ്രശ്നക്കാരാണെന്നും സന്യാസം അപകടകരമാണെന്നും ചിത്രീകരിക്കാനുള്ള ശ്രമങ്ങളും പതിവായി കാണപ്പെടുന്ന ഒന്നാണ്. ഇത്തരം വ്യാജപ്രചാരണങ്ങൾ പൊതുവായ ചില മനോഭാവങ്ങളെ രൂപപ്പെടുത്താനും, വർഗീയത പ്രചരിപ്പിക്കാനും ആയുധമാക്കിയെടുക്കുന്നതുകൂടി കൂട്ടിവായിക്കുമ്പോഴാണ് നാം അഭിമുഖീകരിക്കുന്ന യഥാർത്ഥ പ്രതിസന്ധി വ്യക്തമാകുന്നത്. അസത്യങ്ങൾക്കും അർദ്ധ സത്യങ്ങൾക്കും ബദലായി വാസ്തവങ്ങൾ നിരന്തരം പ്രചരിക്കപ്പെടുകയാണ് ഈ പ്രതിസന്ധിയെ അതിജീവിക്കാനുള്ള പോംവഴി.

വിവിവിധ വിഷയങ്ങളിൽ കത്തോലിക്കാസഭ സ്വീകരിച്ചിട്ടുള്ള പക്വതയാർന്ന നിലപാടുകളും സമീപനങ്ങളും തമസ്കരിക്കപ്പെടുന്നതും വിപരീതമായ രീതിയിൽ പ്രചാരണങ്ങൾ നടക്കുന്നതും വളരെ ഗൗരവമായി കാണേണ്ട വിഷയമാണ്. രാഷ്ട്രീയവും വർഗീയവുമായ ലക്ഷ്യങ്ങൾക്കായും, ക്രൈസ്തവ വിരുദ്ധതയും സഭാവിരുദ്ധതയും പ്രചരിപ്പിക്കുന്നതിനായും സോഷ്യൽമീഡിയയിൽ സംഘടിതമായി പ്രവർത്തിക്കുന്ന ചിലർ വാസ്തവ വിരുദ്ധമായ രീതിയിൽ സഭാ നേതൃത്വത്തിന്റെ നിലപാടുകളെക്കുറിച്ചുള്ള പ്രചാരണങ്ങൾ നടത്തുന്നുണ്ട്.

കത്തോലിക്കാ സഭ ഇസ്ലാം


www.malankaralibrary.com

വിരുദ്ധത പ്രചരിപ്പിക്കുന്നു, തീവ്രവാദം പ്രോത്സാഹിപ്പിക്കുന്നു എന്നിങ്ങനെയുള്ള പ്രചാരണങ്ങൾ ഇത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. നിരവധി രാഷ്ട്രീയ വിഷയങ്ങളിൽ ഇതുപോലുള്ള ദുഷ്പ്രചാരണങ്ങൾ പതിവായി കാണപ്പെടാറുണ്ട്. മദ്യനയം സംബന്ധിച്ചുള്ള വിവാദങ്ങൾ, ഇലക്ഷൻ സമയത്ത് ഉടലെടുത്ത ചില ചർച്ചകൾ, കോവിഡ് പ്രതിരോധവും ചികിത്സയും സംബന്ധിച്ചുണ്ടായ വിവാദങ്ങൾ, എയ്ഡഡ് - സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധികൾ സംബന്ധിച്ച ചർച്ചകൾ തുടങ്ങിയ വിഷയങ്ങളിലെല്ലാം സഭയുടെ നിലപാടുകൾ തെറ്റിദ്ധാരണാജനകമായി അവതരിപ്പിക്കപ്പെട്ടതിന് പിന്നിൽ ചില ഗൂഢശക്തികളുടെ ഇടപെടലുകൾ തിരിച്ചറിയാവുന്നതാണ്. വ്യക്തതയോടെ സഭാനേതൃത്വം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളെ കണ്ടില്ലെന്ന് നടിക്കുകയും, പിന്നീട് വീണുകിട്ടുന്ന ചില അവസരങ്ങൾ മുതലെടുത്ത് ദുരാരോപണങ്ങൾ ഉയർത്തുകയും ചെയ്യുന്ന ശൈലി ഓൺലൈൻ മാധ്യമങ്ങളും ചില മുഖ്യധാരാ മാധ്യമങ്ങളും സ്വീകരിക്കുന്നുണ്ട്.

സൈബർ ഇടങ്ങളിലെ അസംഘടിതരായ വിവിധ വിഭാഗങ്ങൾ നേരിടുന്നത് ഒരേ വെല്ലുവിളികളാണ്. അവിടെ കർഷകരെന്നോ ക്രൈസ്തവരെന്നോ ഉള്ള വ്യത്യാസമില്ല. വാസ്തവങ്ങളും യഥാർത്ഥ ചിത്രങ്ങളും പലപ്പോഴും മറയ്ക്കപ്പെടുകയും, ഊതിപ്പെരുപ്പിച്ച അർദ്ധസത്യങ്ങളും അവാസ്തവങ്ങളും അരങ്ങ് വാഴുകയും ചെയ്യുന്നതാണ് സാമൂഹ്യമാധ്യമങ്ങളിലെ നേർക്കാഴ്ചകൾ. ഇവിടെ തമസ്കരിക്കപ്പെടുന്നത് പച്ചയായ യാഥാർത്ഥ്യങ്ങൾക്കൊപ്പം ഒട്ടേറെ മൂല്യങ്ങളുമാണ്. വാസ്തവങ്ങൾ അവഗണിക്കപ്പെടുന്നത് പതിവാകുകയും ഒപ്പം, അയഥാർത്ഥ ചിത്രങ്ങൾ വാസ്തവങ്ങൾ എന്ന വ്യാജേന പ്രചരിക്കപ്പെടുകയും ചെയ്യുമ്പോൾ അത് വെല്ലുവിളിയാകുന്നത് ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിനോ ചില വിഭാഗങ്ങൾക്കോ മാത്രമല്ല, മറിച്ച് ആഗോള മാനവികതയ്ക്ക് മുഴുവനായാണ്. സത്യത്തിന്റെയും നന്മയുടെയും സ്വരങ്ങളെ ദുർബ്ബലപ്പെടുത്തുന്ന എല്ലാവിധ ശക്തികളെയും കൂടിയ ഗൗരവത്തോടെ കാണുകയും പ്രതിവിധികൾ തേടുകയും ചെയ്യേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമായി മാറുന്നു.

**കത്തോലിക്കാസഭയുടെ ഉത്തരവാദിത്തം**

എക്കാലത്തും ധാർമ്മികതയുടെ ഉരകല്ലായും വിവിധ മേഖലകളിൽ തിരുത്തൽ ശക്തിയായും നിലനിന്നിരുന്ന കത്തോലിക്കാസഭ ഈ കാലഘട്ടത്തിൽ ഏറ്റവുമധികം സൈബർ ആക്രമണങ്ങൾ നേരിടുന്നു എന്നുള്ളതിനെക്കാൾ പ്രധാനം, ധാർമ്മികതയുടെയും സത്യത്തിന്റെയും നീതിയുടെയും പക്ഷത്തുള്ള സഭയുടെ നിലകൊള്ളൽ തമസ്ക്കരണത്തിനും ദുർവ്യാഖ്യാനങ്ങൾക്കും താറടിക്കലിനും വിധേയമാക്കപ്പെടുന്നു എന്നുള്ളതാണ്. കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ കേരളകത്തോലിക്കാസഭയുടെ സ്ഥാനത്തെയും, ഇന്നും ശക്തമായി തുടരുന്ന സാമൂഹിക ഇടപെടലുകളെയും പതിവായി ആരോപണശരങ്ങൾക്കുമുന്നിൽ പ്രതിഷ്ഠിക്കുന്നവർ സംശയത്തിന്റെ പുകമറകളുടെ സൃഷ്ടി തന്നെയാണ് ലക്ഷ്യമാക്കുന്നതും. കച്ചവട താൽപ്പര്യങ്ങളുടെയും വർഗീയ അജണ്ടകളുടെയും ഈ കാലത്ത് അതിനതീതമായ നിർണ്ണായക ശക്തിയായി സഭ നിലനിൽക്കുന്നതിനെ പലരും ഭയപ്പെടുന്നുണ്ട് എന്നുള്ളത് വ്യക്തം.

ഒറ്റപ്പെട്ടതോ സംഘടിതമോ അവിചാരിതമോ ആയതെന്ന് വിലയിരുത്തപ്പെട്ടാലും കഴിഞ്ഞ ചില വർഷങ്ങളായി നാം കണ്ടുകൊണ്ടിരിക്കുന്ന സൈബർ കടന്നുകയറ്റങ്ങൾക്കും ഓൺലൈൻ ദുരാരോപണങ്ങൾക്കും ഒരു പാറ്റേൺ ദൃശ്യമാണ്. കേവലം അതിക്രമങ്ങൾ എന്നതിനെക്കാൾ, ഈ സമൂഹത്തിലെ ഗൗരവതരമായ ചില രോഗലക്ഷണങ്ങളാണ് അവ. നീതിബോധത്തിലും മനുഷ്യസ്നേഹത്തിലും അടിയുറച്ച ഒരു ധാർമ്മിക സംസ്കൃതിക്ക് ബദലായി ഉള്ളുപൊള്ളയായതും മൗലികവാദങ്ങളുടെ പിന്തുണ തേടുന്നതുമായ ഒരു കച്ചവട


www.malankaralibrary.com

സംസ്കാരം പിടിമുറുക്കുന്നതിന്റെ ഭാഗമായി, കത്തോലിക്കാസഭ ഇന്നോളം ഉയർത്തിപ്പിടിച്ചിട്ടുള്ള മൂല്യങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതും, സഭയുടെ സേവനമേഖലകൾക്കെതിരെ അകാരണവും അടിസ്ഥാനരഹിതവുമായ ആരോപണങ്ങൾ പതിവാകുന്നതും ഇതിന് ഉദാഹരണങ്ങളായിക്കാണാം.

ഇതിനുള്ള പ്രതിവിധികൾ സ്വീകരിക്കപ്പെടേണ്ടതും ചികിൽസിക്കപ്പെടേണ്ടതും സഭാസമൂഹത്തിന്റെ മാത്രമല്ല, അതിലുപരി ഈ കേരളസമൂഹത്തിന്റെ പൊതുവായ ആവശ്യമാണ്. എന്നാൽ, എപ്രകാരമാണ് ഈ ഘട്ടത്തിൽ നാം മുന്നോട്ട് നീങ്ങേണ്ടത് എന്ന ചോദ്യത്തിന്റെ ഉത്തരങ്ങൾ ഇനിയും അന്വേഷിക്കേണ്ടതുണ്ട്.

ഇത്തരം ഭീഷണികളെ ഉൾക്കൊണ്ടുകൊണ്ട് സാമൂഹികവും സാമുദായികവുമായ ഇടപെടലുകൾ ലക്ഷ്യമിട്ട് ഇറങ്ങി പ്രവർത്തിക്കുന്ന വിവിധ ഗ്രൂപ്പുകൾ ഇന്ന് നമുക്കിടയിൽ ദൃശ്യമാണ്. എന്നാൽ, സമീപനരീതികളുടെയും കാഴ്ചപ്പാടുകളുടെയും ഭാഗത്തുള്ള പോരായ്മകളും പ്രവർത്തന ശൈലിയുടെ 'അക്രൈസ്തവികത'യും ആശയക്കുഴപ്പങ്ങൾക്കും വിഭാഗീയതയ്ക്കും കാരണമാകുന്നു. സഭാ സംവിധാനങ്ങളോട് ചേർന്ന് പ്രവർത്തിക്കാനും, സഭയുടെ നിലപാടുകൾ ആഴത്തിൽ ഉൾകൊണ്ട് മുന്നേറാനുമുള്ള വൈമുഖ്യം മാത്രമല്ല, ബദൽ സംവിധാനങ്ങൾ അവതരിപ്പിച്ച് സഭാനേതൃത്വത്തെ വെല്ലുവിളിക്കാനുള്ള പ്രവണതയും ഇത്തരം ചില സംവിധാനങ്ങളിൽ പ്രകടമാണ്. അഭിപ്രായ സമന്വയവും സുസ്ഥിരമായ കാൽവയ്പുകളും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

### ചില ആശയക്കുഴപ്പങ്ങൾ

വിവിധ മൗലിക വാദങ്ങൾ ചുറ്റും ശക്തി പ്രാപിക്കുമ്പോൾ താരതമ്യേന ഭേദപ്പെട്ട ഒന്നിന്റെ പക്ഷം ചേരുക എന്ന ചിന്തയാണ് ഈ മേഖലയിൽ കൂടുതൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന ഒരു വാദഗതി. സ്വന്തം കാലുകൾക്ക് ബലക്ഷയം സംശയിക്കുന്നവരുടെ സ്വാഭാവികമായ തൃഷ്ണയാണ് കൂടുതൽ ശക്തമായ ഒന്നിന്റെ പിന്തുണതേടുക എന്നത്. എന്നാൽ, ഇന്ന് ക്രൈസ്തവ സമൂഹം നേരിടുന്ന സാമുദായികവും സാമൂഹികവുമായ വെല്ലുവിളികൾക്ക് പരിഹാരം മതമൗലിക വാദികളുടെ പിന്തുണയോടെയുള്ള മുന്നേറ്റമല്ല എന്നത് വ്യക്തമാണ്. വർഗീയ ശക്തികൾക്ക് എല്ലായ്പ്പോഴും അവരുടെ തനതായ പ്രത്യയ ശാസ്ത്രത്തെ മാത്രമേ പിന്തുടരാൻ കഴിയൂ എന്ന് തിരിച്ചറിഞ്ഞ് മൗലികവാദികളോട് സമദൂരം പാലിക്കുകയാണ് പ്രധാനം.

മൗലികവാദങ്ങളെയും ഭീകരവാദത്തെയും നേരിടാൻ കരബലവും സംഘബലവും ഉപയോഗിക്കണമെന്ന ചിന്തയാണ് മറ്റൊരു ആശയക്കുഴപ്പം. മനുഷ്യ ബന്ധങ്ങൾക്ക് വിഘാതമാകുന്ന മതിലുകൾ പൊളിക്കുകയാണ് ക്രൈസ്തവന്റെ ധർമ്മം എന്നത് വിസ്മരിക്കുമ്പോഴാണ് സ്വന്തം മതിൽക്കെട്ടുകൾ സുരക്ഷിതമാക്കി യുദ്ധത്തിനിറങ്ങണമെന്ന ചിന്ത ഉദയം കൊള്ളുന്നത്. കരബലംകൊണ്ടല്ല, ദൈവകൃപയും ബുദ്ധിയും വിവേകവും കൊണ്ടാണ് നാം എക്കാലത്തും വിജയങ്ങൾ നേടിയിട്ടുള്ളത് എന്ന തിരിച്ചറിവോടെ ആത്മാവബോധത്തിലേക്ക് തിരികെ വരുകയാണ് ഈ കാലഘട്ടത്തിലെ ക്രൈസ്തവന്റെ മറ്റൊരു ദൗത്യം.

യുദ്ധാഹ്വാനങ്ങളും പക്ഷം ചേരലുകളും ശത്രുക്കളുടെ തന്ത്രങ്ങളെ അനുകരിക്കാനുള്ള ശ്രമവും കേരളത്തിലെ ക്രൈസ്തവ സമൂഹത്തെ

> **വാസ്തവങ്ങളും യഥാർത്ഥ ചിത്രങ്ങളും പലപ്പോഴും മറയ്ക്കപ്പെടുകയും, ഊതിപ്പെരുപ്പിച്ച അർദ്ധ സത്യങ്ങളും അവാസ്തവങ്ങളും അരങ്ങ് വാഴുകയും ചെയ്യുന്നതാണ് സാമൂഹ്യമാധ്യമങ്ങളിലെ നേർക്കാഴ്ചകൾ. ഇവിടെ തമസ്കരിക്കപ്പെടുന്നത് പച്ചയായ യാഥാർത്ഥ്യങ്ങൾക്കൊപ്പം ഒട്ടേറെ മൂല്യങ്ങളുമാണ്.**


www.malankaralibrary.com

ദിശാബോധം നഷ്ടപ്പെട്ടവരാക്കി മാറ്റിക്കൊണ്ടിരിക്കുന്നു എന്ന വസ്തുത നാം തിരിച്ചറിയേണ്ടതുണ്ട്. വിവിധ ആശയങ്ങൾ തമ്മിൽ പരസ്യമായ സംഘട്ടനങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ മുൻനിര യോദ്ധാക്കളായ പലരുടെയും വാദഗതികളുടെ അപക്വത അവർ പ്രതിനിധീകരിക്കുന്ന സമൂഹത്തെത്തന്നെ അപഹാസ്യരാക്കാൻ കാരണമായി മാറുന്നുണ്ട്. ചില സ്വയം പ്രഖ്യാപിത സംഘടനകളും അതിന്റെ പ്രതിനിധികളും നേതൃത്വം നൽകുന്ന ആശയസംഘട്ടനങ്ങളും സഭയെയും സാമൂഹിക വിഷയങ്ങളെയും ആഴത്തിൽ തിരിച്ചറിഞ്ഞുകൊണ്ടുള്ളതല്ല. വാസ്തവങ്ങളെ അതിന്റെ യഥാർത്ഥ




അർത്ഥത്തിൽ ഉൾക്കൊള്ളാൻ തക്ക പക്വതയുള്ള അനേകർ ഇത്തരം വാദഗതികളുടെ പൊള്ളത്തരം തിരിച്ചറിയുന്നു.

ഇന്ന് സഭയും ക്രൈസ്തവ സമൂഹം മൊത്തത്തിലും വിശിഷ്യാ ക്രൈസ്തവ വിശ്വാസവും നേരിടുന്ന സൈബർ ആക്രമണങ്ങളിൽ പൊതുസമൂഹം നിഷേധാത്മകമായി പ്രതികരിക്കുന്നതിന് ഒരു പ്രധാന കാരണമായി മേൽപ്പറഞ്ഞ രീതിയിലുള്ള ആശയ സംഘട്ടനങ്ങൾ മാറുന്നുണ്ട് എന്ന വാസ്തവംകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. വിവേകത്തോടെയുള്ള പ്രതികരണങ്ങൾക്കപ്പുറം തെരുവ് യുദ്ധങ്ങളുടെ ശൈലിയിലുള്ള പോർവിളികളും ഏറ്റുമുട്ടലുകളും ആത്യന്തികമായി സൽഫലങ്ങൾക്ക് കാരണമാകുന്നില്ല എന്ന തിരിച്ചറിവും ആവശ്യമാണ്. ഗുരുതരമായ നിരവധി വെല്ലുവിളികൾ കൂടുതൽ രൂക്ഷമായി നിലനിൽക്കുന്നതോടൊപ്പം മുമ്പൊരിക്കലുമില്ലാത്ത സാമൂഹിക ധ്രുവീകരണവും ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത് ഭയപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമാണ്. ധ്രുവീകരണങ്ങൾക്കും വർഗീയ ചിന്തകൾക്കും മൗലിക വാദങ്ങൾക്കും എക്കാലവും പ്രതിരോധം തീർത്തിരുന്ന ക്രൈസ്തവ സമൂഹത്തിൽ നിന്ന് അറിഞ്ഞോ അറിയാതെയോ വിപരീതമായ ചിന്താധാരകൾ ഉയരുന്നു എന്നുള്ളത് നീതീകരണം അർഹിക്കാത്ത അപചയമാണ്.

**പരിഹാരമെന്ത്?**

ശരിയായ രീതിയിലുള്ളതും ആരോഗ്യകരവുമായ സംവാദങ്ങൾക്ക് ഈ സമൂഹത്തിൽ ഇടം നൽകുകയാണ് ഇന്ന് നാം നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾക്കുള്ള പ്രധാന പ്രതിവിധി. ഏതെങ്കിലും ഒരു വിഭാഗത്തെയോ, തങ്ങളൊഴികെ മറ്റെല്ലാവരെയുമോ തുടച്ചുനീക്കി ഇവിടെ സമാധാനം സ്ഥാപിക്കാമെന്നോ, എല്ലാം പിടിച്ചടക്കാമെന്നോ ആരെങ്കിലുമൊക്കെ ചിന്തിക്കുന്നെങ്കിൽ അത്യന്തം വിവേകശൂന്യവും മനുഷ്യത്വവിരുദ്ധവും അപ്രായോഗികവുമായ ഒരു കാഴ്ചപ്പാടാണ് അതെന്ന് പറയാതെ വയ്യ. ആരെയും കുടിയൊഴിപ്പിച്ചും പടിയിറക്കിയും കൊണ്ടുള്ള സമാധാന സംസ്ഥാപനമല്ല, സാഹോദര്യവും സമഭാവനയും ജാഗ്രതയോടെ പുനഃസൃഷ്ടിച്ചുകൊണ്ടുള്ള ഒരു പുതിയ ലോകമായിരിക്കണം നാം മുന്നിൽ കാണേണ്ടത്. അത്തരമൊരു ലോകത്തെ വിഭാവനം ചെയ്തുതുടങ്ങുകയാണ് ഈ കാലഘട്ടത്തിൽ ക്രൈസ്തവ സമൂഹം ഏറ്റെടുക്കേണ്ട മഹത്തായ ദൗത്യം.

യുക്തിയും ബുദ്ധിയും വിവേചനാശേഷിയും ഉപയോഗിച്ചുകൊണ്ടുള്ള, വിശ്വാസത്തിൽ അടിയുറച്ച ഇടപെടലുകളാണ് ഇവിടെയുണ്ടാകേണ്ടത്. അതാണ് കത്തോലിക്കാ സഭ അനുശാസിക്കുന്നതും അവലംബിച്ചുവരുന്നതുമായ രീതിയും. ഇന്ന് പരക്കെ കാണപ്പെടുന്ന വൈകാരികമായ ആഹ്വാനങ്ങളിലെ അപകടങ്ങൾ തിരിച്ചറിഞ്ഞ്, വിദ്വേഷ പ്രചരണങ്ങൾ ഉപേക്ഷിച്ചുകൊണ്ടുള്ള നീക്കങ്ങൾക്കായി ക്രൈസ്തവ സമൂഹങ്ങൾ കൈകോർക്കുന്നതോടൊപ്പം, മറിച്ചുള്ള പ്രചാരണങ്ങളും പ്രവർത്തനങ്ങളും മുഖമുദ്രയാക്കിയ മുന്നേറ്റങ്ങളെ തള്ളിപ്പറയുകയും വേണം.


www.malankaralibrary.com

# ക്രൈസ്തവ വിരുദ്ധത

## വളർത്താനുള്ള ശ്രമങ്ങളും പടരുന്ന തലങ്ങളും

**ഫാ. മൈക്കിൾ പുളിക്കൽ സിഎംഐ**



2011ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യയുടെ 18.3% ആണ് കേരളത്തിലെ ക്രൈസ്തവ അനുപാതം. ചരിത്രം, പാരമ്പര്യം, വിശ്വാസം തുടങ്ങിയ കാരണങ്ങളാൽ വ്യത്യസ്ത വിഭാഗങ്ങളായി കാണപ്പെടുന്ന ക്രൈസ്തവരിൽ കത്തോലിക്കർ 61 ശതമാനവും ഓർത്തോഡോക്സ് –യാക്കോബായ സഭാംഗങ്ങൾ 23 ശതമാനവും പെന്തക്കോസ്ത് – പ്രൊട്ടസ്റ്റന്റ് സഭാംഗങ്ങൾ 16 ശതമാനവും ആണ്.ഓരോ വിഭാഗവും തങ്ങളുടെ തനിമയും പൈതൃകവും സംരക്ഷിക്കുന്നതോടൊപ്പം, ഒരു ദേശത്തെ ഉണർത്താനും വളർത്താനുമായി, ഒരൊറ്റ സമുദായമായി – ക്രൈസ്തവ സമുദായമായി സ്വയം സമർപ്പിച്ച ചരിത്രമാണ് കേരളത്തിലേത്.

ഈ സമുദായം ഇവിടെ ജനസംഖ്യയിൽ ഭൂരിപക്ഷമല്ല, സാമ്പത്തികമായി ശക്തവുമല്ല. എന്നിട്ടും നിരവധി ആതുരാലയങ്ങളിലൂടെയും അഭയകേന്ദ്രങ്ങളിലൂടെയും കരുതലിന്റെയും പങ്കുവെയ്ക്കലിന്റെയും അനുഭവം പകർന്നുനല്കിയും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ പ്രാഥമിക – ഉന്നത അറിവും നെറിവുമേകിയും, സാംസ്കാരിക പ്രസ്ഥാനങ്ങളിലൂടെ ഉദാത്തമായ സൗഹാർദ്ദത്തിന്റെയും, സമത്വത്തിന്റെയും ദർശനങ്ങളേകിയും സാമൂഹിക നീതിയും സമത്വവും ഉറപ്പുവരുത്താൻ നിരന്തരം ഇടപെടലുകൾ നടത്തിയും കേരളമെന്ന നാടിനെ ദൈവത്തിന്റെ സ്വന്തം നാടായി പണിതുയർത്താൻ ശ്രമിച്ചവരാണ് ഇന്നാട്ടിലെ ക്രൈസ്തവർ.

സാമുദായിക വികസനം എന്ന ഇടുങ്ങിയ ചിന്താഗതിയിൽ ഒതുങ്ങി നിൽക്കാതെ, സാമൂഹിക വികസനം എന്ന വിശാലമായ കാഴ്ചപ്പാടിൽ പ്രവർത്തിച്ചവരാണവർ. അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിൽ മനുഷ്യസ്നേഹികളായ അത്മായസമർപ്പിത നേതൃത്വം എക്കാലവും ഈ നാട്ടിലെ ജനതയ്ക്കൊപ്പം ഉണ്ടായിരുന്നു. മതമോ രാഷ്ട്രീയമോ നോക്കിയായിരുന്നില്ല ഇത്തരം പ്രവർത്തനങ്ങൾക്ക് ക്രൈസ്തവ സമുദായം നേതൃത്വം നല്കിയിരുന്നത്. മറിച്ച്, അവഗണിക്കപ്പെട്ടിരുന്ന തീരദേശ – മലയോര മേഖലകളുൾപ്പെടെ തങ്ങളുടെ സാന്നിദ്ധ്യമുണ്ടായിരുന്ന എല്ലായിടത്തും നാടിന്റെ വികസനവും ജനതയുടെ അഭിവൃദ്ധിയും ആയിരുന്നു ക്രൈസ്തവസമുദായത്തിന്റെ പരമമായ ലക്ഷ്യം. എന്നിട്ടും ഈയടുത്ത കാലത്തായി വ്യാപകമായി തെറ്റിദ്ധരിക്കപ്പെടുകയും അപഹസിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്ന ഒരു വിഭാഗമായി ഇവിടുത്തെ ക്രൈസ്തവർ മാറ്റപ്പെട്ടിരിക്കുന്നു.

ക്രൈസ്തവരുടെ വിശ്വാസവും, ജീവിതരീതികളും, എന്തിനേറെ അവരുടെ സേവനങ്ങൾ പോലും അവഹേളിക്കപ്പെടുന്നു. ന്യായമായ ആവശ്യങ്ങളിൽ പോലും ക്രൈസ്തവരുടെ പക്ഷത്തു നില്ക്കാൻ ഇവിടുത്തെ ഭരണസംവിധാനങ്ങളോ, രാഷ്ട്രീയ പാർട്ടികളോ പലപ്പോഴും തയ്യാറാകുന്നില്ല. പരിതാപകരമെന്ന് പറയട്ടെ, ക്രൈസ്തവ സമൂഹത്തിനുള്ളിൽ തന്നെ വിഭാഗീയതയും വേർതിരിവുകളും വർദ്ധിച്ചുവരുന്നു. ബാഹ്യ ഇടപെടലുകളാൽ ഗൗരവമായ സംഘർഷങ്ങളായി അവ മാറുകയും ചെയ്യാറുണ്ട്. കേരള സമൂഹത്തിൽ കാലികമായി വ്യാ


www.malankaralibrary.com

പകമായിക്കൊണ്ടിരിക്കുന്ന ക്രൈസ്തവ വിരുദ്ധതയെ ഈ ലേഖനത്തിൽചുരുക്കത്തിൽ അനാവരണം ചെയ്യുകയാണ്.

**രാഷ്ട്രീയത്തിലെ വർഗ്ഗീയതയുടെവളർച്ച**

വർഗ്ഗീയ ധ്രുവീകരണം ശക്തമായിക്കൊണ്ടിരിയ്ക്കുന്ന ഒരു രാഷ്ട്രീയ സാഹചര്യമാണ് ഭാരതത്തിൽ ഇന്ന് നിലവിലുള്ളത്. വർഗ്ഗീയതയിൽ അന്യവത്കരണം അന്തർലീനമാണ്. ഇതര മതസമുദായത്തിൽപ്പെട്ടവരോടുള്ള വിദ്വേഷം ഈ അന്യവത്കരണത്തിന്റെ പ്രകടനമാണ്. ക്രൈസ്തവ വിദ്വേഷം വളർത്തുന്നതിൽ ഈ രാഷ്ട്രീയാന്തരീക്ഷത്തിന് മുഖ്യപങ്കുണ്ട്. അസത്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് ക്രൈസ്തവർക്കെതിരായ നിലപാട് സൃഷ്ടിച്ചവരിൽ ഭൂരിപക്ഷ - ന്യൂനപക്ഷ വർഗ്ഗീയപാർട്ടികളും അവയോടുബന്ധപ്പെട്ട പ്രസ്ഥാനങ്ങളും ഉണ്ട്. നിസ്വാർത്ഥമായ സേവനങ്ങളെപ്പോലും മതം മാറ്റമായും ചൂഷണമായും അവതരിപ്പിച്ചുകൊണ്ട് ശ്രോതാക്കളെ തെറ്റിദ്ധരിപ്പിക്കുന്ന തെരുവ് പ്രസംഗങ്ങളും ചാനൽ പരിപാടികളും ഇന്നും സജീവമാണ്.

വർഗ്ഗീയതയിൽ അധിഷ്ഠിതമായ രാഷ്ട്രീയ പാർട്ടികളും സാമുദായിക സംഘടനകളും അധികാരത്തിലേക്കുള്ള ഇടനാഴികകളിൽ സജീവമാകുമ്പോൾ, രാഷ്ട്രീയമായി അത്രതന്നെ സംഘടിതമല്ലാത്തവരും ദുർബലരുമായ സമുദായങ്ങളുടെ നിയമാനുസൃത അവകാശങ്ങളും ആനുകൂല്യങ്ങളും കവർന്നെടുക്കപ്പെടുന്ന സാഹചര്യമാണ് ഇന്ന് ഭാരതത്തിലുടനീളവും, കേരളത്തിൽ പ്രത്യേകിച്ചും. നിലവിൽ, ഭൂരിപക്ഷ വർഗ്ഗീയതയേക്കാൾ ക്രൈസ്തവ വിരോധം പൊതുജനമധ്യത്തിൽ വളർത്തുന്നത് ന്യൂനപക്ഷ വർഗ്ഗീയ ഗ്രൂപ്പുകൾ ആണ് എന്ന് പറയേണ്ടിയിരിക്കുന്നു. അതിനർത്ഥം, ഭൂരിപക്ഷ പാർട്ടികൾ നിഷ്ക്രിയരാണെന്നല്ല. നിലവിലെ സാഹചര്യങ്ങളിൽ കേരളത്തിൽ ക്രൈസ്തവവിരുദ്ധത ബോധപൂർവം വളർത്താൻ ശ്രമിക്കുന്നതിൽ, ഒരു പടി മുന്നിട്ടുനിൽക്കുന്നതു ന്യൂനപക്ഷങ്ങളിലെ ചില വർഗ്ഗീയ ഗ്രൂപ്പുകൾ ആണെന്നാണ്. പെരുകുന്ന ജനസംഖ്യ ചില സമുദായ സംഘടനകൾ വോട്ടുബാങ്കായി അവതരിപ്പിച്ച് വിലപേശലുകൾ നടത്തുമ്പോൾ, പാർശ്വവത്കരിക്കപ്പെടുന്നത് രാഷ്ട്രീയമായി സംഘടിതമല്ലാത്ത സമുദായങ്ങളാണ്, കേരളത്തിൽ അത് പ്രധാനമായും ക്രൈസ്തവരാണ്. ന്യൂനപക്ഷ അവകാശങ്ങളിൽ ബഹുഭൂരിഭാഗവും ന്യൂനപക്ഷങ്ങളിലെ ഭൂരിപക്ഷം കരസ്ഥമാക്കുന്നതിലെ വ്യാപകമായ ക്രമക്കേടുകളെകുറിച്ച് ക്രൈസ്തവർ ഉന്നയിച്ച പരാതികളെ കണ്ടില്ലെന്ന് നടിക്കുകയായിയിരുന്നു ഇക്കാലമൊക്കെയും അധികാരികളും, സർക്കാരിലെ ന്യൂനപക്ഷക്ഷേമ വകുപ്പും.

ഈയടുത്തകാലത്തായി ന്യൂനപക്ഷ അവകാശങ്ങളിലെ കടുത്ത അനീതികളെകുറിച്ച് ക്രൈസ്തവർ ആഴത്തിൽ മനസിലാക്കുകയും നിയമപരമായി കാര്യങ്ങളെ ക്രമീകരിക്കാൻ ഭരണാധികാരികളോട് ആവശ്യപ്പെടുകയും ചെയ്തതിന്റെ ഫലമായി ജെ. ബി കോശി കമ്മീഷൻ നിയമിക്കപ്പെട്ടു. മാത്രവുമല്ല, ന്യൂനപക്ഷ വകുപ്പ് കാലാകാലങ്ങളായി ഒരു സമുദായത്തിൽ നിന്നുള്ള മന്ത്രിമാർ കൈവശപ്പെടുത്തുന്നത് അവസാനിപ്പിക്കണമെന്നും, മുഖ്യമന്ത്രി തന്നെ ആ വകുപ്പ് കൈകാര്യം ചെയ്യണം എന്നുമുള്ള ആവശ്യം പുതിയ കേരള സർക്കാർ ഗൗരവമായി എടുത്തത് ആശ്വാസകരമാണ്. ആരുടെയും അവകാശങ്ങളെ ഇല്ലാതാക്കാനോ പിടിച്ചു പറിക്കാനോ ക്രൈസ്തവർ പോയിട്ടില്ല എന്നിട്ടും ന്യായമായ ആവശ്യങ്ങളെ പുച്ഛിക്കുകയും ക്രൈസ്തവ സഭാസമുദായ നേതാക്കളെ




www.malankaralibrary.com

അവഹേളിക്കുകയുമാണ് ന്യൂനപക്ഷങ്ങളിലെ ഭൂരിപക്ഷ സമുദായത്തിലെ ചിലർ ചെയ്തത്. ആ സമുദായ അംഗങ്ങൾക്കിടയിൽ ക്രൈസ്തവ വിരോധം വർദ്ധിപ്പിക്കാൻ ചിലരുടെ പ്രസംഗങ്ങളും മാധ്യമം, തേജസ്, ചന്ദ്രിക തുടങ്ങിയ പത്രങ്ങളിലെ വിവിധ ലേഖനങ്ങളും കാരണമായി. ഹാഗിയാ സോഫിയ കത്തീഡ്രൽ വിവാദത്തിൽ ക്രൈസ്തവ സഭകളുടെ നിലപാടുകൾ അറിയുവാനോ, ആ നിലപാടുകൾക്ക് അർഹിക്കുന്ന പ്രാധാന്യം കൊടുക്കാനോ കേരളം പോലുള്ള വിദ്യാസമ്പന്നമായ ഒരു സംസ്ഥാനത്ത് വസിക്കുന്ന ഇതര സമുദായ അംഗങ്ങൾക്ക് സാധിച്ചില്ല എന്നത് തന്നെ വർഗ്ഗീയമായി ഈ നാട് എന്തു മാത്രം ധ്രുവീകരിക്കപ്പെട്ടു എന്നതിന് ഒരു ഉദാഹരണമാണ്.

ലവ്ജിഹാദിനെകുറിച്ച് അന്വേഷിക്കണം എന്ന് കേരള മെത്രാന്മാരുടെ സംഘം സർക്കാരിനോട് ആവശ്യപ്പെട്ടപ്പോൾ അതിനെ പ്രതിരോധിക്കാനായി ചില ഉറവിടങ്ങൾ കാട്ടിയ അമിതവും പ്രകോപനപരവുമായ ശുഷ്കാന്തി അതിൽത്തന്നെ സംശയാസ്പദമാണ്. തിരഞ്ഞെടുപ്പിൽ കേവലം വോട്ട് ചെയ്യാൻ മാത്രമുള്ളവരാണ് ക്രൈസ്തവർ എന്ന സമീപനത്തിന് ഒരു മാറ്റം സൃഷ്ടിക്കുവാൻ ഇത്തവണത്തെ നിയമസഭാ തിരഞ്ഞെടുപ്പിനെ ക്രൈസ്തവ സമുദായം ഉപയോഗിച്ചു എന്ന് വേണം അനുമാനിക്കാൻ. സമുദായപരമായും രാഷ്ട്രീയപരമായും ക്രൈസ്തവർ സംഘടിക്കപ്പെടുമ്പോൾ അസഹിഷ്ണുതയും അസ്വസ്ഥതയും പ്രകടിപ്പിക്കുന്നവരാണ് സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ച് ക്രൈസ്തവവിരുദ്ധത വളർത്താൻ ശ്രമിക്കുന്നവരിൽ അഗ്രഗണ്യർ എന്നത് നാം മനസ്സിലാക്കേണ്ടതുണ്ട്. ചുരുക്കത്തിൽ, നിലവിലെ സാഹചര്യത്തിൽ ക്രൈസ്തവവിരുദ്ധത ബോധപൂർവം വളർത്താൻ ചിലർ ശ്രമിക്കുന്നതിന്റെ പിന്നിലെ ത്രിവിധകാരണങ്ങൾ താഴെ പറയുന്നവയായാണ്.

(1) ന്യൂനപക്ഷ അവകാശങ്ങളിലെ അനീതികൾക്കെതിരായുള്ള ക്രൈസ്തവരുടെ സംഘടിതമായ നീക്കം,
(2) ലവ്ജിഹാദിനെകുറിച്ച് ക്രൈസ്തവ സമൂഹം പ്രകടിപ്പിച്ച സംശയങ്ങൾ,
(3) ഹാഗിയ സോഫിയാ കത്തീഡ്രൽ വിവാദം.

വർഗ്ഗീയതയില്ലെന്ന് അവകാശപ്പെടുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പോലും ന്യായമായ ക്രൈസ്തവ ആവശ്യങ്ങളോട് മുഖം തിരിക്കുന്ന സമീപനമാണ് സ്വീകരിച്ചിരുന്നത് എന്നത് ശ്രദ്ധേയമാണ്. സംഭാവനകൾ ഗംഭീരമാകുമ്പോൾ അങ്ങനെയാകാതെ തരമില്ലല്ലോ. അർഹമായ അവകാശങ്ങൾ വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ ക്രൈസ്തവർ വർഗ്ഗീയവാദികളുംഎതിർക്കപ്പെടേണ്ടവരുമായിചിത്രീകരിക്കപ്പെട്ടു. എന്നാൽ എല്ലാം തങ്ങളുടെ സമുദായത്തിന് മാത്രം അവകാശപ്പെട്ടതാണ് എന്ന് കരുതുന്നവരാണ് മുഖ്യമായും ഈ ആരോപണത്തിന് പിന്നിലെന്നത് വിരോധാഭാസമാണ്. ആരാണ് യഥാർത്ഥത്തിൽ വർഗ്ഗീയവാദികളെന്ന് പൊതുസമൂഹം വിലയിരുത്തുകയും കാലം തെളിയിക്കുകയും ചെയ്യട്ടെ.

ക്രൈസ്തവരോട്, വിശിഷ്യാ കത്തോലിക്കാ സമുദായത്തോട് അകൽച്ച പുലർത്തിയിരുന്ന (സൈദ്ധാന്തികമായിട്ടെങ്കിലും) കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം 'മതമില്ലാത്ത ജീവനും' പുരോഹിതരെ ചൂഷകരും നിഷ്കൃഷ്ടരുമായി കാണുന്ന സമീപനവും ഇപ്പോൾ പിന്തുടരുന്നില്ല എന്നത് ശ്രദ്ധേയമാണ്. എങ്കിലും ക്രൈസ്തവ വിരുദ്ധത ഇവിടെ വളർത്തിയെടുക്കുന്നതിൽ 'പാർട്ടിയും പാർട്ടി ക്ലാസുകളും' രാഷ്ട്രീയ സ്വയം സേവകസംഘ പരിവാർ പ്രസ്ഥാനങ്ങളെപ്പോലെ തന്നെ ഒരു പ്രധാന കാരണമായിരുന്നു. അതേസമയം, മാർക്സിന്റെ കമ്മ്യൂണിസ്റ്റ് ആശയങ്ങളെ അവയുടെ ഭൗതികവാദം കൊണ്ടും, ലക്ഷ്യത്തിനായുള്ള അധാർമിക അക്രമണമാർഗ്ഗാനുവർത്തിത്വം കൊണ്ടും നിശിതമായ വിമർശനത്തിന് സഭ വിധേയമാക്കിയിട്ടുണ്ട്.




www.malankaralibrary.com

ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ പതനത്തിന് (1959) പിന്നിൽ വിമോചന സമരത്തെ പിന്തുണച്ച ക്രൈസ്തവ സഭകളാണ് എന്നതും അടങ്ങാത്ത പകയായി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം നിലനിർത്തിയിരുന്നു. ഇന്ന് രണ്ടുകൂട്ടരും തുറവിയോടെ സംസാരിക്കാനും, യോജിച്ചു പ്രവർത്തിക്കാവുന്ന മേഖലകളിൽ ഒരുമിക്കാനും തക്കവിധത്തിൽ ഐക്യപ്പെട്ടിട്ടുണ്ട് എന്നുതന്നെ പറയാവുന്നതാണ്. എങ്കിലും ഇടതുപക്ഷ പ്രസ്ഥാനം വളർത്തിയെടുത്ത ബൗദ്ധികസാംസ്കാരിക മേഖലകളിൽ ക്രൈസ്തവ വിരോധം ഇന്നും ശക്തമായി തുടരുന്നുണ്ടെന്നുള്ളത് അനിഷേധ്യമാണ്. അതുപോലെ തന്നെ, വലതുപക്ഷ കക്ഷികളുടെ മതേതര സ്വഭാവത്തിന് സംഭവിച്ച അപചയവും തീരദേശമലയോര മേഖലകളോടുള്ള അവരുടെ പ്രകോപനപരമായ അവഗണനയും ക്രൈസ്തവരെ മാറി ചിന്തിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ടെന്നുള്ളത് വാസ്തവമാണ്.

ഒരു കാര്യം വ്യക്തമാണ്. രാഷ്ട്രീയ പാർട്ടികളും അവയുടെ വിവിധ പ്രസ്ഥാനങ്ങളും ക്രൈസ്തവരെ, അവരുടെ ആത്മീയ നേതാക്കന്മാരെയും പുരോഹിതരെയും സ്ഥാപനങ്ങളേയും കുടിയേറ്റക്കാരായും, മുതലാളിത്വത്തിന്റെ സ്വഭാവം പേറുന്ന ചൂഷകരായും പൊതുസമൂഹത്തിൽ ചിത്രീകരിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. ഈ നാടിന് ക്രൈസ്തവരിലൂടെ കൈവന്ന വികസനവും വളർച്ചയും നന്മയും മറച്ചുവെയ്ക്കാനും പാഠപുസ്തകങ്ങളിൽപ്പോലും അവയൊന്നും ഇടംപിടിക്കാതിരിക്കാനും, തിരുത്തലുകൾ വരുത്താനും ചില കുബുദ്ധികൾ നിരന്തരം ശ്രമിക്കുന്നത് അവഗണിക്കാനാവുകയില്ല. ആർ. ശങ്കർ എന്ന സമുന്നത ടചഉജ നേതാവ് മുഖ്യമന്ത്രി സ്ഥാനത്തുനിന്നും കേരള കോൺഗ്രസ്സ് കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തിൽ പരാജയപ്പെട്ട് രാജിവെച്ചത് (1964) കത്തോലിക്കാ സഭയുടെ ഇടപെടലുകൾ മൂലമാണെന്ന് കരുതി, ഇന്നും സഭയെ ശത്രുപക്ഷത്ത് കാണുന്ന ഒരു പ്രബല വിഭാഗം ടചഉജ പോലുള്ള സാമുദായിക സംഘടനകളിൽ ഉണ്ട്. അത്തരക്കാരുടെ എഴുത്തുകളിലും ക്രൈസ്തവ വിരോധം നിഴലിക്കാറുണ്ട്. തെറ്റിദ്ധാരണകൾ അകറ്റാനും, പരസ്പരമൈത്രിയിൽ തുടരാനും വേണ്ട ശ്രമങ്ങൾ ഇനിയെങ്കിലും ഉണ്ടാകേണ്ടിയിരിക്കുന്നു.

**ക്രൈസ്തവവിരുദ്ധത കച്ചവട തന്ത്രമാകുമ്പോൾ**

രാഷ്ട്രീയത്തിലെന്നപോലെ, ചിലരുടെ കച്ചവട താല്പര്യങ്ങളും ക്രൈസ്തവവിരുദ്ധത നേരിട്ടും അല്ലാതെയും കേരളത്തിൽ വളരുന്നതിന് കാരണമായിട്ടുണ്ട്. വിദ്യാഭ്യാസ – ആതുരാലയ മേഖലയിൽ കച്ചവടക്കണ്ണുകളുടക്കിയപ്പോൾ, ആ മേഖലകളിൽ നിസ്വാർത്ഥ സേവനം ചെയ്തുകൊണ്ടിരുന്ന സഭാ സ്ഥാപനങ്ങളെ ചൂഷണ കേന്ദ്രങ്ങളായി ചിത്രീകരിക്കേണ്ടത് ചിലരുടെ ആവശ്യമായി മാറി എന്നതാണ് വാസ്തവം. മൾട്ടിസ്പെഷ്യാലിറ്റികളും ആഡംബരസുഖ ചികത്സാലയങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും വൻതുക മുടക്കി ബ്രഹ്മാണ്ഡ കെട്ടിടങ്ങളിൽ ഉയർന്നുവന്നപ്പോൾ, ഓരോ സ്ഥലത്തുമുള്ള സഭയുടെ സ്ഥാപനങ്ങളെ അവയുടെ വലിപ്പചെറുപ്പ ഭേദമെന്യേ, കൃത്യമായും വ്യക്തമായും ലക്ഷ്യമിട്ട് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉയർന്നുവന്നതായി കണ്ടെത്താവുന്നതാണ്. അത്തരം ആരോപണങ്ങൾ ആദ്യകാലത്ത് ഭാവനാത്മക ആഴ്ചപ്പതിപ്പുകളിലാണ് വന്നിരുന്നതെങ്കിൽ, തൊണ്ണൂറ്റിയഞ്ചുകൾ മുതൽ മുഖ്യധാര മാധ്യമങ്ങളുടെ പ്രാദേശിക വാർത്തകളിൽ വന്നുതുടങ്ങി. ചില രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിലാരംഭിച്ച സഹകരണ ആശുപത്രികളും സഭ നടത്തുന്ന ആതുരാലയങ്ങൾക്കെതിരെ വ്യാപകമായ പ്രചാരണം നടത്തിയിട്ടുണ്ട്. ഇത്തരം എതിർ പ്രചാരണങ്ങളെ ഓരോ സംഭവങ്ങളായി കണ്ട് പ്രതികരിക്കാനല്ലാതെ, ഇവയുടെ പിന്നിലുള്ള സംഘടിത ശ്രമങ്ങളെ തിരിച്ചറിയാൻ സഭ വൈകി പോയി എന്നതാണ് വാസ്തവം. 2017ൽ യുണൈറ്റഡ് നഴ്സസ് അസോസിയേഷന്റെ നേതൃത്വത്തിലാരംഭിച്ച നേഴ്സുമാരുടെ സമരത്തോടുകൂടിയാണ് ക്രൈസ്തവ സ്ഥാപനങ്ങൾ


www.malankaralibrary.com

ക്കെതിരെയുള്ള ആസൂത്രിത ശ്രമങ്ങളെ സമുദായ നേതൃത്വം തിരിച്ചറിഞ്ഞത്. പൊതുവായ സമരമായിരുന്നു അതെന്ന് തോന്നുമായിരുന്നെങ്കിലും, ആത്യന്തിക ലക്ഷ്യം സഭാ സ്ഥാപനങ്ങളുടെ യശസ്സ് കളങ്കപ്പെടുത്തുകയായിരുന്നുവെന്ന് പിന്നീട് വ്യക്തമാക്കപ്പെട്ടു. അപ്പോഴേക്കും വളരെ വൈകി പോയിരുന്നു. നൂറ്റാണ്ടുകളായുള്ള സേവനങ്ങളെല്ലാം വിസ്മരിക്കപ്പെടുകയും തമസ്കരിക്കപ്പെടുകയും കുത്തക മുതലാളിയെന്ന തലത്തിൽ സഭ വിമർശനങ്ങൾ നേരിടുകയും ചെയ്തു. സഭാ സ്ഥാപനങ്ങളെ പൊതുജനങ്ങളിൽ നിന്നകറ്റാനും അതിലൂടെ തങ്ങളുടെ കച്ചവട താത്പര്യങ്ങൾ സംരക്ഷിക്കാനും ചില വ്യക്തികളും സാമുദായികരാഷ്ട്രീയസംഘടനകളും ഇന്നും ശ്രമങ്ങൾ നടത്തികൊണ്ടിരിക്കുന്നു.

**മാധ്യമങ്ങളിലെ ക്രൈസ്തവ വിരുദ്ധതയുടെ പ്രതിഫലനങ്ങൾ**

രാഷ്ട്രീയതലത്തിൽ, ക്രൈസ്തവർ ആസൂത്രിതമായ ഒരു ശ്രമവും കൂടാതെ തന്നെ, മുൻപൊരിക്കലുമില്ലാത്ത രീതിയിൽ സംഘടിതരാകാനുള്ള ഒരു പ്രധാന കാരണം, ഇന്നാട്ടിലെ പ്രമുഖമായതും അല്ലാത്തതുമായ പത്രങ്ങളിലൂടെയും ചാനലുകളിലൂടെയും വ്യാപകമായി പ്രചരിക്കപ്പെട്ട ക്രൈസ്തവവിരുദ്ധതയും വിദ്വേഷവും ആണെന്നുള്ളത് സ്പഷ്ടമാണ്. ചില വ്യക്തികളുടെ തെറ്റുകളെയും, ചിലർക്കെതിരായുള്ള ആരോപണങ്ങളെയും അടിസ്ഥാനപ്പെടുത്തി ക്രൈസ്തവവിരുദ്ധതയുടെ വളക്കൂറുള്ള മണ്ണ് മാധ്യമങ്ങൾ സൃഷ്ടിച്ചെടുത്തു. വൈദികർക്കും സമർപ്പിതർക്കും എതിരായുള്ള ആരോപണങ്ങൾ സവിശേഷ വാർത്തകളായി കുറച്ചുകാലം സജീവമായി നിലനിർത്താൻ മുഖ്യധാരാ മാധ്യമങ്ങൾ പോലും ശ്രദ്ധിക്കാറുള്ളതായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഉദാത്തമായ ധാർമിക ജീവിതം നയിക്കുകയും, അതിന് പൊതുസമൂഹത്തെ പ്രേരിപ്പിക്കുകയും ചെയ്യുന്നവർ എന്ന നിലയിൽ ആയിരകണക്കിന് വരുന്ന ക്രൈസ്തവ പുരോഹിതരും സമർപ്പിതരും ചർച്ച ചെയ്യപ്പെടാറില്ല. ചില വ്യതിചലനങ്ങൾ വ്യാപകമായി ചർച്ചചെയ്യപ്പെടുകയും ഒരു സമൂഹത്തെ ഒന്നടങ്കം ആക്ഷേപിക്കുകയും ചെയ്യുന്നത് ഇന്നിവിടെ സ്ഥിരം പരിപാടിയായി മാറിയിരിക്കുന്നു. ഈ അടുത്തകാലത്തുണ്ടായ പല ആരോപണങ്ങളിലും സഭയെ പ്രതിയായി ചിത്രീകരിക്കാനും, സഭാ സംവിധാനങ്ങളെയും, എന്തിനേറെ വിശുദ്ധ കൂദാശകളെപ്പോലും അപമാനിക്കാനും, പൊതു സമൂഹത്തിൽ തെറ്റിദ്ധാരണകൾ സൃഷ്ടിക്കാനും സംഘടിതവും ആസൂത്രിതവുമായ ശ്രമങ്ങൾ മാധ്യമങ്ങൾ നടത്തിയിട്ടുണ്ട് എന്നത് വ്യക്തമായ വസ്തുതയാണ്. കത്തോലിക്കാ സന്ന്യാസജീവിതത്തെ കുറിച്ച് യാതൊരു പഠനവും നടത്താതെ, 'മാധ്യമം' പോലുള്ള ദിനപത്രങ്ങൾ പ്രസിദ്ധീകരിച്ച പരമ്പരകൾ സന്ന്യസ്തരുടെ ആത്മാഭിമാനത്തെ മുറിപ്പെടുത്തുന്നതായിരുന്നു, ദുഷ്പ്രചാരണം മാത്രം ലക്ഷ്യമിട്ടുള്ളതായിരുന്നു. മുഖ്യധാര ദൃശ്യശ്രാവ്യഅച്ചടി മാധ്യമങ്ങളുടെ ക്രൈസ്തവവിരുദ്ധത താഴെ പറയുന്ന രീതിയിലാണ് പ്രകടിപ്പിക്കപ്പെടുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുള്ളത്:

(1)നിജസ്ഥിതിയറിയാൻ എന്ന വ്യാജേന നടത്തുന്ന പാനൽചർച്ചകൾ. ഇത്തരം ചർച്ചകളിൽ സഭാവിരുദ്ധരായവരെ ഉൾപ്പെടുത്താനും സഭയുടെ യഥാർത്ഥ വക്താക്കളെ അവഗണിക്കാനും മിക്ക ചാനലുകളും സൂക്ഷ്മത പുലർത്തുന്നു.

(2)ആരോപണങ്ങളെക്കുറിച്ച് ചർച്ച നടത്തുന്നവരും ലേഖനങ്ങൾ പ്രസദ്ധീകരിക്കുന്നവരും, സത്യം പിന്നീടു വെളിപ്പെടുമ്പോൾ അത് അറിഞ്ഞതായി നടിക്കുകയോ, പൊതു സമൂഹത്തെഅറിയിക്കുകയോ ചെയ്യുന്നതിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നു.

(3)ഉല്ലാസ പരിപാടികളിലും, സാഹിത്യകൃതികളിലും കൂ




www.malankaralibrary.com

ദാശകളെ, വിശിഷ്യാ കുമ്പസാരത്തെ പരിഹസിക്കുകയും വൈദീകരെയും സമർപ്പിതരെയും അധാർമികരായും അജ്ഞതയുള്ളവരായും സാമൂഹ്യദ്രോഹികളായും ചിത്രീകരിക്കുകയും ചെയ്യുന്ന പ്രവണത കൂടി വരുന്നു.

ഇത്തരം അപവാദ പ്രചാരണങ്ങൾ സത്യമെന്ന് കരുതുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായി പല അനുഭവങ്ങളും തെളിയിക്കുന്നുണ്ട്. ദൈവാലയങ്ങളോടും സന്ന്യാസ ആശ്രമങ്ങളോടും ബന്ധപ്പെട്ട കാര്യങ്ങളിൽ പോലീസ് ഉൾപ്പെടെയുള്ള പല സർക്കാർ വകുപ്പുകളിൽ നിന്നും മുമ്പ് ഇല്ലാത്ത രീതിയിൽ തിക്താനുഭവങ്ങൾ വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വൈദികർക്കും സന്യസ്തർക്കുമെതിരായുള്ള വ്യക്തിഹത്യകളിലും ഭീഷണികളിലും കേസ് രജിസ്റ്റർ ചെയ്യാൻ പോലും വിമുഖതയുള്ള അവസ്ഥയാണുള്ളത്. സന്ന്യാസിനിമാരെ അപമാനിച്ച നിരവധി സംഭവങ്ങൾ ഉണ്ടായിട്ടും ഭൂരിപക്ഷത്തിലും യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.


സംരക്ഷണം നല്കേണ്ട പോലീസുകാർ തന്നെ വർഗ്ഗീയ വാദികളോട് ചേർന്ന് പ്രവർത്തിക്കുന്നതിന്റെ ഉദാഹരണമാണ്, 2020ൽ, വിദ്യാർത്ഥികൾക്ക് നല്കിയ ഓണസന്ദേശത്തിന്റെ പേരിൽ പ്രധാനധ്യാപികയായ ഒരു സന്ന്യാസിനിയെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ച് മാപ്പ് പറയിപ്പിക്കുകയും അതിന്റെ വീഡിയോ ചിത്രീകരിച്ച് സാമൂഹിക മാധ്യമങ്ങളിലൂടെ അവഹേളനപരമായ രീതിയിൽ പ്രചരിപ്പിക്കുകയും ചെയ്തത്. മാധ്യമങ്ങളെ കൂട്ടുപിടിച്ച് പൊതുസമൂഹത്തിൽ ക്രൈസ്തവ വിരുദ്ധത വളർത്താനുള്ള ശ്രമങ്ങൾ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ടെങ്കിലും പ്രബുദ്ധരായ കേരളജനത ഇതിന് പിന്നിലെ ഗൂഢാലോചനകൾ തിരിച്ചറിയുകതന്നെ ചെയ്യുമെന്ന് പ്രതീക്ഷിക്കാം.

### ലക്ഷ്യം നേടാൻ സിനിമകളും

ക്രൈസ്തവ വിശ്വാസത്തെയും ജീവിതരീതിയെയും പൊതുസമൂഹത്തിൽ തെറ്റിദ്ധരിപ്പിക്കാനും വിശ്വാസി സമൂഹത്തെ ആശയ കുഴപ്പത്തിലാക്കാനും കഴിഞ്ഞ വർഷങ്ങൾക്കിടയിൽ പല സിനിമകളും ബോധപൂർവം ശ്രമിച്ചിട്ടുണ്ട്. ദൈവാലയവും, വൈദികരും, സമർപ്പിതരും, വിശുദ്ധ കുർബാന, കുമ്പസാരം, വിവാഹം തുടങ്ങിയ കൂദാശകളും, തിരുനാളുകൾ,ധ്യാനം, കുടുംബ പ്രാർത്ഥന തുടങ്ങിയ ഭക്താനുഷ്ഠാനങ്ങളും വെള്ളിത്തിരയിൽ പ്രമേയങ്ങളാകുമ്പോൾ നിഷേധാത്മകമായി അവതരിപ്പിക്കപ്പെടുകയും ഭാവനാത്മകമായി അപഹസിക്കപ്പെടുകയും ചെയ്യാറുണ്ട്. റോമൻസ് (2013) പോലുള്ള ചില ചലച്ചിത്രങ്ങൾ പൂർണ്ണ അർത്ഥത്തിൽ ക്രൈസ്തവ വിശ്വാസത്തെയും സമുദായപരമായ സംവിധാനങ്ങളെയും അപഹാസ്യമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. മറ്റ് പല ചലച്ചിത്രങ്ങളും പ്രത്യക്ഷത്തിൽ കുഴപ്പമില്ലെന്നുള്ള തോന്നൽ ഉളവാക്കുമെങ്കിലും, വ്യക്തമായ പഠനമില്ലാതെ, ലാഘവബുദ്ധിയോടുകൂടി ക്രൈസ്തവ വിശ്വാസവും ജീവിതവും അവതരിപ്പിക്കുന്നതിലൂടെ അബദ്ധജഡിലവും അയഥാർത്ഥവുമായ ധാരണകളെ പ്രചരിപ്പിക്കാനുള്ള വേദികളായി തീരാറുണ്ട്. സന്യാസിനിയെ വിവാഹം ചെയ്ത് കൊലപാതകിയായി മാറുന്ന മുൻ വൈദികന്റെ കഥ പറയുന്ന 'വിശുദ്ധൻ' (2013), ക്രൈസ്തവസന്യാസിനിയെ ബലാത്സംഗം ചെയ്യുന്നതായി ചിത്രീകരിക്കുന്ന 'വന്യം' (2016), കുമ്പസാര രഹസ്യത്തിലെ അറിവുപയോഗിച്ച് പ്രതികാരം ചെയ്യുന്ന വൈദികനെ അവതരിപ്പിക്കുന്ന 'വാരിക്കുഴിയിലെ കൊലപാതകം' (2019), പുരോഹിതവിരോധത്തിന്റെ പ്രതികരണങ്ങളുമായി പ്രദർശിക്കപ്പെട്ട 'ഈ.മ.യൗ' (2018), 'ജോജി' (2021), വിവാഹമെന്ന കൂദാശയെ പരിഹസിക്കുന്ന 'പാപം ചെയ്യാത്തവർ കല്ലേറിയട്ടെ' (2020), ക്രിസ്തീയ വിശ്വാസ കാഴ്ചപ്പാടുകളുമായി യാതൊരു ബന്ധവുമില്ലാതെ പ്രേതബാധ ഒഴിപ്പിക്കുന്ന വൈദികൻ പ്രത്യക്ഷപ്പെടുന്ന 'ദി പ്രീസ്റ്റ്' (2021) തുടങ്ങിയവയൊക്കെ ഏതാനും ഉദാഹരണങ്ങൾ മാത്രം. സന്ന്യാസ ജീവിതത്തെ വികലമായി ചിത്രീകരിച്ചുകൊണ്ട് മതവികാരത്തെ വ്രണപ്പെടുത്തുന്ന 'പിതാവിനും പുത്രനും' എന്ന ചലച്ചിത്രം സെൻസർ ബോർഡ് പ്രദർശന അനുമ


www.malankaralibrary.com

തി നിഷേധിച്ചിട്ടും കോവിഡ്കാലത്തിന്റെ മറപിടിച്ചു പേരുമാറ്റി റിലീസ് ചെയ്യാൻ ശ്രമിക്കുന്നവരുടെ ചേതോവികാരം എന്താണ്? നവീകരണത്തിനും ആത്മശോധനയ്ക്കുമുപകരിക്കുന്ന ആശയങ്ങളെ സ്വീകരിക്കാൻ കേരള ക്രൈസ്തവർ എന്നും തയ്യാറാണ്.പക്ഷേ, ഇന്ന് ചലച്ചിത്രങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്ന ആശയങ്ങൾ എന്തു ക്രിയാത്മക മാറ്റമാണ് സമൂഹത്തോടും സമുദായത്തോടും നിർദ്ദേശിക്കുന്നത് എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. ഒരു സമുദായത്തിന്റെ ജീവിതവിശ്വാസ രീതികളെ സത്യവിരുദ്ധമായി അവതരിപ്പിച്ച് അപഹാസ്യമായി ചിത്രീകരിക്കാൻ ചിലർ ആവേശം കാണിക്കുന്നത് കലാപരമായ ആവിഷ്ക്കാര സ്വാതന്ത്ര്യമെന്ന് കരുതി അവഗണിക്കാനാവില്ല. മറിച്ച്, ക്രൈസ്തവരെക്കുറിച്ച് പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിക്കാൻ വ്യക്തമായ അജണ്ടയോടുകൂടി പ്രവർത്തിക്കുന്ന വർഗ്ഗീയഅധാർമിക ശക്തികളുടെ ഗൂഢാലോചന തിരിച്ചറിഞ്ഞ് പ്രതിരോധിക്കാൻ നിതാന്ത ജാഗ്രത ആവശ്യമായിരിക്കുന്നു.



**ഐക്യവും ജാഗ്രതയും**

ബൗദ്ധിക സംവാദങ്ങളിലൂടെയും, പാരസ്പര്യതയുടെ സമ്പർക്കങ്ങളിലൂടെയും, സാമൂഹിക യാഥാർത്ഥ്യങ്ങളോടുള്ള തുറന്ന സമീപനത്തിലൂടെയും നിരന്തരം നവീകരണത്തിന് സ്വയം വിധേയമാക്കുന്ന സമീപനമാണ് കത്തോലിക്കാസഭയുടേത്. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ഇത്തരം സമീപനം സമൃക്കായി സഭ തുടർന്നുകൊണ്ടുപോകുന്നു.

അതുകൊണ്ടു തന്നെയാണ്, ഏതൊരു ആസ്തികനാസ്തിക വിഭാഗത്തോടും ആദരവോടെ സംവാദം നടത്താനും, സേവനങ്ങൾ സമുദായ ചിന്തകൾക്കുപരി സമൂഹത്തിന്റെനന്മയ്ക്കായി വിനിയോഗിക്കാനും, ലാഭനഷ്ട കണക്കുകൾക്കപ്പുറം നിസ്വാർത്ഥതയുടെ സമറിയാക്കാരനാകാനും കത്തോലിക്കാസഭയ്ക്ക് സാധിക്കുന്നത്. പൊതുസമൂഹത്തിൽ പരസ്പരമുള്ള അനാദരവിനും വിഭജനത്തിനും കാരണമായേക്കാവുന്ന തീവ്ര നിലപാടുകളെ സഭാനേതൃത്വം കർശനമായി തിരുത്താറുള്ളതിനാൽ ഇതര മതങ്ങളെ അവഹേളിക്കുന്ന തീവ്രനിലപാടുകൾക്ക് സഭയിൽ നിലനിൽപ്പില്ല. ഭിന്നതയുടെ മതിൽകെട്ടുകളല്ല, ഐക്യത്തിന്റെ പാലങ്ങൾ നിർമിക്കുക എന്നുള്ളതാണ് സഭയുടെ ദർശനം.

അഭിവന്ദ്യ ഫ്രാൻസിസ് മാർപാപ്പയുടെ 'എല്ലാവരും സഹോദരങ്ങൾ' എന്ന അപ്പസ്തോലിക പ്രബോധനത്തിലും ഈ ആശയം വ്യക്തമാണ്. അതേസമയം തന്നെ, ധാർമ്മികതയെയും നീതിയെയും സംബന്ധിക്കുന്ന വിഷയങ്ങളിൽ മറയില്ലാത്ത നിലപാടുകളും സഭയ്ക്കുണ്ട്. ജീവിതത്തിന്റെ മാന്യതയും ജീവന്റെ മൂല്യവും സംരക്ഷിക്കാൻ സഭ എന്നും പോരാളിയാണ്. ഈ നിലപാടുകളാലാണ് ഭോഗസംസ്കാരത്തിന് സഭ മുഖ്യ ശത്രുവായിരിക്കുന്നത്.


www.malankaralibrary.com

സഭയുടെ ധാർമിക മുഖം വികൃതമാണെന്ന് തെളിയിക്കാൻ അഭിനവ മാധ്യമങ്ങളെ കൂട്ടുപിടിച്ച് അവ സഭയെ നിരന്തരം ആക്രമിക്കുന്നതും അതേ കാരണത്താലാണ്. സഭയോടുള്ള ഇത്തരം ആഗോള സമീപനവും ഇവിടുത്തെ രാഷ്ട്രീയസാമൂഹിക മേഖലകൾ അഭിമുഖീകരിക്കുന്ന തദ്ദേശീയ വിഷയങ്ങളും സൃഷ്ടിച്ചെടുക്കുന്ന ക്രൈസ്തവവിരുദ്ധത, എക്കാലത്തേക്കാളും വെളിപ്പെടുത്തപ്പെട്ട ഇപ്പോഴത്തെ സാഹചര്യത്തിൽ ക്രൈസ്തവ പ്രതികരണം എപ്രകാരമായിരിക്കണം എന്നത് ചിന്തനീയമാണ്. തീവ്ര നിലപാടുകൾക്കുള്ള ആഹ്വാനങ്ങൾക്കൊപ്പം തന്നെ, വിവാദങ്ങളുണ്ടാക്കാതിരിക്കാൻ പ്രതികരിക്കേണ്ടതില്ലെന്നുള്ള നിഷേധാത്മക നിലപാടുകളും ശക്തമാണ്. പൊതു സമൂഹത്തിൽ ദൂരവ്യാപക ഫലങ്ങൾ ഉളവാക്കും എന്നുള്ളതിനാൽ ക്രൈസ്തവ പ്രതികരണങ്ങൾ സവിശേഷ ശ്രദ്ധ അർഹിക്കുന്നു. ചില നിർദ്ദേശങ്ങൾ താഴെ സൂചിപ്പിക്കുന്നു.

(1)നവമാധ്യമങ്ങളിലൂടെ ക്രൈസ്തവർക്കെതിരായ നിഷേധാത്മകത അതിവേഗം പ്രചരിപ്പിക്കപ്പെടുമ്പോൾ സഭയുടെയും സമുദായത്തിന്റെയും വ്യക്തമായ നിലപാടുകൾ പൊതുജനത്തെ അറിയിക്കാൻ കാലവിളംബം വരുത്തരുത്.

(2) രാഷ്ട്രീയവും സാമുദായികവുമായ കാരണങ്ങളാൽ ക്രൈസ്തവ സമുദായം ടാർഗെറ്റ് ചെയ്യപ്പെടുമ്പോൾ ജാഗ്രതയോടെ അതിനെ മനസിലാക്കാനും പ്രതിരോധിക്കാനും സ്ഥിരമായ സംവിധാനങ്ങൾ രൂപപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യണം. കെസിബിസിയുടെ ഐക്യജാഗ്രതാകമ്മീഷൻ നല്കുന്ന നിസ്തുലമായ സേവനങ്ങൾ ഇത്തരുണത്തിൽ സ്മരണീയമാണ്.

(3)സമുദായങ്ങൾ തമ്മിലുള്ള സംഘർഷമായി ആരോപണപ്രത്യാരോപണങ്ങൾ മാറാതിരിക്കാൻ സവിശേഷ ശ്രദ്ധ നല്കേണ്ടതുണ്ട്. ന്യൂനപക്ഷ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുമ്പോഴും ഏതെങ്കിലും ഒരു സമുദായത്തെ മുഴുവനായി പ്രതിക്കൂട്ടിൽ നിർത്താതെ, തെറ്റിദ്ധരിപ്പിച്ചും ഭീഷണിപ്പെടുത്തിയും ഒരു സമുദായത്തെ മുഴുവൻ ഹൈജാക്ക് ചെയ്യുന്ന തീവ്ര സ്വഭാവമുള്ള സംഘടനകളെ തിരിച്ചറിഞ്ഞ്, അത്തരക്കാരിൽ നിന്നും ഉണ്ടാകുന്ന വിധ്വംസക പ്രവർത്തനങ്ങളെകുറിച്ച് അവർ അംഗമായിരിക്കുന്ന സമുദായ നേതാക്കളോട് ചർച്ച ചെയ്യുന്ന സമീപനം ക്രൈസ്തവ നേതൃത്വം സ്വീകരിക്കേണ്ടതുണ്ട്.

(4) ക്രൈസ്തവ സമുദായത്തിനുള്ളിൽ ചുരുക്കമായിട്ടെങ്കിലും ഉണ്ടായിട്ടുള്ള, ഉണ്ടാകാനിടയുള്ള തീവ്രവും വർഗ്ഗീയവുമായ നിലപാടുകളെ ക്രൈസ്തവ ചൈതന്യത്തിൽ ക്രമീകരിക്കാൻ ആധികാരികമായ ശ്രമങ്ങൾ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. മറ്റ് സമുദായങ്ങളിലെ തീവ്രനിലപാടുകാർക്കെതിരായുള്ള ക്രൈസ്തവ പ്രതികരണമെന്നത് ഒരിക്കലും വിഭാഗീയതയും വിദ്വേഷവും വളർത്തുന്ന തീവ്രസമീപനമായിരിക്കരുത്. പ്രതികാരത്തിനും വിഭാഗീയതക്കുമുള്ള ആഹ്വാനങ്ങൾക്ക് പകരം സംവാദവും സഹകരണവുമാണ് ക്രൈസ്തവസമീപനത്തിന്റെ അനന്യത. വർഗ്ഗീയതയ്ക്കെതിരായി മറ്റൊരു വർഗ്ഗീയ പ്രസ്ഥാനത്തോട് കൂട്ട് ചേരുന്നതും ആത്മഹത്യാപരമാണ്.

സേവനങ്ങളെ തമസ്കരിക്കാനും തെറ്റിദ്ധരിപ്പിക്കാനുമുള്ളഅഭിനവശ്രമങ്ങളെകുറിച്ച് പണ്ടത്തെക്കാളും ഇന്ന് ക്രൈസ്തവർ ബോധവാന്മാരാണ്. സാമുദായിക ധ്രുവീകരണം ലക്ഷ്യമിട്ടുള്ള ബാഹ്യ ഇടപെടലുകളെകുറിച്ച് കൂടുതൽ വിശദമായി പരിശോധിക്കേണ്ടതുണ്ട്. ഈയടുത്ത കാലത്തായി ക്രൈസ്തവ സമുദായത്തെ ലക്ഷ്യമിട്ടുള്ള ഇത്തരം ശ്രമങ്ങൾ സംഘടിതമാണ്. കാരണങ്ങൾ രാഷ്ട്രീയമോ സാമ്പത്തികമോ എന്തായിരുന്നാലും പൊതുസമൂഹത്തിൽ ക്രൈസ്തവവിരുദ്ധത ഒരു പരിധിവരെരൂപപ്പെടുത്തിയെടുക്കാൻ ഇത്തരം വിധ്വംസക ശ്രമങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പൊതു സമൂഹത്തോട് നിരന്തരം സംവദിക്കുന്ന ഒരു സമീപനത്തിലൂടെ ഇത്തരം ശ്രമങ്ങൾക്ക് പിന്നിലുള്ളവരെയും അവരുടെ ഗൂഢലക്ഷ്യങ്ങളെയും തുറന്നുകാട്ടാൻ ക്രൈസ്തവമായി തന്നെ നാം ശ്രമിക്കേണ്ടിയിരിക്കുന്നു.


www.malankaralibrary.com

# കേരളം ഐഎസ് തീവ്രവാദികളുടെ റിക്രൂട്ടിംഗ് താവളം: ലോക്നാഥ് ബെഹ്റ

കേരളം ഇസ്ലാമിക ഭീകരവാദികളുടെ പ്രധാന പ്രവർത്തന മേഖലകളിലൊന്നാണെന്ന സംസ്ഥാന പോലീസ് മേധാവിയുടെ തുറന്നുപറച്ചിൽ ചില കോളിളക്കങ്ങൾക്ക് വഴിവയ്ക്കുകയുണ്ടായി. വിരമിക്കാൻ ഏതാനും ദിനങ്ങൾ മാത്രം ബാക്കി നിൽക്കെയാണ് മുൻ ഡിജിപി ലോക്നാഥ് ബെഹ്റ ദൃശ്യമാധ്യമത്തിലൂടെ ഇസ്ലാമിക ഭീകരവാദത്തെയും കേരളവുമായി അവർക്കുള്ള ബന്ധത്തെയും കുറിച്ച് നിർണ്ണായകമായ വെളിപ്പെടുത്തലുകൾ നടത്തിയത്. ഇത്തരം കാര്യങ്ങളൊന്നും പൊതുമണ്ഡലങ്ങളിൽ ചർച്ച ചെയ്യപ്പെടാത്തതിനാൽ മാത്രമാണ് ആരും ഇതൊന്നും അറിയാതെ പോകുന്നതെന്നും അദ്ദേഹം പറയുകയുണ്ടായി. കഴിഞ്ഞ ചില വർഷങ്ങൾക്കിടെ കേരളത്തിൽ തീവ്രവാദ പ്രസ്ഥാനങ്ങളുടെ സാന്നിധ്യം പലഘട്ടങ്ങളിലായി തിരിച്ചറിയപ്പെട്ട സാഹചര്യങ്ങളിൽ കേരള കത്തോലിക്കാ മെത്രാൻ സമിതിയും സഭാ നേതൃത്വങ്ങളും മുന്നറിയിപ്പുകൾ നല്കുകയുണ്ടായിട്ടുണ്ട്. കെസിബിസി ജാഗ്രതാ കമ്മീഷൻ പ്രസ്താവനകളിലൂടെയും ലേഖനങ്ങളിലൂടെയും ഈ വിഷയം കേരളസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിച്ചിട്ടുള്ളതാണ്.

തിരുവനന്തപുരം: കേരളം ഐഎസ് തീവ്രവാദികളുടെ റിക്രൂട്ടിംഗ് താവളമാണെന്ന വെളിപ്പെടുത്തലുമായി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ. രണ്ടു ദിവസത്തിനകം സർവീസിൽനിന്നു വിരമിക്കാനിരിക്കേയാണ് ഡിജിപിയുടെ തുറന്നുപറച്ചിൽ. കേരളത്തിൽ വിദ്യാഭ്യാസമുള്ളവർ കൂടുതലായതിനാലാണ് തീവ്രവാദ സംഘങ്ങൾ ഇവിടെ പിടിമുറുക്കുന്നത്. ഡോക്ടർമാർ, എൻജിനിയർമാർ തുടങ്ങിയ പ്രഫഷണലുകളെ തീവ്രവാദികൾ ഇവിടെ ലക്ഷ്യമിടുന്നു. ഇത്തരക്കാരെ തീവ്ര ആശയങ്ങളിൽ ആകൃഷ്ടരാക്കി കൊണ്ടുപോവുകയാണ് അവരുടെ ലക്ഷ്യം. ഉന്നത വിദ്യാഭ്യാസമുള്ളവരും പ്രഫഷണലുകളും ഇങ്ങനെ പോകുന്നത് ഗൗരവമായി കാണണം. ദിവസേന ലഭ്യമാകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങൾ തുറന്നുപറയുന്നതെന്നും മാധ്യമങ്ങളുമായി സംസാരിക്കവേ അദ്ദേഹം പറഞ്ഞു. താൻ ഡിജിപിയായി വന്നശേഷം സംസ്ഥാനത്തു ഭീകരവിരുദ്ധ സ്ക്വാഡിനു രൂപം നൽകി. അവരുടെ ചിട്ടയോടെയുള്ള പ്രവർത്തനത്തിലൂടെ തീവ്രവാദ പ്രവർത്തനത്തിലേക്ക് ആകൃഷ്ടരാകുന്നവരുടെ എണ്ണം കുറയ്ക്കാനായി. ഇത്തരം കാര്യങ്ങളൊന്നും പൊതുമണ്ഡലത്തിൽ ചർച്ച ചെയ്യപ്പെടാത്തതിനാലാണ് ആരും അറിയാത്തത്. സംസ്ഥാനത്ത് തീവ്രവാദി സംഘങ്ങളുടെ സ്ലീപ്പിംഗ് സെല്ലുകൾ ഇല്ലെന്നു പറയാനാകില്ല. കേളത്തിലെ ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനായാണ് രാജ്യത്തെ ഏറ്റവും മികച്ച ഏജൻസികളിൽ ഒന്നായ ഭീകര വിരുദ്ധസ്ക്വാഡിനു രൂപം നൽകിയത്. ദേശീയ അന്വേഷണ ഏജൻസി, മറ്റ് കേന്ദ്ര ഏജൻസികൾ എന്നിവയുമായി യോജിച്ച് അവർ പ്രവർത്തിക്കുന്നു. ആരും പേടിക്കേണ്ടതില്ല. ഇത്തരക്കാരെ നിർവീര്യമാക്കാൻ സംസ്ഥാന പോലീസിനു കഴിവുണ്ട്. സമൂഹത്തിലെ ഉന്നതരുടെ സഹകരണം ഇതിനായി പോലീസിനു ലഭിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

*ദീപിക 27/06/2021*


www.malankaralibrary.com

ഇസ്ലാമിക് സ്റ്റേറ്റിന്റെ ഭീകര പ്രവർത്തനങ്ങൾ കേരളത്തിലും വേരാഴ്ത്തിയെന്നതാണ് ഉത്കണ്ഠാജനകമായ ഒരു വസ്തുത. പൊതുവെ കേരളം ശാന്തവും സമാധാനപരവുമായ ജനജീവിതത്തിന്റെ ഇടമെന്നാണറിയപ്പെട്ടു പോന്നത്, അതുകൊണ്ടു തന്നെ ആരും സംശയിക്കാത്ത വിധം ഭീകരർക്ക് ഒളിത്താവളമാകാൻ നമുക്കിടയിൽ സൗകര്യമൊരുങ്ങി എന്നതു നിസ്സാരമല്ല. ഇവിടെ നിന്നുള്ള ചില ചെറുപ്പക്കാർ ആഗോള ഭീകരവാദത്തിലെ കണ്ണികളായി മാറി. അവരെ റിക്രൂട്ട് ചെയ്യാൻ ആട്ടിൻ തോലു ധരിച്ച ഏജന്റുമാർ ഇവിടെ സുരക്ഷിതമായി വന്നു കാര്യം സാധിച്ചു മടങ്ങിയിരുന്നു. നമ്മുടെ ചില പെൺകുട്ടികളും ഇസ്ലാമിക് സ്റ്റേറ്റിന്റെ വെപ്പാട്ടികളുടെ കൂട്ടത്തിൽ എത്തിക്കപ്പെട്ടു. കൊല്ലപ്പെട്ടവരുടെ വേരുകൾ തേടിയുള്ള അന്വേഷണം കേരളത്തിലേക്കും എത്തിയപ്പോളാണു നമ്മുടെ കണ്ണു തുറന്നത്, അസംതൃപ്തരായ യുവജനങ്ങളെയാണു ഭീകരവാദികൾ നോട്ടമിടുന്നത്. പ്രലോഭകമായ സാമ്പത്തിക വാഗ്ദാനങ്ങൾ അവരെ കീഴടക്കുന്നു. തൊഴിലില്ലായ്മയും ദാരിദ്ര്യവും അവരുടെ കീഴടങ്ങലിന് പ്രേരകമായിത്തീരുന്നു. ഇത്തരം യുവാക്കളിലൂടെ അന്താരാഷ്ട്ര ഭീകരവാദം ഇവിടെയും ഇടം കണ്ടെത്തുന്നത് ഒരു വിധത്തിലും അനുവദിക്കാവുന്നതല്ല.

***- കെസിബിസി ജാഗ്രതാ ന്യൂസ് ഫെബ്രുവരി 2020***

ഐഎസ് ഭീകരത ലോകത്തിനു മുമ്പിലുള്ള നടുക്കുന്ന ഒരു യാഥാർഥ്യമാണ്. ഇന്നത്തെ ലോകസമൂഹം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണത്. അതിനെ ശക്തമായി നേരിടണം എന്നു പറയാൻ എളുപ്പമാണെങ്കിലും പ്രയോഗത്തിൽ വരുത്തുക അത്ര എളുപ്പമല്ല. പശ്ചിമേഷ്യയിലാകെ ആ പ്രസ്ഥാനം വേരുകൾ പടർത്തിക്കഴിഞ്ഞു. പാക്കിസ്ഥാനോടു ചേർന്നുകിടക്കുന്ന കാഷ്മീരിൽ മാത്രമല്ല ഇങ്ങു തെക്കേയറ്റത്തുള്ള കേരളത്തിൽപ്പോലും ആഗോള ഭീകരതയുടെ കണ്ണികൾ പല രൂപത്തിലും പേരുകളിലുമായി പടരുന്നുണ്ട്. ഈ ശൃംഖല തകർക്കേണ്ടതു ലോകത്തിന്റെ മുന്നോട്ടുള്ള സുഗമമായ പ്രയാണത്തിനും ജനങ്ങളുടെ സമാധാനത്തിനും ആവശ്യമാണ്.

***- ഫ്രാൻസിലെ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഐക്യരാഷ്ട്ര സഭയിൽ അവതരിപ്പിക്കപ്പെട്ട പ്രമേയം സംബന്ധിച്ച ദീപിക വാർത്ത (23/11/15)***

വോട്ടുബാങ്കിൽ കണ്ണുനട്ടും സാമ്പത്തിക കൊടുക്കൽ വാങ്ങലുകളിൽ ലാഭംകണ്ടും വർഗീയ സമ്മർദങ്ങൾക്കു വഴങ്ങിയും ഭരണാധികാരികൾ സ്വീകരിച്ചിട്ടുള്ള നിഗൂഢ നിലപാടുകളാണ് ഭീകരതയ്ക്കു വളക്കൂറുള്ള മണ്ണായി കേരളത്തെ മാറ്റിയത്. ഭീകരതയുടെ വിഷം സമൂഹത്തിന്റെ സിരാപടലങ്ങളാകെ തളർത്തുന്നതിനുമുമ്പ് അതിനെതിരേ രാഷ്ട്രീയ നിലപാടു സ്വീകരിക്കാനും രാജ്യത്തു നിലവിലുള്ള നിയമസംവിധാനങ്ങളുപയോഗിച്ച് കാര്യക്ഷമമായ നടപടികളിലൂടെ അതിനെ അമർച്ചചെയ്യാനും ഭരണകൂടത്തിനു കഴിയണം. ഈ രംഗത്ത് അലംഭാവം പുലർത്തുന്നവരെയും തൻകാര്യം നേടാൻ ശ്രമിക്കുന്നവരെയും സമൂഹം തിരിച്ചറിയണം. പുതുതലമുറ ഭീകരതയുടെ വഴിയേ തിരിയാതിരിക്കാൻ ഫലപ്രദമായ നടപടികളുണ്ടായേ തീരൂ.

***- കെസിബിസി ജാഗ്രതാ കമ്മീഷൻ പ്രസ്താവന 2019***


www.malankaralibrary.com

# വർഗീയ രാഷ്ട്രീയവും മതരാഷ്ട്രവാദവും

**ഫാ. വർഗീസ് വള്ളിക്കാട്ട്**



ന്യൂനപക്ഷ സ്കോളർഷിപ്പിന്റെ പേരിൽ കേരള സമൂഹത്തിൽ വർഗീയ വിദ്വേഷം പടർത്താൻ ചിലർ ബോധപൂർവം ശ്രമം നടത്തുന്നുവെന്നും, ആർഎസ്എസ് ക്രൈസ്തവരിൽ മുസ്‌ലിം വിരോധം കുത്തിവയ്ക്കുന്നുവെന്നുമുള്ള പ്രചാരണങ്ങൾ കുറച്ചുനാളായി ശക്തിപ്പെട്ടുവരികയാണ്. ഉത്തരവാദിത്വപ്പെട്ട ചില മതരാഷ്ട്രീയ നേതാക്കൾതന്നെയാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നതും. ഇതിൽ രണ്ടാമതു പറഞ്ഞ ആരോപണം ആദ്യം പരിശോധിക്കാം. അപ്പോൾ ആദ്യം പറഞ്ഞ ആരോപണത്തിൻറെ നിജസ്ഥിതി വ്യക്തമാകും.

കേരളത്തിലെ ക്രൈസ്തവരുടെയിടയിൽ മുസ്‌ലിം വിരോധം വളരുന്നു എന്ന പ്രചാരണം ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും അതിനു മുൻപു നടന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു വേളയിലും ചില രാഷ്ട്രീയ പാർട്ടികൾ ഉന്നയിക്കുകയുണ്ടായി. ക്രൈസ്തവരിൽ ഒരു വിഭാഗം ആർഎസ്എസ് ഒരുക്കിയ വർഗീയ രാഷ്ട്രീയത്തിൻറെ കെണിയിൽ വീണിരിക്കുന്നു എന്നായിരുന്നു പ്രചാരണം. എന്നാൽ, രണ്ടു തെരഞ്ഞെടുപ്പുകളിലും പരമ്പരാഗത രീതിയിൽ കണ്ടുവരുന്നതിലധികമായി ക്രൈസ്തവരുടെകൂടി വോട്ടു നേടി വിജയിച്ചത്, ബിജെപി ആയിരുന്നില്ല മറിച്ച്, സിപിഎം ആയിരുന്നു. ബിജെപിക്കാവട്ടെ നിയമസഭാ തെരഞ്ഞെടുപ്പിൽ, ഉണ്ടായിരുന്ന ഒരു സീറ്റുകൂടി നഷ്ടമാവുകയും ചെയ്തു. സിപിഎം വർഗീയ മുതലെടുപ്പു നടത്തുന്നു എന്ന ശക്തമായ ആരോപണം ഉന്നയിച്ച യുഡിഎഫിനും നേട്ടമുണ്ടാക്കാൻ കഴിഞ്ഞില്ല.

യഥാർഥത്തിൽ രാഷ്ട്രീയ പാർട്ടികൾ ഉന്നയിക്കുന്ന വിധം വർഗീയ വിദ്വേഷം മുസ്‌ലിംകളും ക്രിസ്ത്യാനികളും തമ്മിലുണ്ടോ? ഇല്ല എന്നതാണ് വാസ്തവം. കേരളത്തിൽ ആർഎസ്എസ് ശക്തമാണ് എന്നതിൻറെ പേരിൽ ക്രിസ്ത്യാനികളും ഹിന്ദുക്കളും തമ്മിൽ യാതൊരു വിദ്വേഷവും ഇല്ലാത്തതുപോലെ, കേരളത്തിൽ പൊളിറ്റിക്കൽ ഇസ്‌ലാം ശക്തമാണ് എന്നതിൻറെ പേരിൽ ക്രിസ്ത്യാനികളും മുസ്‌ലിംകളും തമ്മിൽ വർഗീയ വിദ്വേഷം അശേഷമില്ല. അപ്പോൾ, പിന്നെ എന്താണ് പ്രശ്നം?

### കേരളം ജാഗ്രതപുലർത്തുന്ന വർഗീയ രാഷ്ട്രീയം

ഏകദേശം ഒരു നൂറ്റാണ്ടായി കേരളത്തിൽ ആർഎസ്എസ് പ്രവർത്തിക്കുന്നുണ്ട്. ആർഎസ്എസ് എന്തിനുവേണ്ടി നിലകൊള്ളുന്നു എന്നും അതിൻറെ രാഷ്ട്രീയ വിഭാഗമായ ബിജെപി ഉയർത്തിപ്പിടിക്കുന്ന ഹിന്ദു സ്വത്വ (ഹിന്ദുത്വ) രാഷ്ട്രീയത്തിൻറെ സ്വഭാവമെന്തെന്നും കേരളത്തിലെ ക്രിസ്ത്യാനികൾക്കു മാത്രമല്ല, ഹിന്ദുവിനും മുസ്‌ലിമിനും പൊതു സമൂഹത്തിനും നന്നായി അറിയാം. ഒരുപക്ഷേ, കേരളത്തിലെ ഹിന്ദുക്കൾക്കു മറ്റുള്ളവരെക്കാൾ നന്നായി അതറിയാവുന്നതുകൊണ്ടുതന്നെയാണ് ബിജെപി ഉയർത്തിപ്പിടിക്കുന്ന തീവ്ര സാംസ്കാരിക ദേശീയതയുടെ സവർണ ഹിന്ദു സ്വത്വരാഷ്ട്രീയത്തെ അവർ പടിക്കു പുറത്തു നിർത്തിയിരിക്കുന്നത്.

ബഹുസ്വരതയുടെയും സഹവർത്തിത്വത്തിന്റെയും മതേതര ജനാധിപ


www.malankaralibrary.com

ത്യത്തിന്റെയും നവോത്ഥാന മൂല്യങ്ങളുമായാണ് കേരളത്തിലെ ഹിന്ദു സമൂഹം പൊതുവേ തങ്ങളുടെ സ്വത്വ ബോധത്തെ സമന്വയിപ്പിച്ചു സ്വാംശീകരിച്ചിട്ടുള്ളത്. ബിജെപിയുടെയോ ആർഎസ്എസിന്റെയോ വർഗീയ രാഷ്ട്രീയത്തിന് അതിനെ മറികടക്കുക എളുപ്പമല്ല. ഹൈന്ദവ സമൂഹത്തിനു മാത്രമല്ല, ആർഎസ്എസിൻറെയും ബിജെപിയുടെയും സംഘപരിവാർ രാഷ്ട്രീയത്തെ പ്രത്യേകിച്ച് ആരും തുറന്നു കാട്ടാതെതന്നെ, കേരള സമൂഹത്തിനു പൊതുവിലും നന്നായി അറിയാം. മറ്റെല്ലാ സാധ്യതകളും അടയുന്നതു വരെയെങ്കിലും കേരളത്തിന്റെ ജനാധിപത്യ മനസ് ഒരിക്കലും അതിനെ നെഞ്ചേറ്റുകയില്ല.

എന്നാൽ ഒരു കാര്യം ചൂണ്ടിക്കാട്ടാതെ വയ്യ. മുസ്ലിം ലീഗിന്റെ സ്വത്വരാഷ്ട്രീയം മതേതരമാണെങ്കിൽ, ബിജെപിയുടേത് അങ്ങനെയല്ല എന്നു പറയുന്നതിൽ കഴമ്പുണ്ടെന്നു തോന്നുന്നില്ല. ഹിന്ദു മതഗ്രന്ഥങ്ങളുടെ വ്യാഖ്യാനത്തിൽനിന്നു രൂപപ്പെടുത്തിയ ഒരു സമഗ്രാധിപത്യ മതരാഷ്ട്ര സിദ്ധാന്തമല്ലാത്തിടത്തോളം ബിജെപിയുടേത് ഒരു മതരാഷ്ട്ര പ്രത്യയശാസ്ത്രമാണെന്നു പറയാനുമാവില്ല. സവർണ മേധാവിത്വത്തിന്റെയും തീവ്ര സാംസ്കാരിക ദേശീയതയുടെയും കോർപറേറ്റിസത്തിൻറെയും ഒരു സമ്മിശ്ര രാഷ്ട്രീയം എന്നതിലുപരി അതിനു പ്രസക്തമായ ഒരു പ്രത്യയശാസ്ത്ര അടിത്തറയില്ല എന്നതാണ് വാസ്തവം. അധികം വൈകാതെതന്നെ അതിനുള്ളിലെ വൈരുദ്ധ്യങ്ങളെ അതു സ്വയം പുറത്തു കൊണ്ടുവരികയും ചെയ്യും.

### കേരളം കണ്ടില്ലെന്നു നടിക്കുന്ന മതരാഷ്ട്രവാദം

എന്നാൽ, കേരള സമൂഹത്തിൽ വലിയൊരളവുവരെ മറഞ്ഞിരിക്കുന്ന അപകടമാണ് തീവ്ര ഇസ്ലാമിക രാഷ്ട്രീയം. വേഷപ്രച്ഛന്നതയാണ് അതിന്റെ മുഖമുദ്ര. സമൂഹത്തിൽ മറഞ്ഞിരിക്കുകയും നിർണായക സമയങ്ങളിൽ അനുയോജ്യമായ വേഷങ്ങളിൽ വെളിപ്പെടുകയും ചെയ്യുന്ന അതിനെ ഇനിയും നമ്മൾ വേണ്ടത്ര തിരിച്ചറിഞ്ഞിട്ടില്ല.

മതരാഷ്ട്രവാദം തീവ്രദേശീയതയെക്കാളും സാംസ്കാരിക ഫാസിസത്തെക്കാളും കമ്യൂണിസത്തെക്കാളും അപകടകാരിയാണ്. ഇസ്ലാമിക മതരാഷ്ട്രവാദം ലോകം കണ്ടിട്ടുള്ള മറ്റേതൊരു ഫാസിസ്റ്റ് പ്രത്യയശാസ്ത്രത്തെക്കാളും പ്രതിലോമകരവുമാണ്. അത് മനുഷ്യന്റെ സ്വാതന്ത്ര്യമോ സ്വയം നിർണയാവകാശമോ അംഗീകരിക്കുന്നില്ല. ജനാധിപത്യം, മതേതരത്വം, ദേശീയത തുടങ്ങി അവരുടെ കണ്ണിൽ ഇസ്ലാമികമല്ലാത്തതൊക്കെയും കീഴടക്കപ്പെടേണ്ടതും നശിപ്പിക്കപ്പെടേണ്ടതുമാണ്.

കേരളത്തിലെ മുസ്ലിംകളിൽ ഒരു നിശ്ചിത ശതമാനം തീവ്ര ഇസ്ലാമിക പ്രത്യയശാസ്ത്രം പിൻപറ്റുന്നവരും അതിനായി പ്രവർത്തിക്കുന്നവരുമാണെങ്കിലും കേരളത്തിൻറെ പൊതു സമൂഹത്തിൽ അവർ ഇസ്ലാമിക മതരാഷ്ട്ര വാദികളായി കാണപ്പെടുകയോ തിരിച്ചറിയപ്പെടുകയോ ചെയ്യുന്നില്ല. കാരണം പൊതു സമൂഹത്തിനു സ്വീകാര്യമായി തോന്നാവുന്ന മേഖലകളിൽ വേഷപ്രച്ഛന്നരായാണ് അവർ പ്രവർത്തിക്കുന്നത്! പ്രത്യക്ഷത്തിൽ നിരുപദ്രവകാരികളെങ്കിലും, ഇസ്ലാമിക് ബ്രദർഹുഡ്, താലിബാൻ, ഇസ്ലാമിക് സ്റ്റേറ്റ്, അൽ ക്വയ്ദ, ബോക്കോ ഹറാം തുടങ്ങിയ പൂർവസൂരികളുടെ പാതയിലാണ് ഇത്തരം പ്രസ്ഥാനങ്ങളിൽ പലതും സഞ്ചരിക്കുന്നത് എന്നത് പരസ്യമായ രഹസ്യമാണ്.

### മുസ്ലിം വിരോധമോ യാഥാർഥ്യ ബോധമോ?

ഇത്തരം ഒരു പശ്ചാത്തലത്തിൽ, കേരളത്തിൽ ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഇസ്ലാമിക തീവ്രവാദത്തെപ്പറ്റിയുള്ള ആശങ്ക പങ്കുവയ്ക്കുന്നത്, മുസ്ലിം വിരോധമായി വ്യാഖ്യാനിക്കേണ്ടതുണ്ടോ? അത്തരം ആശങ്കകൾ അസ്ഥാനത്താണ് എന്ന് ഉറപ്പിച്ചു പറയാൻ, ഭരിക്കുന്ന സർക്കാരിനോ കേരളത്തിന്റെ പൊതു സമൂഹത്തിനോ സാധിക്കുമോ? 1940കളിൽത്തന്നെ സലഫിസം, ജമാഅത്തെ ഇസ്ലാമി ഹിന്ദിലൂടെ കേരളത്തിന്റെ വടക്കൻ മേഖലയിൽ അതിന്റെ സാന്നിധ്യം അറിയിച്ചിരുന്നു എന്ന് പ്രഫ. ഹമീദ് ചേന്നമംഗലൂരിൻറെ 'ദൈവത്തിൻറെ രാഷ്ട്രീയം' എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിലെ സലഫി പ്രസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന ജമാഅത്തെ ഇസ്ലാമിയുടെ


www.malankaralibrary.com

സമഗ്രമായ ഒരു ചിത്രം അദ്ദേഹം ഈ ഗ്രന്ഥത്തിൽ വരച്ചു കാട്ടുന്നുണ്ട്. പ്രഫ. ചേന്നമംഗലൂരിൻറെ ഇതര കൃതികളും ആനുകാലികങ്ങളിലൂടെ അദ്ദേഹം പങ്കുവയ്ക്കുന്ന നിരീക്ഷണങ്ങളും കേരളത്തിന്റെ സാമൂഹിക ജീവിതത്തിലെ മാറ്റങ്ങൾ നിരീക്ഷിക്കുന്നവർക്ക് ദിശാബോധം പകരുന്നവയാണ്.

ക്രൈസ്തവരിൽ വളരെപ്പേർ ഇത്തരം ഗൗരവമായ വായനകളിലേക്കും പഠനങ്ങളിലേക്കും തിരിയാനുള്ള കാരണം, കേരളത്തിലെ ചില സലഫി പണ്ഡിതന്മാരും പ്രസ്ഥാനങ്ങളും അവർ ഒരു ബഹുസ്വര സമൂഹത്തിലാണ് ജീവിക്കുന്നതെന്ന യാഥാർഥ്യം മറന്ന്, ഇന്ത്യൻ ഭരണഘടനയും മതേതര ജനാധിപത്യവും നൽകുന്ന സ്വാതന്ത്ര്യവും സംരക്ഷണവും ഉപയോഗിച്ച്, പ്രത്യക്ഷമായും പ്രച്ഛന്ന വേഷങ്ങളിലൂടെയും ഒരു മതേതര ജനാധിപത്യ സമൂഹത്തിൻറെ അരൂപിക്കു നിരക്കാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതുകൊണ്ടാണ്. അതിനെ ആശങ്കയോടെ നോക്കിക്കാണുന്നതും ചിലപ്പോൾ ഉറക്കെ പറയേണ്ടിവരുന്നതും സംഘപരിവാറിൻറെ കെണിയിൽ പെടുന്നതുകൊണ്ടല്ല. അതു സംഘപരിവാറിൽനിന്നു പഠിക്കേണ്ട ആവശ്യവുമില്ല.

### തുറന്നു പറയുന്നത് ജാഗ്രത പാലിക്കാൻ

ഇസ്ലാം പഠനവും ഗവേഷണവും അടുത്തകാലം വരെ കേരളത്തിലെ ക്രൈസ്തവരുടെ ഇഷ്ടവിഷയങ്ങളിൽ ഒന്നായിരുന്നില്ല. നമ്മോടൊപ്പം സ്നേഹത്തിലും സഹകരണത്തിലും സൗഹൃദത്തിലും കഴിയുന്ന മുസ്ലിം സഹോദരങ്ങളുടെ മതം എന്ന നിലയിൽ, ബഹുമാനത്തോടെ മാത്രമാണ് ക്രൈസ്തവർ ഇസ്ലാമിക ജീവിതത്തെ നോക്കിക്കണ്ടിരുന്നത്.

എന്നാൽ അടുത്തകാലത്തായി, സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിലും വിദ്യാഭ്യാസ - ആതുര ശുശ്രൂഷാ സ്ഥാപനങ്ങളിലും സാംസ്കാരിക ഇടങ്ങളിലുമെല്ലാം സലഫി ദാവാ പ്രവർത്തകർ ക്രിസ്തീയ വിശ്വാസങ്ങളെയും ജീവിതാദർശങ്ങളെയും മതാനുഷ്ഠാനങ്ങളെയുമെല്ലാം പരസ്യമായി അവഹേളിക്കുകയും അത്തരം ആക്രമണങ്ങൾ വ്യക്തികൾക്കും സമൂഹങ്ങൾക്കും സമുദായത്തിനും നേരെയുള്ള ആസൂത്രിത നീക്കത്തിന്റെ തലത്തിലേക്ക് എത്തുകയും ചെയ്തപ്പോഴാണ് ഈ വിഷയത്തിൽ പ്രത്യേക ജാഗ്രത ആവശ്യമായി വന്നതും ചില കാര്യങ്ങൾ ഉറക്കെ പറയേണ്ടി വരുന്നതും. അത് സംഘപരിവാർ അജണ്ടയിൽ വീണ ക്രിസ്ത്യാനിയുടെ കരച്ചിലാണെന്നു വ്യാഖ്യാനിക്കുന്നത് തികഞ്ഞ ഉത്തരവാദിത്വമില്ലായ്കയാണ് എന്നു പറയാതിരിക്കാൻ കഴിയില്ല.

ലോകത്താകെയുള്ള ക്രൈസ്തവ സമൂഹത്തിന് 'ഇസ്ലാമോഫോബിയ' ബാധിച്ചിരിക്കുകയാണ് എന്ന ചിലരുടെ വായ്ത്താരിയിൽ രാഷ്ട്രീയ പാർട്ടികൾ വീണുപോകരുത്. പൊളിറ്റിക്കൽ ഇസ്ലാമിൻറെ പിടിയിൽ ഇനിയും അമർന്നിട്ടില്ലാത്ത കേരളത്തിലെ മുസ്ലിം ലീഗും മുസ്ലിം സമൂഹവും ഈ കാര്യങ്ങൾ വിലയിരുത്തണം. ഗൗരവതരമായ ആ പ്രക്രിയ നിങ്ങൾ നിർവഹിക്കുകതന്നെ വേണം. ക്രൈസ്തവർക്ക് നിങ്ങളെ വിശ്വാസമാണ്.

പിന്നെ, സ്കോളർഷിപ്പ് വിഷയത്തിൽ, എൽഡിഎഫ്. സർക്കാർ, കോടതിവിധിയുടെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് സമുചിതമായ പരിഹാരമുണ്ടാക്കുമെന്ന സിപിഎം നേതാക്കളുടെ ഉറപ്പിൽ ഞങ്ങൾക്കു വിശ്വാസമുണ്ട്. മുഖ്യമന്ത്രിതന്നെ ഇക്കാര്യം ഇതിനോടകം വ്യക്തമാക്കിയിട്ടുമുണ്ട്. ന്യൂനപക്ഷ സമൂഹങ്ങൾക്ക് തുല്യനീതി ഉറപ്പു വരുത്തുന്നതിൽ മതനിരപേക്ഷതയിൽ വിശ്വസിക്കുന്ന മുസ്ലിം സമുദായം എതിരു നിൽക്കുമെന്നും കരുതുന്നില്ല.

ആർഎസ്എസ്കാരുടെ സ്നേഹത്തിലല്ല ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. കേരളത്തിൽ ജീവിക്കുന്ന ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ ജനവിഭാഗങ്ങളുടെ പരസ്പരസ്നേഹത്തിലും സൗഹൃദത്തിലും കരുതലിലും ക്രൈസ്തവർക്ക് ഉത്തമ വിശ്വാസവും ബോധ്യവുമുണ്ട്. ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും ഉണ്ടാകാതിരിക്കാൻ ഞങ്ങൾ സദാ ജാഗ്രത പുലർത്തുന്നതുമാണ്.


www.malankaralibrary.com

# കോവിഡ് ഹെൽത്ത് കിറ്റുമായി കെസിബിസി

**കോ**വിഡ് 19 പ്രതിരോധത്തിൽ കേരള സർക്കാർ ഇച്ഛാശക്തിയോടെ മുന്നേറുകയാണ്. രണ്ടാം തരംഗത്തിന്റെ ഉഗ്രതയിൽ കേരളം തകർന്നടിയാതിരിക്കാൻകേരള ജനതമുഴുവൻ സർക്കാർ സംവിധാനങ്ങളോടു സ്വമനസ്സാ കൈകോർക്കുന്ന കാഴ്ചയാണ് എല്ലായിടത്തും. നാടിന്റെ പൊതുനന്മയ്ക്ക് എന്നും പ്രതിജ്ഞാബദ്ധയായ കത്തോലിക്കാസഭയിൽ നിന്നും ഈ കോവിഡു കാലത്തും ഒരു ശുഭവാർത്ത കേൾക്കാനാകുന്നു.

### ഭവനങ്ങളിൽ തങ്ങുന്ന രോഗബാധിതർ

ആശുപത്രികൾ നിറഞ്ഞു കവിയുന്ന ഒരവസ്ഥ കേരളത്തിനു വന്നുഭവിക്കാതിരിക്കാൻകോവിഡുബാധിതർ പ്രഥമഘട്ടത്തിൽ (A ഘട്ടം) വീടുകളിൽത്തന്നെ കഴിയണം എന്ന സർക്കാർ നിലപാട് സമുചിതമാണെങ്കിലും രോഗബാധിതർ ആത്മവിശ്വാസത്തോടെയും സുരക്ഷിതരായും വീടുകളിൽ കഴിയാൻ പ്രായോഗികമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട് എന്ന തിരിച്ചറിവിൽ കേരള കത്തോലിക്കാസഭയുടെ ആരോഗ്യസമിതിയും കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (CHAI) കേരളാഘടകവും സംയുക്തമായി ഒരുക്കിയിരിക്കുന്നത് തികച്ചും നൂതനവും പ്രായോഗികവുമായ ഒരു കർമ്മപദ്ധതിയാണ്. ജാതിമതഭേദമന്യേ ഇടവകാതിർത്തിയിലുള്ള എല്ലാ കുടുംബങ്ങൾക്കും കൈത്താങ്ങാകാൻ കേരളത്തിലെ ഓരോ ഇടവകയ്ക്കും കഴിയും വിധമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

കോവിഡ് ഹെൽത്ത് കിറ്റും സൗജന്യ ടെലിമെഡിക്കൽ കൺസൾട്ടേഷൻ സൗകര്യവും മാനസികാരോഗ്യ കൗൺസിലിങ് സൗകര്യവും ഉൾപ്പെടുന്നതാണ് കെസിബിസി നടപ്പിലാക്കുന്ന കോവിഡ് പ്രതിരോധ നടപടികൾ. പൾസ് ഓക്സീമീറ്റർ, ഡിജിറ്റൽ തെർമോമീറ്റർ, സ്റ്റീം ഇൻഹെയ്‌ലർ, സാനിറ്റൈസർ, N95 മാസ്കുകൾ എന്നിവയടങ്ങുന്ന പത്തു കിറ്റെങ്കിലും ഒരിടവക സ്വന്തമാക്കാനാണ് കെസിബിസി നിർദേശം നല്കിയിരിക്കുന്നത്. ഇത്തരം കിറ്റുകൾ CBCI, KCBC ഹെൽത്ത് കമ്മീഷനുകൾ കുറഞ്ഞ വിലയ്ക്ക് ഓരോ രൂപതയ്ക്കും സംലഭ്യമാക്കുന്നതാണ്. അണുവിമുക്തമാക്കി വീണ്ടും ഉപയോഗിക്കാവുന്നവയാണ് കിറ്റിലെ മുഖ്യഘടകങ്ങൾ. ഇടവകയിലെ സന്നദ്ധ സേവകർ രോഗബാധിതരുടെ കുടുംബങ്ങളിൽ സൗജന്യമായി ഹെൽത്ത് കിറ്റ് എത്തിച്ചുനല്കും. ഓക്സിജൻ ലെവൽ 94ൽ കുറയുന്നില്ലെന്നും ശരീരോഷ്മാവ് 98 ഡിഗ്രിയിൽ കൂടുന്നില്ലെന്നും സ്വയം ഉറപ്പുവരുത്താൻ രോഗികൾക്ക് ഇതുവഴി കഴിയും.

ഇടവകയിൽ നിന്ന് ബന്ധപ്പെടുത്തിക്കൊടുക്കുന്ന സിസ്റ്റർ ഡോക്ടർമാരുടെയും റിട്ടയർഡ് ഡോക്ടർമാരുടെയും ഇടപെടലും നിർദേശങ്ങളും രോഗികൾക്ക് ആത്മവിശ്വാസം പകരും. ആശുപത്രിയിൽ പോകേണ്ട ആവശ്യമുണ്ടെങ്കിൽ (B ഘട്ടം) അതു സ്ഥിരീകരിക്കാനും അവർ സഹായിക്കും. ഇടവകാതിർത്തിയിലുള്ള നഴ്സുമാരുടെയും സന്നദ്ധസേവകരുടെയും സഹായവും രോഗികൾക്കു ലഭിക്കും.

കത്തോലിക്കാ മാനേജുമെന്റുകൾക്കു കീഴിലുള്ള അമ്പതോളം കോളജുകളിൽ നിന്നുള്ള എംഎസ്ഡബ്ലിയൂ എംഎസ്സി സൈക്കോളജി വിദ്യാർത്ഥീവിദ്യാർത്ഥിനികൾക്കു വേണ്ട പരിശീലനം നല്കാനും പദ്ധതിയുണ്ട്. ഭീതിയില്ലാതെയും മാനസികാരോഗ്യത്തോടെയും കോവിഡ് രണ്ടാം തരംഗത്തെയും മൂന്നാം തരംഗമുണ്ടായാൽ അതിനെയും അതിജീവിക്കാൻ പൊതു ജനത്തെ പ്രാപ്തമാക്കാൻ അവർക്കു കഴിയും.

### പിഒസി ഹെൽത്ത് ഡെസ്ക്

ഈ പദ്ധതി ഏകോപിപ്പിക്കാൻ ഒരു ഹെൽപ് ഡെസ്ക് പിഒസിയിൽ തുറന്ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിവിധ ആശു


www.malankaralibrary.com

പത്രികളിൽ നിലവിലുള്ള ചികിത്സാ സൗകര്യങ്ങളെക്കുറിച്ച് പൊതുജനത്തിന് ധാരണ നല്കുക, പദ്ധതി സംബന്ധിച്ച് വിവിധ രൂപതകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, സന്നദ്ധസേവകർക്ക് വിദഗ്ദ്ധപരിശീലനം നല്കുക, രോഗികളുടെ മറ്റ് ആവശ്യങ്ങളിൽ സഹായമെത്തിക്കാൻ ക്രമീകരണങ്ങൾ ചെയ്യുക എന്നിവയാണ് പിഒസി ഹെൽത്തു ഡെസ്ക് ചെയ്യുന്നത്.

കെസിബിസി പ്രസിഡണ്ട് കർദിനാൾ ജോർജ് ആലഞ്ചേരിയുടെയും മറ്റ് ഔദ്യോഗിക ഭാരവാഹികളുടെയും നേതൃത്വത്തിൽ CBCI, KCBC ഹെൽത്ത് കമ്മീഷനുകൾ, CHAI കേരള, കാത്തലിക് സോഷ്യൽ സർവീസ് ഫോറം, സിസ്റ്റർ ഡോക്ടേഴ്സ് ഫോറം, നഴ്സസ് ഗിൽഡ്, വിദ്യാഭ്യാസ കമ്മീഷൻ, യൂത്ത് കമ്മീഷൻ എന്നിവയുടെ സംയുക്ത ചർച്ചകളിലൂടെയാണ് പ്രവർത്തനരൂപരേഖ തയ്യാറാക്കിയത്. പത്തനംതിട്ട, ആലപ്പുഴ, ബത്തേരി രൂപതകൾക്കുള്ള കിറ്റുകൾ രണ്ടു ദിവസത്തിനകം എത്തുമെന്ന് കെസിബിസി കോവിഡ് പ്രതിരോധ ഏകോപന സമിതി സെക്രട്ടറി ഫാ. സൈമൺ പള്ളുപ്പേട്ട അറിയിച്ചു.

## സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന കോവിഡ് പ്രതിരോധനടപടികൾക്ക് സർവവിധ പിന്തുണയും: കർദിനാൾ മാർ ജോർജ് ആലഞ്ചേരി.

കൊച്ചി: കോവിഡ്-19 ന്റെ അതിശക്തമായ രണ്ടാം വ്യാപനത്തെ പ്രതിരോധിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെ സർവാത്മന സ്വാഗതം ചെയ്തുകൊണ്ട് സർക്കാരിന് സർവവിധ പിന്തുണയും അറിയിക്കുന്നതായി കെസിബിസി പ്രസിഡണ്ട് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. സർക്കാർ നൽകുന്ന നിർദേശങ്ങൾ തികഞ്ഞ ഗൗരവത്തോടെ പാലിച്ചുകൊണ്ടു സഭാംഗങ്ങൾ കോവിഡ്-19 നെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്ന് കർദിനാൾ പറഞ്ഞു. കത്തോലിക്കാസഭയുടെ കൂടുതൽ സൗകര്യങ്ങളുള്ള ആശുപത്രികൾ ഇതിനോടകം തന്നെ കോവിഡ് രോഗികളെ ചികിത്സിക്കുന്നുണ്ട്. അവിടെ കോവിഡ് പരിശോധനകളും വാക്സിനേഷനും നടക്കുന്നു. വൈറസ് വ്യാപനത്തിന്റെ വർദ്ധനവു കണക്കിലെടുത്തു കത്തോലിക്കാസഭയുടെ ഉടമസ്ഥതയിലുള്ള എല്ലാ ആശുപത്രികളും സർക്കാർ നിർദേശങ്ങൾക്കനുസരിച്ച് ജനങ്ങളുടെ ആരോഗ്യപരിപാലനത്തിന് സംലഭ്യമാക്കാൻ ബന്ധപ്പെട്ടവർ താത്പര്യമെടുക്കുമെന്നും കെസിബിസി പ്രസിഡണ്ട് പറഞ്ഞു.

കത്തോലിക്കാ ദൈവാലയങ്ങളിൽ ആരാധനകർമ്മങ്ങൾ നടത്തേണ്ടതും ദൈവാലയകർമ്മങ്ങളിലെ ജനപങ്കാളിത്തം ക്രമീകരിക്കേണ്ടതും സംസ്ഥാന സർക്കാരും ജില്ലാ ഭരണകൂടങ്ങളും നൽകുന്ന നിർദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം. കുമ്പസാരം, രോഗീലേപനം തുടങ്ങിയ ആത്മീയ ശുശ്രൂഷകൾ കോവിഡ് ബാധിതർക്കായി വൈദികർ പരികർമം ചെയ്യുമ്പോൾ അതീവജാഗ്രതയും വിവേകപരമായ ഇടപെടലും വേണമെന്ന കാര്യവും കർദിനാൾ ഓർമ്മിപ്പിച്ചു.

ഈ മഹാവിപത്തിനെ നേരിടുന്നതിനായി എല്ലാവരും തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ട സമയമാണിത്. ആരോഗ്യപ്രവർത്തകരും സർക്കാർ സംവിധാനങ്ങളും ചെയ്തുവരുന്ന പരിശ്രമങ്ങൾ വിജയിക്കുന്നതിനും ഈ മഹാമാരിയെ അതിജീവിക്കുന്നതിനും പ്രാർത്ഥന ആവശ്യമാണ്. കത്തോലിക്കാസഭയും മറ്റു സഭകളും ഒന്നുചേർന്ന് 2021 മെയ് 7-ാം തീയതി ഒരു പ്രാർത്ഥനാദിനമായി ആചരിക്കുവാൻ ഭാരത കത്തോലിക്കാ മെത്രാൻ സമിതി ആഹ്വാനം ചെയ്തിട്ടുണ്ടെന്നും കർദിനാൾ മാർ ആലഞ്ചേരി അറിയിച്ചു. സർക്കാരിനോടു സഹകരിച്ച് കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന കെസിബിസി ഹെൽത്ത് കമ്മീഷന്റെയും കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെയും പ്രവർത്തകരെ കർദിനാൾ അഭിനന്ദിക്കുകയും ചെയ്തു.


www.malankaralibrary.com

# ലൂസി കളപ്പുരയുടെ അപ്പീൽ വത്തിക്കാൻ പരമോന്നത കോടതി തള്ളി

*(ലൂസി കളപ്പുരയെ എഫ്സിസി സന്യാസിനീ സമൂഹത്തിൽനിന്ന് പുറത്താക്കിയ നടപടിയെ കത്തോലിക്കാ സഭയുടെ പരമോന്നത നീതിപീഠം ശരിവച്ച പശ്ചാത്തലത്തിൽ എഫ്സിസി മാനന്തവാടി പ്രൊവിൻസ് പിആർഒ പ്രസിദ്ധീകരിച്ച പത്രക്കുറിപ്പ്)*

ലൂസി കുളപ്പുരയെ FCC സന്യാസിനി സമൂഹത്തിൽ നിന്നും, സഭാനിയമങ്ങളുടെ ഗൗരവതരവും തുടർച്ചയായതുമായ ലംഘനങ്ങളുടെ പേരിലും, തിരുത്തുവാൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും കൂട്ടാക്കാത്ത തിന്റെ പേരിലും 2019 മെയ് 11-ാം തിയതി, FCC സന്യാസ സഭയുടെ ജന റാളമ്മയും ജനറൽ കൗൺസിലും എടുത്ത തീരുമാനത്തിലൂടെ 19 പേജ് വരുന്ന ഒരു ഡിക്രിയിലൂടെ, കാര്യ കാരണസഹിതം ഡിസ്മിസ് ചെയ്യുക യും പ്രസ്തുത ഡിക്രി വത്തിക്കാനിലെ പൗരസ്ത്യ തിരുസംഘത്തിന് അംഗീ കാരത്തിനായി സമർപ്പിക്കുകയും തുടർന്ന് ആ ഡിസ്മിസൽ 2019 ജൂലൈ 9ന് പൗരസ്ത്യ തിരുസംഘം അംഗീകരിക്കുകയും ആ വിവരം ലൂസി കുളപ്പുരയെ അറി യിക്കുകയും ചെയ്ത വിവരം വാർത്ത മാധ്യമങ്ങളെ അറിയിച്ചിട്ടുള്ളതാണ്. ലൂസി കുളപ്പുരയെ ഡിസ്മിസ് ചെയ്യുന്നതിന് മുൻപായി മാനന്തവാടി പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ നിയമാനുസൃതമായ രണ്ട് മുന്നറിയിപ്പുകൾ രേഖാമൂലം നൽകി യതാണ്. അതിനുശേഷം FCC സഭയുടെ ജനറലേറ്റിൽ നിന്നും വീണ്ടും രണ്ടു പ്രാ വശ്യം നിയമാനുസൃതമായ മുന്നറിയിപ്പുകളും രേഖാമൂലം നൽകി യിരുന്നു. അതിന് ശേഷം ജനറാളമ്മ ലൂസി കുളപ്പുരയെ കാണുവാ നും കേൾക്കുവാനും നേരിട്ട് വിളിച്ചുവരുത്തുകയും സ്വന്തം ഭാഗം വി ശദീകരിക്കുവാൻ അവസരം നൽകുകയും ചെയ്തിരുന്നു. ഇതിനെ ല്ലാം ശേഷം 18 പേജ് ദൈർഘ്യമുള്ള കാരണം കാണിക്കൽ നോട്ടീസ് ലൂ സി കുളപ്പുരക്ക് ജനറാളമ്മ നൽകുകയുണ്ടായി. അങ്ങനെ FCC സഭയുടെ നിയമ വും കാനോനിക നിയമസംഹിതയിലെ നടപടി ക്രമങ്ങളുമെല്ലാം കൃത്യമായി പാ ലിച്ച ശേഷമാണ് ലൂസി കുളപ്പുരയെ FCC സഭയിൽനിന്നും ഡിസ്മിസ് ചെയ്തത്.

2019 ആഗസ്റ്റ് 10-ാം തിയതി വത്തിക്കാനിലെ പൗരസ്ത്യ തിരുസംഘത്തിന്, പ്രസ്തുത ഡിസ്മിസലിനെ ചോദ്യം ചെയ്തുകൊണ്ടും തന്റെ വാദങ്ങളെല്ലാം വിശദ മായി അവതരിപ്പിച്ചുകൊണ്ടും ലൂസി കുളപ്പുര അപ്പീൽ സമർപ്പിച്ചുവെങ്കിലും ആ അപ്പീൽ വിശദമായി പഠിച്ച തിരുസംഘം ഈ അപ്പീലിലെ വാദങ്ങൾ നിലനിൽ ക്കുന്നതല്ല എന്ന് വിശദമായി പ്രതിപാദിക്കുന്ന ഒരു ഡിക്രി വഴിയായി 2019 സെപ് റ്റംബർ 26-ാം തിയതി ആ അപ്പീൽ തള്ളുകയാണുണ്ടായത്. എന്നാൽ പൗരസ്ത്യ തിരുസംഘം തന്റെ അപ്പീൽ തള്ളിയതിനെതിരായി 2019 നവംബർ 5-ാം തിയതി കത്തോലിക്ക സഭയുടെ പരമോന്നത കോടതിയായ 'സിഞ്ഞത്തുര അപ്പസ്തോലി ക്ക'യിൽ വളരെ വിശദവും ദൈർഘ്യമേറിയതുമായ വാദമുഖങ്ങളോടുകൂടിയ തന്റെ അപ്പീൽ സമർപ്പിക്കുകയുമുണ്ടായി. എന്നാൽ ആ അപ്പീൽ പരിഗണിച്ച കോടതി, 2020 ഫെബ്രുവരി 12 ാം തിയതി ഇതിൽ കഴമ്പില്ലായെന്നു കണ്ടെത്തിയതിനാൽ തള്ളുക യുണ്ടായി. എന്നാൽ ഇതിനെതിരായി, ലൂസി കുളപ്പുര, വത്തിക്കാനിലെ പരമോന്നത കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന അഡ്വക്കേറ്റ് വഴി 2020 മാർച്ച് 8ാം തിയതി പുനഃപരിശോധന ഹർജി ഫയൽ ചെയ്യുകയുണ്ടായി. ആ ഹർജി ഫയലിൽ സ്വീക രിച്ച വത്തിക്കാനിലെ പരമോന്നത നീതി പീഠം കക്ഷികൾക്ക് നോട്ടീസ് അയക്കു കയും ലൂസി കുളപ്പുരക്ക് വേണ്ടിയുള്ള വക്കീലും പൗരസ്ത്യ തിരുസംഘത്തിന്റെ


www.malankaralibrary.com

വക്കീലും കോടതിയിൽ ഹാജരാവുകയും വിസ്താരത്തിലും സ്വന്തം ഭാഗം അവതരിപ്പിക്കുന്നതിലും ഭാഗഭാക്കാവുകയും ചെയ്തു. FCC സഭ ഈ കേസിൽ മൂന്നാം പാർട്ടി ആയിരുന്നു എങ്കിലും സ്വന്തം അഡ്വക്കേറ്റിനെ വയ്ക്കാൻ പരമോന്നത കോടതി അനുവാദം നൽകിയിരുന്നു. എങ്കിലും, ആ അവകാശം വിനിയോഗിക്കേണ്ടതില്ല, പ്രത്യുത പരമോന്നത നീതിപീഠം എടുക്കുന്ന ഏതു തീരുമാനവും ദൈവഹിതമായി സ്വീകരിക്കാം എന്ന് തീരുമാനിക്കുകയും ആയിരുന്നു. ലൂസി കളപ്പുരയുടെ പുനഃപരിശോധനാ ഹർജി പരിഗണിച്ച സിഞ്ഞത്തൂര അപ്പസ്തോലിക്കയുടെ ഫുൾബെഞ്ച് അപ്പീൽ സമർപ്പിച്ച വ്യക്തിയുടെ വക്കീലിന്റെയും പൗരസ്ത്യ തിരുസംഘത്തിന്റെ വക്കീലിന്റെയും വാദങ്ങളും കോടതിയിലെ പബ്ലിക്ക് പ്രോസിക്യൂട്ടറിന് സമമായി പരമോന്നത നീതിപീഠത്തിലെ 'നീതി സംരക്ഷകൻ' (promotor of Justice) എന്ന നിയമജ്ഞന്റെ രേഖാമൂലമുള്ള അഭിപ്രായങ്ങളും സ്വീകരിച്ച ശേഷം 2021 മെയ് 18 ന് ലൂസി കളപ്പുരയുടെ അപ്പീൽ തള്ളുകയും 2021 മെയ് 27ന് ഇക്കാര്യം തങ്ങളുടെ കോടതി വിധിയായി രണ്ടു പാർട്ടികളുടെയും അഡ്വക്കേറ്റുമാർക്ക് നൽകുകയും അത് അന്നേ ദിവസം തന്നെ തപാൽ മുഖാന്തിരം FCC സഭയുടെ ജനറാളമ്മയ്ക്ക് അയക്കുകയും ചെയ്തത് FCC ജനറലേറ്റിൽ 2021 ജൂൺ 12ന് എത്തുകയും ഉണ്ടായി. എന്തുകൊണ്ടാണ് പ്രസ്തുത പുനഃപരിശോധന ഹർജി നിലനിൽക്കുന്നതല്ല എന്നും പ്രഥമദൃഷ്ട്യാ തള്ളുന്നതെന്നും 'സിഞ്ഞത്തൂര അപ്പസ്തോലിക്ക'യുടെ രണ്ടു പേജ് മാത്രമുള്ള വിധിയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട് . ലൂസി കുളപ്പുരക്കുവേണ്ടി അഡ്വക്കേറ്റ് വാദിച്ചിരുന്നു എങ്കിലും ഡിസ്മിസൽ നടപടിയിൽ നിയമപരമായി ഒരു തെറ്റും വാദഗതിയിൽ ചൂണ്ടികാണിക്കപ്പെട്ടിട്ടില്ല എന്ന് കോടതി വിധി വ്യക്തമാക്കുന്നുണ്ട്.

കത്തോലിക്കാസഭയുടെ പരമോന്നത നീതിപീഠത്തിന്റെ പ്രത്യേക നിയമസംഹിതയിലെ 7500 ആർട്ടിക്കിളിലെ 4-ാം ഖണ്ഡിക പ്രകാരം ആ കോടതിയിലെ ഫുൾ ബെഞ്ച് (Congresso) പ്രഥമ ദൃഷ്ട്യ തള്ളുന്ന ഒരു പുനഃപരിശോധന ഹർജിക്കെതിരെ മറ്റൊരു നിയമ നടപടികളും സാധ്യമല്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ ലൂസി കുളപ്പുരയുടെ, FCC സഭയിൽ നിന്നുള്ള ഡിസ്മിസലിനെതിരായി കത്തോലിക്കാ സഭയുടെ നിയമവ്യവസ്ഥിതിയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള മൂന്നു തലങ്ങളിലുമുള്ള അപ്പീൽ അവസരങ്ങളും ലൂസി കളപ്പുര ഉപയോഗപ്പെടുത്തുകയുണ്ടായി. കത്തോലിക്കാ സഭയുടെ പരമോന്നത നീതിപീഠത്തിൽ അവിടെ പ്രാക്ടീസ് ചെയ്യുന്ന അഡ്വക്കേറ്റിനെ വച്ചു ലൂസി കുളപ്പുര വാദിച്ചുവെങ്കിലും അവിടെയും ഹർജി പരിഗണിച്ച ഫുൾ ബെഞ്ച് അപ്പീൽ തള്ളുകയാണുണ്ടായത്. ഇതോടുകൂടി ലൂസി കളപ്പുരയുടെ അപ്പീലുകളെല്ലാം തീർന്നതുകൊണ്ട് ഒരാഴ്ചക്കുള്ളിൽ കാരക്കാമല മഠത്തിൽ നിന്നിറങ്ങണമെന്നുള്ള FCC സഭയുടെ ജനറാളമ്മയുടെ കത്ത്) e-mail ആയി 2021 ജൂൺ 13-ാം തിയതി ലൂസി കളപ്പുരക്ക് അയക്കുകയും അതിന്റെ കോപ്പി FCC മാനന്തവാടി പ്രൊവിൻഷ്യലിനും കാരക്കാമല FCC മഠത്തിന്റെ സുപ്പീരിയറിനും അയച്ചത് അവർ കൈപ്പറ്റുകയുമുണ്ടായി. ജനറാളാമ്മ ലൂസി കളപ്പുരക്ക് അയച്ച കത്തിന്റെ കോപ്പിയുടെയും വത്തിക്കാൻ പരമോന്നത കോടതി വിധിയുടെ ഇംഗ്ലീഷ് പരിഭാഷ(ജനറാളമ്മയുടെ, കാനോനിക നിയമകാര്യങ്ങളിൽ ഉപദേശം നൽകുന്ന വ്യക്തി ട്രാൻസലേറ്റ് ചെയ്തത്) യുടെയും പകർപ്പുകൾ ആവശ്യമുള്ളവർക്ക് അവ FCC മാനന്തവാടി പ്രൊവിൻസിന്റെ PRO യുടെ ഓഫീസിൽ നിന്ന് ലഭ്യമാണ്.


www.malankaralibrary.com

# ചെമ്പനോടയിലെ കന്യാസ്ത്രീമഠത്തിൽ രാത്രി ചിലർ അതിക്രമിച്ചുകയറിയത് ഗൗരവമേറിയ കൃത്യം. ശക്തമായ നിയമ നടപടികൾ ആവശ്യം

*വാർത്ത (20/ 04/ 2021): കോഴിക്കോട്, ചെമ്പനോടയിലെ എംഎസ്എംഐ സന്യാസഭവനത്തിൽ രാത്രി അതിക്രമിച്ചുകയറിയ മൂന്നുപേരെ പോലീസ് പിടികൂടി. രാത്രി പതിനൊന്നുമണിയോടെ ചിലർ മതിൽ ചാടി മഠത്തിന്റെ കോമ്പൗണ്ടിൽ പ്രവേശിക്കുകയായിരുന്നു. തങ്ങൾക്ക് ആക്സിഡന്റിൽ പരിക്കുപറ്റി, സഹായിക്കണം എന്ന ആവശ്യം ആരംഭത്തിൽ ഉന്നയിച്ച അവർ തുടർന്ന് തർക്കിക്കാനും, ബഹളമുണ്ടാക്കാനും, ഭീഷണിപ്പെടുത്താനും ആരംഭിച്ചു. അതിക്രമിച്ചുകയറിയ അവർക്ക് വാതിൽ തുറന്നുകൊടുക്കാത്തതിൽ പ്രകോപിതരായി വാതിൽ ചവിട്ടി തുറക്കാൻ ശ്രമിക്കുകയും, സമൂഹമാധ്യമങ്ങളിൽ എഴുതി അവരെ അവഹേളിക്കുമെന്ന് ഭീഷണി മുഴക്കുകയും ഉണ്ടായി. ബഹളം കേട്ട് അയൽവാസികൾ എത്തിയതോടെ മൂവരും തിരികെ മതിലുചാടി ഓടുകയായിരുന്നു. ഒരാളെ നാട്ടുകാർ പിടികൂടി പോലീസിനെ ഏൽപ്പിക്കുകയും, തുടർന്നുള്ള പോലീസ് അന്വേഷണത്തിൽ രണ്ടുപേർകൂടി പിടിയിലാവുകയുമാണ് ഉണ്ടായത്. എന്നാൽ, ലഹരിയിൽ ബോധം നശിച്ച അവസ്ഥയിലായിരുന്നു പ്രതികൾ എന്ന കാരണം ചൂണ്ടിക്കാണിച്ച് പോലീസ് അവരെ ജാമ്യത്തിൽ വിട്ടയച്ചു.*

*** *** *** ***

കോഴിക്കോട് ജില്ലയിലെ ഒരു ഉൾഗ്രാമമാണ് ചെമ്പനോട. കോഴിക്കോട് പട്ടണത്തിൽനിന്നും അറുപതോളം കിലോമീറ്റർ ദൂരമുള്ള ചെമ്പനോടയ്ക്ക് അടുത്തുള്ള ടൗണായ കുറ്റ്യാടിയിലേയ്ക്ക് പന്ത്രണ്ട് കിലോമീറ്ററോളം വരും. പ്രാദേശികവാസികളും, അപൂർവ്വമായെത്തുന്ന വിനോദസഞ്ചാരികളും മാത്രം സഞ്ചരിക്കുന്ന വഴികളാണ് ഈ ഭാഗത്തുകൂടിയുള്ളത്. ബസ് സർവീസുകൾ സന്ധ്യയോടെ അവസാനിച്ചുകഴിഞ്ഞാൽ പൊതുനിരത്തുകളെല്ലാം വിജനമായിരിക്കും. ചെമ്പനോട അങ്ങാടിയിൽനിന്നും അൽപ്പം മാറിയുള്ള ഇടവക ദേവാലയത്തിൽനിന്നും അകന്ന് സ്കൂളിന് എതിർവശത്തായാണ് എംഎസ്എംഐ സന്യാസിനിമാരുടെ മഠം സ്ഥിതി ചെയ്യുന്നത്. സന്ധ്യയായാൽ തീരെയും ആൾസഞ്ചാരം കുറവുള്ള പൂഴിത്തോട് റോഡിന് അരികിലാണ് മഠവും സ്കൂളും.

ഇത്തരമൊരു പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കോൺവെന്റിന്റെ മതിലു ചാടി രാത്രി പതിനൊന്നു മണിയോടടുത്ത സമയത്ത് ചിലർ ചെന്നെങ്കിൽ അതിന് കാരണമെന്തായിരിക്കും? ആ നാട്ടിൽ പരിചയങ്ങളുള്ളവരായിരുന്നില്ല അവരാരും. അറിവനുസരിച്ച് മുപ്പത് കിലോമീറ്ററോളം ദൂരെയുള്ള മറ്റൊരു സ്ഥലത്ത് വിഹരിക്കുന്നവർ. ഏതുതരം ലഹരി ഉപയോഗിക്കുന്നവരായാലും, എത്ര ബോധം നശിച്ചവരായാലും തങ്ങൾക്ക് തികച്ചും അപരിചിതമായ ഒരു സ്ഥലത്തുള്ള കന്യാസ്ത്രീ മഠത്തിന്റെ മതിൽ ചാടി അകത്തു കടക്കാൻ അവർ തുനിഞ്ഞത് എന്തുകൊണ്ടായിരിക്കും? തങ്ങൾക്ക് അപകടം സംഭവിച്ചു എന്ന് അവർ പറഞ്ഞത് കള്ളമായിരുന്നു എന്ന് ആരംഭത്തിൽ തന്നെ തെളിഞ്ഞിരുന്നു. ഈ സാഹചര്യത്തിൽ എന്തുകൊണ്ടാണ് അവർ ഇപ്രകാരം ചെയ്തത്, എന്തായിരുന്നു അവരുടെ ലക്ഷ്യം എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടത് പോലീസ് ആണ്. മദ്യവും മയക്കുമരുന്നും ഉപയോഗിച്ച് സുബോധം നശിച്ചപ്പോൾ അവർ അപ്രകാരം ചെയ്തു എന്ന വിശദീകരണം ഇവിടെ അപര്യാപ്തമാണ്. സഹായത്തിന് അയൽവാസികൾ ഓടിയെത്തുകയും നാട്ടുകാർ ഒരേമനസോടെ സന്യസ്തർക്ക് ഒപ്പം നിൽക്കുകയും ചെയ്തതാണ് ഇവിടെ വഴിത്തിരിവായത്. അല്ലാത്തപക്ഷം അതി


www.malankaralibrary.com

ക്രമിച്ചുകയറിയവർ സന്യാസിനിമാരെ അപായപ്പെടുത്തുമായിരുന്നു എന്ന് തീർച്ച. ഈ വിഷയത്തിൽ നിഷ്പക്ഷമായി അന്വേഷണം നടത്താൻ തയ്യാറാകുന്നതോടൊപ്പം, അതിക്രമിച്ചുകയറിയവരുടെ വിശദാംശങ്ങളും കേസിന്റെ വിവരങ്ങളും പോലീസ് വെളിപ്പെടുത്തുകയും വേണം. മാത്രമല്ല ഈ വിഷയത്തിന്റെ ഗൗരവം മാനിച്ച് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും, ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെയും അടിയന്തിര ശ്രദ്ധയും ആവശ്യമാണ്.

സ്ത്രീകളുടെ അവകാശങ്ങളും, അവർ നേരിടുന്ന വിവേചനങ്ങളും പ്രതിസന്ധികളും ഉയർത്തിക്കാണിച്ച് അവർക്കുവേണ്ടി സംസാരിക്കാൻ ഔദ്യോഗികവും അനൗദ്യോഗികവുമായ നിരവധി സംവിധാനങ്ങളും ആക്ടിവിസ്റ്റുകളുമുള്ള ഈ നാട്ടിൽ, സന്യസ്തർ നേരിടുന്ന ഇത്തരം പ്രതിസന്ധികളും അതിക്രമങ്ങളും പതിവായി അവഗണിക്കപ്പെടുന്നത് കടുത്ത വിവേചനമാണ്. സ്ത്രീകൾ മാത്രം താമസിക്കുന്ന ഒരിടത്ത് നടന്ന ഇതുപോലൊരു അതിക്രമത്തെ ഗൗരവത്തോടെ കാണാൻ ഇത്തരക്കാർക്ക് കാണാൻ കഴിയാത്തത് സാംസ്കാരിക കേരളത്തെ സംബന്ധിച്ചിടത്തോളം ലജ്ജാകരമാണ്. കഴിഞ്ഞ നാളുകളിൽ സന്യസ്തർ നേരിട്ട അതിക്രമങ്ങളിൽ പലപ്പോഴും തികച്ചും നിരുത്തരവാദിത്തപരമായ സമീപനമാണ് കേരളത്തിലെ വനിതാകമ്മീഷൻ പോലും പുലർത്തിയിട്ടുള്ളത്. ഈ നാട്ടിലെ സ്ത്രീ സുരക്ഷയെ ഏറ്റവും മോശമായ രീതിയിൽ ചോദ്യം ചെയ്ത ഈ സംഭവത്തിലും അതേ നിഷ്ക്രിയത്വമാണ് ആവർത്തിച്ചിരിക്കുന്നത്. സ്ത്രീകൾ എന്ന പരിഗണനയെങ്കിലും തനിച്ച് ജീവിക്കുന്ന സന്യസ്തർക്ക് ലഭിക്കുവാൻ ഇനിയും എത്രകാലം കാത്തിരിക്കേണ്ടിവരും? ഇക്കാര്യത്തിലെങ്കിലും വനിതാകമ്മീഷന്റെ ആത്മാർത്ഥമായ ഇടപെടൽ ആഗ്രഹിക്കുന്നു.

കേരളത്തിൽ തന്നെ പതിനായിരക്കണക്കിന് സന്യസ്തർ തങ്ങളുടെ ശക്തമായ സാന്നിധ്യം അറിയിച്ചുകൊണ്ട് വിവിധ മേഖലകളിൽ പ്രവർത്തന സജ്ജരായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിലും ചിലർ പതിവായി നടത്തിക്കൊണ്ടിരിക്കുന്ന വ്യാജപ്രചാരണങ്ങളുടെയും അപവാദപ്രചാരണങ്ങളുടെയും സ്വാധീനം ഇത്തരം സംഭവങ്ങളിൽ നമുക്ക് തിരിച്ചറിയാൻ കഴിയും. വിരലിലെണ്ണാവുന്നത്ര ചെറിയ എണ്ണം മാത്രം വരുന്ന ചിലർ സമൂഹമാധ്യമങ്ങളിലൂടെയും മുഖ്യധാരാ മാധ്യമങ്ങളിലൂടെയും നടത്തിവരുന്ന ദുഷ്പ്രചരണങ്ങൾ ഈ സമൂഹത്തിലെ ഒരു ചെറിയ വിഭാഗത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്നതിന് ഉദാഹരണമാണ് ഇതുപോലുള്ള ചില സംഭവങ്ങൾ.

അവഹേളനം മാത്രം ലക്ഷ്യംവച്ചുകൊണ്ടുള്ള ഒരുകൂട്ടരുടെ പ്രവർത്തനങ്ങൾ സ്വാധീനിക്കുന്നത് സാമൂഹിക വിരുദ്ധ സ്വഭാവമുള്ള ചിലരെയാണ് എന്നതിന് തെളിവുകൂടിയാണ് ഈ സംഭവം. സ്ഥാപിത താല്പര്യക്കാരും സഭാവിരുദ്ധരും നടത്തിവരുന്ന വ്യാജപ്രചാരണങ്ങൾ കൂടുതലായി ചലനങ്ങൾ സൃഷ്ടിക്കുന്നത് സംസ്കാര ശൂന്യരും ചിന്താശേഷി ഇല്ലാത്തവരുമായ ചിലർക്കിടയിലാണെന്ന വാസ്തവം പ്രതികരണങ്ങളുടെ തരംതാഴ്ന്ന രീതികൾ കൊണ്ട് സോഷ്യൽമീഡിയയിലും തിരിച്ചറിയാൻ കഴിയുന്നുണ്ട്.

ചെമ്പനോടയിൽ സംഭവിച്ച ദുരനുഭവത്തെ കൂടുതൽ ഗൗരവത്തോടെ കേരളസമൂഹം കാണേണ്ടതുണ്ട്. സന്യസ്തരുടെ സേവന പ്രവർത്തനങ്ങളുടെ മഹത്വവും ആഴവും തിരിച്ചറിയുന്നവരാണ് കേരളത്തിലെ ബഹുഭൂരിപക്ഷം പേരും. എന്നാൽ, അവർക്കെതിരെ സമൂഹമാധ്യമങ്ങളിൽ നടക്കുന്ന ആസൂത്രിത നീക്കങ്ങളുടെ തുടർച്ചയാണ് ഇത്തരം അക്രമസംഭവങ്ങൾ. അതിക്രമിച്ചുകയറിയവർക്ക് വാതിൽ തുറന്നുകൊടുക്കാൻ തയ്യാറാകാതിരുന്നതിന്റെ പേരിൽ വാതിൽ ചവിട്ടിപ്പൊളിക്കാൻ ശ്രമിക്കുക മാത്രമല്ല മേൽസംഭവത്തിലെ പ്രതികൾ ചെയ്തത്, സോഷ്യൽമീഡിയയിലൂടെ അപമാനിക്കുമെന്ന ഭീഷണിയും അവർ മുഴക്കുകയുണ്ടായി. അതിന്റെയർത്ഥം, സമൂഹമാധ്യമങ്ങളിലൂടെ സന്യസ്തർക്കെതിരായി നടക്കുന്ന പ്രചാരണങ്ങൾ വീക്ഷിക്കുകയും അത് ആസ്വദിക്കുകയും ചെയ്തിരുന്ന പ്രകൃതക്കാ


www.malankaralibrary.com

രായിരുന്നു അവർ എന്നുതന്നെയാണ്. അത്തരം ഭീഷണികൾക്ക് മുന്നിൽ മുട്ടുമടക്കാൻമാത്രം ദുർബ്ബലരാണ് സന്യസ്തർ എന്ന അബദ്ധധാരണയും അവർക്ക് ഉണ്ടായിരുന്നു എന്ന് വ്യക്തം.

സമൂഹമാധ്യമങ്ങളിൽ ജീവിക്കുകയും, സാമൂഹ്യവിരുദ്ധ സ്വഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്ന കുറേപ്പേർ നിരന്തരം അവഹേളന ശ്രമങ്ങൾ നടത്തുകയും, വ്യാജ പ്രചാരണങ്ങൾ നടത്തുകയും, ചെമ്പനോടയിൽ സംഭവിച്ചതുപോലെ കയ്യേറ്റ ശ്രമങ്ങൾ ഇനിയും ആവർത്തിക്കുകയും ചെയ്താലും പിന്നോട്ടുപോകുന്നവരല്ല സന്യസ്തർ. തങ്ങൾ ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്തങ്ങളും നടത്തിയ സമർപ്പണവും മരണം വരെയും ഹൃദയത്തോട് ചേർത്തുവയ്ക്കാൻ പ്രതിജ്ഞാബദ്ധരാണ് അവർ ഓരോരുത്തരും. ഇത്തരത്തിൽ തങ്ങൾക്കെതിരെ നടക്കുന്ന നീക്കങ്ങളെക്കുറിച്ചോർത്ത് ദുഃഖിക്കാനും സമയം നഷ്ടപ്പെടുത്താനും ഒരുക്കമല്ല സന്യസ്തരിൽ ബഹുഭൂരിപക്ഷവും. മിക്കവരും ഇത്തരം കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നുപോലുമില്ല എന്നതാണ് വാസ്തവം. എന്നാൽ, കേരളസമൂഹത്തിൽ സന്യസ്തരുടെ സേവന പ്രവർത്തനങ്ങളുടെയും ഇടപെടലുകളുടെയും വില മനസിലാക്കുന്ന പൊതുസമൂഹം, അസ്വസ്ഥതകൾ മാത്രം സൃഷ്ടിക്കുന്ന ചിലരുടെ ഇടപെടലുകളെ ശരിയായ അർത്ഥത്തിൽ വിലയിരുത്തുകയും അതിനോട് പ്രതികരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. അത് ഇന്നിന്റെ ആവശ്യം എന്നതിനേക്കാൾ, നാളെയുടെ കേരളത്തിന്റെ ആവശ്യമാണ്. ആടിനെ പട്ടിയാക്കാൻ ശ്രമിക്കുന്നതുപോലുള്ള ചിലരുടെ ഇടപെടലുകൾ സന്യസ്ത സമൂഹത്തിന്റെ ആർജ്ജവത്തെയും നാളെ ഈ വഴിയിലേക്ക് കടന്നുവരാനുള്ളവരുടെ ഇച്ഛാശക്തിയെയും ക്രമേണ ക്ഷയിപ്പിച്ചേക്കാം. അതിനാൽ, സന്യസ്തർക്കെതിരെ നടക്കുന്ന അതിക്രമങ്ങളെ കൂടുതൽ ഗൗരവത്തോടെ പരിഗണിക്കാനുള്ള ഉത്തരവാദിത്തം സമൂഹവും, സർക്കാർ സംവിധാനങ്ങളും ഏറ്റെടുക്കേണ്ടതുണ്ട്.

## പുതിയ കമ്മീഷൻ സെക്രട്ടറിമാർ

കെസിബിസി ജാഗ്രത കമ്മീഷന്റെ സെക്രട്ടറിയായി സി.എം.ഐ. കാർമ്മൽ പ്രൊവിൻസ്, മൂവാറ്റുപുഴ അംഗമായ ഫാ. മൈക്കിൾ പുളിക്കലിനെയും, കെസിബിസി SC/ST/BC കമ്മീഷൻ സെക്രട്ടറിയായി പാലാ രൂപതാംഗമായ ഫാ. ജോസ് വടക്കേക്കൂട്ടിനെയും, വൊക്കേഷൻ കമ്മീഷന്റെ ഭാഗമായ ചെറുപുഷ്പ മിഷൻ ലീഗിന്റെ സംസ്ഥാന സെക്രട്ടറിയായി മാനന്തവാടി രൂപതാംഗമായ ഫാ. ഷിജു ഐക്കരകാനായിലെയും കേരള കത്തോലിക്കാ മെത്രാൻ സമിതി നിയമിച്ചു. മൂന്നു വർഷത്തേക്കാണ് നിയമനം.





ഇടത്തുനിന്ന്: ഫാ. മൈക്കിൾ പുളിക്കൽ, ഫാ. ജോസ് വടക്കേക്കൂട്ട്, ഫാ. ഷിജു ഐക്കരകാനായിൽ


www.malankaralibrary.com

# അനിവാര്യം
# കേരള തീരസംരക്ഷണ അതോറിറ്റി

ഫാ. ജോഷി മയ്യാറ്റിൽ



കേരളസംസ്ഥാനത്തിന് 590 കിലോമീറ്റർ തീരമാണുള്ളത്. 38863 ചതുരശ്ര കിലോമീറ്റർ വരുന്ന കേരള സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയുടെ 15% തീരപ്രദേശമാണ്. കടലിനു സമാന്തരമായുള്ള കായലുകളും അവയിലേക്കു വന്നു ചേരുന്ന 41 നദികളും ചേർന്ന് കേരളത്തെ ജലസമൃദ്ധമായ ദൈവത്തിന്റെ സ്വന്തം നാടാക്കിയിരിക്കുന്നു.കായലുകളെ പരസ്പരം ബന്ധിപ്പിച്ചു കൊണ്ടും ഉൾപ്പിരിവുകൾ സമ്മാനിച്ചു കൊണ്ടും മനുഷ്യനിർമിതമോ അല്ലാത്തതോ ആയ തോടുകൾ കൈരളിയുടെ ജൈവ ആവാസവ്യവസ്ഥയുടെ നാഡീഞരമ്പുകൾ പോലെ വർത്തിക്കുന്നു. എല്ലാവർഷവും കേരളതീരം കടലാക്രമണത്തിന് ഇരയാകുന്നു. പൊഴികളും തോടുകളും കാനകളും മണ്ണു നിറഞ്ഞിരിക്കുന്നതിനാൽ അപ്പോഴെല്ലാം തീരദേശം വെള്ളത്തിലും ചളിയിലും മുങ്ങുന്നു. തീരദേശവാസികളെ പ്രളയദു:ഖവും ദുരിതവും നാശവും വിട്ടുപോകുന്നില്ല. ഇതിന്റെ കാരണങ്ങളും പരിഹാരങ്ങളും പലരും വിചിന്തനവിഷയമാക്കുകയും മുന്നോട്ടുവച്ചിട്ടുള്ളതുമാണ്. അവയുടെ സംക്ഷിപ്തം എന്റെ ചില നിരീക്ഷണങ്ങളോടും നിർദേശങ്ങളോടും ചേർത്ത് സമ്യക്കായി അവതരിപ്പിക്കുക മാത്രമാണ് ഈ കുറിപ്പിന്റെ ലക്ഷ്യം.

**കലി തുള്ളുന്ന കടലിന് സ്ഥലമൊഴിഞ്ഞു കൊടുക്കണോ?**

ലോകമെമ്പാടും സമുദ്രജലനിരപ്പ് ഉയർന്നു കൊണ്ടിരിക്കുകയാണ്. 1900നും 2017നുമിടയ്ക്ക് സമുദ്രനിരപ്പ് 16 മുതൽ 21 സെന്റിമീറ്റർ വരെ ഉയർന്നു കഴിഞ്ഞു എന്നാണ് USGCRP പുറത്തുവിട്ട ശാസ്ത്രീയ റിപ്പോർട്ടുകൾ പറയുന്നത്. സാറ്റലൈറ്റ് റഡാർ നിർണയപ്രകാരം 1993നും 2017നുമിടയ്ക്ക് സമുദ്രനിരപ്പ് 7.5 സെന്റിമീറ്റർ ഉയർന്നു. ഇനിയങ്ങോട്ട് ഒരു നൂറ്റാണ്ടിൽ 30 സെന്റിമീറ്റർ ഉയർച്ച സമുദ്രനിരപ്പിലുണ്ടാകും എന്നാണ് ഇതു കാണിക്കുന്നത്. ആഗോള താപനത്തിന്റെ ഫലമായി ആർട്ടിക്കയിലും അന്റാർട്ടിക്കയിലും മഞ്ഞുപാളികൾ ഉരുകിക്കൊണ്ടിരിക്കുന്നത് ഇതിന്റെ ഒരു കാരണമാണ്. അറബിക്കടലിലെ ന്യൂനമർദ രൂപീകരണത്തിൽ ചില അസാധാരണ പ്രതിഭാസങ്ങളും സ്ഥിരമായി കണ്ടുതുടങ്ങിയിട്ടുണ്ട്. ഫിലിപ്പൈൻസ്, തായ്‌ലാൻഡ് തുടങ്ങിയ രാജ്യങ്ങളുടെ അതിർത്തികൾ വെള്ളത്തിനടിയിൽ ആയിത്തുടങ്ങിയിരിക്കുന്നു. തീരദേശവാസികൾ അവിടം വിട്ടുപോയിക്കഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ എങ്ങനെയാണ് നമ്മുടെ തീരങ്ങൾ സംരക്ഷിക്കപ്പെടാൻ പോകുന്നത്? കടൽ കയറുന്നതനുസരിച്ച് കേരളത്തിലെ തീരദേശവാസികളെല്ലാവരും അതുപേക്ഷിച്ച് മറ്റിടങ്ങളിലേക്ക് പോകണമോ? ഒടുവിൽ, കേരളം വെറുമൊരു മലനാട് മാത്രമായി തീരണമോ?

ഇപ്പോൾ പുനർഗേഹം പദ്ധതി എന്നൊരു പരിപാടിയുമായി കേരളസർക്കാർ മുന്നോട്ടു പോവുകയാണ്. തീരദേശത്ത് 50 മീറ്ററിനുള്ളിൽ ഉള്ളവർക്ക് 10 ലക്ഷം രൂപ തരാം; അതുകൊണ്ട് സ്ഥലം വാങ്ങി വീടുവച്ചു മാറണം! കൊച്ചി


www.malankaralibrary.com

പോലുള്ള പട്ടണത്തോട് ചേർന്നുകിടക്കുന്ന ചെല്ലാനം പോലുള്ള ഇടങ്ങളിൽ 10 ലക്ഷം രൂപ കിട്ടിയാൽ എവിടെയാണ് മൂന്ന് സെൻറ് സ്ഥലമെങ്കിലും വാങ്ങി ഒരു വീടുവയ്ക്കാൻ അവർക്ക് സാധിക്കുക? മാത്രമല്ല, വെള്ളം കയറിയത് തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ വീടുകളിൽ മാത്രമാണോ? അല്ല. റോഡിന് കിഴക്കുവശത്തുള്ള എല്ലാ വീടുകളിലും വെള്ളം കയറി! അതിന്റെയർത്ഥം, തീരത്തോട് ചേർന്നു താമസിക്കുന്നതോ ദൂരെ മാറിത്താമസിക്കുന്നതോ അല്ല വിഷയം. തീരപ്രദേശത്ത് വീടുകളുള്ളവരെ അവിടെനിന്ന് പറഞ്ഞയച്ചതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയില്ല എന്ന് വ്യക്തം. അതുകൊണ്ട്, ആളുകൾ ഒഴിഞ്ഞു പോവുക എന്നതല്ല കടലാക്രമണത്തിനുള്ള മുഖ്യപരിഹാരം. അത് മറ്റെന്തോ താല്പര്യങ്ങൾക്കുള്ള ആരുടെയോ പരിഹാരം കൂടിയാകാം!

ശാസ്ത്രസാങ്കേതിക വിദ്യ ഇത്രമാത്രം വികസിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ കേരള തീരത്തെ കടലിനു വിഴുങ്ങാൻ വിട്ടുകൊടുക്കുന്നത് വളരെ മോശം ഭരണത്തിന്റെ (bad governance) തെളിവല്ലാതെ മറ്റെന്താണ്?75 മീറ്റർ വരെ സമുദ്രനിരപ്പ് ഉയരാവുന്നത്ര ഹിമാനികളും മഞ്ഞുപാളികളും ലോകമെമ്പാടും ഉണ്ടെന്ന കാരണം കൊണ്ട് മനുഷ്യരെല്ലാം എവറസ്റ്റിലേക്ക് കുടിയേറണം എന്നു പറയുന്നതിലുള്ള അതേ യുക്തിഭംഗമല്ലേ ജനം തീരം വിട്ടുപോകണം എന്ന സ്ഥിരംപല്ലവിയിലുമുള്ളത്?

**ആദ്യം സംരക്ഷിക്കുക; എന്നിട്ടു വികസിപ്പിക്കുക**

തീരദേശ വികസന അഥോറിറ്റി എന്ന പേരിൽ ഒരു സംവിധാനം കേരളത്തിലുണ്ട്. സത്യത്തിൽ ആ പേരു കേൾക്കുമ്പോൾ ചിരിയാണ് വരുന്നത്. സംരക്ഷണം ഇല്ലാത്തിടത്ത് എന്തു വികസനം?!

590 കിലോമീറ്റർ കടൽത്തീരമുള്ള ഒരു സംസ്ഥാനത്ത് ഇതുവരെ ഒരു തീരസംരക്ഷണ അഥോറിറ്റി രൂപീകൃതമായിട്ടില്ല! തീരസംരക്ഷണത്തിന് പ്രതിജ്ഞാബദ്ധമായ ഒരു ഭരണകൂടം ആദ്യം ചെയ്യേണ്ടത് ഒരു തീരസംരക്ഷണ അഥോറിറ്റി രൂപീകരിക്കുക എന്നതാണ്. മത്സ്യബന്ധനത്തിന്റെയും ഫിഷിങ് ഹാർബറുകളുടെയും കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഫിഷറീസ് വകുപ്പിനും കാന പണിയലിന്റെയും കുടിവെള്ളത്തിന്റെയും ജലസേചനത്തിന്റെയും ഉത്തരവാദിത്വമുള്ള ജലസേചന വകുപ്പിനും തീരസംരക്ഷണത്തെക്കുറിച്ച് എന്തു ധാരണയുണ്ടാകാനാണ്? ഈ വകുപ്പുകൾക്കുള്ള തീരസംരക്ഷണ സംബന്ധിയായ എല്ലാ ഉത്തരവാദിത്വങ്ങളും തീരസംരക്ഷണ അഥോറിറ്റിയുടെ കീഴിൽ വരണം.

**ബുദ്ധിപൂർവകമായ തീരസംരക്ഷണം**

'ബുദ്ധിയുള്ളവർ' എന്നു ഡച്ചുകാർ വിളിക്കപ്പെടുന്നത് അവരുടെ തീരസംരക്ഷണ ചാതുരിയെപ്രതിയാണ്. പകുതി ഭാഗവും സമുദ്രനിരപ്പിനു താഴെയായുള്ള നെതർലാൻഡ്സ് രാജ്യം (പേരിന്റെ അർത്ഥംതന്നെ 'താഴ്ന്ന ദേശങ്ങൾ') 32 കിലോമീറ്റർ നീളമുള്ള ഒരു കടൽഭിത്തി പണിതുണ്ടാക്കി രൂപം കൊടുത്തത് പശ്ചിമയൂറോപ്പിലെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ജസ്സൽമേറിനാണ്. സമുദ്രജലം 5 മീറ്റർ വരെ ഉയർന്നാലും അതിനെ പ്രതിരോധിക്കാനുതകുന്ന പടുകൂറ്റൻ വാതായന സമുച്ചയം മേൽസാന്റ്കെറിങിൽ അവർ ഒരുക്കിയത് 1953ലെ വെള്ളപ്പൊക്കത്തിൽ 1836 ജീവനുകൾ പൊലിഞ്ഞതിനുള്ള മറുപടിയായിട്ടാണ്. നദികൾക്ക് കൂടുതൽ വളഞ്ഞു പുളഞ്ഞൊഴുകാൻ ഇടമൊരുക്കുന്ന 'ജലത്തിനായി ഒരിടം' (room for water) എന്ന പുത്തൻ സംവിധാനത്തിനും അവർ ജന്മമേകി. നേരെയൊഴുകുന്ന നദികളുടെ ശക്തി കുറച്ച് പ്രകൃതിദുരന്തങ്ങൾ ഒഴിവാക്കാനുള്ള തന്ത്രം കൂടിയാണിത്. നദികൾക്കായി ഇരട്ടച്ചിറകൾ അവരുടെ മറ്റൊരു കണ്ടുപിടുത്തമാണ് നദിയുടെ ഇരുവശങ്ങളിലും സാധാരണ ചിറയും അതിനകലെയായി കവിഞ്ഞൊഴുക്കുവെള്ളത്തെ തടയാൻ കൂടുതൽ വലുപ്പമുള്ള ചിറകളും.

സമ്പൂർണസാക്ഷരതയുള്ള നമ്മുടെ നാട്ടിൽ നമ്മുടെ കടൽത്തീര


www.malankaralibrary.com

സംരക്ഷണത്തിന് എന്തൊക്കെയാണ് ബുദ്ധിപൂർവകമായി ചെയ്യാനാവുന്നത്?

**1. കടൽഭിത്തി നിർമാണം/പുനർനിർമാണം:**

ശാസ്ത്രീയമായ കടൽഭിത്തിയുടെ സുന്ദരമാതൃക ബോംബെയിൽ നരിമാൻ പോയിന്റു മുതൽ ചൗപ്പട്ടിവരെ മൂന്നര കിലോമീറ്റർ നീളമുള്ള കടൽത്തീരത്തു കാണാം. അവിടെ 1920ലാണ് കടൽഭിത്തി കെട്ടിയത്. 1960 1961 കാലഘട്ടത്തിൽ ഭിത്തി ബലപ്പെടുത്തുന്നതിന്റെ ഭാഗമായി ചില ഭാഗങ്ങളിൽ ടെട്രാപോഡുകൾ നിരത്തി. 1980ൽ മുഴുവൻകടൽഭിത്തിയും സംരക്ഷിക്കാനായി രണ്ടു നിര ടെട്രാപോഡുകളും അതിനും മുന്നിലായി 800 1000 കി.ഗ്രാം വരുന്ന കല്ലുകളും കടലിൽ സ്ഥാപിച്ചു. കാലാകാലങ്ങളിൽ ഭിത്തിയുടെ അവസ്ഥ പഠിക്കുകയും വിലയിരുത്തുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്താൽ എങ്ങനെ സ്വച്ഛമായും മാന്യമായും ജനങ്ങൾക്കു ജീവിക്കാമെന്നതിന്റെ നല്ലൊരു ദാഹരണമാണ് ബോംബെയിലേത്. കേരളത്തിന്റെ മുഴുവൻ കടൽത്തീരത്തും ഭിത്തിയുടെ ആവശ്യമില്ല. ആവശ്യമുള്ളയിടങ്ങൾ തിരിച്ചറിയാനും അവിടങ്ങളിൽ അതു നിർമിക്കാനും നിലവിലുള്ള കടൽഭിത്തികളുടെ ഉയരവും ബലവും പരിശോധിക്കാനും, വേണമെങ്കിൽ അവ പുനർനിർമിക്കാനും നിതാന്ത ശ്രദ്ധയും അധികാരവും ഫണ്ടും ഉള്ള ഒന്നായിരിക്കണം തീരസംരക്ഷണ അഥോറിറ്റി.

നമ്മുടെ കടൽഭിത്തികൾ നിർമിച്ചിട്ട് 60 വർഷത്തിലേറെയായി. അന്ന് അവയ്ക്ക് മൂന്നു മീറ്ററെങ്കിലും ഉയരം കാണും എന്ന് പഴമക്കാർ പറയുന്നു. ഇന്നോ? ഒന്നര മീറ്ററിനു മേൽ ഉയരം എവിടെയെങ്കിലും ഉണ്ടോ? കടൽവെള്ളം ഉയർന്നുകൊണ്ടിരിക്കുമ്പോൾ കടൽഭിത്തി താഴ്ന്നുപോകുന്നത് ഗൗരവമായി പരിഗണിക്കാതിരിക്കുന്നതെങ്ങനെ? കടൽഭിത്തിക്ക് മിനിമം ഇത്ര പൊക്കമെങ്കിലും വേണമെന്ന് നിജപ്പെടുത്തേണ്ടതിന്റെ ആവശ്യമുണ്ട്.

**2. പുലിമുട്ട്/ജിയോ ട്യൂബ് സംവിധാനം**

ഫോർട്ടുകൊച്ചിവെളി പരിസരത്ത് പണ്ട് കടലാക്രമണമുണ്ടായിരുന്നു. തീരദേശസേന ആ പ്രദേശം ഏറ്റെടുക്കുകയും ഉയരം കൂടിയ കടൽഭിത്തിയും നീളമുള്ള പുലിമുട്ടുകളും സ്ഥാപിച്ചതോടെ അത്തരമൊരു പ്രശ്നം അവിടെ പഴങ്കഥയായിത്തീർന്നു.

കല്ലിന്റെ ദൗർലഭ്യത ഇതിന് ഒരു തടസ്സമാകേണ്ടതില്ല. ട്രൈപോഡും ട്രോപോഡുമെല്ലാം ഇന്ന് സുലഭമാണ്. ആവശ്യമായ പുലിമുട്ടുകൾ സമുദ്രത്തിലേക്ക് നിർമ്മിക്കുന്നത് തിരയുടെ ശക്തി കുറയ്ക്കാനും തീരത്ത് മണ്ണടിയാനും ഇടയാക്കും. കേരള തീരങ്ങളിൽ പുലിമുട്ടുകൾ നിർമിക്കാനും നിലവിലുള്ള പുലിമുട്ടുകൾ താഴ്ന്നുപോവുകയോ ഇല്ലാതാവുകയോ ചെയ്തിട്ടുണ്ടോ എന്ന് വിലയിരുത്താനും തീരസംരക്ഷണ അഥോറിറ്റിയുടെ ആവശ്യമുണ്ട്.

സത്യത്തിൽ, പുലിമുട്ടിനു ബദലായ സംവിധാനമാണ് ജിയോ ട്യൂബ്. നമ്മുടെ ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥ വരേണ്യരല്ലാതെ, ലോകത്തൊരിടത്തും ആരും അതിനെ കടൽഭിത്തിക്ക് ബദലായി പരിഗണിച്ചിട്ടില്ല. തീരത്തല്ല അത് സ്ഥാപിക്കേണ്ടത്. തിരമാലയടിക്കുന്ന ആഴമുള്ള ഭാഗത്ത് ഇടുന്ന മണൽ നിറച്ച ജിയോ ട്യൂബ് അലകളുടെ കരുത്ത് കുറയ്ക്കുകയും തീരപതിപോഷണം സാധ്യമാക്കുകയും ചെയ്യും. ഇതുവരെ ചെല്ലാനത്തു നടത്തിയ ജിയോ ട്യൂബ് പരീക്ഷണങ്ങൾ തികഞ്ഞ പരാജയങ്ങളാണ്. ഇനിയും ചെല്ലാനത്ത് 8 കോടി രൂപ അങ്ങനെ തന്നെയാണ് നശിപ്പിക്കാൻ പോകുന്നതെങ്കിൽ ഈ ഭോഷത്തത്തിനു പച്ചക്കൊടി വീശുന്നവർക്കു ബുദ്ധിയുണ്ടെന്ന് എങ്ങനെ കരുതാനാകും?

**3. തീരപോഷണം**

കൊച്ചിചെല്ലാനം തീരങ്ങൾ ശോഷിക്കുന്നതിന്റെ കാരണം തേടി ആരും അലയേണ്ടതില്ല. പട്ടാപ്പകൽ പോലെ വ്യക്തമാണ് കാര്യങ്ങൾ. മനുഷ്യനുണ്ടാക്കിയ തീരശോഷണമാണ


www.malankaralibrary.com

ത്. പോർട്ട് ട്രസ്റ്റ് കാലാകാലങ്ങളിൽ ചെയ്തുകൊണ്ടിരിക്കുന്ന ഡ്രഡ്ജിങ്ങിന്റെ അശാസ്ത്രീയതയും ഭീമങ്ങളായ വല്ലാർപാടം ടെർമിനൽ, വൈപ്പിൻ എൽഎൻജി ടെർമിനൽ എന്നിവയുടെ നിർമാണങ്ങളും മറുകരയുടെ ശോഷണത്തിന് വ്യക്തമായ കാരണങ്ങളാണ്. വൈപ്പിനിൽ ഏതാണ്ടൊരു സ്ഥായീഭാവത്തോടെ രൂപീകൃതമായിട്ടുള്ള ഏക്കർ കണക്കിനു വയ്പുഭൂമി മറുകരയുടെ ശോഷണത്തിന്റെ ഫലമാണ്.

തീരപരിപോഷണം എന്നതിലൂടെ ഉദ്ദേശിക്കുന്നത് കടൽതീരത്ത് മണൽ ഉണ്ടാകാനുള്ള വഴികൾ തേടുക എന്നതാണ്. ഫ്ലോറിഡയിലെ പ്രശസ്തമായ മിയാമി ബീച്ചിൽ 61,000 ടൺ മണലാണ്, 16 മില്ല്യൻ ഡോളർ ചെലവഴിച്ച്, കഴിഞ്ഞ വർഷം മാത്രം തീരപരിപോഷണത്തിനായി സർക്കാർ നിക്ഷേപിച്ചത്. യൂറോപ്യൻ രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ തീരപോഷണം നടത്തുന്നത് സ്പെയിനാണ് പ്രതിവർഷം പത്തു മില്യൻ മീറ്റർ ക്യൂബ് മണൽ!

കടൽത്തീരത്ത് മണൽ അടിയാനുള്ള സാധ്യത നാം ബോധപൂർവം ഒരുക്കേണ്ടതുണ്ട്. പുലിമുട്ടുകൾ കെട്ടുമ്പോഴും കടലിൽ ജിയോട്യൂബു സ്ഥാപിക്കുമ്പോഴും ഉണ്ടാകുന്ന ഒരു പ്രതിഭാസം ആ ഭാഗത്ത് മണൽ അടിയും എന്നതാണ്. എന്നാൽ ഇതു മാത്രം പോരാ. നിലവിലുള്ള ഡ്രഡ്ജിങ് സംവിധാനങ്ങൾ തീരപരിപോഷണത്തിന് ഉതകുന്ന രീതിയിൽ പ്രയോഗിക്കണം. പരിസ്ഥിതി ആഘാത പഠനം കൂടാതെ കടൽത്തീരത്ത് വൻപ്രോജക്ടുകൾ നടപ്പിലാക്കുന്നതിലൂടെ മറുകരയിലെ ഒരു ജനതയെയാകെ ദുരിതത്തിലാഴ്ത്തിയതിന്റെ ഉത്തരവാദിത്വം പോർട്ട് ട്രസ്റ്റിനും എൽഎൻജിക്കും ഉണ്ട്. തീരപരിപോഷണത്തിന് ആവശ്യമായതെല്ലാം ചെയ്യാൻ അവർക്ക് ധാർമികമായ ബാധ്യതയുമുണ്ട്.

**4. കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കൽ**

തീരങ്ങളിൽ കണ്ടൽച്ചെടി വച്ചുപിടിപ്പിക്കുന്നത് തീരസംരക്ഷണത്തിനുള്ള ഏറ്റവും നല്ല മാർഗമാണ്. തലശ്ശേരി കടൽത്തീരം ഇതിന് ഉത്തമമായ ദൃഷ്ടാന്തമാണ്. മണ്ണൊലിപ്പ് തടയുന്നതിനും കടൽ കയറുന്നതു പ്രതിരോധിക്കുന്നതിനും കണ്ടൽക്കാടുകളുടെ സഹായം വളരെ വലുതാണ്. മിയാമി ബീച്ചിനോടനുബന്ധിച്ചുപോലും ചുവപ്പുനിറമുള്ള കണ്ടൽച്ചെടികൾ നട്ടുവളർത്തിയിട്ടുണ്ട്. ഇത്രയ്ക്ക് ഫലപ്രദവും എളുപ്പവുമായ ഒരു കാര്യം നമ്മുടെ മേലുദ്യോഗസ്ഥരുടെ സജീവ പരിഗണനയിലോ പദ്ധതിയിലോ കാണുന്നില്ല എന്നത് നിർഭാഗ്യകരമാണ്.

**5. പൊഴികളും അഴിമുഖങ്ങളും തോടുകളും**

തീരസംരക്ഷണ അഥോറിറ്റിയുടെ കീഴിൽ വരേണ്ടതാണ് തീരത്തോട് ചേർന്നുള്ള പൊഴികളും അഴിമുഖങ്ങളും തോടുകളും. നമ്മുടെ ഒട്ടുമിക്ക തോടുകളും നദികളും ഇന്ന് മണലും ചെളിയും അടിഞ്ഞ് ആഴം തീരെ ഇല്ലാതായിരിക്കുകയാണ്. അതുകൊണ്ടുകൂടിയാണ് കടലിൽ വെള്ളം ഉയരുമ്പോൾ കടലിന്റെ പരിസരത്തുള്ളവരെല്ലാം വെള്ളത്തിൽ ആഴുന്നത്. വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനങ്ങൾ പണ്ടുകാലങ്ങളിൽ വളരെ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ കാണിക്കുന്ന കുറ്റകരമായ അനാസ്ഥയ്ക്കുള്ള ഏക പരിഹാരം അവരിൽനിന്ന് ആ ഉത്തരവാദിത്വം എടുത്തു മാറ്റി തീരസംരക്ഷണ അഥോറിറ്റിയെ ഏല്പിക്കുക എന്നതു മാത്രമാണ്.

**കഴിവുകെട്ട ഗൃഹനാഥന്മാർ**

ഒരു വീട്ടുകാരന്റെ കഴിവോ കഴിവില്ലായ്മയോ കാണാൻ അവന്റെ വീടിന്റെയും പുരയിടത്തിന്റെയും അവസ്ഥ കണ്ടാൽ മതി. കഴിവുകെട്ട കുടുംബനാഥന്മാരും കുടുംബനാഥകളും ഉള്ളിടത്ത് എല്ലാം അലങ്കോലമായിരിക്കും. അവിടെ മതിൽ ഇടിഞ്ഞു പൊളിഞ്ഞു കിടക്കും, മുറ്റം വൃത്തികേടായിരിക്കും, വീട് ദ്രവിച്ചുവീഴാറായിരിക്കും, അറ്റകുറ്റപ്പണി എന്നത് കേട്ടുകേൾവി പോലുമുണ്ടാകില്ല.

ശുഭം!


www.malankaralibrary.com

# സമുദ്ര ദിനാചരണം 2021

1992-ലെ റിയോ ഭൗമഉച്ചകോടിക്കുശേഷം ഐക്യരാഷ്ട്ര സംഘടനയെടുത്ത തീരുമാനപ്രകാരം, എല്ലാ വർഷവും ജൂൺ എട്ടാം തീയതി ആഗോള സമുദ്ര ദിനമാണ്. ഈ വർഷത്തെ സമുദ്ര ദിനത്തിന്റെ മുദ്രാവാക്യം The Ocean: Life and Livelihoods എന്നതാണ്. ഭൂഗോളത്തിന്റെ 70 ശതമാനവും കടലാണ്. 50 മുതൽ 80 ശതമാനം വരെ ഓക്സിജനും ഉല്പാദിപ്പിക്കപ്പെടുന്നത് കടലിലാണത്രേ. ഇക്കാര്യത്തിൽ പ്ലാങ്റ്റണുകൾ എന്നു വിളിക്കപ്പെടുന്ന സൂക്ഷ്മജീവികളുടെ പങ്ക് വിലമതിക്കാനാവാത്തത്ര ബൃഹത്താണ്. ലോകത്തിൽ 40 ദശലക്ഷം ആളുകൾ സമുദ്രത്തോട് അനുബന്ധമായ തൊഴിലുകളിൽ ആണ് ഏർപ്പെട്ടിരിക്കുന്നത്. മത്സ്യബന്ധനം കൂടാതെ, ടൂറിസം, സമുദ്രാന്തർഭാഗ പര്യവേക്ഷണങ്ങൾ, ഊർജ്ജ സ്രോതസ്സുകളുമായി ബന്ധപ്പെട്ട തൊഴിലുകൾ, കപ്പലോട്ടങ്ങൾ തുടങ്ങി പലവിധ ജീവസന്ധാരണ മാർഗങ്ങളും സമുദ്രത്തെ ചുറ്റിപ്പറ്റിയാണുള്ളത്. ഇങ്ങനെ നോക്കിയാൽ ജീവൻ പരിപോഷിപ്പിക്കുന്നതിലും ജീവസന്ധാരണ മാർഗമൊരുക്കുന്നതിലും കരയോളം തന്നെയോ, അതിനെക്കാളധികമോ പ്രാധാന്യം കടലിനുമുണ്ടെന്നു വ്യക്തമാണ്.

മാലിന്യം തള്ളാനും ആർത്തിക്കൊത്തു ചൂഷണം ചെയ്യാനുമുള്ള വെറും ജലസഞ്ചയമായി കടലിനെ കരുതുന്നത് ആത്മഹത്യാപരമാണ്. സമുദ്രത്തെ നിന്ദിക്കുന്നവർക്ക് ആയുസ്സില്ല. കാരണം, ആയുർദൈർഘ്യത്തിനുവേണ്ടി കടൽ ഒരുക്കിവച്ചിരിക്കുന്നതെല്ലാം നാം തന്നെ നശിപ്പിക്കുന്നു. 'കടലമ്മ' എന്ന് തീരവാസികൾ സമുദ്രത്തിനു പേരിട്ടിരിക്കുന്നതിൽ വലിയ ജ്ഞാനം അടങ്ങിയിട്ടുണ്ടെന്നതാണ് സത്യം.

കേരളത്തെ സംബന്ധിച്ചിടത്തോളം സമുദ്രദിനാചരണം ഒരു 'സങ്കടൽ' ദിനാചരണം കൂടിയാണ്. ചെല്ലാനംപോലുള്ള മേഖലകളിൽ മനുഷ്യർ ഒരായുസ്സുകൊണ്ടു കെട്ടിപ്പടുത്തതെല്ലാം തിരമാലകൾ തല്ലിത്തകർക്കുമ്പോഴും ജീവോന്മുഖമാണ് കടൽ എന്ന ചിന്തയ്ക്കുതന്നെ എന്തൊരു തങ്കത്തിളക്കമാണ്! കേരളത്തിന്റെ 590 കിലോമീറ്ററുകൾ ദൈർഘ്യമുള്ള കടൽക്കരയിൽ കരഞ്ഞു തളർന്നിരിക്കുന്നവർക്കും വലിയ പ്രത്യാശയായി മാറണം സമുദ്രദിനം.

ജൂൺ എട്ടാം തീയതി ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് 3 മണി മുതൽ 5 മണി വരെ കടൽദിനാചരണത്തിന്റെ ഭാഗമായി പിഒസി പാലാരിവട്ടം സംഘടിപ്പിച്ച വെബിനാർ കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. സീറോ മലങ്കരസഭയുടെ പരമാധ്യക്ഷനായ കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ്, ലത്തീൻ സഭാധ്യക്ഷൻ ബിഷപ്പ് ജോസഫ് കരിയിൽ, ആലപ്പുഴ രൂപതാധ്യക്ഷൻ ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ, ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീ സജി ചെറിയാൻ, ജലസേചന വകുപ്പു മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, പ്രതിപക്ഷ നേതാവ് ശ്രീ വി.ഡി. സതീശൻ എന്നിവർ സംസാരിച്ചു. ശ്രീ. P.R. കുഞ്ഞച്ചൻ (സെക്രട്ടറി, CADAL) വിഷയാവതരണം നടത്തി.

കെആർഎൽസിസി വൈസ് ചെയർമാൻ ശ്രീ. ജോസഫ് ജൂഡ് മോഡറേറ്റ് ചെയ്ത ചർച്ചയിൽ പശ്ചിമകൊച്ചി തീര സംരക്ഷണ സമിതി കൺവീനർ ടി.എ. ഡാൽഫിൻ, കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡ് അഡ്വ. ബിജു പറനിലം, കെഎൽസിഎ സെക്രട്ടറി അഡ്വ. ഷെറി തോമസ്, എംസിഎ സെക്രട്ടറി V.C. ജോർജുകുട്ടി, സിഎസ്എസ്എസ് ഡയറക്ടർ ഫാ. അഗസ്റ്റിൻ കടേപ്പറമ്പിൽ, എഡിഎസ് ഡയറക്ടർ ഫാ. സാംസൺ ആഞ്ഞിലിപ്പറമ്പിൽ, ഫാ. P.T. മാത്യു എസ്ജെ, ജനകീയ വേദി വക്താവ് ശ്രീ. V.T. സെബാസ്റ്റ്യൻ തുടങ്ങിയ പ്രമുഖർ സംസാരിച്ചു.

പതിനാറ് മെത്രാന്മാരും വിവിധ സമുദായനേതാക്കളും വൈദികരും സന്യസ്തരുമുൾപ്പെടെ നൂറുകണക്കിനു പേർ പങ്കെടുത്ത യോഗത്തിൽ പിഒസി ഡയറക്ടർ ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി സ്വാഗതവും സീക്കേഴ്സ് ഓഫ് ട്രൂത്ത് അംഗം ഫാ. ഗ്രിംബാൾഡ് ലന്തപ്പറമ്പിൽ നന്ദിയും അർപ്പിച്ചു.


www.malankaralibrary.com

# കേരള തീരസംരക്ഷണ അതോറിറ്റി അനിവാര്യം

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി

ബഡ്ജറ്റുപ്രഖ്യാപനത്തിലൂടെ തീരദേശവാസികൾക്കു വൻപ്രതീക്ഷകൾ നല്കിയിരിക്കുന്ന സർക്കാർ സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കണമെന്നും, കേരളത്തിന്റെ തീരങ്ങൾ സുരക്ഷിതമാക്കുന്നതിനു മാത്രമായി സാമ്പത്തിക വിനിയോഗ അധികാരമുള്ള ഒരു തീരദേശ സംരക്ഷണ അതോറിറ്റി രൂപീകരിക്കണമെന്നും KCBC പ്രസിഡന്റ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി സർക്കാരിനോട് ആവശ്യപ്പെട്ടു. ലോക സമുദ്രദിനത്തിൽ POC സംഘടിപ്പിച്ച ഓൺലൈൻ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കടലിലും തീരങ്ങളിലും ജീവന്റെ സംരക്ഷണം ഉറപ്പു വരുത്തുന്ന ദിനമായി സമുദ്ര ദിനം ആചരിക്കപ്പെടണമെന്ന് സീറോ മലങ്കര സഭയുടെ പരമാധ്യക്ഷൻ കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമിസ് ബാവ തന്റെ മുഖ്യ സന്ദേശത്തിൽ പറഞ്ഞു.

നിലവിലുള്ള പുനർഗേഹം പദ്ധതി പ്രായോഗികമായി ഒരു നിർബന്ധിത കുടിയൊഴിപ്പിക്കലാണെന്നും കടൽഭിത്തിയോടു ചേർന്ന് 50 മീറ്ററിനുള്ളിൽ വീടുള്ളവർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കാത്ത അവസ്ഥയാണുള്ളതെന്നും യോഗം അഭിപ്രായപ്പെട്ടു. കടലാക്രമണത്തിൽ അഭയവും സ്വപ്നങ്ങളും നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായി നഷ്ടപരിഹാരം നല്കണം.

കടൽ (CADAL) എന്ന സംഘടനയുടെ ജനറൽ സെക്രട്ടറി ശ്രീ. P.R. കുഞ്ഞച്ചൻ വിഷയാവതരണം നടത്തി. തീരദേശ വികസന പ്രക്രിയ ജനാഭിപ്രായത്തിന് അനുസൃതമായി നടപ്പിലാക്കുന്നതിനും തീരം തീരവാസികൾക്ക് അനുഭവിക്കുന്നതിനും പ്രദേശവാസികൾക്ക് സവിശേഷ അധികാരം നൽകുന്നതിനും ട്രൈബൽ ആക്ടിന്റെ മാതൃകയിൽ ദി ഫിഷർ ഫോൾക്സ് ആൻഡ് അദർ ട്രഡീഷണൽ ഡ്വല്ലേഴ്സ് ആക്ട് (The fisher folks and other traditional coastal dwellers (recognition of right) Act) രൂപീകരിക്കുക, തീരദേശ സംരക്ഷണത്തിന്റെ പ്ലാനിംഗ്, നിർവഹണം, തുടർപരിശോധന എന്നിവയ്ക്കായി വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനിയറിംഗ് വിഭാഗംപോലെ കോസ്റ്റൽ എഞ്ചിനിയറിംഗ് വിഭാഗത്തിന് രൂപം നൽകുക, തീരസംരക്ഷണ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുക എന്നീ ആവശ്യങ്ങളും യോഗം മുന്നോട്ടുവച്ചു.

തീരങ്ങളുടെ സംരക്ഷണങ്ങൾക്ക് മുഖ്യമന്ത്രിയുമായി ആലോചിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുമെന്ന് യോഗത്തിൽ പങ്കെടുത്ത് ജലവിഭവ വകുപ്പു മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.


www.malankaralibrary.com

# ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുന്ന അനുഭവിക്കുന്ന പ്രശ്നങ്ങൾ: കമ്മീഷന് തെളിവ് നൽകാം

ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ സാമ്പത്തിക പിന്നോക്ക അവസ്ഥ ക്ഷേമം എന്നിവ സംബന്ധിച്ച് പ്രശ്നങ്ങൾ പഠിച്ചു റിപ്പോർട്ട് നൽകുന്നതിനായി തെളിവുകൾ നൽകാം. പാറ്റ്ന ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് ജെ ബി കോശി ചെയർമാനായും മുൻ സിവിൽ സർവീസ് ഉദ്യോഗസ്ഥരായ ഡോ ക്രിസ്റ്റി ഫെർണാണ്ടസ് ജേക്കബ് പുന്നൂസ് എന്നിവർ അംഗങ്ങളുമായ കമ്മീഷനാണ് തെളിവുകൾ നൽകേണ്ടത് .

ന്യൂനപക്ഷം എന്ന നിലയിൽ വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുന്ന അനുഭവിക്കുന്ന പ്രശ്നങ്ങൾ; മറ്റ് ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്നതോ സർക്കാർ നൽകുന്നതോ ആയ സഹായങ്ങളും ആനുകൂല്യങ്ങളും താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അവയെല്ലാം ന്യായമായ രീതിയിലും തോതിലും ലഭിക്കുന്നുണ്ടോ; ഏതെങ്കിലും തരത്തിലുള്ള പക്ഷപാതപരമായ വിവേചനം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെ, എങ്ങനെ പരിഹരിക്കാം; വിദ്യാഭ്യാസ മേഖലയിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ ഏതെല്ലാം; ഉന്നതവിദ്യാഭ്യാസമേഖലയിൽ അവർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ, അവ എങ്ങനെ പരിഹരിക്കാം എന്നീ വിഷയങ്ങളിൽ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചു തെളിവുകൾ നൽകാം .

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിൽ സാമ്പത്തികമായി പിന്നോക്കാവസ്ഥ നേരിടുന്നവർ ഉണ്ടോ; അവർ ഏതൊക്കെ വിഭാഗങ്ങളിൽപ്പെടുന്നവരാണ് അവർ സാമൂഹിക പിന്നോക്കാവസ്ഥ നേരിടുന്നുണ്ടോ അവരുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച വിവരങ്ങളും ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്ക് കൂടുതൽ കരുതലുകൾ ആവശ്യമുണ്ടോ എന്നും സാമ്പത്തിക സാമൂഹിക പിന്നാക്കാവസ്ഥ പരിഹരിക്കാൻ വിവിധ ഏജൻസികൾക്കോ സർക്കാരിനോ എന്തെല്ലാം ചെയ്യുവാൻ സാധിക്കുമെന്നും അടിയന്തിരമായി സാമ്പത്തിക മേഖലയിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട് എന്നും കമ്മീഷനെ അറിയിക്കാം .

ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ക്രിസ്തുമതത്തിൽ പെട്ട മത്സ്യത്തൊഴിലാളികൾ, തീരദേശവാസികൾ, മലയോരകർഷകർ, വനാതിർത്തിയോട് അടുത്ത് താമസിക്കുന്ന കർഷകർ, കുട്ടനാട് മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന കർഷകർ, ആദിവാസികൾ, ദളിതർ, ലത്തീൻ തുടങ്ങിയവർക്ക് പ്രത്യേക ക്ഷേമപ്രവർത്തനങ്ങൾ ആവശ്യമുണ്ടോ എന്നും ദളിത് വിഭാഗങ്ങളിൽ നിന്നും പിന്നോക്ക വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികൾ ആയവരുടെ അവസ്ഥ എന്താണ് അവരുടെ ക്ഷേമത്തിനായി എന്തൊക്കെ പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിക്കും ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് സർക്കാർ പൊതുമേഖല ഉദ്യോഗസ്ഥ തലങ്ങളിൽ ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ഉണ്ടോ ഇല്ലെങ്കിൽ അർഹമായ ഉറപ്പുവരുത്താൻ സ്വീകരിക്കേണ്ട നടപടികൾ; ഏതെല്ലാം മേഖലകളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ സർക്കാരിൽനിന്ന് ക്ഷേമ സംബന്ധമായ സഹായം അർഹിക്കുന്നു


www.malankaralibrary.com

തുടങ്ങിയ വിവരങ്ങളും കമ്മീഷനെ അറിയിക്കാം.

അന്വേഷണ വിധേയമായ കാര്യങ്ങളിൽ അറിവും താൽപര്യവും ഉള്ളവരും ഔദ്യോഗികമോ അനൗദ്യോഗികമോ ആയ വ്യക്തികൾക്കും തെളിവു നൽകാൻ കഴിവുള്ളവരും, സംഘടനകളും, സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരും, സ്ഥാപനങ്ങളും, സംഘങ്ങളും സത്യവാങ്മൂലമോ പത്രികയോ, നിർദ്ദേശങ്ങളോ വിശദാംശങ്ങൾ സഹിതം ജൂലൈ 30 നകം അന്വേഷണ കമ്മീഷൻ സെക്രട്ടറിക്ക് ഫോൺ നമ്പർ സഹിതം തപാലിലോ ഇ-മെയിൽ വിലാസത്തിലോ അയക്കണം. അല്ലെങ്കിൽ കമ്മീഷൻ സെക്രട്ടറി മുമ്പാകെ നേരിട്ട് നൽകുകയോ ചെയ്യാവുന്നതാണ് .

കമ്മീഷന്റെ അന്വേഷണ നടപടികളിൽ കക്ഷിചേരാൻ ആഗ്രഹിക്കുന്ന വ്യക്തികളും സംഘടനകളും സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരും സ്ഥാപനങ്ങളും സംഘടനകളും ജൂലൈ 30 ന് മുൻപായി നേരിട്ടോ അഭിഭാഷകൻ അധികാരപ്പെടുത്തി ഏജന്റ് മുഖേനയോ കമ്മീഷൻ മുമ്പാകെ അപേക്ഷ നൽകണം. സത്യവാങ്മൂലം, പത്രിക, നിർദ്ദേശങ്ങൾ എന്നിവ നൽകുന്ന വ്യക്തികൾ അതോടൊപ്പം അവർ ആശ്രയിക്കാൻ ഉദ്ദേശിക്കുന്ന രേഖയുടെ അസ്സൽ/ ശരി പകർപ്പ് ഹാജരാക്കേണ്ടതാണ് . രേഖകൾ ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തെത്തിന്റെയോ കൈവശം ആണെങ്കിൽ കൈവശക്കാരന്റെ പേരും വിലാസവും കാണിച്ചിരിക്കണം. വിലാസം - സി വി ഫ്രാൻസിസ്, റിട്ടയേർഡ് ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജി, സെക്രട്ടറി, ക്രിസ്ത്യൻ ന്യൂനപക്ഷ കമ്മീഷൻ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ബിൽഡിംഗ് രണ്ടാംനില, പനമ്പിള്ളി നഗർ എറണാകുളം 682036 ; ഇ - മെയിൽ: christianminoritycommission@gmail.com

# സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമ പദ്ധതികളിലെ 80:20 അനുപാതം ഹൈക്കോടതി റദ്ദാക്കി

സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമ പദ്ധതികളിലെ 80: 20 അനുപാതം റദ്ദാക്കിക്കൊണ്ട് ഹൈക്കോടതി നിർണ്ണായക വിധി പുറപ്പെടുവിച്ചു. കോടതി ഉത്തരവ് പ്രകാരം നിലവിലുള്ള ജനസംഖ്യക്ക് ആനുപാതികമായി പുതിയ അനുപാതം തയാറാക്കാനുള്ള ദൗത്യം ന്യൂനപക്ഷ വകുപ്പ് പുതുതായി ഏറ്റെടുത്ത മുഖ്യമന്ത്രി പിണറായി വിജയനിൽ നിക്ഷിപ്തമായി.

2015ൽ സംസ്ഥാന സർക്കാർ കൊണ്ടുവന്ന നിയമമാണ് പാലക്കാട് സ്വദേശിയായ അഭിഭാഷകൻ ജസ്റ്റിൻ പള്ളിവാതുക്കൽ നൽകിയ ഹർജി പരിഗണിച്ച് ചീഫ് ജസ്റ്റീസ് എസ്.മണികുമാർ അധ്യക്ഷനായ ബെഞ്ച് റദ്ദാക്കിയിരിക്കുന്നത്. നിലവിലെ അനുപാതം തയാറാക്കിയത് വേണ്ടത്ര പഠനമില്ലാതെയാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ന്യൂനപക്ഷ വിഭാഗങ്ങളിലെ പദ്ധതികളിൽ 80 ശതമാനം മുസ്ലീം വിഭാഗത്തിനും ശേഷിക്കുന്ന 20 ശതമാനം മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കും എന്നതായിരുന്നു നിലവിലെ അനുപാതം.


www.malankaralibrary.com

# ഇസ്രയേൽ പലസ്തീൻ യുദ്ധം കേരളത്തിലും!



**ഫാ. ജേക്കബ് പാലക്കാപ്പള്ളി**
**ഡെപ്യൂട്ടി സെക്രട്ടറി, കെസിബിസി**

ഇസ്രയേൽ പലസ്തീൻ സംഘർഷം ഏറ്റവുമധികം ചർച്ചകൾക്കും ആശയപ്പോരാട്ടങ്ങൾക്കും കാരണമാകുന്ന ഒരു ദേശമായിരിക്കണം കേരളം. മലയാളികൾ ഒട്ടേറെപ്പേർ ഇസ്രയേലിൽ പോയി ജോലിചെയ്യുന്നുണ്ട് എന്നുള്ളതോ ഇസ്രയേലുമായി ഇന്ത്യയ്ക്കുള്ള നയതന്ത്ര ബന്ധങ്ങളോ അല്ല ഈ ചർച്ചകളുടെ മൂലകാരണം. അത് യഥാർത്ഥ ഇസ്രയേൽ-പലസ്തീൻ തർക്ക വിഷയവുമായി ബന്ധപ്പെട്ടത് തന്നെയാണ്. എന്തുകൊണ്ടാണ് ഇത് മറ്റെവിടെയും എന്നതിനേക്കാൾ കേരളത്തിൽ ചർച്ചാവിഷയമാകുന്നതെന്ന ചോദ്യത്തിന് പല ഉത്തരങ്ങളുണ്ട്. യാഥാർഥ്യങ്ങളുടെ ലോകത്ത് എന്നതിനേക്കാൾ സങ്കൽപ്പങ്ങളിൽ വ്യാപാരിക്കാനാണ് നമ്മിൽ അനേകർക്ക് താൽപ്പര്യം എന്നതാവാം ഒരുകാരണം. മത രാഷ്ട്രീയ മുതലെടുപ്പുകൾ പരിധികൾ ലംഘിച്ചിരിക്കുന്നതും മറ്റൊരു കാരണമാണ്. എന്തുതന്നെയായാലും, മനുഷ്യരെ മനുഷ്യരായി കാണാനും, മൂലകാരണങ്ങളെ ശരിയായ രീതിയിൽ വിലയിരുത്താനും കഴിയാത്ത നമുക്കിടയിലെ ചർച്ചകൾ പലപ്പോഴും മനുഷ്യത്വ രഹിതവും, വർഗ്ഗീയ വിഷം വമിപ്പിക്കുന്നതുമായി മാറുന്നത് ദുഃഖകരമാണ്. ആശയ സംഘർഷങ്ങൾക്കും വാദപ്രതിവാദങ്ങൾക്കുമിടയിൽ, നിരപരാധികളായിരിക്കെ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്ന അനേകായിരങ്ങൾ നികൃഷ്ടമായ രീതിയിൽ അവഹേളിക്കപ്പെടുകയുമാണ് ചെയ്യുന്നത്. അന്ധമായി വർഗീയത പ്രചരിപ്പിക്കാനുള്ള ഒരു വേദിയായി സോഷ്യൽമീഡിയയെയും ആൾക്കൂട്ടങ്ങളെയും സമീപിക്കുന്ന രീതിയിൽ ഇവിടെ വിവിധ സമൂഹങ്ങൾ വളർന്നുവരുന്നത് അപകടകരമാണ്.

തീവ്ര വലതുപക്ഷ ചിന്താധാരകൾ മുൻകാലങ്ങളെക്കാൾ അധികമായി നമ്മുടെ സമൂഹത്തിന്റെ അടിത്തട്ടിൽ വരെ വേരുറപ്പിച്ചിരിക്കുന്നത് ഇത്തരം സംഭവങ്ങളെത്തുടർന്നുള്ള ചർച്ചകളിൽ പ്രകടമാണ്. അത്തരം തീവ്ര വിഭാഗങ്ങൾ തങ്ങളുടെ ആശയപ്രചാരണങ്ങൾക്കുള്ള വേദിയാക്കി ലോകത്തിൽ എവിടെയുമുള്ള പലതരം സംഭവവികാസങ്ങളെ വിനിയോഗിക്കുന്നതും ഇതുപോലുള്ള ആശയസംഘട്ടനങ്ങൾക്ക് മറ്റൊരു കാരണമാണ്. തീവ്ര പക്ഷങ്ങൾ തമ്മിലുള്ള ഇത്തരം ഏറ്റുമുട്ടലുകൾ ഈ സമൂഹത്തിന്റെ സ്വാഭാവികതയ്ക്കും സംസ്കാരത്തിനും വരുത്തിവയ്ക്കുന്ന ക്ഷതങ്ങൾ ചെറുതല്ല. യാഥാർത്ഥ്യങ്ങളെ തമസ്കരിക്കുവാനും, സാമൂഹിക നീതിയും മാനുഷിക മൂല്യങ്ങളും കൈവെടിയുവാനുമാണ് ചിലർ ഈ സമൂഹത്തെ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം സംഭവങ്ങളുടെ മറവിൽ ചരിത്രത്തെ അപനിർമ്മിച്ചും, തെറ്റിദ്ധാരണകൾ പ്രചരിപ്പിച്ചും മുതലെടുക്കാൻ ശ്രമിക്കുന്നവരെയും, അതിവൈകാരികതയുടെ മറവിൽ വർഗീയ വിഷം കുത്തിവയ്ക്കുന്നവരെയും ഒരുപോലെ അകറ്റി നിർത്താൻ കേരളസമൂഹം തയ്യാറാകണം.


www.malankaralibrary.com

### ചരിത്രത്തെ യാഥാർത്ഥ്യ ബോധത്തോടെ സമീപിക്കുക

1948 മുതലാണ് ഇന്നും തുടരുന്ന ഇസ്രയേൽ പലസ്തീൻ സംഘർഷത്തിന്റെ ആരംഭം. സഹസ്രാബ്ദങ്ങൾ നീണ്ട ചരിത്രമുള്ള ആ മണ്ണിന് മേലുള്ള അവകാശവാദങ്ങൾ ചില നൂറ്റാണ്ടുകളിലോ പലസ്തീൻ എന്ന ഒറ്റ നാമധേയത്തിന് കീഴിലോ ഒതുങ്ങുന്നതല്ല. യഹൂദർക്ക് ആ നാടുകളിൽ മേൽക്കോയ്മയുണ്ടായിരുന്ന ഒന്നാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടങ്ങളിൽ അവരുടെ മണ്ണായാണ് അത് അംഗീകരിക്കപ്പെട്ടിരുന്നത്. വളരെ പഴയ ചരിത്രങ്ങളിൽ ഇസ്രയേൽ ഫിലിസ്ത്യ സംഘർഷങ്ങൾ അവിടെ പതിവായിരുന്നത് കാണാം. രണ്ടാം നൂറ്റാണ്ട് വരെ നീണ്ട യഹൂദ റോമൻ യുദ്ധങ്ങളെ തുടർന്നാണ് യഹൂദ ജനത മധ്യപൂർവ ദേശത്തുനിന്നും പുറത്താക്കപ്പെട്ട് തുടങ്ങുന്നത്. അന്നുമുതൽ മഹായുദ്ധങ്ങളുടെ കാലഘട്ടങ്ങൾ വരെ നീണ്ട നിരവധി നൂറ്റാണ്ടുകളിൽ യഹൂദ ജനതയുടെ പലായനങ്ങളും വംശഹത്യകളും തുടർക്കഥകളായി. ഇക്കാലത്ത് അവകാശം ഉന്നയിക്കുന്ന അറബ് ജനതയുടെ ചരിത്രം ആരംഭിക്കുന്നത് ഏഴാം നൂറ്റാണ്ടോടെയാണ്. അതിനുശേഷമുള്ള പല നൂറ്റാണ്ടുകൾ മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലെ ഇസ്ലാമിക അധിനിവേശത്തിന്റേതാണ്. പൂർവ്വകാല ചരിത്രങ്ങൾ കീഴ്മേൽ മറിഞ്ഞ് നിരവധി ഇസ്ലാമിക മത രാഷ്ട്രങ്ങളായി മിഡിൽ ഈസ്റ്റ് വിഭജിക്കപ്പെട്ട് തുടങ്ങി. മതങ്ങളുടെ മേൽക്കോയ്മയുടെ ചരിത്രങ്ങൾ പലതുണ്ടെങ്കിലും, ആധുനിക കാലഘട്ടത്തിലേയ്ക്ക് കടന്നപ്പോൾ അംഗസംഖ്യ എന്നതിനപ്പുറം മറ്റു മതങ്ങൾക്ക് രാജ്യങ്ങളുടെ ഭരണങ്ങൾക്കും നിലപാടുകൾക്കും മറ്റു ജനതകളോടുള്ള സമീപനത്തിനും സ്വാധീനങ്ങൾ ഇല്ലാതായി മാറിക്കഴിഞ്ഞിരുന്നുവെങ്കിലും, പൊളിറ്റിക്കൽ ഇസ്ലാം രാജ്യഭരണങ്ങൾക്ക് മേൽ കൂടുതൽ പിടിമുറുക്കുന്ന കാഴ്ചയാണ് അത്തരം രാജ്യങ്ങളിൽ കണ്ടത്. മത രാഷ്ട്രങ്ങൾ എന്ന തീവ്ര സങ്കല്പം ഇന്നും ഇസ്ലാമിന്റെ കാര്യത്തിൽ മാറ്റമില്ലാതെ തുടരുന്നു എന്ന യാഥാർഥ്യവും ഈ വിഷയത്തെ സമീപിക്കുമ്പോൾ നാം മനസിലായിരിക്കേണ്ടതുണ്ട്.

ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനം മുതൽ ഈ പ്രദേശം ബ്രിട്ടീഷ് അധീനതയിലായിമാറി. ഓട്ടോമൻ സാമ്രാജ്യത്തിന്റെ യുദ്ധ പരാജയത്തെ തുടർന്നായിരുന്നു അത്. തുടർന്ന് 1948 വരെയുള്ള കാലഘട്ടത്തിൽ ഇസ്രയേൽ പലസ്തീൻ പ്രദേശങ്ങൾ ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ തുടർന്നു. ആ കാലഘട്ടത്തിൽ യഹൂദ ദേശീയതാവാദവും, അറബ് ദേശീയതാ വാദവും ബ്രിട്ടീഷ് അധിനിവേശ പലസ്തീനിലെ സമൂഹങ്ങൾക്കിടയിൽ വളർന്നുവന്നിരുന്നു. ബ്രിട്ടീഷ് ഭരണത്തിന്റെ അവസാന പതിറ്റാണ്ടിൽ അറബ് ദേശീയവാദ പ്രസ്ഥാനങ്ങൾ ബ്രിട്ടീഷ് ഭരണത്തിനും, യഹൂദ കുടിയേറ്റത്തിനും എതിരെ പ്രക്ഷോഭങ്ങൾ നടന്നു പൊന്നു. ആ കാലഘട്ടത്തിൽ തന്നെ, ലോകമെമ്പാടുമായി ചിതറിക്കപ്പെട്ട് കിടന്നിരുന്ന യഹൂദർക്ക് സ്വന്തമായി ഒരു രാഷ്ട്രം വേണം എന്ന ആശയം സയണിസ്റ്റ് ചിന്തകർ മുന്നോട്ടുവച്ചിരുന്നു. തങ്ങളുടെ പൂർവ്വികരുടെ നാട്ടിൽ ഒരു ജൂത രാജ്യം രൂപംകൊള്ളണമെന്ന ചിന്താധാരയാണ് സയണിസം. ഇത്തരമൊരു ചിന്താഗതിയുടെ അടിസ്ഥാനത്തിൽ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവന്നിരുന്ന പലസ്തീനിലേയ്ക്ക്, രണ്ടാം ലോകമഹായുദ്ധത്തിൽ ജർമനിയിൽനിന്നും മറ്റും പലായനം ചെയ്യേണ്ടിവന്ന ജൂതരും കുടിയേറ്റക്കാരായി വന്നുചേർന്നു.

അറബ് ജൂത സംഘർഷം പതിവായതോടെ രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ഈ വിഷയത്തിൽ ഐക്യ രാഷ്ട്ര സഭ ഇടപെടാൻ തുനിഞ്ഞിരുന്നു. 1948 ഓടെ പലസ്തീനിൽനിന്ന് പിൻവാങ്ങാൻ ബ്രിട്ടൻ തീരുമാനിച്ചിരുന്നതിന്റെ പശ്ചാത്തലത്തിൽ രണ്ട് വിഭാഗങ്ങളുടെയും ആവശ്യങ്ങൾ പരിഗണിച്ച് യുഎൻ പലസ്തീനിന് ഒരു വിഭജന കരാർ മുന്നോട്ടുവച്ചു. എന്നാൽ, യഹൂദ രാജ്യത്തിനായി പ്രവർത്തിച്ചിരുന്ന ജൂത നേതാക്കൾ ഈ കരാർ അംഗീകരിച്ചെങ്കിലും മുസ്ലീങ്ങൾ അത്


www.malankaralibrary.com

അംഗീകരിച്ചില്ല എന്നുമാത്രമല്ല, ഒരു യഹൂദ രാജ്യം നിലവിൽ വരാൻ അനുവദിക്കുകയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഈ തർക്കത്തെ തുടർന്ന് 1947 48 കാലഘട്ടത്തിൽ ആഭ്യന്തര കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടിരുന്നു. ആഭ്യന്തര യുദ്ധങ്ങളിൽ ഏഴ് അറേബ്യൻ രാജ്യങ്ങളുടെ സംയുക്ത സംരംഭമായ അറബ് ലീഗിന്റെ നേതൃത്വത്തിലുള്ള അറബ് ലിബറേഷൻ ആർമി പലസ്തീനിലെ മുസ്ലീങ്ങൾക്കുവേണ്ടി യുദ്ധത്തിനിറങ്ങുകയുമുണ്ടായി.

1948 മെയ് പതിനാലിന് പലസ്തീനിലെ ബ്രിട്ടീഷ് ഭരണം അവസാനിച്ചതിന്റെ തലേ ദിവസം ജൂത നേതാക്കൾ ഒരുമിച്ചു കൂടി സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും, യഹൂദ രാജ്യം നിലവിൽ വന്നതായി അറിയിക്കുകയും ചെയ്തു. മുസ്ലിം രാജ്യങ്ങൾ ഒഴികെയുള്ള പ്രബലരായ മിക്ക രാജ്യങ്ങളും ഇസ്രയേൽ എന്ന രാജ്യത്തെ ആരംഭം മുതലേ അംഗീകരിക്കുകയാണ് ഉണ്ടായത്. യഹൂദ രാജ്യ പ്രഖ്യാപനത്തിൽ പ്രകോപിതരായ ഈജിപ്ത്, സിറിയ, ജോർദ്ദാൻ, ഇറാഖ് തുടങ്ങിയ അറബ് രാജ്യങ്ങൾ മണിക്കൂറുകൾക്കുള്ളിൽ ഇസ്രയേലുമായി യുദ്ധം ആരംഭിച്ചു. പലസ്തീനിൽ ജൂത രാഷ്ട്രം രൂപീകരിച്ചാൽ ജൂത സമൂഹത്തെ തങ്ങൾ ഭൂമുഖത്തു നിന്നും തുടച്ചു നീക്കുമെന്നുള്ള ഭീഷണികൾ പലപ്പോഴും അറബ് ലീഗിന്റെ നേതാക്കൾ മുഴക്കിയിരുന്ന പശ്ചാത്തലത്തിൽ ജൂത സമൂഹം ഒറ്റക്കെട്ടായി നിന്ന് തങ്ങൾക്കെതിരെയുള്ള ആക്രമണങ്ങളെ പ്രതിരോധിച്ചു. പത്തു മാസം നീണ്ടുനിന്ന യുദ്ധത്തിനൊടുവിൽ പലസ്തീൻ രാഷ്ട്രത്തിനായി യുഎൻ നിർദ്ദേശിച്ച പ്രദേശങ്ങളിൽ കുറച്ചുഭാഗം ഇസ്രയേലിന്റെ ഭാഗമായി നിലനിന്നപ്പോൾ, ഒരു ഭാഗം ഈജിപ്തും, മറ്റൊരു ഭാഗം ജോർദ്ദാനും പിടിച്ചെടുക്കുകയുണ്ടായി. അങ്ങനെ, ഇന്നത്തെ വെസ്റ്റ് ബാങ്ക് പ്രവിശ്യ ജോർദ്ദാന്റെയും, ഗാസ പ്രവിശ്യ ഈജിപ്തിന്റെയും ഭാഗമായി മാറി.

ഇന്നും നിലനിൽക്കുന്ന ഇസ്രയേൽ - പലസ്തീൻ സംഘർഷത്തിന്റെ ആരംഭം നിരീക്ഷിച്ചാൽ പലസ്തീൻ രാഷ്ട്രത്തിന്റെ പൂർണ്ണ അവകാശം സ്ഥാപിച്ചുകിട്ടാൻ കഠിന പ്രയത്നം നടത്തുന്ന ഒരു വിഭാഗം പലസ്തീനികളുടെ ഭാഗത്തുനിന്നാണ് പ്രധാന വീഴ്ചകൾ സംഭവിച്ചിട്ടുള്ളതെന്ന് മനസിലാക്കാൻ കഴിയും. യഹൂദർക്ക് കാലുകുത്താൻ ഇടം കൊടുക്കില്ല എന്ന നിർബ്ബന്ധ ബുദ്ധിയാണ് പലസ്തീൻ എന്ന ഒരു സ്വതന്ത്ര രാജ്യം ഇന്നും സ്ഥാപിക്കപ്പെടാതെ പോയതിന് അടിസ്ഥാന കാരണമായിമാറിയത്. 1948ൽ രണ്ട് വ്യത്യസ്ത രാഷ്ട്രങ്ങൾ എന്ന യുഎൻ നിർദ്ദേശം സ്വീകരിച്ചിരുന്നുവെങ്കിൽ ഇന്ന് തീർച്ചയായും പലസ്തീൻ എന്ന ഒരു പൂർണ്ണ രാജ്യം ഉണ്ടാകുമായിരുന്നു. പരസ്പരം ശത്രുതയോടെ കണ്ടിരുന്ന ഏകദേശം തുല്യ ശക്തികളായ രണ്ട് ജനവിഭാഗങ്ങൾക്ക് സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ രണ്ട് രാജ്യങ്ങൾ എന്ന ആശയമായിരുന്നു അവിടെ എന്തുകൊണ്ടും പ്രായോഗികം. എന്നാൽ, തങ്ങളുടെ ശത്രുക്കളെ ജീവിക്കാൻ അനുവദിക്കില്ല എന്ന കടുംപിടുത്തം ഒരു സമവായം അസാധ്യമാക്കി തീർക്കുകയായിരുന്നു.

**പിൽക്കാലത്ത് സംഭവിച്ചത്**

കഴിഞ്ഞ ഏഴു പതിറ്റാണ്ടുകൾക്കിടെ ഏറ്റവുമധികം സ്ഫോടനാത്മകമായ സംഭവവികാസങ്ങൾക്ക് വഴിയൊരുക്കിയ ഇസ്രയേൽ പലസ്തീൻ സംഘർഷം പരിഹരിക്കുവാൻ നിരവധി ലോകരാജ്യങ്ങളും ഐക്യരാഷ്ട്ര സംഘടനയും പലപ്പോഴായി പരിശ്രമിച്ചിട്ടുണ്ട്. അതിനിടയിലും അറബ് രാജ്യങ്ങൾ ചേർന്ന് പലപ്പോഴായി ഇസ്രയേലിനെ ആക്രമിക്കുകയുമുണ്ടായി. 1967ലെ യുദ്ധത്തിനൊടുവിൽ ഗാസയും വെസ്റ്റ് ബാങ്കും തിരികെ ഇസ്രയേലിന്റെ അധീനതയിൽ വന്നു. 1964ൽ പലസ്തീൻ വിമോചന മുന്നണി നിലവിൽ വരികയും പലപ്പോഴായി കടുത്ത സംഘർഷങ്ങൾ ഉടലെടുക്കുകയുമുണ്ടായി. ജോർദ്ദാനിൽ നിലയുറപ്പിച്ച വിമോചന മുന്നണി പോരാളികൾ അവിടെ ആഭ്യന്തര യുദ്ധങ്ങൾക്ക് കാരണമാവുകയും ജോർദ്ദാൻ രാജാവിനെ വധിക്കാൻ


www.malankaralibrary.com

ശ്രമിക്കുകയും പോലുമുണ്ടായി. 1970 ൽ മൂന്ന് യാത്രാവിമാനങ്ങൾ അവർ തട്ടിയെടുത്ത് കത്തിക്കുക കൂടി ചെയ്തതോടെ ജോർദ്ദാൻ അവരെ തുരത്തിയോടിച്ചു. തുടർന്ന് പലസ്തീൻ വിമോചന മുന്നണി പ്രവർത്തകരായ തീവ്രവാദികൾ ലബനോനിലേയ്ക്ക് കുടിയേറുകയും ദീർഘകാലം അവിടെ ആഭ്യന്തര കലാപങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. ലബനൻ അതിർത്തിയിൽ പതിവായ സംഘർഷങ്ങളെ തുടർന്ന് രണ്ടു തവണ ലബനൻ ഇസ്രയേൽ യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്.

1978ൽ അമേരിക്കയുടെ മധ്യസ്ഥതയിൽ ഇസ്രയേൽ ഈജിപ്ത് സമാധാന കരാർ നിലവിൽവന്നു. ഈ കരാറിൽ ഏർപ്പെട്ടു എന്ന കാരണത്താൽ ഈജിപ്തിലെ തീവ്രവാദ സംഘടനയായ ഈജിപ്ത്യൻ ഇസ്ലാമിക് ജിഹാദ്, ഈജിപ്ഷ്യൻ പ്രസിഡന്റ് ആയിരുന്ന അൻവർ സാദത്തിനെ 1981ൽ വധിച്ചു. 1994ൽ അമേരിക്കയുടെ തന്നെ മധ്യസ്ഥതയിൽ ജോർദ്ദാൻ ഇസ്രയേൽ സമാധാനക്കരാറും ഇരു രാഷ്ട്രങ്ങളുടെയും തലവന്മാർ ഒപ്പുവയ്ക്കുകയുണ്ടായി. ഇന്നും ഈജിപ്തും ജോർദ്ദാനുമായി ഇസ്രയേലിന് നല്ല ബന്ധമാണുള്ളത്. ചരിത്രത്തിൽ ആദ്യമായി 1993ൽ ഇസ്രയേൽ - പലസ്തീൻ നേതാക്കൾ ചേർന്ന് അമേരിക്കൻ പ്രസിഡന്റിന്റെ മധ്യസ്ഥതയിൽ ഒരു കരാർ ഒപ്പുവയ്ക്കുകയുണ്ടായി. പലസ്തീൻ വിമോചന മുന്നണിയുടെ നേതാവായ മഹ്മൂദ് അബ്ബാസ് ആണ് പലസ്തീനുവേണ്ടി കരാറിൽ ഏർപ്പെട്ടത്. ആ കരാർ പ്രകാരം, പലസ്തീൻ നാഷണൽ അതോറിറ്റി രൂപീകരിക്കപ്പെടുകയും, പലസ്തീൻ വിമോചന മുന്നണിയെ ഇസ്രയേൽ അംഗീകരിക്കുകയും ഉണ്ടായി. പലസ്തീന് അവകാശപ്പെട്ട പ്രദേശങ്ങളിൽ നിന്ന് ഇസ്രയേൽ സൈന്യത്തെ പിൻവലിക്കാനും, തുടർചർച്ചകൾ നടത്തി പ്രശ്ന പരിഹാരം ഉറപ്പാക്കാനും കരാറിൽ തീരുമാനങ്ങളുണ്ടായിരുന്നു. എന്നാൽ, ഇത്തരത്തിൽ പ്രദേശത്ത് സമാധാനം കൈവരുന്നതിനോട് വിയോജിപ്പുണ്ടായിരുന്ന മറ്റൊരു വിഭാഗം കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ് തുടർന്നും ചെയ്തുവന്നത്.

1993 ലെ കരാറിനെ തുടർന്ന് മിക്കവാറും ലോക രാജ്യങ്ങളും യുഎന്നും പലസ്തീൻ വിമോചന മുന്നണിയുടെ നേതൃത്വത്തെയും പലസ്തീൻ നാഷണൽ അതോറിറ്റിയെയും അംഗീകരിക്കുകയുണ്ടായി. എന്നാൽ, 1987ൽ രൂപംകൊണ്ട ഹമാസ് എന്ന തീവ്രവാദ സംഘടനയും മറ്റു പലരും ഉള്ളിൽ വിഭാഗീയതകൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. എല്ലാവർക്കും സമാധാനത്തോടെ ജീവിക്കാനുള്ള സാഹചര്യമല്ല, യഹൂദരെ ചിതറിച്ചും തകർത്തും ഇസ്രയേനെ കീഴടക്കുകയാണ് ഹമാസിന്റെ ഏക ലക്ഷ്യം. ഇസ്രയേൽ എന്ന രാജ്യത്തെ ഹമാസ് അംഗീകരിക്കുന്നില്ല. 2006ൽ ഗാസയിലെ അധികാരം പിടിച്ചെടുത്ത ഹമാസിന്റെ നേതൃത്വത്തിലെ സർക്കാരിനെ 2007ൽ പലസ്തീൻ നാഷണൽ അതോറിറ്റി പിരിച്ചുവിട്ടെങ്കിലും തങ്ങളെ എതിർക്കുന്നവരെ മുഴുവൻ അവർ ഗാസയിൽനിന്ന് പുറത്താക്കുകയാണുണ്ടായത്. അധികാര വടംവലിയുടെ ഭാഗമായുണ്ടായ ആഭ്യന്തര കലാപങ്ങളിൽ ആയിരത്തിലധികം തദ്ദേശീയരാണ് അക്കാലത്ത് കൊല്ലപ്പെട്ടത്. 2008ൽ വിവിധ അയൽ രാജ്യങ്ങൾ ചേർന്നുള്ള സംയുക്ത പ്രസ്താവനയിൽ തീവ്രവാദ സംഘടനയായ ഹമാസിനെ തങ്ങൾ അംഗീകരിക്കുകയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് ഇന്നോളവും പലസ്തീൻ നാഷണൽ അതോറിറ്റിക്ക് ഗാസയുമായി ബന്ധമില്ല. ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടു കിടക്കുന്ന ഗാസയ്ക്ക് ചുറ്റുമുള്ള എല്ലാ രാജ്യങ്ങളും ഉപരോധം ഏർപ്പെടുത്തിയിരിക്കുന്നു. ഹമാസ് ഉൾപ്പെടെ വിവിധ തീവ്രവാദ ഗ്രൂപ്പുകളുടെ നിയന്ത്രണത്തിൽ നരകിച്ചും പട്ടിണിയിലുമാണ് ഗാസയിലെ ജനങ്ങൾ കഴിയുന്നത്. എതിർക്കുന്നവരെ തീവ്രവാദികൾ കൊന്നൊടുക്കുന്നു. അത്യാവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളോ പഠന, ചികിത്സാ സൗകര്യങ്ങൾ പോലുമോ അവിടെ ഒരുക്കപ്പെട്ടിട്ടില്ല. ഇസ്രയേലിനെതിരെ പോരാടുക എന്ന ഒറ്റ ലക്ഷ്യവുമായി ജീവിക്കുന്ന കുറെ തീവ്രവാദികൾക്ക് മനുഷ്യ കവചങ്ങളായി മരണം വിധിക്കപ്പെടുന്നവർ ഒട്ടേറെ.


www.malankaralibrary.com

നിരപരാധികളായ അനേകം മനുഷ്യരുടെ സമാനതകളില്ലാത്ത ദുരവസ്ഥയിൽ ഇടപെടാൻ സന്മനസ്സുള്ള ലോകരാജ്യങ്ങൾ പലതുണ്ട്. എന്നാൽ, ഹമാസിന്റെ ആത്യന്തിക ലക്ഷ്യവും, അവരുടെ രീതികളും ആർക്കും അംഗീകരിക്കാനാവുന്നതല്ല. പലസ്തീൻ നാഷണൽ അതോറിറ്റിയുടെ അധികാരപരിധിയിലേയ്ക്ക് കടന്നുവരാത്ത പക്ഷം യുഎന്നിന്റെയോ മറ്റു ലോക രാജ്യങ്ങളുടെയോ യാതൊരുവിധ സഹായങ്ങളും ഗാസയ്ക്ക് ലഭിയ്ക്കുകയില്ല. തീവ്രവാദ സംഘടനയായ ഹമാസിനെ ആഗോള ഇസ്ലാമിക സമൂഹം തള്ളിപ്പറയുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യാതെ ഒരിക്കലും ഇസ്രയേൽ - പലസ്തീൻ വിഷയത്തിൽ താൽക്കാലികമായെങ്കിലും ഒരു പരിഹാരം കണ്ടെത്തുക സാധ്യമല്ല എന്നതാണ് വാസ്തവം. അങ്ങനെയിരിക്കെയാണ്, ഇസ്രയേലിന്റെ നാശം മാത്രം മുന്നിൽക്കണ്ട് ആക്രമണങ്ങളും യുദ്ധങ്ങളും തുടങ്ങി വയ്ക്കുന്ന ഹമാസിനെ അന്ധമായി അനുകൂലിക്കുന്ന ഒരു ശൈലി രാഷ്ട്രീയത്തിലും മാധ്യമങ്ങളുടെ എഡിറ്റോറിയൽ പോളിസിയിലും ഈ കേരളത്തിൽ പോലും കടന്നുകൂടിയിരിക്കുന്നത്. വാസ്തവങ്ങളെ വാസ്തവങ്ങളായി അംഗീകരിക്കാതെ സ്വീകരിക്കുന്ന നിലപാടുകളൊന്നും നന്മയ്ക്കോ അനിവാര്യമായ മാറ്റങ്ങൾക്കോ കരണമാവില്ല എന്ന് നമുക്കിടയിലെ പലരും തിരിച്ചറിയേണ്ടിയിരിക്കുന്നു.

**സൗമ്യയുടെ മരണം സൃഷ്ടിച്ച കോളിളക്കങ്ങൾ**

ഇടുക്കി - കീരിത്തോട് സ്വദേശിനിയായ സൗമ്യ സന്തോഷ് ഇസ്രയേലിൽ ഹമാസ് ഭീകരരുടെ മിസൈൽ ആക്രമണത്തിൽ കൊല്ലപ്പെട്ട സംഭവം കേരളത്തിൽ ചെറുതല്ലാത്ത വിവാദങ്ങൾക്കാണ് വഴിയൊരുക്കിയത്. അവിടെ നഴ്സായി ജോലി ചെയ്തിരുന്ന സൗമ്യ നാട്ടിലുള്ള തന്റെ ഭർത്താവിനോട് ഫോണിൽ സംസാരിച്ചുകൊണ്ടിരിക്കെ സംഭവിച്ച ഭീകരാക്രമണത്തിലാണ് കൊല്ലപ്പെട്ടത് എന്ന് വ്യക്തമായി മനസ്സിലാക്കിയിട്ടും അത് തുറന്നുപറയാനും, അപലപിക്കാനും, ആ കുടുംബത്തിന് അർഹമായ പരിഗണന നൽകാനും കഴിയാതെ പോയ രാഷ്ട്രീയ നേതാക്കളുടെയും സർക്കാരിന്റെയും നിസഹായാവസ്ഥയാണ് വലിയ വിവാദങ്ങൾ സൃഷ്ടിച്ചത്. മിക്കവാറും മാധ്യമങ്ങളും ഈ വിഷയത്തിൽ പതിവില്ലാത്ത മൗനം പാലിച്ചതും വാസ്തവങ്ങൾ തുറന്നുപറയാൻ മടികാണിച്ചതും വളരെയേറെ വിമർശിക്കപ്പെട്ടു. വെറുമൊരു സാധാരണക്കാരിയായ അന്യരാജ്യ തൊഴിലാളിയോട് ഇസ്രയേൽ സർക്കാർ പ്രകടിപ്പിച്ച കരുതലിന്റെ ഒരംശം പോലും അവൾ അംഗമായ സംസ്ഥാനത്തിന്റെ ഭരണാധികാരികൾക്ക് ഇല്ലാതെ പോയതിന് പിന്നിൽ വലിയ രാഷ്ട്രീയ സമ്മർദ്ദങ്ങൾ തിരിച്ചറിയാൻ കഴിഞ്ഞത് ഒട്ടേറെ ചർച്ചകൾക്ക് വഴിയൊരുക്കി.

സ്വാതന്ത്ര്യം എന്ന വ്യാജേന മറ്റൊരു സമൂഹത്തിന്റെ നാശത്തിനുവേണ്ടി പ്രവർത്തിക്കുന്ന, സ്വന്തം സമുദായത്തിലെ അനേകായിരങ്ങളെ കുരുതികൊടുത്തുകൊണ്ടിരിക്കുന്ന, ആ മേഖലയിലെ സമാധാന സംസ്ഥാപനത്തിന് വിലങ്ങുതടിയായി നിലകൊള്ളുന്ന ഒരു തീവ്രവാദി സംഘടനയെ വെള്ളപൂശാനും അവരുടെ പ്രവൃത്തികളെ അന്ധമായി ന്യായീകരിക്കാനും ചിലർ നമുക്കിടയിലും പ്രവർത്തന നിരതരായിരിക്കുന്നതും അത്തരം പ്രവർത്തനങ്ങളിൽ അവർ പതിവായി വിജയിക്കുന്നതും കൂടുതൽ ഗൗരവത്തോടെ ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. അതോടൊപ്പം, തീവ്രവാദത്തിന് മറുപടി തീവ്രവാദം എന്ന അബദ്ധ ധാരണയിൽ ആശയ സംഘട്ടനങ്ങൾക്കിറങ്ങുന്ന മറുപക്ഷത്തേയും കരുതിയിരിക്കേണ്ടത് ആവശ്യമാണ്. യുദ്ധവിജയമല്ല, ശാശ്വത സമാധാനമാണ് ഇവിടെ ആവശ്യം എന്ന തിരിച്ചറിവിലേയ്ക്കും ബുദ്ധിയും വിവേകവുമാണ് ആവേശത്തെക്കാൾ ഉചിതം എന്ന ബോധ്യത്തിലേയ്ക്കും നാം വളരേണ്ടിയിരിക്കുന്നു.


www.malankaralibrary.com

# കെസിബിസി വർഷകാല സമ്മേളനാനന്തരം പുറപ്പെടുവിക്കുന്ന പ്രസ്താവന

കൊച്ചി: കോവിഡ്-19 ന്റെ വ്യാപനം വളരെ ശക്തമായ പശ്ചാത്തലത്തിൽ, കേരള സർക്കാരും സന്നദ്ധ പ്രവർത്തകരും കേരള കത്തോലിക്കാ സഭയിലെ രൂപതകളും സമർപ്പിതസമൂഹങ്ങളും വിവിധ ഏജൻസികളും ചെയ്തുവരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ കെ. സി. ബി. സി സമ്മേളനം വിലയിരുത്തുകയും സംതൃപ്തി രേഖപ്പെടുത്തുകയും അവരെ അഭിനന്ദിക്കുകയും ചെയ്തു. എന്നാൽ, കൂടുതൽ ജാഗ്രത എല്ലാവരുടെയും ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്. കോവിഡിന്റെ മൂന്നാം തരംഗം ഉണ്ടായാൽ അത് ഏറെ ബാധിക്കാൻ സാധ്യതയുള്ളത് കുട്ടികൾക്കാണ്. അവരുടെ പരിരക്ഷയ്ക്കു വേണ്ട മുൻകരുതൽ എല്ലാവരും സ്വീകരിക്കുകയും പ്രാദേശികതലങ്ങളിൽ ബോധവൽക്കരണം നടത്തുകയും ചെയ്യണം. വാക്സിൻ ലഭ്യത ഉറപ്പുവരുത്തി എല്ലാ വിഭാഗം ജനങ്ങൾക്കും വാക്സിൻ എടുക്കാൻ സർക്കാർ സൗകര്യം ഒരുക്കണം. ലോക്ഡൗണിൽ ക്രമാനുഗതമായി വരുത്തുന്ന ഇളവുകളിൽ ദൈവാലയങ്ങളിലെ കർമ്മങ്ങൾ നിശ്ചിത ജനപങ്കാളിത്തത്തോടെയും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചും നടത്തുന്നതിനുള്ള അനുവാദവും ഉൾപ്പെടുത്തണം.

രാഷ്ട്രനിർമ്മിതിയിൽ സ്തുത്യർഹമായ സേവനം നല്കിക്കൊണ്ടിരിക്കുന്ന സ്വാശ്രയ മേഖലയെ ഹാനികരമായി ബാധിക്കുന്ന തരത്തിൽ സ്വാശ്രയ കോളേജ് അധ്യാപക-അനധ്യാപക നിയമനം, സേവന വ്യവസ്ഥ എന്നിവ സംബന്ധിച്ച പുതിയൊരു ഓർഡിനൻസ് 2021 ഫെബ്രുവരി 19-ന് സർക്കാർ അസാധാരണ ഗസറ്റ് വഴി പുറപ്പെടുവിച്ചത് സ്വാശ്രയ കോളേജുകളുടെ പ്രവർത്തനങ്ങളെ വലിയ തോതിൽ പ്രതിസന്ധിയിലാക്കും. ആയതിനാൽ പ്രസ്തുത ഓർഡിനൻസ് നിയമമാക്കുന്നതിനുമുമ്പ് മാനേജുമെന്റുകളുമായി ചർച്ച നടത്തി ആശങ്കകൾ ദുരീകരിച്ച് ആവശ്യമായ ഭേദഗതി കൊണ്ടുവരണം.

ന്യൂനപക്ഷ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഈ അടുത്ത കാലത്ത് ഉണ്ടായ കോടതിവിധിയുടെ വിവിധ വശങ്ങൾ സമ്മേളനം വിശദമായി ചർച്ച ചെയ്തു. ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യനീതി എല്ലാ ന്യൂനപക്ഷങ്ങൾക്കും ഉറപ്പുവരുത്തുന്നതാണ് ബഹുമാനപ്പെട്ട കോടതിയുടെ ഈ വിധി. എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും ക്ഷേമപദ്ധതികളിലും ഇതരപദ്ധതികളിലും അർഹമായ വിഹിതം ജനസംഖ്യാടിസ്ഥാനത്തിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം സർക്കാരിനുണ്ടെന്ന് ബഹുമാനപ്പെട്ട കോടതി വ്യക്തമാക്കിയിട്ടുണ്ട്. ന്യൂനപക്ഷ അവകാശങ്ങളും സംവരണാവകാശങ്ങളും വേർതിരിച്ചുകാണണമെന്ന ഹൈക്കോടതി നിരീക്ഷണം അംഗീകരിച്ചുകൊണ്ട് ഈ വിഷയത്തെ കൂടുതൽ ക്രിയാത്മകമായി സമീപിക്കണം. അതോടൊപ്പം തന്നെ പ്രത്യേകമായ അവശതകൾ അനുഭവിക്കുന്ന ദളിത് ക്രൈസ്തവർ, ലത്തീൻ കത്തോലിക്കർ തുടങ്ങിയവർക്ക് സവിശേഷ പരിഗണന നല്കുന്ന മാർഗനിർദേശം നല്കണം. എല്ലാ ന്യൂനപക്ഷങ്ങളെയും തുല്യരായി കണ്ടുകൊണ്ട് അർഹമായ അവകാശങ്ങൾ നൽകുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണം. രാഷ്ട്രീയമായും വർഗീയമായും വൈകാരികമായും ഈ വിഷയത്തെ സമീപിക്കുമ്പോഴാണ് സമൂഹത്തിൽ വിഭജനമുണ്ടാകുന്നത്. ഈ വിഷയത്തിൽ വിവിധ മതവിഭാഗങ്ങൾ തമ്മിൽ ഭിന്നതകളുണ്ടാകരുത്. കേരളത്തിന്റെ തനിമയും പാരമ്പര്യവും മതസൗഹാർദത്തിന്റേതാണ്. ഈ കോടതിവിധിയുടെ പശ്ചാത്തലത്തിൽ വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള


www.malankaralibrary.com

നല്ല ബന്ധത്തിനു ഹാനികരമാകുന്ന വിധത്തിലുള്ള പ്രസ്താവനകളോ അഭിപ്രായപ്രകടനങ്ങളോ ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി ആഗ്രഹിക്കുന്നു.

കേരളത്തിന്റെ തീരദേശങ്ങളിൽ ജീവിക്കുന്നവരുടെ സുരക്ഷ ഉറപ്പുവരുത്തേണ്ട ചുമതല സർക്കാരിനുണ്ട്. ഈ അടുത്ത നാളുകളിലുണ്ടായ ടൗക്ടേ, യാസ ചുഴലിക്കാറ്റുകളുടെയും കടൽക്ഷോഭത്തിന്റെയും കെടുതികൾ അനുഭവിക്കുന്ന ചെല്ലാനത്തും മറ്റു തീരദേശങ്ങളിലും വസിക്കുന്നവരോടൊപ്പം കേരള കത്തോലിക്കാസഭ ചേർന്നുനിൽക്കുന്നു. ചെല്ലാനത്തിനു വേണ്ടത് ശാശ്വത പരിഹാരമാണ്. തീരസംരക്ഷണത്തിനായി ഇതിനകം സർക്കാർ മുന്നോട്ടുവച്ച പദ്ധതികളെകുറിച്ചു ജനങ്ങൾക്കു പ്രതീക്ഷയുണ്ട്. എത്രയുംവേഗം അവ നടപ്പിലാക്കണം. ഇത്തരം ദീർഘകാലപദ്ധതികൾ ആവിഷ്ക്കരിച്ചു ചെല്ലാനം പോലെ കടലാക്രമണം നേരിടുന്ന മറ്റു പ്രദേശങ്ങളും സംരക്ഷിക്കുകയും ചെയ്യണം.

അതിവർഷം മൂലം കുട്ടനാടുപോലുള്ള പ്രദേശങ്ങളിൽ സംഭവിച്ചിരിക്കുന്ന കൃഷി നാശത്തിൽ ബുദ്ധിമുട്ടിലായ കർഷകർക്ക് ആശ്വാസ ധനസഹായം സർക്കാർ നല്കണം. മാത്രമല്ല, കനാലുകളുടെയും തോടുകളുടെയും ആഴം വർധിപ്പിച്ച് തടസ്സം കൂടാതെ  നീരൊഴുക്ക് സാധ്യമാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണം. കുട്ടനാട്ടിലും തീരപ്രദേശങ്ങളിലും പ്രകൃതിദുരന്തങ്ങൾ മൂലം വീടുകൾ നഷ്ടപ്പെട്ടവർക്ക് ഉചിതമായ നഷ്ടപരിഹാരം നൽകി സഹായിക്കേതാണ്.

പരിസ്ഥിതി സംരക്ഷിക്കപ്പെടണം എന്നതാണ് സഭയുടെ എക്കാലത്തേയും നിലപാട്. എന്നാൽ, കർഷകരുടെ ജീവിതം ദുസ്സഹമാക്കുന്ന നിയമനിർമാണങ്ങളിൽ കടുത്ത ആശങ്കയുണ്ട്.  പരിസ്ഥിതിലോലപ്രദേശങ്ങൾ പ്രഖ്യാപിക്കുമ്പോൾ കാലാകാലങ്ങളായി ഭൂമിയുടെ മേൽ ഉടമസ്ഥാവകാശമുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. അവിടെ കൃഷിചെയ്യുന്നവരുടെ ജീവനോപാധികൾ നഷ്ടപ്പെടുന്നില്ലായെന്നു സർക്കാർ ഉറപ്പുവരുത്തണം. ബഫർ സോണുകൾ  വനാതിർത്തിക്കുള്ളിൽത്തന്നെ ഒതുക്കി നിർത്തണം.

കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ്, കൃഷിയിടങ്ങളിലെ വന്യജീവി ആക്രമണം തുടങ്ങി നിരന്തരമായി കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും നടപടികൾ ഉണ്ടാകണം. പട്ടയം ഇതുവരെ ലഭിച്ചിട്ടില്ലാത്ത എല്ലാ കർഷകർക്കും പട്ടയം നൽകുകയും മലയോര മേഖലകളെ സാരമായി ബാധിക്കുന്ന 1964-ലെയും 1993-ലെയും ഭൂപതിപ്പു ചട്ടങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുകയും ചെയ്യണമെന്നും കേരള കത്തോലിക്കാ മെത്രാൻ സമിതി സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. 03/06/2021

# കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ - കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരെ,

നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട, ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ' (യോഹ. 14:1). തന്റെ പീഡാസഹനത്തെയും മരണത്തെയുംകുറിച്ചു ശിഷ്യന്മാരെ ഈശോ അറിയിച്ചപ്പോൾ അവർ സ്വാഭാവികമായും അസ്വസ്ഥരായി. അപ്പോഴാണു മേൽപറഞ്ഞ തിരുവചനം കർത്താവ് അവരോടു പറഞ്ഞത്. ഒരിക്കൽ ഗലീലി തടാകത്തിലൂടെ ഈശോയും ശിഷ്യന്മാരും യാത്ര ചെയ്തപ്പോൾ കൊടുങ്കാറ്റ് ഉണ്ടായി, വഞ്ചിയിൽ വെള്ളം കയറി, അപകടത്തിലായി എന്നു ഭയപ്പെട്ട ശിഷ്യന്മാർ അടുത്തു ചെന്ന് വഞ്ചിയിൽ ഉറങ്ങുകയായിരുന്ന


www.malankaralibrary.com

ഈശോയെ ഉണർത്തി. ഈശോ എഴുന്നേറ്റ് കാറ്റിനെയും തിരകളെയും ശാസിച്ചു. അവ നിലച്ചു; ശാന്തതയുണ്ടായി. അപ്പോൾ അവിടന്നു ചോദിച്ചു: 'നിങ്ങളുടെ വിശ്വാസം എവിടെ?' (ലൂക്കാ 8:22 -25). മറ്റൊരിക്കൽ കടലിലൂടെ നടന്നുചെന്ന ഈശോയുടെ അടുത്തേക്ക് അവിടന്നു പറഞ്ഞതനുസരിച്ചു നടന്നുവരാൻ ശ്രമിച്ച പത്രോസ് കാറ്റ് ആഞ്ഞടിക്കുന്നതു കണ്ടു ഭയപ്പെട്ട് അവിടത്തോടു നിലവിളിച്ച് പറഞ്ഞു: 'കർത്താവേ രക്ഷിക്കണേ. ഈശോ കൈനീട്ടി പത്രോസിനെ പിടിച്ചുകൊണ്ട് പറഞ്ഞു: അല്പ വിശ്വാസീ, നീ സംശയിച്ചതെന്ത്?'

**പ്രാർത്ഥനയുടെ ആവശ്യം**

അപകടസന്ദർഭങ്ങളിൽ ശിഷ്യന്മാരെ രക്ഷിക്കാനെത്തുന്ന ഈശോയെയാണു നാം സുവിശേഷങ്ങളിൽ കാണുന്നത്. മനുഷ്യവംശത്തിനുമുഴുവൻ രക്ഷ നൽകിയ ദൈവപുത്രനാണല്ലോ അവിടന്ന്. വിശ്വാസക്കുറവാണ് അപകടസന്ധികളെ നേരിടാൻ ശിഷ്യന്മാരെ അശക്തരാക്കുന്നതെന്ന് അത്തരം സന്ദർഭങ്ങളിൽ ഈശോ പറയുന്നുണ്ട്. ശിഷ്യന്മാർ നേരിട്ടതിനെക്കാൾ അപകടകരമായ ഒരു സാഹചര്യമാണല്ലോ കോവിഡ് 19-ന്റെ പിടിയിലായിരിക്കുന്ന ലോകജനതയുടെ അവസ്ഥ. അതിനാൽ വിശ്വാസത്തോടെ ദൈവത്തിലാശ്രയിച്ചു നാം പ്രവർത്തനനിരതരാകേണ്ട അവസരമാണ് ഈ കോവിഡ്-19 പകർച്ചവ്യാധിയുടെ കാലം. പ്രാർത്ഥനയോടെ ഈ മഹാമാരിയെ പ്രതിരോധിക്കുവാനുള്ള ദൈവകൃപ നാം സ്വീകരിക്കണം. പ്രാർത്ഥിക്കുവാൻ നമ്മെ പഠിപ്പിച്ചവനാണ് ഈശോ. തന്റെ ഈലോകജീവിതകാലം മുഴുവൻ പിതാവായ ദൈവത്തോട് പ്രാർത്ഥനാപൂർവ്വം ബന്ധപ്പെട്ടു പരിശുദ്ധാത്മാവിന്റെ ശക്തി സംഭരിച്ചാണല്ലോ ഈശോ തന്റെ വിമോചനദൗത്യം പൂർത്തീകരിച്ചത്. ഈശോയുടെ ഈ മാതൃകയനുസരിച്ച് എല്ലാ ക്രൈസ്തവരും നിരന്തരമായ പ്രാർത്ഥനയിലൂടെ കോവിഡ് 19-ൽ നിന്നുള്ള മോചനത്തിനായി പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രായോഗികതലം**

പ്രാർത്ഥനയോടൊപ്പം നാം ചെയ്യേണ്ട കാര്യങ്ങളുമുണ്ട്. ദൈവത്തോടൊപ്പം മനുഷ്യരുടെയിടയിൽ പ്രവർത്തിക്കുന്നവരായ നാം മറ്റുള്ളവർക്കായി നമ്മുടെ കഴിവുകളെയും ദൈവം നമുക്കു നൽകിയിട്ടുള്ളസവിശേഷദാനങ്ങളെയും വിനിയോഗിക്കേണ്ടതുണ്ട്. കോവിഡ് 19-ന്റെ രണ്ടാം തരംഗത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപെടുത്തിക്കൊള്ളട്ടെ:

1. കോവിഡ് ചികിത്സയ്ക്ക് മിനിമം ഫീസ് മാത്രമേ കത്തോലിക്കാ ആശുപത്രികൾ ഈടാക്കുകയുള്ളു എന്ന് ഉറപ്പ് വരുത്തുക.
2. കെസിബിസി കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപന സമിതിയുടെ നേതൃത്വത്തിൽ ടെലെ-മെഡിസിൻ കൺസൾട്ടേഷൻ സംവിധാനവും, ടെലെ-സൈക്കോ - സോഷ്യൽ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്.
3. എല്ലാ രൂപതകളും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തേണ്ടതും അതുമായി ബന്ധപ്പെടാൻ ആവശ്യമായ ഫോൺ നമ്പരുകൾ ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്.
4. രൂപതാ സമിതികൾ വീടുകളിൽ നിരീക്ഷണത്തിൽ ആയിരിക്കുന്ന കോവിഡ് രോഗികളുടെ ആരോഗ്യ സ്ഥിതി അറിയുന്നതിനും മെച്ചപ്പെടുത്തുന്നതിനും സഹായകരമായ പൾസ് ഓക്സീമീറ്റർ, ഡിജിറ്റൽ തെർമോമീറ്റർ, സ്റ്റീം ഇൻഹേലർ, മാസ്ക്, സാനിറ്റൈസർ എന്നിവ അടങ്ങിയ കിറ്റ് കുറഞ്ഞ നിരക്കിൽ കെസിബിസി കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപന സമിതിയുടെ സഹായത്തോടെ ലഭ്യമാക്കേണ്ടതാണ്.
5. കത്തോലിക്കാ സിസ്റ്റേഴ്സ് ഡോക്ടേഴ്സ് ഫോറത്തിന്റെ ടെലെ- മെഡിസിൻ സേവനം കെസിബിസി കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപന സമിതി വഴി ലഭ്യമാകുന്നതാണ്.
6. കോവിഡ് വ്യാപനം തടയുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാസ്ക് ധരിക്കൽ, രണ്ട് മീറ്റർ അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗിച്ചുള്ള കൈകളുടെ ശുദ്ധീകരണം എന്നിവ കർശനമായി പാലിക്കുക. ഇതോടൊപ്പം പരിസരശുചിത്വവും ഉറപ്പുവരുത്തുക.


www.malankaralibrary.com

ഭവനങ്ങളുടെയും ജോലിസ്ഥലങ്ങളുടെയും സാനിറ്റൈസേഷൻ നടത്തുക.
7. ഡോക്ടർമാർ, നഴ്സ്മാർ, മറ്റ് ആരോഗ്യപ്രവർത്തകർ, നിയമപാലകർ എന്നിവരെ ബഹുമാനിക്കുകയും അവരോട് ആത്മാർത്ഥമായി സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുക.
8. കേരളസർക്കാരും കേന്ദ്രസർക്കാരും നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ജീവിതശൈലി ക്രമീകരിക്കുക. രോഗവ്യാപനം തടയാനുള്ള മാർഗങ്ങളും അവലംബിക്കുക.
9. സർക്കാർ നിർദ്ദേശിക്കുന്ന ക്രമീകരണങ്ങൾ അനുസരിച്ച് കഴിയുന്നത്ര വേഗത്തിൽ എല്ലാവരും പ്രതിരോധകുത്തിവയ്പ്പ് സ്വീകരിക്കേണ്ടതാണ്.
10. മാധ്യമങ്ങളുടെ സഹായത്തോടെ കോവിഡ് രോഗികൾക്കു ആശ്വാസം പകരുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

**സഭയുടെ പ്രവർത്തനങ്ങൾ**

കോവിഡ്-19 പ്രതിരോധനത്തിനും കോവിഡ് രോഗികളുടെ ചികിത്സയ്ക്കുമായി കെ. സി. ബി. സി. യുടെ ഹെൽത്ത് കമ്മീഷനും കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കേരളഘടകവും കേരള സോഷ്യൽ സർവീസ് ഫോറവും സിസ്റ്റർ ഡോക്ടേഴ്സ് ഫോറവും ബന്ധപ്പെട്ട മറ്റ് കത്തോലിക്കാ പ്രസ്ഥാനങ്ങളും സഹകരിച്ച് ആസൂത്രിതമായ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ചും സർക്കാരിൽ നിന്നുള്ള സഹകരണങ്ങൾ സ്വീകരിച്ചുമാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. നമ്മുടെ ആശുപത്രികളെല്ലാം സജീവമായി രംഗത്തുണ്ട്. നമ്മുടെ ആശുപത്രികളുടെ നെറ്റ്‌വർക്കുകൾ മേഖലാ അടിസ്ഥാനത്തിൽ നേരത്തെ തന്നെ രൂപീകരിച്ചു പ്രവർത്തിച്ച് വരുന്നതാണ്. എന്നാൽ കൂടുതൽ സൗകര്യങ്ങളോടെ അവ ഇപ്പോൾ സജ്ജീകരിച്ചിട്ടുമുണ്ട്. മാത്രമല്ല ഇപ്രകാരമുള്ള മേഖലാ നെറ്റ്‌വർക്കിൽ എല്ലാ ക്രൈസ്തവസഭകളുടെയും ഇതരമതസ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടി പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുവാനുള്ള പരിശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. സഭയുടെ ഈവക പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം മാദ്ധ്യമങ്ങളിലൂടെ അറിയിക്കുന്നതാണ്. പി. ഒ. സി. കേന്ദ്രീകൃതമായി ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ കെസിബിസി കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപനസമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സമിതിയുമായി ജനങ്ങൾക്കു ബന്ധപ്പെടാവുന്ന ഫോൺ നമ്പറുകൾ ഇവയാണ്: 9072822364, 9072822365, 9072822366, 9072822367, 9072822368, 9072822370.

**ഭയപ്പെടാതിരിക്കാം**

ഈ കത്തിന്റെ ആരംഭത്തിൽ പറഞ്ഞതുപോലെ എല്ലാറ്റിനുമുപരി ദൈവത്തിലാശ്രയിച്ചു നമുക്ക് ഈ മഹാമാരിയെ അതിജീവിക്കുവാൻ അവിടത്തെ പ്രത്യേകമായ അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കാം. 'ഭയപ്പെടേണ്ട, ഞാൻ നിങ്ങളോടുകൂടെ ഉണ്ട്' എന്ന വചനം നമുക്കു ശക്തി പകരട്ടെ. ചരിത്രത്തിൽ സംഭവിച്ചിട്ടുള്ള ഭൂകമ്പങ്ങൾ, പ്രളയങ്ങൾ, പകർച്ചവ്യാധികൾ, മറ്റു പ്രകൃതിദുരന്തങ്ങൾ, മഹാമാരികൾ എന്നിവയെ അതിജീവിച്ച മനുഷ്യസമൂഹം ദൈവകൃപയാൽ കോവിഡ്-19 മഹാമാരിയെയും അതിജീവിക്കും. ഇത്തരം ദുരന്തങ്ങളിൽ അനേകരുടെ ജീവഹാനി സംഭവിക്കാറുണ്ട്. വ്യക്തികളുടെ മരണംപോലെ സമൂഹത്തിൽ ഇപ്പോൾ വർദ്ധിച്ചുവരുന്ന മരണങ്ങളെയും വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു മനസിലാക്കാൻ പരിശ്രമിക്കാം. പരേതരുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കാം. അവരുടെ ബന്ധുമിത്രാദികളെ ആശ്വസിപ്പിക്കാം. പരസ്പരം സഹായവും ആശ്വാസവും ഏറ്റം അധികം ആവശ്യമായിരിക്കുന്ന കാലമാണിത്. സകലത്തെയും ആശീർവദിക്കുന്നവന്റെ അനുഗ്രഹവും സർവത്തെയും സാന്ത്വനപ്പെടുത്തുന്നവന്റെ സമാശ്വാസവും എല്ലാറ്റിലും കൃപ ചൊരിയുന്നവന്റെ കാരുണ്യവും സംരക്ഷണവും നമ്മിലും നമ്മുടെ സമൂഹത്തിലും മനുഷ്യവർഗം മുഴുവനിലും ഉണ്ടായിരിക്കട്ടെ. ദൈവത്തിനു സ്തുതി


www.malankaralibrary.com

# കൊറോണയെ നേരിടാൻ കെസിബിസിയുടെ 24 X 7 ഹെൽപ്പ് ഡെസ്ക്; ഡോക്ടറെയും കൗൺസിലറെയും സൗജന്യമായി കൺസൽട്ട് ചെയ്യാൻ ടെലിമെഡിസിൻ ആപ്പ്

കൊച്ചി. കൊറോണ വൈറസിന്റെ രണ്ടാം തരംഗം അതിവ്യാപനത്തിൽ എത്തി നിൽക്കുന്ന ഈ അടിയന്തര ഘട്ടത്തിൽ വൈദ്യസഹായത്തിനായി ബുദ്ധിമുട്ടുന്നവർക്കായി കെ.സി.ബി.സി നേതൃത്വത്തിന്റെ നിർദ്ദേശാനുസരണം കെസിബിസി ഹെൽത്ത് കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഹെൽപ്പ് ഡെസ്കിന് രൂപം നൽകി. പ്രത്യേക ടെലിമെഡിസിൻ ആപ്പിലൂടെ എല്ലാവർക്കും സൗജന്യമായി ഡോക്ടറെ കൺസൽട്ട് ചെയ്യാനും കൗൺസിലിംഗ് നടത്താനുമുള്ള സൗകര്യമാണ് ആരംഭിച്ചിരിക്കുന്നത്. ടെലിമെഡിസിൻ സേവനം വ്യാപകമായി നടപ്പാക്കാനും സമൂഹത്തിലെ മുഴുവൻ ജന വിഭാഗങ്ങൾക്കും എത്തിക്കുന്നതിനുമുള്ള ഏകോപനമാണ് ഹെൽപ്പ് ഡെസ്ക് നിർവ്വഹിക്കുന്നത്. ഏതു കുടുംബങ്ങൾക്കും വൈറസ് ബാധിതർക്കും വൃദ്ധർ, കിടപ്പുരോഗികൾ എന്നിവർക്കും വീട്ടിൽ ഇരുന്നു കൊണ്ടുതന്നെ ഡോക്ടറുടെ കൺസൽട്ടേഷൻനും കൗൺസിലിംഗും സൗജന്യമായി ലഭിക്കും. 24 മണിക്കൂറും ഹെൽപ്പ് ഡെസ്കിന്റെ നമ്പറിലേക്ക് – 0487 661 1670 വിളിക്കാം.

ഡോക്ടറെ കൺസൽട്ട് ചെയ്യാനായി ഈ ഹെൽപ്പ് ഡെസ്ക് നമ്പറിൽ ബന്ധപ്പെട്ടാൽ മതിയാകും. രോഗികൾക്ക് വീഡിയോയിലൂടെയോ വോയ്സ് കോളിലൂടെയോ ചാറ്റിലൂടെയോ ഡോക്ടറെ കൺസൽട്ട് ചെയ്യാനാവും. വൈറസ് ബാധിതർ, കൊറോണക്കാലത്ത് തൊഴിൽ നഷ്ടപ്പെട്ടവർ, സാമ്പത്തികമായി തകർന്നവർ തുടങ്ങിയവർക്കൊക്കെ ഇതേ ആപ്പിലൂടെ സൗജന്യ ടെലികൗൺസിലിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്വദേശത്തും വിദേശത്തുമുള്ള മലയാളികൾക്കും ടെലികൗൺസിലിംഗ് സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. വിദേശ മലയാളികൾക്ക് നാട്ടിലുള്ള മാതാപിതാക്കൾക്ക് വേണ്ടി ഡോക്ടറുടെയും കൗൺസിലറുടെയും സഹായം ഈ സംവിധാനത്തിലൂടെ ഉറപ്പു വരുത്താനാകും. ഇതിനായി പ്രത്യേക സപ്പോർട്ടിംഗ് ആപ്പും വിദേശ മലയാളികൾക്ക് ലഭ്യമാണ്. ഈ സേവനത്തിനായി ഹെൽപ്പ് ഡെസ്കിലേക്ക് വിളിച്ചാൽ മതി.

ഇന്ത്യയിലെ തന്നെ ആദ്യത്തെ പാലിയേറ്റീവ് ഹോസ്പിറ്റലായ തൃശൂർ പല്ലിശ്ശേരിയിലെ ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റലിന്റെ സഹകരണത്തോടെയാണ് സൗജന്യ ടെലിമെഡിസിൻ, സൗജന്യ ടെലികൗൺസിലിംഗ് സേവനങ്ങൾ സാദ്ധ്യമാക്കുന്നത്. നിലവിൽ 15 ഡോക്ടർമാരും 30ൽ അധികം കൗൺസിലേഴ്സുമാണ് ടെലിമെഡിസിൻ സംവിധാനത്തിലൂടെ അണിനിരക്കുന്നത്.

ടെലിമെഡിസിൻ സേവനത്തിനായി ഹെൽപ്പ് ഡെസ്ക് നമ്പറിലേക്ക് വിളിച്ചാൽ മാത്രം മതി. ആൻഡ്രോയ്ഡ് – വിൻഡോസ് മൊബൈൽ ഉപയോഗിക്കുന്ന ആർക്കും എളുപ്പത്തിൽ മനസ്സിലാകുന്ന വിധത്തിലാണ് ടെലിമെഡിസിൻ ആപ്പ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ടെലിമെഡിസിൻ ആപ്പിലൂടെ ഡോക്ടറെ കൺസൽട്ട് ചെയ്ത ശേഷം കുറിക്കുന്ന മരുന്നുകൾ, ലാബ് ടെസ്റ്റുകൾ തുടങ്ങിയ വിവരങ്ങളും ആപ്പിലൂടെ തന്നെ രോഗിക്ക് അറിയാനാകും. പരിശോധന ഫലങ്ങൾ വിലയിരുത്തിയ ശേഷമാണ് രോഗിയെ വീണ്ടും കൺസൽട്ട് ചെയ്യുന്ന കാര്യം ഡോക്ടർ തീരുമാനിക്കുന്നത്. ഒരിക്കൽ ടെലിമെഡിസിൻ ആപ്പ് ഉപയോഗിച്ചാൽ തുടർന്ന് നടത്തുന്ന മറ്റു കൺസൽട്ടേഷനുകളിലെല്ലാം രോഗിയുടെ വിവരങ്ങൾ ഡോക്ടർക്ക് ലഭ്യമാവും.

കൂടുതൽ ഡോക്ടർമാർക്കും കൗൺസിലേഴ്സിനും കെ.സി.ബി.സി ഹെൽത്ത് കമ്മീഷന്റെ ഹെൽപ്പ് ഡെസ്കിൽ അണിചേരാൻ അവസരമുണ്ട്. ടെലിമെഡിസിൻ ആപ്പിലൂടെ സൗജന്യ ഓൺലൈൻ സേവനങ്ങൾ എല്ലാവരിലേക്കും എത്തിക്കാൻ സന്മനസ്സുള്ള മുഴുവൻ ഡോക്ടർമാരും പ്രഫഷണൽ കൗൺസിലേഴ്സും കെ.സി.ബി.സി


www.malankaralibrary.com

ഹെൽത്ത് കമ്മീഷന്റെ ഹെൽപ്പ് ഡെസ്ക് നമ്പറിൽ രജിസ്റ്റർ ചെയ്യണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. കൺസൾട്ടേഷനും കൗൺസിലിംഗും ആപ്പ് മുഖേനെയായതിനാൽ ഡോക്ടർമാർക്കും കൗൺസിലർമാർക്കും അവരവരുടെ സൗകര്യപ്രദമായ സമയം തെരഞ്ഞെടുക്കാനാവും, മറ്റ് സമയങ്ങളിൽ പ്രസ്തുത ഡോക്ടർ / കൗൺസിലർ ആപ്പിൽ ലഭ്യമാകില്ല. രോഗികൾക്കോ മറ്റുള്ളവർക്കോ ഫോൺ നമ്പർ ലഭിക്കാത്തതിനാൽ ഡോക്ടർമാർക്കും കൗൺസിലേഴ്സിനും സ്വകാര്യത ഉറപ്പുവരുത്താനും കഴിയും. ടെലിമെഡിസിൻ, ടെലികൗൺസിലിംഗ് എന്നീ സൗജന്യ സേവനങ്ങൾക്ക് തയ്യാറായ ഡോക്ടർമാർ, കൗൺസിലേഴ്സ് എന്നിവർ 0487 661 1670 എന്ന നമ്പറിലേക്ക് ഒരു വാട്ട്സാപ്പ് സന്ദേശം അയച്ചും കെ.സി.ബിസി ഹെൽത്ത് കമ്മീഷന്റെ ടെലിമെഡിസിൻ ആപ്പിലേക്ക് അണിചേരാനാവും.

## ഫിലിപ്പോസ് മാർ ക്രിസോസ്റ്റോം വലിയ മെത്രാപ്പോലീത്താ ദൈവികതയും മാനുഷികതയും നിറഞ്ഞുനിന്ന സഭാശ്രേഷ്ഠൻ: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

**കൊച്ചി:** ദൈവികതയും മാനുഷികതയും നിറഞ്ഞുനിന്ന സഭാശ്രേഷ്ഠനായിരുന്നു 103-മത്തെ വയസിൽ നമ്മിൽനിന്നു വേർപിരിഞ്ഞുപോയ ഫിലിപ്പോസ് മാർ ക്രിസോസ്റ്റോം വലിയ മെത്രാപ്പോലീത്താ. കരുത്താർന്ന സുവിശേഷപ്രസംഗങ്ങളിലൂടെ അദ്ദേഹം അനേകായിരങ്ങളെ ദൈവത്തിലേക്കും മനുഷ്യസേവനത്തിലേക്കും ആനയിച്ചു. സാഹോദര്യവും കാരുണ്യവും നിറഞ്ഞ സാമൂഹിക പ്രവർത്തനങ്ങൾ വഴി അനേകർക്കു സംരക്ഷണവും ആശ്വാസവും നൽകി. മാരാമൺ കൺവെൻഷൻ മാർത്തോമാസഭയുടെ മുഖമുദ്രയാക്കിക്കൊണ്ടു കേരളത്തിൽ സഭയുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കി. ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള ഉന്നതരും സാധാരണക്കാരുമായ എല്ലാ മനുഷ്യർക്കും അദ്ദേഹം സ്വീകാര്യനായിത്തീർന്നു. നർമ്മംകലർന്ന സംഭാഷണങ്ങൾ അദ്ദേഹത്തിന്റെ സദസുകളെ സന്തോഷഭരിതമാക്കി. ഫലിതങ്ങളിലൂടെയുള്ള ജീവിതഗന്ധിയായ സന്ദേശങ്ങൾ ജനങ്ങൾക്കു ഹൃദയാവർജകമായി.


ഏല്ലാ വിഭാഗം ജനങ്ങളെയും ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന വലിയ മെത്രാപ്പോലീത്ത സഭൈക്യരംഗത്തും സജീവമായിരുന്നു. കത്തോലിക്കാസഭയിൽ നവീകരണത്തിന്റെ വഴി തുറന്ന രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഫീലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി എക്യുമെനിക്കൽ പ്രതിനിധിയായി പങ്കെടുത്തിരുന്നു. വൈദികമേലദ്ധ്യക്ഷന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അദ്ദേഹം ഒരു മാതൃകയായിരുന്നു. മാർത്തോമാസഭയ്ക്ക് അദ്ദേഹം നൽകിയ ദിശാബോധം ഇതര സഭകൾക്കും മതസമൂഹങ്ങൾക്കും പ്രചോദനം നൽകുന്നതായിരുന്നു. കണ്ടറിഞ്ഞനാൾ മുതൽ അദ്ദേഹം എന്നെ സ്നേഹിച്ചു; ഞാൻ അദ്ദേഹത്തെയും. അദ്ദേഹത്തിൽ നിന്നും ലഭിച്ച പ്രചോദനങ്ങൾ എന്റെ ജീവിതത്തിനും സഭാശുശ്രൂഷയ്ക്കും പ്രചോദനം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന് എന്റെ സ്നേഹം നിറഞ്ഞ ആദരാഞ്ജലികൾ.

ജനഹൃദയങ്ങളിൽ ഫീലിപ്പോസ് മാർ ക്രിസോസ്റ്റോം തിരുമേനിക്ക് എന്നും സ്ഥാനമുണ്ടായിരിക്കും. കാരുണ്യവാനായ ദൈവം അദ്ദേഹത്തിനു നിത്യസൗഭാഗ്യം നൽകുമാറാകട്ടെ. വലിയ മെത്രാപ്പോലീത്തായുടെ നിര്യാണത്തിലുള്ള കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെയും കേരള ഇന്റർ ചർച്ച് കൗൺസിലിന്റെയും അനുശോചനം മലങ്കര മാർത്തോമ സുറിയാനി സഭാദ്ധ്യക്ഷൻ അഭിവന്ദ്യ തെയഡ്യോഷ്യസ് മാർത്തോമാ മെത്രാപ്പോലീത്തായോടും സഭാംഗങ്ങൾ എല്ലാവരോടും അറിയിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതവും ശുശ്രൂഷകളും സഭാപ്രവർത്തകർക്കും സാമൂഹികസേവകർക്കും എന്നും പ്രകാശം പകരട്ടെ.


www.malankaralibrary.com

# കെ.സി.ബി.സി മീഡിയ അവാർഡുകൾ പ്രഖ്യാപിച്ചു

## കെ.ജി.ജോർജ്ജ് ,സന്തോഷ് ജോർജ്ജ് കുളങ്ങര, പ്രൊഫ.എസ് ജോസഫ്, അഭിലാഷ് ടോമി എന്നിവർക്ക് അവാർഡ്

**കൊച്ചി:** 2020-2021ലെ കെസിബിസി മീഡിയ അവാർഡുകൾ പ്രഖ്യാപിച്ചു. സന്തോഷ് ജോർജ്ജ് കുളങ്ങര (മാധ്യമം), പ്രൊഫ.എസ്.ജോസഫ് (സാഹിത്യം), കമാൻഡർ അഭിലാഷ് ടോമി (യുവപ്രതിഭ ), ഡോ. പയസ് മലേക്കണ്ടത്തിൽ (ദാർശനികം), എന്നിവരാണ് അവാർഡ് ജേതാക്കൾ. ഗുരുപൂജാ പുരസ്ക്കാരങ്ങൾ കെ.ജി.ജോർജ്ജ്, സി. ഡോ. വീനിത സി.എസ്.എസ്.ടി, ആന്റണി പൂത്തൂർ ചാത്യാത്ത്, ടോമി ഈപ്പൻ, എന്നിവർക്കാണ് സമർപ്പിക്കുക.കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോസഫ് പാംബ്ലാനിയാണ് അവാർഡുകൾ പ്രഖ്യാപിച്ചത്. മാധ്യമപ്രവർത്തകനും സഫാരി ടിവിയുടെ സ്ഥാപകനുമാണ് മാധ്യമ അവാർഡിന് അർഹനായ സന്തോഷ് ജോർജ്ജ് കുളങ്ങര. ദൃശ്യശ്രാവ്യ മേഖലകളിൽ നടത്തിയ മൂല്യാധിഷ്ഠിതസംഭാവനകൾക്കാണ് പതിനായിരം രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്ന പുരസ്കാരത്തിന് സന്തോഷ് ജോർജ്ജ് കുളങ്ങരയെ അർഹനാക്കിയത്. സാഹിത്യ അവാർഡിന് അർഹനായ കവി പ്രൊഫ. എസ് ജോസഫ് എറണാകുളം മഹാരാജാസ് കോളേജിലെ അധ്യാപകനാണ്. ജീവിതത്തിന്റെ ഭിന്നമേഖലകളിൽ പ്രചോദനാത്മകമായ സംഭാവനകൾ നൽകിയ കമാൻഡർ അഭിലാഷ് ടോമിയാണ് യുവപ്രതിഭാ അവാർഡിന് അർഹനായിട്ടുള്ളത്. ബിഷപ്പ് മാർ സെബാസ്റ്റിയൻ മങ്കുഴിക്കരിയുടെ പേരിലുള്ള ദാർശനിക വൈജ്ഞാനിക അവാർഡ് ഡൽഹി ജെ.എൻ.യുവിലെ ചരിത്രവിഭാഗം പ്രൊഫസർ ഡോ. പയസ് മലേക്കണ്ടത്തിലിന് നൽകും. ഗുരുപൂജ പുരസ്കാരത്തിന് അർഹനായ കെ.ജി ജോർജ്ജ് കേരളത്തിലെ ഏറ്റവും മികച്ച ചലിച്ചിത്ര സംവിധായകനും ചലിച്ചിത്രഗുരുവുമാണ്. വിദ്യാഭ്യാസ മേഖലയിലെ സംഭാവനകൾക്കാണ് സി.ഡോ.വിനീത സി.എസ്.എസ്.ടി ഈ വിഭാഗത്തിൽ ആദരിക്കപ്പെടുന്നത്. മതാത്മക ചരിത്രത്തിന്റെ വേറിട്ട വായനകളിലൂടെ നടത്തിയ രചനകൾക്കാണ് ആന്റണി പുത്തൂർ ചാതൃത്ത് ആദരിക്കപ്പെടുന്നത്. ക്യാഷ് അവാർഡും പ്രശസ്തി പത്രവും ശിൽപ്പവും ചേർന്നതാണ് ഈ പുരസ്കാരം. ഗുരുപൂജാ പുരസ്കാരത്തിന് അർഹനായ ടോമി ഈപ്പൻ ഇംഗ്ലീഷിലും മലയാളത്തിലും നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അറിയപ്പെടുന്ന വിവർത്തകൻ കൂടിയാണ് ഇദ്ദേഹം. അവാർഡ് ദാനചടങ്ങിന്റെ തീയതി പിന്നീട് അറിയിക്കുമെന്ന് കെസിബിസി മീഡീയ കമ്മീഷൻ സെക്രട്ടറി ഫാ.ഡോ. ഏബ്രഹാം ഇരിമ്പിനിക്കൽ അറിയിച്ചു.


www.malankaralibrary.com

# കത്തോലിക്കാസഭയിലെ സമർപ്പിത ജീവിതരീതികൾ

**ഫാ. ബിബിൻ മഠത്തിൽ**



‘അച്ചന്മാർക്കു കാറുകൾ വാങ്ങാമെങ്കിൽ എന്തുകൊണ്ട് സിസ്റ്റർമാർക്ക് വാങ്ങിക്കൂടാ?’ ‘സന്യാസിനിമാർക്ക് അവർ വാങ്ങുന്ന ശമ്പളം എന്തുകൊണ്ട് അവരുടെ കൈയിൽ കിട്ടുന്നില്ല?’ എന്നിങ്ങനെ നൂറുകണക്കിനു സംശയങ്ങളാണു ഓരോ ദിവസവും ആളുകൾ ചോദിക്കുന്നത്. സന്യസ്ഥജീവിതത്തെക്കുറിച്ചോ പൗരോഹിത്യത്തെക്കുറിച്ചോ ഉള്ള അജ്ഞത ആവാം ഒരുപക്ഷെ അവരെ ഇത്തരം ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിക്കുന്നത്. പൊതുസമൂഹത്തിൽ നിന്നു വ്യത്യസ്ഥമായ ജീവിതം നയിക്കുന്നവരുടെ ജീവിത രീതികളും ആശയങ്ങളുമൊക്കെ ഏതൊരാളുടേയും മനസിൽ കൗതുകം ഉണർത്തുക സ്വാഭാവികമാണല്ലൊ. വ്യക്തമായ ഉത്തരം കിട്ടിയില്ലെങ്കിൽ അതിശയോക്തികൾ കലർത്തിയുള്ള കഥകൾ സത്യമാണെന്നു വിശ്വസിക്കുന്നവരുടെ എണ്ണം കൂടിവരും. അതിനാൽ സന്യാസവും പൗരോഹിത്യവുമൊക്കെ ചോദ്യം ചെയ്യപ്പെടുന്ന ഈ കാലയളവിൽ അവ എന്താണെന്നും അവ തമ്മിലുള്ള വ്യത്യാസം എന്താണെന്നുമൊക്കെ അറിഞ്ഞിരിക്കുന്നത് വളരെ ഉപകാരപ്രദമായിരിക്കും.

സഭയുടെ ജനകീയ മുഖമാണു ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർ എന്നാണു ഞാൻ കരുതുന്നത്. സഭാംഗങ്ങളുമായും മറ്റുള്ളവരുമായും ഒക്കെ ഇടപഴകുവാനും അവരുമായി ആഴത്തിൽ ബന്ധം സ്ഥാപിക്കാനും സാധിക്കുന്നത് ഇവർക്കാണ്. സദാസമയവും പൊതുജനത്തോടൊപ്പം ആയിരിക്കുന്ന ഇവരുടെ ജീവിതശൈലിയ്ക്കനുസരിച്ചായിരുന്നു മുമ്പൊക്കെ പൊതുജനം വൈദികരെ വിലയിരുത്തിയിരുന്നത്. ഇടവകയിൽ സേവനം ചെയ്യുന്ന ഈ വൈദികരിൽ ഭൂരിഭാഗവും ‘രൂപതാ വൈദികർ’ ആയിരിക്കും. ഏതെങ്കിലും രൂപതയിലെയൊ അതിരൂപതയിലെയൊ വൈദികകൂട്ടായ്മയിൽ അംഗങ്ങളായ ഇവർ സന്യാസസഭാ വൈദികരിൽ നിന്നു തികച്ചും വ്യത്യസ്തരാണ്.

രൂപതാവൈദികരും സന്യസ്ഥരും തമ്മിലുള്ള ഏറ്റവും വലിയ വ്യത്യാസം എന്നു പറയുന്നത് സന്യസ്ഥർ എടുക്കുന്ന വ്രതങ്ങളാണ്. മാത്രമല്ല, കത്തോലിക്കാസഭയിൽ പൌരോഹിത്യം പുരുഷന്മാർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും സന്യാസം പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുപോലെ സ്വീകരിക്കാവുന്നതാണ്. പുരുഷന്മാരുടെ സന്യാസസഭകളിൽ വൈദികരെ കൂടാതെ സന്യാസം സ്വീകരിച്ച സഹോദരന്മാരും ഉണ്ട്. ഇത്തരം സഭകളിൽ വൈദികപട്ടം സ്വീകരിച്ച സഹോദരനെന്നോ സ്വീകരിക്കാത്ത സഹോദരനെന്നോ വ്യത്യാസമില്ലാതെ എല്ലാവരും തുല്യ സഹോദരങ്ങൾ എന്ന രീതിയിലാണ് അവർ ജീവിക്കുന്നത്. പുരുഷന്മാർക്കു വേണ്ടിയുള്ളതായാലും സ്ത്രീകൾക്കുവേണ്ടിയുള്ളതായാലും പ്രധാനമായും രണ്ടു രീതിയിലുള്ള സന്യാസസഭകളാണ് കത്തോലിക്കസഭയിൽ ഉള്ളത് – ധ്യാനാത്മക ജീവിതം നയിക്കുന്നവയും സജീവമായി സമൂഹത്തിൽ പ്രവർത്തിക്കുന്നവയും.

പൂർണ്ണമായും പ്രാർത്ഥനയിലും പഠനത്തിലും മുഴുകിയുള്ള ജീവിതം ആദ്യകാലം മുതലേ ക്രൈസ്തവരെ സ്വാധീനിച്ചിരുന്നു എന്നു വേണം കരു


www.malankaralibrary.com

തുവാൻ. സ്നാപകയോഹന്നാന്റെ മാതൃകയിൽ ഈജിപ്തിലെ മരുഭൂമിയിലാണു ക്രൈസ്തവർ ആദ്യമായി സന്യാസം സ്വീകരിച്ചതെന്നു കരുതപ്പെടുന്നു. തുടക്കത്തിൽ അവരാരും സമൂഹമായായിരുന്നില്ല ജീവിച്ചിരുന്നത്. ക്രിസ്തുവർഷം മൂന്നാം നൂറ്റാണ്ടിൽ മരുഭൂമിയിലെ വിശുദ്ധ അന്തോണിയൂസിന്റെ പ്രേരണയിൽ വിശുദ്ധ പാക്കോമിയൂസ് ആണ് ആദ്യമായി സന്യാസം സ്വീകരിച്ച സഹോദരങ്ങളെ ഒരുമിപ്പിച്ചു കൂട്ടി സമൂഹമാക്കി മാറ്റിയത്. ഇതിനു ശേഷം ആറാം നൂറ്റാണ്ടിൽ വിശുദ്ധ ബെനഡിക്റ്റ് റോമിനടുത്ത് സുബിയാക്കോയിൽ ഒരു സന്യാസസമൂഹം സ്ഥാപിക്കുകയും ആ സമൂഹത്തിനു വേണ്ടി ഒരു നിയമം എഴുതുകയും ചെയ്തു. 'വിശുദ്ധ ബെനഡിക്റ്റിന്റെ നിയമങ്ങൾ' എന്ന് ഇത് അറിയപ്പെടുന്നു. അനുസരണം, ആശ്രമജീവിതത്തിൽ നിലനിൽപ്പ്, ജീവിതപരിവർത്തനം എന്നിങ്ങനെയുള്ള മൂന്നു വ്രതങ്ങളാണു ധ്യാനാത്മക ജീവിതം നയിക്കുന്ന സന്യാസികൾ വാഗ്ദാനം ചെയ്യുന്നത്. മഠാധിപതിയോടുള്ള വിധേയത്വവും സ്വകാര്യസ്വത്തുക്കൾ ഉപേക്ഷിക്കുന്നതും ബ്രഹ്മചര്യം പാലിക്കുന്നതും ഒക്കെ ഈ വ്രതങ്ങളുടെ ഭാഗമാണ്. വിശുദ്ധ ബെനഡിക്റ്റിന്റെ കാലശേഷം പതിനഞ്ചു നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും അദ്ദേഹത്തിന്റെ നിയമങ്ങൾ അതേ ചൈതന്യത്തോടെ ജീവിക്കുന്ന സന്യാസസമൂഹങ്ങൾ ഇന്നും ലോകത്തിന്റെ പല ഭാഗങ്ങളിലും നിലവിലുണ്ട്. വാഗമണിനടുത്തുള്ള കുരിശുമല ആശ്രമം, പലയിടങ്ങളിലുമുള്ള ഏകാന്തമഠങ്ങൾ (മിണ്ടാമഠങ്ങൾ എന്നു പൊതുവിൽ അറിയപ്പെടുന്നവ) എന്നിവ ധ്യാനാത്മകജീവിതം നയിക്കുന്ന, ബെനഡിക്റ്റൻ ചൈതന്യം പിന്തുടരുന്ന സന്യാസമൂഹങ്ങൾ ആണ്. ബെനഡിക്റ്റൻസ്, കാർമ്മലൈറ്റ്സ് എന്നിങ്ങനെ ധ്യാനാത്മകജീവിതം നയിക്കുന്ന സമൂഹങ്ങൾ ഇന്നും ഉണ്ട്. ഒരു കാലത്ത് നമ്മെയൊക്കെ പോലെ തിരക്കുപിടിച്ച ജീവിതങ്ങൾ നയിച്ചിരുന്നവർ ആയിരുന്നു ഇവിടങ്ങളിൽ താമസിക്കുന്ന പല സന്യസ്ഥരും. എന്നാൽ ജീവിതത്തിന്റെ ഏതെങ്കിലും പ്രത്യേകകാലഘട്ടത്തിൽ പൊതുസമൂഹത്തിൽ നിന്നും മാറി ഏകാന്തതയിൽ ദൈവവുമായി ചേർന്നിരിക്കുവാൻ സ്വയം തീരുമാനം എടുത്തവരാണ് അവർ. ഒരുപക്ഷെ ഏറ്റവും സംതൃപ്തി നിറഞ്ഞ ജീവിതങ്ങളെ കാണാൻ സാധിക്കുന്ന സ്ഥലങ്ങളാവും ധ്യാനാത്മകജീവിതം നയിക്കുന്ന ഈ സന്യാസഭവനങ്ങൾ.

ധ്യാനാത്മകജീവിതം നയിക്കുന്ന സന്യസ്ഥരെ കൂടാതെ പൊതുസമൂഹത്തിൽ സജീവമായി ഇടപെടുകയും എന്നാൽ സന്യാസജീവിതത്തിന്റെ ചൈതന്യം ജീവിതത്തിൽ കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന സന്യാസസമൂഹങ്ങളും കത്തോലിക്കാസഭയിൽ ഉണ്ട്. പതിമൂന്നാം നൂറ്റാണ്ടിൽ വിശുദ്ധ ഡൊമിനിക്കും അസീസിയിലെ വിശുദ്ധ ഫ്രാൻസിസും പൊതുസമൂഹത്തിൽ പ്രവർത്തിച്ചുകൊണ്ട് തന്നെ സന്യാസജീവിതത്തെ പുണരാൻ ആഗ്രഹിച്ചു. ഇങ്ങനെയാണു മെൻഡിക്കന്റ് സഭകൾ എന്നറിയപ്പെടുന്ന ഭിക്ഷുക്കളായ സന്യാസിമാരുടെ സമൂഹങ്ങൾ രൂപം കൊള്ളുന്നത്. ഇപ്രകാരം സമൂഹത്തിൽ സജീവജീവിതം നയിക്കുന്ന അനേകം സമൂഹങ്ങൾ പിൽക്കാലത്ത് സഭയിൽ രൂപം കൊണ്ടു. ധ്യാനാത്മക സന്യാസ ശൈലിയിൽ നിന്നു വ്യത്യസ്ഥമായി ബ്രഹ്മചര്യം, ദാരിദ്രം, അനുസരണം എന്നിവയാണ് ഇവർ സ്വീകരിക്കുന്ന വ്രതങ്ങൾ.

സ്ത്രീകളും പുരുഷന്മാരുമായി ഇന്നു കേരളത്തിലെ കത്തോലിക്കാസഭയിൽ അംഗങ്ങളായിരിക്കുന്ന ഭൂരിപക്ഷം സന്യസ്ഥരും ഇതുപോലെ സജീവജീവിതം നയിക്കുന്നവരാണ്. അതുകൊണ്ടാണ് ഏകാന്തമഠങ്ങളിലെ സന്യാസീസന്യാസ സഹോദരങ്ങളിൽ നിന്നു വ്യത്യസ്ഥമായി ഇവർക്ക് പൊതുസമൂഹത്തിൽ ഇടപെടാനും പ്രവർത്തിക്കുവാനും സാധിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, ആതുരശുശ്രൂഷകൾ, സാമൂഹികപ്രവർത്തനങ്ങൾ തുടങ്ങി ഒട്ടനവധി മേഖലകളിൽ ഇന്നു നമുക്ക് ഈ സന്യസ്ഥരെ കാണുവാൻ സാധിക്കും. ഇവരിൽ ചിലരൊക്കെ ഇട


www.malankaralibrary.com

വകകളിലും ജോലി ചെയ്യാറുണ്ട്. ഇത്തരത്തിൽ സമൂഹത്തിൽ സജീവ ജീവിതം നയിക്കുമ്പോഴും തങ്ങൾ സ്വീകരിക്കുന്ന വ്രതങ്ങൾ പാലിക്കുവാൻ ബദ്ധശ്രദ്ധരായിരിക്കണം എന്നതാണ് ഓരോ സന്യാസിയുടെയും സന്യാസിനിയുടെയും മുമ്പിലുള്ള വെല്ലുവിളി. കാരണം, അവരെ സംബന്ധിച്ചിടത്തോളം സന്യാസത്തിന്റെ അന്തസത്ത അടങ്ങിയിരിക്കുന്നത് അവർ സമൂഹത്തിൽ ചെയ്തുകൂട്ടുന്ന പ്രവൃത്തികളിൽ അല്ല, മറിച്ച് ദൈവത്തോട് അവർ ചെയ്ത ഉടമ്പടിയായ വ്രതങ്ങളുടെ പൂർത്തീകരണത്തിലാണ്.

ഇത്തരത്തിൽ സന്യസ്ഥജീവിതം നയിക്കുന്ന സഹോദരങ്ങളിൽ നിന്നു വ്യത്യസ്ഥമായ ഒരു ജീവിതാന്തസ് തിരഞ്ഞെടുത്തിരിക്കുന്നവരാണ് ഇടവകവൈദികർ. അവർ ഏതെങ്കിലുമൊരു സന്യാസസമൂഹത്തിന്റെ ഭാഗമല്ല, മറിച്ച് രൂപതയിലെ വൈദിക കൂട്ടായ്മയുടെ ഭാഗം ആണ്. സന്യസ്ഥരുടേത് പോലെ വ്രതങ്ങൾ അവർ എടുക്കുന്നില്ല. എന്നാൽ അനുസരണവും ബ്രഹ്മചര്യവും അവർ വാഗ്ദാനം ചെയ്യുന്നുണ്ട്. ഇതുതന്നെയാണു സന്യസ്ഥരും ഇടവകവൈദികരും തമ്മിലുള്ള വ്യത്യാസവും.

വ്രതങ്ങളിൽ ആദ്യത്തേതാണ് അനുസരണം. അധികാരികളോടുള്ള വിധേയത്വമാണു അനുസരണമെന്ന വ്രതത്തിന്റെ കാതൽ. എന്നാൽ അന്ധമായി അധികാരിയ്ക്ക് വിധേയപ്പെട്ടിരിക്കണം എന്നല്ല ഇതിന്റെ അർത്ഥം. അനുസരണത്തിന്റെ പേരിൽ തിന്മയായതൊന്നും ചെയ്യേണ്ടതില്ല. മറിച്ച് സ്വന്തം ഇഷ്ടങ്ങൾ മാറ്റിവച്ച് പൊതുനന്മയെപ്രതിയോ ദൈവേഷ്ടത്തെപ്രതിയോ അധികാരികളെ അനുസരിക്കുകയാണ് അവർ ചെയ്യേണ്ടത്. ഒരു സമൂഹത്തിൽ അധികാരികളെ അനുസരിക്കാത്ത ഒരു സഹോദരനോ സഹോദരിയോ ഉണ്ടെങ്കിൽ അവർ ആ സമൂഹത്തിനു തന്നെ തലവേദനയാകും. നമ്മുടെ കുടുംബങ്ങളിലെ അനുഭവങ്ങൾ തന്നെ ഇതു നമുക്ക് വെളിപ്പെടുത്തി തരാറുണ്ട്. അതിനാൽ അനുസരണം അധികാരികളോട് വിധേയർ ചെയ്യുന്ന കരുണയാണ്. വ്രതവാഗ്ദാന സമയത്ത് സന്യാസികൾ അവരവരുടെ സഭയിലെ അധികാരികളോടുള്ള അനുസരണമാണു വാഗ്ദാനം ചെയ്യുന്നതെങ്കിൽ വൈദികപട്ടം സ്വീകരിക്കുന്ന സമയത്ത് ഇടവകവൈദികർ (സന്യാസവൈദികരും) തങ്ങൾ ശുശ്രൂഷചെയ്യുന്ന രൂപതയിലെ മെത്രാനെ പൂർണ്ണഹൃദയത്തോടും വിധേയത്വത്തോടും കൂടി അനുസരിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നുണ്ട്.

അനുസരണം പോലെ തന്നെ പ്രധാനപ്പെട്ടതാണു ബ്രഹ്മചര്യവും. ഒരുപക്ഷെ പൊതുസമൂഹത്തിൽ ഇന്നും പലർക്കും മനസിലാകാത്ത ഒരു കാര്യമാണു കത്തോലിക്കാസഭയിലെ സന്യസ്ഥരുടെയും വൈദികരുടെയും ബ്രഹ്മചര്യത്തിന്റെ പ്രാധാന്യം. 'നിങ്ങൾക്കെങ്ങനെ ബ്രഹ്മചാരിയായി ജീവിക്കാൻ കഴിയുന്നു?' 'ജീവശാസ്ത്രപരമായി ഇങ്ങനെ നിത്യബ്രഹ്മചാരിയായി ജീവിക്കാൻ സാധ്യമല്ല.' എന്നിങ്ങനെയുള്ള ചോദ്യങ്ങളും കമന്റുകളും പലപ്പോഴും കേൾക്കാറുണ്ട്. അതിനാൽ തന്നെ ബ്രഹ്മചര്യത്തിന്റെ മഹത്വം അതു പാലിക്കുന്നവർക്കേ മനസിലാകൂ എന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. കാരണം അവിഭാജിതമായ പൂർണ്ണഹൃദയത്തോടേ ദൈവത്തെ സ്നേഹിക്കുവാനും ദൈവത്തിനല്ലാതെ മറ്റൊന്നിനും ജീവിതത്തിൽ സ്ഥാനമില്ലാത്തവണ്ണം സമ്പൂർണ്ണമായി സമർപ്പിക്കുവാനും വേണ്ടിയാണു ഒരാൾ നിത്യബ്രഹ്മചാരിയായി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നത്. കത്തോലിക്കാസഭയുടെ ഭാഗമായി ലോകമാകമാനമുള്ള സകല സന്യസ്ഥരും ബ്രഹ്മചാരികളായി ജീവിക്കുന്നവരാണ്. എന്നാൽ ഉക്രേനിയൻ റീത്ത് പോലെ ഉള്ള കത്തോലിക്കാസഭകളിൽ ഓർത്തഡോക്സ് രീതിയിൽ വിവാഹം ചെയ്തവരും ഇടവകവൈദികർ ആകാറുണ്ട്. ഒരു കാലത്ത് കത്തോലിക്കാസഭയിൽ വിവാഹം ചെയ്ത വൈദികർ എല്ലാ സഭകളിലും ഉണ്ടായിരുന്നു. എന്നാൽ സമ്പൂർണ്ണമായി ദൈവജനത്തിനു സമർപ്പിക്കുവാൻ അവർക്കുണ്ടായിരുന്ന ബുദ്ധിമുട്ടും


www.malankaralibrary.com

കാലക്രമേണ ചിലയിടങ്ങളിലെങ്കിലും സ്വന്തം മക്കളോടൊ ബന്ധുക്കളോടോ അവർക്കു തോന്നിയ പക്ഷപാതപരമായ സ്നേഹവും കുടുംബം നടത്താൻ വേണ്ട ഭാരിച്ച സാമ്പത്തികബാധ്യതയും മറ്റും മൂലം ബ്രഹ്മചാരികളായ വൈദികർക്ക് പൊതുവിൽ സ്വീകാര്യത ലഭിക്കുകയും പിന്നീടത് ലത്തീൻ, സിറോമലബാർ, സിറോമലങ്കരഉൾപ്പെടെയുള്ളകത്തോലിക്കാസഭകളിൽ നിയമം ആയിത്തീരുകയും ആയിരുന്നു. ഇന്നു കേരളത്തിൽ ജോലിചെയ്യുന്ന കത്തോലിക്കാ പുരോഹിതരും സന്യസ്ഥരും ബ്രഹ്മചാരികളാണ്.

കത്തോലിക്കാസഭയിലെ സന്യാസിനിസന്യാസികൾ നടത്തുന്ന മൂന്നാമത്തെ വ്രതമാണു ദാരിദ്രം. ഈ ദാരിദ്രവ്രതം മൂലമാണു സ്വകാര്യ സ്വത്തുക്കൾ കൈവശം വയ്ക്കുന്നതിൽ നിന്നും ഒരു സന്യാസിക്ക് വിലക്കുള്ളത്. ആദിമസഭയുടെ ചൈതന്യം ഉൾക്കൊണ്ട് കൊണ്ട് ഉള്ളതെല്ലാം പരസ്പരം പങ്കുവച്ച് ജീവിക്കുന്നവരാണു സന്യസ്ഥർ. അവർക്കിടയിൽ ഡോക്ടർമാർ ഉണ്ടാകാം, അധ്യാപകർ ഉണ്ടാകാം, വക്കീലന്മാർ ഉണ്ടാകാം, മറ്റു ഉയർന്ന ജോലി ചെയ്യുന്നവർ ഉണ്ടാകാം. പൊതുജനത്തിനിടയിൽ ജോലി ചെയ്യുന്ന ഇത്തരം ആളുകളെ കൂടാതെ അവരുടെ മഠങ്ങളിൽ നിശബ്ദ സേവനം ചെയ്യുന്നവരുണ്ട്. മഠത്തിന്റെ അടുക്കളയിൽ ജോലി ചെയ്യുന്നവരുണ്ട്, തോട്ടത്തിൽ ജോലി ചെയ്യുന്നവരുണ്ട്, ഇടവകയിൽ സഹായിക്കുന്നവരുമുണ്ട്. എന്നാൽ ചെയ്യുന്ന ജോലിയുടെയൊ വാങ്ങുന്ന ശമ്പളത്തിന്റെയൊ വ്യത്യാസമില്ലാതെ എല്ലാവരും ഒരുപോലെ, ഒരു കുടുംബം പോലെ വസിക്കുന്ന ഇടങ്ങളാണു മഠങ്ങളും ആശ്രമങ്ങളും. അതിനാൽ താൻ ജോലി ചെയ്യുന്നതു കൊണ്ട് തനിക്കു കൂടുതൽ സൗകെര്യങ്ങൾ വേണമെന്നൊ തന്റെ ശമ്പളം തനിക്കു മാത്രമായി ഉപയോഗിക്കാൻ കിട്ടണമെന്നോ വാശിപിടിക്കുന്നത് സന്യാസത്തിനു ചേർന്നതല്ല. സന്യാസസമൂഹങ്ങളിലെ അംഗങ്ങളുടെ വരുമാനം ഒരു പൊതുസ്വത്തായി കരുതുകയും പൊതുവായി ഉപയോഗിക്കുകയും ആണ് ചെയ്യുന്നത്. ആഹാരവും വസ്ത്രവും മരുന്നും ഉൾപ്പെടെയുള്ള അവരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതും അവരുടെ സമൂഹം തന്നെയാണ്. അതിനാൽ സ്വകാര്യമായി ഒന്നുമില്ലാത്തപ്പോഴും സാമൂഹികമായി കുറവുകൾ ഒന്നും ഇല്ലാത്തവരാണു സന്യസ്ഥർ. അതിൽ അവരുടെ ദാരിദ്രത്തിന്റെ ചൈതന്യം കലർന്നിരിക്കും എന്നു മാത്രം.



എന്നാൽ ഇടവകവൈദികർ ദാരിദ്രത്തിൽ ജീവിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നില്ല. സ്വകാര്യസ്വത്തുക്കൾ സമ്പാദിക്കുന്നതിൽ നിന്ന് സഭ അവരെ വിലക്കിയിട്ടില്ല. എങ്കിലും പൊതുവിൽ ദാരിദ്രത്തിൽ തന്നെ ജീവിക്കുന്നവരായിരിക്കും അവരിൽ ഭൂരിഭാഗവും. അവർക്ക് പൊതുവായി ഉപയോഗിക്കാവുന്ന രീതിയിൽ ഫണ്ടുകളില്ല. പൊതുവാഹനങ്ങളില്ല, ഭക്ഷണവും വസ്ത്രവും മരുന്നുമുൾപ്പെടെയുള്ള സകലതും പലപ്പോഴും സ്വന്തമായി കണ്ടെത്തേണ്ടിയിരിക്കുന്നു. രൂപതയിൽ നിന്ന് അവർക്ക് ലഭിക്കുന്ന ശമ്പളം ആണ് അവരുടെ പ്രധാനവരുമാനമാർഗ്ഗം. ചിലപ്പോൾ അവരുടെ കുടുംബക്കാർ അവരെ സാമ്പത്തികമായി സഹായിക്കാറുണ്ട്. സന്യസ്ഥരെ അപേക്ഷിച്ച് പലപ്പോഴും കൂടുതൽ യാത്രകൾ ചെയ്യേണ്ടിവരുന്ന അവർക്ക് സ്വന്തമായി വാഹനങ്ങൾ ഉപയോഗിക്കാം. അതു അവർക്ക് ആഡംബരം അല്ല, മറിച്ച് പലപ്പോഴും ആവശ്യം ആണ്. ആശ്രമങ്ങളിൽ താമ


www.malankaralibrary.com

സിക്കുന്ന സന്യസ്ഥർക്ക് എന്തെങ്കിലും അത്യാവശ്യസന്ദർഭങ്ങൾ ഉണ്ടായാൽ വി. കുർബ്ബാന അടക്കമുള്ള അവരുടെ കടമകൾ ചെയ്യുവാൻ മറ്റൊരാളെ അവരുടെ സമൂഹത്തിൽ നിന്നു തന്നെ കണ്ടെത്തുവാൻ സാധിക്കും. എന്നാൽ ഇടവക വൈദികരുടെ കാര്യം അങ്ങനെയല്ല. പകരം ആളെ കണ്ടെത്താൻ ഉള്ള ബുദ്ധിമുട്ട് മൂലം വ്യക്തിപരമായ എന്തു പ്രശ്നങ്ങൾ ഉണ്ടെങ്കിലും ദൈവജനത്തിനു സേവനം ചെയ്യുവാൻ അവൻ തയാറായിരിക്കണം. അതിനാൽ തന്നെ അവന്റെ ജീവിതം സന്യസ്ഥരുടേതിൽ നിന്ന് വ്യത്യസ്തമാകുന്നത് സ്വാഭാവികം മാത്രമാണ്.

ഈ ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ച ചോദ്യങ്ങൾക്കു മറുപടി ലഭിച്ചു എന്ന് കരുതുന്നു. സന്യാസ്ഥരും ഇടവകവൈദികരും വ്യത്യസ്ത ജീവിത രീതികൾ പിന്തുടരുന്നവരാണ്. സന്യാസികളിൽ വൈദികരുണ്ടാകും. പക്ഷെ അവരെല്ലാവരും തന്നെ ഒന്നാമതായി സന്യാസികളാണ്. കന്യാസ്ത്രീകൾ ഉൾപ്പെടെയുള്ള സകല സന്യസ്ഥരും അവരുടെ വ്രതങ്ങൾക്കനുസരിച്ച് ജീവിച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്താൻ ശ്രമിക്കുന്നവരാണ്. ആവൃതിയിൽ ജീവിക്കുന്ന അവരുടെ ജീവിതങ്ങൾ പൊതുസമൂഹത്തിന്റെ ജിജ്ഞാസ ഉണർത്തുക സ്വാഭാവികമാണ്. എന്നാൽ അവരുടെ സ്വകാര്യതയെ മാനിക്കുവാനും അവരെ ബഹുമാനിക്കുവാനും നാം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. അവരുടെ ജീവിതങ്ങളെ നമ്മുടെ സുഖസൗകര്യങ്ങൾ കൊണ്ട് താരതമ്യപ്പെടുത്തരുത്. ചുരുക്കത്തിൽ ആത്മീയതയെ ലൗകികമായ അളവുകോലുകൾ കൊണ്ട് അളക്കാൻ ശ്രമിക്കരുത്. സന്യാസവും പൌരോഹിത്യവുമൊക്കെ ദാനങ്ങളാണ്. ചിലർക്കു മാത്രം ജീവിച്ചു തീർക്കാൻ പറ്റിയ ദാനങ്ങൾ!

# കെസിബിസി ബൈബിൾ കമ്മീഷൻ സാഹിത്യമത്സരങ്ങൾ

## സൃഷ്ടികൾ അയക്കേണ്ട അവസാന തിയ്യതി: ഒക്ടോബർ ഒന്ന്

കൊച്ചി: കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങളിലേക്ക് 2021 രചനകൾ അയ്ക്കാം. ലേഖനം, കവിത, കഥ, എകാങ്കനാടകം എന്നീ വിഭാഗത്തിലേക്കാണ് മത്സരം. ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. പൊതുവിഷയം കോവിഡ് കാലത്തെ അതീജീവനവും വിശുദ്ധഗ്രന്ഥവും (ഉപകാരപ്രദമായ വചനഭാഗങ്ങൾ ഹെബ്രാ 13,8, ഫിലിപ്പി 4,67, 2കോറി 4, 16-18, നിയമാവർത്തനം31,6, ഏശയ്യാ 43,19, ജറെ 29,11, ജോബ് 19,26, ഏശ 61,3, ദാനി 3,27-28, ഹബ 3,17) ലേഖനമത്സരം അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നി ഗ്രൂപ്പുകൾക്ക് പ്രത്യേകമായിരിക്കും. ലേഖനം 10 പേജിലും, ചെറുകഥ 6 പേജിലും, കവിത 60 വരികളിലും കവിയരുത്. ഏകാങ്കം 30 മിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. രചനകളിൽ പേരോ വിലാസമോ എഴുതരുത്, പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു പേപ്പറിലെഴുതി പിൻചെയ്തിരിക്കണം. മത്സരത്തിനയ്ക്കുന്ന കൃതകളോടൊപ്പം വികാരിയുടെയോ സുപ്പീരീയറിന്റെയോ സാക്ഷ്യപത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (mo/dd/bank transfer to KCBC bible commission അക്കൗണ്ട് നമ്പർ 04230530000006271, IFSC SIBL0000423, South Indian bank, Vennala branch ലേക്ക് അയ്ക്കേണ്ടതാണ്, സമ്മാനർഹർക്ക് കാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നൽകുന്നതാണ്. അവസാന തീയതി ഒക്ടോബർ 1, കൃതികൾ അയ്ക്കേണ്ട വിലാസം: സെക്രട്ടറി, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ പി.ഓ.സി പാലാരിവട്ടം, വെണ്ണല പി.ഒ കൊച്ചി 682028


www.malankaralibrary.com

വോയ്സ് ഓഫ് നൺസ്


# ചിതലരിക്കാൻ അറയ്ക്കുന്ന അക്വേറിയം

സി. ബ്ലെസി പുത്തൻപുരയിൽ ഡിഎസ്റ്റി

ആവൃതിക്കുള്ളിലെ 'ആത്മനൊമ്പരങ്ങൾ കണ്ടറിഞ്ഞ്' പ്രണയത്തിനായി ദാഹിക്കുന്ന ശരീരത്തിന്റെ വികാരങ്ങളെ അടക്കിപ്പിടിച്ച് വീർപ്പുമുട്ടി ജീവിക്കുന്ന സന്യസ്തരുടെ അവസ്ഥകളെ അക്വേറിയം എന്ന സിനിമ അവതരിപ്പിക്കുന്നു. സന്യസ്തരോടുള്ള ഒരുകൂട്ടം ജനങ്ങളുടെ പരിഗണനയും,സ്നേഹവും,കരുതലും ഒരു സമർപ്പിതയായ എന്നെ അത്ഭുതപ്പെടുത്തുന്നു. എന്നാൽ, സന്യാസത്തിന്റെ ആത്മനൊമ്പരങ്ങളെ ദൃശ്യാവിഷ്കരിച്ച പിന്നണി പ്രവർത്തകർക്ക് തെറ്റി. അക്വേറിയം ആഴങ്ങളില്ലാത്ത, സ്വതസിദ്ധമല്ലാത്ത, സ്വാഭാവികമല്ലാത്ത മനുഷ്യനിർമ്മിതിയാണ്. പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ മനുഷ്യ നിർമ്മിത സങ്കല്പമായ സന്യാസത്തെകുറിച്ചാണ് നിങ്ങൾ അവതാരകർ ഉദ്ദേശിച്ചതെങ്കിൽ കൊള്ളാം. മാനസിക വൈകാരിക വൈകൃതങ്ങളുടെ ചില്ലുകൾ കൊണ്ട് മെനഞ്ഞെടുത്ത അക്വേറിയത്തിൽ അതേ മാനസിക വൈകൃതങ്ങളുള്ള സന്യസ്ത മത്സ്യങ്ങളെ പ്രതിഷ്ഠിച്ചാൽ കാഴ്ച ഒന്നുതന്നെ ആകുമല്ലോ. കാഴ്ച്ചക്ക് മനോഹാരിതയും ഇമ്പവും നൽകുന്നത് സ്വാഭാവിക സമുദ്രത്തിൽ ഒഴുകുന്ന ദൈവസൃഷ്ടികളായ ദൈവവിളിയിൽ ആഴപ്പെടുന്ന വിശുദ്ധ സന്യസ്ത മത്സ്യങ്ങൾ തന്നെയാണ്. ഞങ്ങളുടെ സന്യാസം ക്രിസ്തുവിന്റെ വിളിയുടെ സ്വാഭാവിക പ്രയാണമാണ്. അത് അക്വേറിയത്തിൽ അടച്ചിടാനാവുന്ന ഒന്നല്ല പുഴപോലെ പോലെ ഒഴുകി ക്രിസ്തുവെന്ന മഹാസമുദ്രത്തിൽ ലയിച്ചു ചേരാനുള്ളതാണ്. 'ആത്മാവിൽ ആരംഭിച്ചിട്ട് ശരീരത്തിൽ അവസാനിപ്പിക്കുവാൻ മാത്രം ഭോഷൻമാരാണോ ഞങ്ങൾ' (cf.ഗലാ 3:3).

സന്യാസ വേഷം കെട്ടി സമരപന്തലുകളിൽ കൊടി നാട്ടിയിരിക്കുന്നവരെയും, മാധ്യമങ്ങൾക്കു മുമ്പിൽ വിരുന്നൊരുക്കുന്ന പതിനായിരങ്ങളിൽ ചിലരെയും മാത്രമേ അവർ പരിഗണിച്ചിട്ടുള്ളു. സന്യാസം എന്നത് സന്ധ്യാ നേരത്തെ നാമജപം മാത്രമല്ല മറിച്ച് അതൊരു മനുഷ്യമനസ്സിന്റെ മുഴുവൻ സാധനയാണ്.

രക്തബന്ധങ്ങളും ലോകമോഹങ്ങളും വിട്ട് ഈശോയെ അനുധാവനം ചെയ്യുന്ന കർമ്മ വഴികൾ... ഭർത്താവും കുഞ്ഞുങ്ങളും അടങ്ങുന്ന ഒരു കുടുംബത്തിൽ മാത്രം ഒതുങ്ങാതെ ദൈവത്തിനും ദൈവജനത്തിനും വേണ്ടി ജീവിക്കുന്നവർ... ആരുടെയും നിർബ





www.malankaralibrary.com

ഡത്താലല്ലാതെ ഈശോയോടുള്ള സ്നേഹത്താൽ ജീവിതം സമർപ്പിച്ചവർ... ആരോരുമില്ലാത്ത അനാഥർക്ക് അമ്മയാകുന്ന, തെരുവോരങ്ങളിൽ പുഴുവരിച്ചു കിടക്കുന്നവർക്ക് സാന്ത്വനം ആകുന്ന, രോഗികൾക്ക് കരുതലിന്റെ ലേപനം ആകുന്ന, അജ്ഞതയുടെ അന്ധകാരം നീക്കി അക്ഷര വെളിച്ചം പകരുന്ന, ഉപേക്ഷിക്കപ്പെട്ട വൃദ്ധമാതാപിതാക്കൾക്ക് അന്ത്യനേരത്ത് ചുടുചുംബനത്തിന്റെ നിറവ് നൽകുന്ന, വിമർശനത്തിന്റെ ശരമുന ഏൽക്കുമ്പോഴും അൾത്താരയ്ക്ക് മുന്നിൽ മുട്ടുകുത്തി 'ഇവരോട് കരുണ തോന്നണേ' എന്ന് നെടുവീർപ്പെടുന്ന ജന്മങ്ങൾ. വിമർശകരുടെ ഭാഷയിൽ പറഞ്ഞാൽ ചാക്കിനുള്ളിൽ പൊതിഞ്ഞു വെച്ച മുടി പോലും കാണിക്കാത്ത ജീവച്ഛവങ്ങൾ. എന്നാൽ വി. ഗ്രന്ഥത്തിന്റെ ഭാഷയിൽ പറഞ്ഞാൽ 'ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കുന്നു.' (cf.2 കോറിന്തോസ് 5 : 15)

ക്രൈസ്തവ മതത്തിന്റെ ലക്ഷ്യങ്ങളെ സത്യസന്ധമായി ദൃശ്യവൽക്കരിച്ച സിനിമയാണിത് എന്ന് അവകാശപ്പെടുന്ന തിരക്കഥാകൃത്ത് ശാരീരിക പ്രണയത്തിന്റെ അർത്ഥമില്ലായ്മകളെ ആഘോഷമാക്കുന്നതോടൊപ്പം, യഥാർത്ഥ ക്രിസ്തീയ സന്യാസത്തിന്റെ ഉൾക്കാമ്പിലുറകൊള്ളുന്ന മാനസിക പ്രണയത്തെ നാടകീയമായി ദൃശ്യാവിഷ്കരിച്ചുകൊണ്ട് ക്രിസ്തീയ സന്യാസത്തിന്റെ മൂല്യങ്ങളെ അല്ല അസ്തിത്വത്തെതന്നെ അവഹേളിക്കുന്നു.

അധരംകൊണ്ട് എട്ടുമാസം വായിച്ച ബൈബിൾ ഹൃദയംകൊണ്ട് എട്ടു നിമിഷമെങ്കിലും വായിക്കണം അപ്പോൾ മനസ്സിലാകും എന്താണ് ക്രൈസ്തവ മതത്തിന്റെ ലക്ഷ്യവും അതിന്റെ വിശുദ്ധിയുമെന്ന്. ലൈംഗികതയുടെ ആസ്വാദനം അല്ല ഉത്തമഗീതം. മറിച്ച്, ദൈവവും ഇസ്രായേലും തമ്മിലുള്ള ആത്മബന്ധത്തിന്റെ വർണ്ണനാതീതമായ ആഴങ്ങളാണെന്ന് തിരക്കഥാകൃത്ത് തിരുത്താൻ ഏറെ ദൂരം സഞ്ചരിക്കേണ്ടി വരും. സന്യാസം എന്നത് കടൽ തീരം പോലെ വിശാലമാണ്. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ആവിഷ്കാര സ്വാതന്ത്ര്യത്തിന് മറപിടിച്ച് അമ്പെയ്യുന്നവരെയും വിമർശനത്തിന്റെ വാൾ പയറ്റുന്നവരെയും കാണുമ്പോൾ ഞാൻ ഓർക്കുന്നത് കടൽപ്പുറത്തെ വികൃതി കുട്ടികളെയാണ്. ഒരുപിടി മണൽത്തരികൾ കൈകുമ്പിളിൽ കടലിലേക്ക് വാരിയെറിഞ്ഞ്, 'ദേ കടൽതീരം എല്ലാം ഞാൻ കടലിൽ ഒഴുക്കി' എന്ന് പറഞ്ഞു കൈ കൊട്ടിച്ചിരിക്കുന്ന ബാല്യങ്ങളെ പോലെയാണവർ. കണ്ണെത്താ ദൂരത്ത് തിളങ്ങിനിൽക്കുന്ന മണൽത്തരികളെ കാണുവാൻ കഴിയാത്ത അന്ധരാണ് അവർ. ലോകത്തിന്റെ ദൃഷ്ടിയിൽ ശരീരത്തിന്റെ ഇച്ഛയെന്ന പ്രണയ ദാഹിയായ ഒരു ജസീന്തയെ നിങ്ങൾ അവതരിപ്പിച്ചാലും, ക്രിസ്തുവിൽ മനസ്സും ശരീരവും ആത്മാവും ലയിച്ചു ചേർക്കാൻ ക്രിസ്തുവിനെ പ്രതി മാത്രം ഇറങ്ങിത്തിരിച്ച ഒരൊറ്റ സമർപ്പിതയുടെ വിശുദ്ധിയെപോലും ചോദ്യം ചെയ്യാൻ നിങ്ങൾക്കാവില്ല.

ഈശോയെ പ്രണയിക്കുന്ന കന്യാസ്ത്രീയുടെ കഥ പറയുന്ന അക്വേറിയം തിരക്കാഥാകൃത്തിന്റെയും പിന്നണി പ്രവർത്തകരുടെയും ലക്ഷ്യം തെറ്റാതെ മുന്നോട്ടുപോകുമ്പോൾ, അതിനായി ആവിഷ്കരിച്ച മാർഗങ്ങൾ ക്രിസ്തീയതയെയും ക്രിസ്തീയ സന്യാസത്തെയും അവഹേളിക്കുന്നുവെന്ന് നിസംശയം പ്രസ്താവിക്കുന്നു. ഒരു കഥാപാത്രത്തിന്റെ വിശുദ്ധിയെ തന്റെ ആവിഷ്കാരസ്വാതന്ത്ര്യത്തോടെ തിരക്കഥയിൽ അവതരിപ്പിക്കുന്നതിനുവേണ്ടി ഒരു വിഭാഗത്തെ മുഴുവൻ പ്രത്യക്ഷമായും പരോക്ഷമായും അവതരണ ശൈലിയിലൂടെ ആക്ഷേപിക്കുമ്പോൾ കളങ്കമേൽക്കപ്പെടുന്നത് ഞങ്ങൾ സമർപ്പിതർ മുഴുവനുമാണ്. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് പരിഹസിക്കപ്പെട്ടവനും അപമാനിക്കപ്പെട്ടവനുമായ ക്രിസ്തുവിനെ നെഞ്ചിലേറ്റി, അവനോടുള്ള സ്നേഹത്താൽ ജ്വലിക്കുന്ന സന്യസ്തർക്ക് 'അക്വേറിയം' എന്നല്ല 'തീക്കടൽ' എന്ന് പേരിട്ട് ഇതിലും അവഹേളനങ്ങൾ നിറഞ്ഞ തിരക്കഥ ഇറങ്ങിയാലും ആത്മാഭിമാനത്തോടെ ഞങ്ങൾ ജീവിക്കും.


www.malankaralibrary.com

കാലാകാലങ്ങളിൽ രൂപപ്പെട്ടതും കാലഘട്ടത്തിനനുസരിച്ച് പുനർവിചിന്തനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതുമായ സന്യാസ നിയമങ്ങൾ അനുസരിക്കുക എന്നത് സമർപ്പിതർക്ക് ഭാരമല്ല. ആവൃതിക്കുള്ളിലെ നിയമങ്ങൾ വ്യക്തിസ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നു എന്ന് പറയുന്ന അക്കേറിയത്തിന്റെ നിർമ്മാതാക്കളോട് ഒന്ന് ചോദിക്കട്ടെ, ഹെൽമെറ്റ് ധരിക്കാത്ത ബൈക്ക് യാത്രക്കാരനിൽ നിന്നും പിഴയീടാക്കുന്ന ട്രാഫിക് റൂൾസ് യാത്രക്കാരന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നവയാണോ? കൊറോണ വൈറസിന്റെ ഇക്കാലത്ത് സാമൂഹിക അകലം പാലിക്കണമെന്ന് പറയുന്നതും മാസ്ക് ധരിക്കണമെന്ന് പറയുന്നതും തെറ്റാണോ? വിദ്യാർത്ഥികളോട് സ്കൂളിൽ കൃത്യ സമയത്ത് വരണമെന്നും, പാഠഭാഗങ്ങൾ പഠിക്കണമെന്നും ആവശ്യപ്പടുന്നത് അവരുടെ വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനു വേണ്ടിയാണോ? നിയമങ്ങളും അനുസരണവും ലോക ദൃഷ്ടിയിൽ പോലും അസ്വാതന്ത്ര്യമല്ല. അവയൊക്കെയും ജീവന്റെയും മൂല്യങ്ങളുടെയും സംരക്ഷണത്തിന്റെ ഭാഗമാണ്. അനുസരിക്കുന്ന ഒരു സമർപ്പിതക്ക് ഒരിക്കലും നിയമങ്ങൾ ഒരു ശാപമല്ല. അത് പരിത്യാഗത്തിന്റെ മാർഗ്ഗങ്ങളാണ്, വ്രത വഴികളാണ്.

ക്രൈസ്തവ മൂല്യങ്ങളെ പോലും കാറ്റിൽ പറത്തുന്ന വിമതർക്ക് 'ആമ്മേൻ' പറയുന്ന ചില മാനസിക വൈകൃതങ്ങളുടെ സൃഷ്ടികൾ മാത്രമല്ല സന്യാസം. വിശുദ്ധിയുടെ അലയടി ഉയരുന്ന, നിയമങ്ങൾ ഭാരമല്ലാത്ത, പുറംലോകത്ത് അറിയപ്പെടാത്ത, യഥാർത്ഥ സന്യസ്തർ ആണ് ആവൃതിക്കുള്ളിൽ. സന്യാസ നിയമങ്ങളെ ഭീകരമായി ചിത്രീകരിച്ചിരിക്കുന്ന 'അക്കേറിയം' സമർപ്പിതരുടെ ജീവിതശൈലിയെ അങ്ങേയറ്റം അവഹേളിക്കുകയാണ് ചെയ്യുന്നത്. നിയമങ്ങളെ വിധേയത്വത്തിന്റെ വിശുദ്ധ ഭാവമായി കാണുന്ന സമർപ്പിതർക്ക് ഇത് ഏറെ വേദനാജനകമാണ്. നിയമങ്ങളെല്ലാം തെറ്റിച്ച് തോന്ന്യവാസം നടന്ന് ഭീകരമായ ആവൃതിയാണെന്ന് വിഡ്ഢിത്തം പറയുന്ന ചിലരുടെ ശീലുകൾക്കൊത്ത് താളം പിടിക്കുന്ന അക്കേറിയം അക്ഷരാർത്ഥത്തിൽ ഒരു 'അക്കേറിയം' തന്നെ ആണ്. എന്നാൽ വിശുദ്ധിയുടെ സമുദ്രത്തിൽ ആണ് യഥാർത്ഥ സമർപ്പിതർ ജീവിക്കുന്നത്.

സന്യാസം നിർബന്ധിത ജീവിതശൈലി അല്ല മറിച്ച് സ്വയം സമർപ്പണം ആണ്. സ്വർഗ്ഗത്തിൽനിന്നും സ്വർണ്ണ നൂലിൽ കെട്ടി ഇറക്കിയവരല്ല സമർപ്പിതർ. മാനുഷികമായ വികാരങ്ങളും വിചാരങ്ങളും ഉള്ള മാതാപിതാക്കളുടെ മക്കളാണ് ഞങ്ങൾ. എന്നാൽ പ്രകൃതി നിയമങ്ങളിൽ നിന്നും മാറി ഒന്നോ, രണ്ടോ പേരിലേക്ക് ഒതുങ്ങാതെ ഈശോയ്ക്ക് വേണ്ടി ദൈവജനത്തെ സേവിക്കുന്ന സമർപ്പിതരുടെ വികാരങ്ങളെ മൃഗങ്ങളുടെ സംയോജനവും ആയി താരതമ്യപ്പെടുത്തി വ്രണിതപ്പെടുത്തിയതിൽ ഞങ്ങൾ ഖേദിക്കുന്നു. ഒരു നായയുമായി സംഭോഗത്തിൽ ഏർപ്പെടാൻ മാത്രം വിലകെട്ടവരോ, വിങ്ങി നിൽക്കുന്നവരോ അല്ല സമർപ്പിതർ. മനുഷ്യന്റെ മഹത്വത്തെയും അവന്റെ ജൈവിക ആവശ്യങ്ങളെയും മൃഗങ്ങളോടു ചേർത്ത് ലജ്ജാകരമായി അവഹേളിക്കുമ്പോൾ വീണ്ടും 'അക്കേറിയം' എന്ന പദം ഓർമ വരുന്നു. കെട്ടി കിടക്കുന്ന വികാരങ്ങൾ ആണല്ലോ നിങ്ങളുടെ മനസ്സിൽ.

ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ അകമ്പടിയോടെ അവഹേളനത്തിന്റെ മറ പിടിച്ചു കൊണ്ടും, മാനസിക വൈകൃതങ്ങളുള്ള ചിലരുടെ വാക്കുകൾക്ക് 'ആമേൻ' പറഞ്ഞുകൊണ്ടും ഉത്തമഗീതത്തിന്റെ തെറ്റായ വ്യാഖ്യാനത്തോടെയും ചിട്ടപ്പെടുത്തിയ അക്കേറിയം സ്ത്രീവിരുദ്ധ നിലപാടുകളുടെ ഒരു ശൃംഖലയാണ്. വൈദികന്റെയും കന്യാസ്ത്രീയുടെയും അവിഹിതബന്ധം കുറിക്കുന്ന അല്ലെങ്കിൽ തിരക്കഥക്കുള്ളിലെ തിരക്കഥയായ ലൈംഗിക ചേഷ്ടകളുടെ അവതരണം തീർത്തും ഇതിന് പിന്നാമ്പുറത്തു പ്രവർത്തിക്കുന്നവരുടെ വൈകാരിക സുഖമാണ്.

ഒരു വൈകാരിക പ്രവർത്തിയോ, ജീവിത ശൈലിയോ അല്ല പൗരോഹിത്യവും സന്യാസവും. വ്യക്തമായ അറിവോടും, സ്വതന്ത്ര


www.malankaralibrary.com

മായ മനസ്സോടും, പൂർണ്ണമായി സമ്മതത്തോടും കൂടി ദൈവത്തിന് നടത്തുന്ന സ്വയാർപ്പണമാണത്. 12 വർഷത്തെ പരിശീലനത്തിനും കാലാകാലങ്ങളിലെ നവീകരണത്തിനും ശേഷം ആത്മസമർപ്പണം നടത്തുന്ന പുരോഹിതരും സന്യസ്തരും ലൈംഗിക സുഖങ്ങൾക്ക് വേണ്ടി ദാഹിച്ച് ജീവിക്കുന്നവരല്ല. അന്ത്യ നേരത്ത്പോലും ആത്മാക്കളുടെ രക്ഷയ്ക്ക് വേണ്ടി എരിഞ്ഞു തീരുന്നവരാണവർ. ഒരാടിനെ ജനിപ്പിക്കുന്നതിന്റെ മാലിന്യജലവും കലർന്ന നാപ്കിനുകൾ. ഇത് എടുക്കപ്പെടുന്നത് സെപ്റ്റിക് ടാങ്കുകളിൽനിന്നാണ്. മലിനമായ ഹൃദയങ്ങളിൽ നിന്ന് രൂപപ്പെട്ട്, എഴുതപ്പെട്ട ഈ തിരക്കഥയിൽ മുഴുവൻ ദുർഗന്ധത്തിന്റെ മാലിന്യം വമിക്കുന്നുണ്ട്.

നന്മനിറഞ്ഞ മനസ്സുള്ള വരെ മാനസികരോഗികൾ ആക്കുന്നവർ അല്ല സമൂഹാംഗങ്ങൾ. ഇങ്ങനെയുള്ള തെറ്റായ വിമർശനങ്ങൾ നടത്തുന്നവർ അവരുടെ വൈകൃതങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഇവരുടെ



സമാനതയോടെ, ലാഘവത്തോടെ ഒരു മനുഷ്യജീവനെ നശിപ്പിക്കുന്ന രംഗം. സഭയുടെ പാരമ്പര്യത്തിൽ ഇന്നുവരെ ഭ്രൂണഹത്യ വലിയ പാപമായി കരുതി വരുന്നു. എന്നാൽ തിരുസഭയുടെ നിയമങ്ങൾ അറിയാതെ, ക്രിസ്തീയതയുടെ ഹൃദയമിടിപ്പറിയാതെ, മാനുഷികമൂല്യങ്ങൾ പോലും പരിഗണിക്കാതെ, ഒരു സ്ത്രീയുടെ മഹത്വം മനസ്സിലാക്കാതെ അകേറിയത്തിൽ അവതരണ ശൈലികൾ നീളുന്നു. സ്ത്രീയുടെ സ്വകാര്യതയെയും പവിത്രതയെയും കളങ്കപ്പെടുത്തിക്കൊണ്ട് പ്ലംബർമാർ ഉയർത്തിക്കാട്ടുന്ന രക്തവും വാക്കിന് വില കൊടുത്ത് സത്യാഗ്രഹം നടത്തിയാൽ, സന്യസ്തരെ വിമർശിച്ചാൽ, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉറ കെട്ടു പോവില്ല. തീക്ഷ്ണതയുള്ള, ജ്വലിക്കുന്ന സ്നേഹമുള്ള ഒരായിരം സമർപ്പിതർ ഒരാളുടെ അപചയത്തിന് മുൻപിൽ കരുണക്കായ് കരം വിരിക്കാൻ ഉണ്ടാകും. കാലഹരണപ്പെടില്ല ഞങ്ങൾ... കാലങ്ങളോളം നിങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കുവാൻ ഞങ്ങൾ സമർപ്പിതർ ഉണ്ടാകും. വിശുദ്ധിയോടെ ഈശോയെ പ്രണയിച്ച നായികയെ അധികാരികൾ മാനസി


www.malankaralibrary.com

കരോഗിയെന്ന് മുദ്രകുത്തി പറഞ്ഞു വിടാൻ ഒരുങ്ങുന്ന തിരക്കഥയുടെ അവസാനവരികളിലൂടെ വായിച്ചാലും വരികൾക്കിടയിലൂടെ വായിച്ചാലും പറയാതെ പറയുന്നത് വ്യക്തിസ്വാതന്ത്ര്യത്തിന്റെ അസംതൃപ്തികളാണ്. സമൂഹത്തിനുവേണ്ടി ജീവിക്കാതെ, സന്യാസ ജീവിതത്തെ വിമർശിച്ചും കരിവാരിതേച്ചും, വേഷങ്ങളിൽ മാത്രം സന്യസ്തർ ആയി ആവൃതിക്കുള്ളിൽ നിന്നും പുറത്തിറങ്ങി അസംതൃപ്തിയുടെ കെട്ടുകഥകൾ പറഞ്ഞു നടക്കുന്നവർ. ആകർഷണീയ കഥകൾ പറഞ്ഞ് 'ആമേൻ' പറയാൻ പ്രേരിപ്പിക്കുന്നവരാണല്ലോ ഇവരെല്ലാം. ഏതോ രണ്ടു കന്യാസ്ത്രീമാർ പറഞ്ഞുകൊടുത്ത കഥയെന്ന് പറഞ്ഞ തിരക്കഥാകൃത്തിന് സന്യാസത്തോടുള്ള വീക്ഷണവും കാഴ്ചപ്പാടുകളും തെറ്റാണ്. ഈ തിരക്കഥ പെട്ടിയിൽ നിന്ന് പുറത്തെടുത്താൽ കാറ്റ് എതിർദിശയിൽ വീശുമെന്ന് തോന്നുന്നില്ല. പെട്ടിയിലാണെങ്കിലോ ചിതൽ പോലും അരിക്കാൻ അറയ്ക്കും.

അവഹേളനത്തിന്റെ കാറ്റിൽ ഞങ്ങൾ പതറില്ല. കനലായി എരിഞ്ഞു അഗ്നിയായി പടരും. അതും സ്നേഹാഗ്നി. ആവൃതിക്കുള്ളിലെ വീർപ്പുമുട്ടലുകളും വൈകാരിക പ്രണയവും ലക്ഷ്യമാക്കുന്ന അക്വേറിയം ശരിക്കും വ്യാജം തളം കെട്ടി നിൽക്കുന്ന 'അക്വേറിയം' തന്നെയാണ്. ഹൃദയത്തിൽ അംഗുരിക്കുന്ന ദൈവവിളിയാൽ പ്രചോദിതരായി ഇനിയും അനേകായിരങ്ങൾ ഈശോയാകുന്ന സമുദ്രത്തിൽ ലയിച്ചു ചേരും. രക്തസാക്ഷികളുടെ ചുടുനിണത്താൽ ഫലഭൂയിഷ്ടമായ സഭ ഈ അവഹേളനത്തിലും കല്ലേറിയലിലും ഇനിയും വളരും. ഞങ്ങളുടെയൊക്കെ രക്തം ഈ ആക്ഷേപണത്തിലൂടെ ധാരയായി ഒഴുകുമ്പോഴും കാൽവരിയിലെ കുരിശിൽ നോക്കി ഞങ്ങൾ പറയും 'ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല ഇവരോട് ക്ഷമിക്കണമേ' എന്ന്. പല വേഷങ്ങളിൽ പല സമൂഹങ്ങളായി നിങ്ങൾ കാണുന്ന വിവിധ സന്യാസ സമൂഹങ്ങൾ ഇന്ന് ഓരോ തുരുത്തുകളല്ല. ഇത് ക്രിസ്തുവാകുന്ന സമുദ്രത്തിലേക്കുള്ള പല കൈവഴികൾ മാത്രം. ഞങ്ങൾ ഈ 'അക്വേറിയം' എന്ന മനുഷ്യ




നിർമിത വൈകാരിക സൃഷ്ടിക്കെതിരെ കടലലകൾ പോലെ ആഞ്ഞടിക്കും, ഒരുമിച്ച് മുന്നേറും. അക്വേറിയത്തിന് ഈ കൂട്ടായ്മയെ തകർക്കാനാവില്ല. 'പിതാവിനും പുത്രനും', 'അക്വേറിയം' ആയതുപോലെ നാളെ അതിലും വലുത് വന്നാലും ഞങ്ങൾ തളരില്ല.

പ്രിയ സമർപ്പിതരെ, ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ വാക്കുകൾ നമുക്ക് ധ്യാനിക്കാം, 'ഈശോ നമ്മെ തുണയ്ക്കുന്നു... നമ്മുടെ ദൃഷ്ടികൾ വീണ്ടും നവമായി അവനിൽ ഉറപ്പിക്കുകയും, അവനു നേരെ നമ്മുടെ കരങ്ങൾ നീട്ടുകയും ചെയ്യാം... നമ്മുടെ കൈകളിൽ പിടിക്കാൻ അവനെ നമുക്ക് അനുവദിക്കാം... അപ്പോൾ നമ്മൾ മുങ്ങിപോവുകയില്ല...'. അതുകൊണ്ടാണല്ലോ സഹോദരിമാരെ, ഉത്തമഗീതം 2 :1 ൽ പറഞ്ഞിരിക്കുക 'മുള്ളുകൾക്കിടയിൽ ലില്ലിപ്പൂ പോലെ ആണ് കന്യകമാരുടെ ഇടയിൽ എന്റെ ഓമന'. ഇനിയും മുള്ളുകൾ ഞങ്ങളെ വലയം ചെയ്യുമെന്ന് ഞങ്ങൾക്കറിയാം. എങ്കിലും പ്രിയ അണിയറപ്രവർത്തകരേ , ഉത്തമഗീതം 2 : 16 തന്നെയാണ് ഞങ്ങളുടെ ബലം. 'എന്റെ ആത്മനാഥൻ എന്റേതാണ്, ഞാൻ അവന്റേതും'.



www.malankaralibrary.com

# ‘അക്കോറിയം’ എന്നപേരിൽ OTT റിലീസ് പ്രഖ്യാപിച്ച ‘പിതാവിനും പുത്രനും’ എന്ന നിരോധിത സിനിമയ്ക്ക് ഹൈക്കോടതിയുടെ സ്റ്റേ

വാസ്തവ വിരുദ്ധവും, മനുഷ്യത്വരഹിതവും, ലൈംഗിക വൈകൃതങ്ങൾ നിറഞ്ഞതുമായ കഥ. ക്രൈസ്തവ വിശ്വാസത്തെയും കത്തോലിക്കാ സഭയെയും അങ്ങേയറ്റം അവഹേളിക്കുന്ന ചിത്രീകരണം. 2013ൽ ചിത്രീകരണം പൂർത്തിയാക്കി സെൻസർ ബോർഡിന്റെ അനുമതിക്കായി സമർപ്പിക്കപ്പെട്ട ‘പിതാവിനും പുത്രനും’ എന്ന ചിത്രത്തിന്റെ ഉള്ളടക്കം, മനസ്സിൽ നന്മയുള്ള സകലരെയും വേദനിപ്പിക്കുന്നതായിരുന്നു. സെൻസർ ബോർഡ് കേരള ഘടകവും, റിവിഷൻ കമ്മിറ്റിയും, അപ്പലേറ്റ് ട്രൈബ്യൂണലും തള്ളിയതോടെ ആ സിനിമ നിരോധിത സിനിമകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടു. ക്രൈസ്തവർക്കും സന്യസ്തർക്കും എതിരായ ദുഷ്പ്രചരണങ്ങൾ മാത്രം ലക്ഷ്യംവച്ച് നിർമ്മിച്ച ആ സിനിമ ഏതുവിധേനയും പൊതുസമൂഹത്തിലേയ്ക്ക് എത്തിക്കാൻ കിണഞ്ഞു പരിശ്രമിച്ച പിന്നണി പ്രവർത്തകർ തങ്ങളുടെ സ്വാധീനശക്തി ഉപയോഗിച്ചാണ് വീണ്ടും ഈ സിനിമ പ്രദർശിപ്പിക്കാൻ ഒരുങ്ങിയത്.

2020ൽ, മറ്റൊരു ചിത്രം എന്ന വ്യാജേന പേരുമാറ്റി വീണ്ടും സെൻസർ ബോർഡിന് മുന്നിൽ സമർപ്പിക്കുകയും സെൻസർ ബോർഡ് അംഗങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്താണ് സർട്ടിഫിക്കേറ്റ് കരസ്ഥമാക്കിയത് എന്നാണ് ലഭ്യമായ വിവരം. OTT റിലീസിനോട് അനുബന്ധിച്ച് പത്രങ്ങൾക്ക് നൽകിയ വാർത്തയിൽ അപ്പലേറ്റ് ട്രൈബ്യൂണലിൽ നിന്ന് ആവശ്യപ്പെട്ടതനുസരിച്ച് പേര് മാറ്റിയതോടെയാണ് തങ്ങൾക്ക് സർട്ടിഫിക്കേറ്റ് ലഭിച്ചതെന്ന് അവർ വ്യാജ അവകാശവാദം ഉന്നയിച്ചിരുന്നു.

2013ൽ ചിത്രം പ്രദർശിപ്പിക്കാൻ അനുമതി ലഭിക്കില്ലെന്ന് വ്യക്തമായതോടെ ഒരു മലയാളം വാരികയിൽ സിനിമയുടെ മുഴുവൻ തിരക്കഥയും പിന്നണി പ്രവർത്തകർ പ്രസിദ്ധപ്പെടുത്തിയിരുന്നു. അത്തരത്തിൽ തിരക്കഥ വായിക്കാൻ കഴിഞ്ഞപ്പോഴാണ് ഈ സിനിമയുടെ പിന്നണി പ്രവർത്തകർ ലക്ഷ്യംവച്ചത് എന്താണെന്ന് ഏറെപ്പേർക്കും മനസിലാക്കാനായത്. ലോകമെമ്പാടും എണ്ണമറ്റ സേവന പ്രവർത്തനങ്ങളിൽ നിസ്വാർത്ഥമായി മുഴുകിയിരിക്കുന്ന ലക്ഷക്കണക്കിന് വരുന്ന ക്രൈസ്തവ സന്യാസിനിമാരുടെ ആത്മാഭിമാനത്തെ നിഷ്കരുണം ചോദ്യം ചെയ്യുന്നതായിരുന്നു അതിലെ ആഖ്യാനങ്ങൾ എന്ന് വ്യക്തമായതോടെ ഒട്ടേറെപ്പേർ ആ സിനിമയ്ക്കും, അതിന്റെ തിരക്കഥ പ്രസിദ്ധപ്പെടുത്തിയ വാരികയ്ക്കും എതിരായി രംഗത്ത് വരികയുണ്ടായിരുന്നു.

ഈ ചലച്ചിത്രം പുതിയപേരിൽ വീണ്ടും റിലീസിന് ഒരുങ്ങുന്നു എന്ന വാർത്തയ്ക്കൊപ്പം, സന്യസ്തരെയും ക്രൈസ്തവ വിശ്വാസത്തെയും അവഹേളിക്കുന്ന വിധത്തിലുള്ള അതിന്റെ ട്രെയ്‌ലറും പ്രചരിച്ചതോടെ കത്തോലിക്കാ സന്യാസിനിമാരുടെ ഓൺലൈൻ കൂട്ടായ്മയായ ‘വോയ്സ് ഓഫ് നൺസ്‘ നിയമപരമായി നീങ്ങാൻ തീരുമാനിക്കുകയായിരുന്നു. റിട്ട് പെറ്റിഷൻ പരിഗണിച്ച ഹൈക്കോടതി മെയ് പതിനാലിന് OTT റിലീസ് പ്രഖ്യാപിച്ചിരുന്ന ‘അക്കോറിയം‘ എന്ന സിനിമയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പത്തു ദിവസത്തേയ്ക്ക് സ്റ്റേ ചെയ്തു. സന്യാസിനിമാർക്കുവേണ്ടി കേരള ഹൈക്കോടതിയിലെ അഭിഭാഷകരായ അഡ്വ. ജോർജ്ജ് പൂന്തോട്ടം, അഡ്വ. ജോൺ വർഗീസ് എന്നിവർ ഹാജരായി.


www.malankaralibrary.com

# കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സിറോ മലബാർ സഭയുടെ നേതൃത്വശുശ്രൂഷയിൽ ഒരു ദശാബ്ദം പൂർത്തിയാക്കുന്നു

മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സീറോമലബാർസഭയുടെ അമരക്കാരനായി സ്ഥാനമേറ്റെടുത്തിട്ട് 2021 മെയ് 29 ന് പത്ത് വർഷം പൂർത്തിയായി. അഭിവന്ദ്യ കർദിനാൾ മാർ വർക്കി വിതയത്തിലിന്റെ ദേഹ വിയോഗത്തെ തുടർന്നു സമ്മേളിച്ച മെത്രാൻ സിനഡാണ് അന്നു തക്കല രൂപതയുടെ മെത്രാനായിരുന്ന മാർ ജോർജ് ആലഞ്ചേരിയെ സീറോമലബാർസഭയുടെ തലവനും പിതാവുമായി 2011 മെയ് 14ാം തീയതി തെരഞ്ഞെടുത്തത്. 2011 മെയ് 29ന് സിനഡ് പിതാക്കന്മാരുടെയും ഭാരതത്തിലെ വത്തിക്കാൻ പ്രതിനിധിയുടെയും മേലധ്യക്ഷന്മാരുടെയും സാന്നിധ്യത്തിൽ എറണാകുളംഅങ്കമാലി അതിരൂപതയുടെ കത്തീഡ്രൽ ബസിലിക്കയിൽ നടന്ന തിരുക്കർമങ്ങൾക്കിടയിൽ മാർ ജോർജ് ആലഞ്ചേരി സഭയുടെ മൂന്നാമത്തെ മേജർ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റെടുത്തു.

മാർ ജോർജ് ആലഞ്ചേരി സ്ഥാനമേറ്റടുത്തതോടെ സീറോമലബാർസഭയ്ക്കു ഒരു പുതിയ ഉണർവും ഉന്മേഷവും കൈവന്നു. ഷംഷാബാദ്, ഹോസൂർ രൂപതകളുടെ സ്ഥാപനത്തോടെ ഭാരതം മുഴുവനിലും അജപാലനശുശ്രൂഷ ചെയ്യുവാനുള്ള സാ




www.malankaralibrary.com

ധ്യത സീറോമലബാർ സഭയ്ക്ക് പരിശുദ്ധ പിതാവ് നൽകി. സഭയുടെ ദീർഘനാളായുള്ള ആവശ്യമാണ് ഇതോടെ അനുവദിക്കപ്പെട്ടത്. അതുപോലെതന്നെ ഫരീദാബാദ്, മെൽബൺ, മിസ്സിസാഗ, ഗ്രേറ്റ് ബ്രിട്ടൻ എന്നീ രൂപതകളുടെ സ്ഥാപനവും, യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്ററുടെ നിയമനവും സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ വിപുലപ്പെടുത്തി. ആഗോളസഭയുടെ കേന്ദ്രമായ റോമിൽ സീറോമലബാർസഭയ്ക്ക് സ്വന്തമായി ഒരു ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലും പിതാവിന്റെ നേതൃത്വം നിർണ്ണായകമായിരുന്നു. ആസ്ട്രേലിയായിൽ മാത്രമൊതുങ്ങിനിന്നിരുന്ന മെൽബൺ രൂപതയുടെ അധികാരപരിധി ഓഷ്യാനിയ ഭൂഖണ്ഡം മുഴുവനിലേയ്ക്കും വ്യാപിപ്പിച്ചുകൊണ്ടു 2021 മാർച്ച് 21ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഉത്തരവായതും സീറോമലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്. പ്രേഷിതാഭിമുഖ്യത്തിന് ഉതകുന്ന അജപാലനസൗകര്യങ്ങളുടെ വർദ്ധനവോടെ സീറോമലബാർസഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനും കാര്യക്ഷമമാക്കാനും സാധിച്ചതിലും അഭിവന്ദ്യ പിതാവിന്റെ ശ്രദ്ധയും താൽപര്യവും ഏറെ പ്രകടമാണ്.



സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് എന്ന നിലയിൽ, 35 രൂപതകളിലും അതിനുപുറത്തുമായി ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ഏകദേശം 50 ലക്ഷം സീറോമലബാർ കത്തോലിക്കരുടെ നേതൃത്വശുശ്രൂഷ നിർവഹിക്കുന്ന പിതാവ് എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തകൂടിയാണ്. അതോടൊപ്പം, കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ പ്രസിഡണ്ട്, എക്യുമെനിക്കൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കേരളത്തിലെ ഇന്റർ ചർച്ച് കൗൺസിൽ പ്രസിഡണ്ട് എന്നീ ഉത്തരവാദിത്വങ്ങളും പിതാവിൽ നിക്ഷിപ്തമാണ്. സഭയിലെ വൈദിക പരിശീലകേന്ദ്രങ്ങളോടനുബന്ധിച്ചുള്ള ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം പൗരസ്ത്യ വിദ്യാപീഠം, ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രം എന്നിവയുടെ ചാൻസലർ പദവിയും പിതാവാണ് വഹിക്കുന്നത്.

സാർവ്വത്രിക സഭയിൽ മാർപാപ്പയെ തെരഞ്ഞെടുക്കാൻ വോട്ടവകാശമുള്ള 115 കർദിനാൾമാരിൽ ഒരാളാണ് ആലഞ്ചേരി പിതാവ്. കർദിനാളെന്ന നിലയിൽ അഭിവന്ദ്യ പിതാവ് പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിലും വിശ്വാസ തിരുസംഘകാര്യാലയത്തിലും ക്രൈസ്തവ കൂട്ടായ്മയെ പരിപോഷിപ്പിക്കാനുള്ള പൊന്തിഫിക്കൽ കൗൺസിലിലും മതബോധനത്തിനുവേണ്ടിയുള്ള അന്താരാഷ്ട്ര കൗൺസിലിലും അംഗമാണ്.

പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ലെയണാർഡോ സാന്ദ്രിയും സെക്രട്ടറി ആർച്ച്ബിഷപ് ജോർജോ ഗല്ലാറോയും ഇന്ത്യയുടെ നിയുക്ത വത്തിക്കാൻ പ്രതിനിധി ആർച്ച്ബിഷപ് ലെയോപോൾദോ ജിറേല്ലിയും സീറോമലബാർ സഭയുടെ തലവന് ആശംസകൾ നേർന്നു.


www.malankaralibrary.com

# കേരള കത്തോലിക്കാ സഭയുടെ (കെസിബിസി) പുനർരൂപകൽപ്പന ചെയ്ത വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു.

കേരള കത്തോലിക്കാ സഭയുടെ (കെസിബിസി) പുനർരൂപകൽപ്പന ചെയ്ത വെബ്സൈറ്റ് https://kcbc.co.in/ ഉദ്ഘാടനം സഭാ ആസ്ഥാനമായ പിഒസി യിൽ വച്ച് നടന്ന ലളിതമായ ചടങ്ങിൽ നിർവഹിച്ചു. കേരള കത്തോലിക്കാ സഭാ രേഖകളുടെ ഔദ്യോഗിക വിവർത്തകനും പിഒസി പബ്ലിക്കേഷൻ ജനറൽ എഡിറ്ററും ആയ വെരി റവ. മോൺസിഞ്ഞോർ ഡോ. ജോർജ്ജ് കുരുക്കൂർ വെബ്സൈറ്റ് കേരള കത്തോലിക്കാ സഭാ സമൂഹത്തിന് സമർപ്പിച്ചു. കെസിബിസി ഡെപ്യൂട്ടി ജനറൽ സെക്രട്ടറി റെവ. ഫാ. ജേക്കബ് ജി പാലക്കാപ്പിള്ളി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കെസിബിസി യുടെ വിവിധ കമ്മീഷനുകളുടെ സെക്രട്ടറിമാരും പിഒസി റസിഡൻറ് സ്റ്റാഫുകളും വെബ്സൈറ്റ് പുനർരൂപകൽപ്പന ചെയ്ത ട്രയംഫ് ഐടി സൊല്യൂഷൻസ് മാനേജിങ് ഡയറക്ടർ ജോമോൻ ജോ പരവേലിൽ മുതലായവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

പുനർരൂപകൽപ്പന ചെയ്ത വെബ്സൈറ്റിൽ കേരളത്തിലെ 32 രൂപതകളെ സംബന്ധിച്ചു വിശദമായ കാര്യങ്ങൾ, കേരളത്തിലെ കത്തോലിക്കാ തീർത്ഥാടന കേന്ദ്രങ്ങൾ, കേരളത്തിൽ നിന്നുള്ള വിശുദ്ധർ, രൂപതാ സ്ഥാപനങ്ങൾ, കേരള മെത്രാൻ സമിതിയിലും കേരളത്തിൽ നിന്ന് മറ്റു സ്ഥലങ്ങളിൽ സേവനം ചെയ്യുന്ന മെത്രാന്മാർ ആഗോള കത്തോലിക്കാ റീത്തുകൾ തുടങ്ങി വിപുലമായ വിവരങ്ങൾ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്നു.





www.malankaralibrary.com

# കൊറോണ വ്യാപനം

## കത്തോലിക്കാ വിശ്വാസത്തിന് വെല്ലുവിളിയോ?

വിനോദ് നെല്ലയ്ക്കൽ

കോവിഡ് രോഗബാധ ലോകരാജ്യങ്ങളെ മുഴുവൻ മുൾമുനയിൽ നിർത്തി രണ്ടാം വർഷത്തിലേക്ക് പ്രവേശിച്ച് ഏതാനും മാസങ്ങൾ പിന്നിടുമ്പോഴും വൈറസ് എന്നത് ഒരു മിഥ്യയാണെന്നു കരുതുന്നവർ നമുക്കിടയിലുണ്ട്. കേരളം കാണുന്ന ആദ്യ വൈറസ് രോഗബാധ കോവിഡ് 19 അല്ലെങ്കിലും, അത്തരത്തിൽ അവർ ചിന്തിക്കുന്നതിന് പിന്നിൽ അവരുടേതായ കാരണങ്ങളുണ്ടാകാം. എന്തുതന്നെയായാലും അതിജീവനത്തെക്കുറിച്ച് ആശങ്കയുള്ള ഭൂരിപക്ഷം വരുന്ന സാധാരണക്കാർക്കും ആരോഗ്യ വിദഗ്ധർക്കും ഈ വൈറസ് രോഗബാധ വലിയ ഭീതിയാണ് സമ്മാനിച്ചിരിക്കുന്നത്. മുൻകാലങ്ങളിൽ വൈറസിന്റെ അസ്തിത്വത്തെക്കുറിച്ച് സംശയമുന്നയിച്ചിരുന്ന പലരും ഇന്ന് താൽക്കാലികമായെങ്കിലും നിശ്ശബ്ദരായിട്ടുണ്ടെങ്കിലും മറ്റു ചില 'ചിന്തകർ' ഇക്കാലഘട്ടത്തിൽ ഉദയം ചെയ്തിട്ടുണ്ട്. ശാസ്ത്രത്തിന്റെ മികവിൽ ഊറ്റം കൊണ്ട് ദൈവത്തിന്റെ അസ്തിത്വത്തെയും കത്തോലിക്കാ സഭയുടെ നിലപാടുകളെയും ദൈവവിശ്വാസത്തെത്തന്നെയും ചോദ്യം ചെയ്യുന്നവരാണ് അവർ. മനുഷ്യന് താങ്ങായി ശാസ്ത്രം മാത്രമേ എന്നും ഉണ്ടാകൂ എന്നും, ദൈവം എന്നുള്ളത് ചിലരുടെ സങ്കല്പം മാത്രമാണെന്നും ഈ മഹാമാരിയുടെ കാലത്തും അത്തരക്കാർ നിരന്തരം വാദിച്ചുകൊണ്ടിരിക്കുന്നു.

'പ്രാർത്ഥനകളല്ല മരുന്നും മനുഷ്യപ്രയത്നങ്ങളുമാണ് ഈ മഹാമാരിയുടെ കാലത്ത് മനുഷ്യന് സഹായകമായത്, ദേവാലയങ്ങൾ പോലും അടച്ചിടേണ്ടിവന്നത് ദൈവത്തിന്റെ കഴിവുകേടാണ് വെളിപ്പെടുത്തുന്നത്' എന്നിങ്ങനെയാണ് ഇക്കൂട്ടരുടെ വാദം. പ്രാർത്ഥനകൾ കൊണ്ട് വൈറസ് രോഗബാധ നിയന്ത്രിക്കാനായില്ല ധ്യാനങ്ങൾ കൂടിയതുകൊണ്ടും പ്രാർത്ഥിച്ചതുകൊണ്ടും ആരുടേയും രോഗം മാറിയില്ല. വലിയ അത്ഭുതങ്ങൾ നടന്നിരുന്ന ധ്യാനകേന്ദ്രങ്ങൾ വരെ പൂട്ടിയിടേണ്ടി വന്നു. എന്നിങ്ങനെ, ആരോപണങ്ങളുടെയും അവഹേളന വചസ്സുകളുടെയും നിര നീളുകയാണ്. രോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രാർത്ഥനകൾ ആവശ്യപ്പെടുന്നതിനെ പോലും പരിഹാസത്തോടെയും പുച്ഛത്തോടെയും വിലയിരുത്തുന്ന ചിലരുടെ സാന്നിദ്ധ്യം സമൂഹമാധ്യമങ്ങളിലും പതിവാണ്. ലോകം മുഴുവൻ ആശങ്കയിൽ അകപ്പെട്ടിരിക്കുന്ന സാഹചര്യത്തിലും തങ്ങളുടെ ഉള്ളിൽ തിങ്ങി നിറഞ്ഞുനിൽക്കുന്ന നിരീശ്വര ചിന്തകളെയും ദൈവ നിഷേധത്തെയും കെട്ടഴിച്ചുവിടുന്നതിൽ സന്തോഷം കണ്ടെത്തുന്നവരാണ് ഇവർ.

കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ ശാസ്ത്രത്തിന്റെ പേരുപറഞ്ഞ് ദൈവനിഷേധം പ്രചരിപ്പിക്കുന്നവർ ആദ്യം മനസിലാക്കേണ്ടത്, ഈ വൈറസിനെ കീഴടക്കാൻ ഇനിയും വൈദ്യശാസ്ത്രത്തിന് കഴിഞ്ഞിട്ടില്ല എന്ന വാസ്തവമാണ്. മനുഷ്യന്റെ അന്വേഷണ ത്വരയുടെയും, നിരീക്ഷണ പാടവത്തിന്റെയും, കഠിനാധ്വാനത്തിന്റെയും ഫലമാണ് വിവിധങ്ങളായ ശാസ്ത്രീയ നേട്ടങ്ങൾ. അത്തരം നിരവധിയായ നേട്ടങ്ങളെ വിലമതിക്കുമ്പോൾ തന്നെ ശാസ്ത്രത്തിന്റെ വിശാലവീഥിയിലൂടെയുള്ള മനുഷ്യന്റെ യാത്ര എങ്ങുമെത്തിയിട്ടില്ല എന്ന ഓർമ്മപ്പെടുത്തലും ഇത്തരം അനുഭവങ്ങൾ ചിന്താശേഷിയുള്ള മനുഷ്യർക്ക് സമ്മാനിക്കുന്നുണ്ട്. ശാസ്ത്രംകൊണ്ടു മാത്രം ഇന്നുവരെയും മനുഷ്യന് പൂർണ്ണമായി ഒന്നും നേടാൻ കഴിഞ്ഞിട്ടില്ല എന്നത് മുൻവിധികളില്ലാതെ ശാസ്ത്രത്തെ സമീപിക്കുന്ന എല്ലാവർക്കും മനസിലാക്കാൻ കഴിയുന്ന കാര്യമാണ്.

കേവലം ശാസ്ത്രനിരീക്ഷണവും, ശാസ്ത്ര വിഷയങ്ങളിലുള്ള ഉപരിപ്ലവമായ


www.malankaralibrary.com

അറിവും കൈമുതലാക്കി വച്ചുകൊണ്ട് നിരീശ്വരവാദം പ്രസംഗിക്കുന്നവർ മനസിലാക്കേണ്ട ഒരു കാര്യം, ലോകപ്രശസ്തരായ നിരവധി ശാസ്ത്രജ്ഞർ ഉറച്ച ദൈവവിശ്വാസികളായി എക്കാലവും ഉണ്ട് എന്നുള്ളതാണ്. അതിന് ജീവിച്ചിരിക്കുന്നതും ഇക്കാലഘട്ടത്തിൽ ഏറ്റവും പ്രസക്തമായതുമായ ഒരു ഉദാഹരണമാണ്, അമേരിക്കയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിന്റെ ഡയറക്ടറായ ഫ്രാൻസിസ് കോളിൻസ്. ജീവശാസ്ത്ര ഗവേഷണ ചരിത്രത്തിൽ നിർണ്ണായക സ്ഥാനമുള്ള ഹ്യൂമൻ ജീനോം പ്രോജക്ടിന്റെ ഡയറക്ടർ കൂടിയായിരുന്നു അദ്ദേഹം. യൗവന കാലഘട്ടത്തിൽ ഈശ്വര നിഷേധിയായി ജീവിച്ച അദ്ദേഹത്തെ പിൽക്കാലത്ത് തികഞ്ഞ ദൈവവിശ്വാസിയാക്കി മാറ്റിയത് അദ്ദേഹത്തിന്റെ ഗവേഷണങ്ങളും നിരീക്ഷണങ്ങളും തന്നെയാണ്.

ഈ സാഹചര്യത്തിൽ എടുത്തുപറയേണ്ട മറ്റൊരു പേരാണ്, ലോക പ്രശസ്ത ശാസ്ത്രജ്ഞനായ ലൂയി പാസ്ചറുടേത്. പേവിഷബാധയ്ക്കും, അന്ത്രാക്സിനും വാക്സിൻ വികസിപ്പിക്കുക മാത്രമല്ല, വാക്സിനേഷൻ എന്ന ചികിത്സാ രീതിക്ക് അടിത്തറയിടുക കൂടി ചെയ്ത് പിൽക്കാലത്ത് ഈ രംഗത്തേയ്ക്ക് കടന്നുവന്ന എല്ലാ ശാസ്ത്രജ്ഞർക്കും വഴികാട്ടിയായി മാറുക കൂടി ചെയ്ത അദ്ദേഹം ഒരു തികഞ്ഞ കത്തോലിക്കാ വിശ്വാസിയായിരുന്നു. ഒരു കാലം വരെ മനുഷ്യന് ഏറ്റവും വലിയ തലവേദന സൃഷ്ടിച്ച പേവിഷബാധയ്ക്ക് പരിഹാരം കണ്ടെത്തിയ അദ്ദേഹത്തിന് എങ്ങനെയാണ് ഒരു നല്ല ദൈവവിശ്വാസിയായി ജീവിക്കാൻ കഴിഞ്ഞത് എന്ന് ഇക്കാലഘട്ടത്തിലെ 'ശാസ്ത്രവാദികളായ' ദൈവനിഷേധികൾ വിചിന്തനം ചെയ്യേണ്ടതുണ്ട്.




കോവിഡ് രോഗബാധയല്ല ലോകം കണ്ട ഏറ്റവും വലിയ മഹാമാരി. ഇതിലും വലുതും ഭീകരവുമായ രോഗബാധകൾ മുമ്പും ഉണ്ടായിട്ടുണ്ട്. നൂറുവർഷങ്ങൾക്ക് മുമ്പ് ലോകത്തെ കീഴടക്കിയ സ്പാനിഷ് ഫ്ളൂ എന്ന മഹാമാരി രണ്ടു വർഷങ്ങൾ കൊണ്ട് പത്തുകോടി വരെ ആൾക്കാരെ കൊന്നൊടുക്കിയിട്ടുണ്ടാവാം എന്നാണ് നിഗമനം (കൃത്യമായ കണക്കുകൾ ലഭ്യമല്ല). കോവിഡ് രോഗബാധ മൂലം ഇതുവരെ മുപ്പത് ലക്ഷത്തോളം ആളുകൾ മരണപ്പെട്ടതായാണ് കണക്കുകൾ. വസൂരി, കോളറ പോലുള്ള കൂടുതൽ ഭീകരമായ രോഗബാധകൾ കേരളജനതയും മുമ്പ് പരിചയിച്ചിട്ടുള്ളതാണ്. സിയറ ലിയോൺ മുതലായ ചില ആഫ്രിക്കൻ രാജ്യങ്ങളെ ഭീതിയിലാഴ്ത്തിയ എബോള വൈറസും, കേരളത്തെ അമ്പരപ്പിച്ച നിപ്പ വൈറസുമെല്ലാം കൊറോണ വൈറസിനേക്കാൾ


www.malankaralibrary.com

അപകടകാരികളായിരുന്നു.

ഇത്തരം നിരവധി മാരകമായ രോഗസാഹചര്യങ്ങളും അപകട ഘട്ടങ്ങളും കടന്നാണ് ദൈവവിശ്വാസം ഈ കാല ഘട്ടത്തിലും ബഹുഭൂരിപക്ഷം മനുഷ്യർക്കുമുള്ളിൽ പൂർവ്വാധികം ശക്തിപ്രാപിച്ചു നിൽക്കുന്നത്. രോഗങ്ങളും, അപകടങ്ങളും, അപ്രതീക്ഷിത മരണവും തുടങ്ങിയവയൊന്നും ഒരു യഥാർത്ഥ ദൈവ വിശ്വാസിയുടെ വിശ്വാസത്തിന് പ്രതിബന്ധങ്ങളല്ല എന്നതാണ് വാസ്തവം. കോവിഡ് രോഗബാധ ദൈവ വിശ്വാസികളായ ആരുടേയും ബോധ്യങ്ങളെ നിഷേധാത്മകമായി സ്വാധീനിച്ചിട്ടില്ല. മറിച്ച്, അനേകരുടെ ദൈവവിശ്വാസത്തെ ഉറപ്പിക്കാൻ ഈ കാലഘട്ടത്തിലെ ഇത്തരം പ്രതിസന്ധികൾക്ക് കഴിഞ്ഞിട്ടുമുണ്ട്.







രോഗങ്ങളുടെയും ശാസ്ത്രത്തിന്റെയും പേരുപറഞ്ഞ് ദൈവ വിശ്വാസത്തെ ചവിട്ടിത്തേയ്ക്കാൻ ശ്രമിക്കുന്നവർക്ക്, ദൈവവിശ്വാസം എന്താണെന്ന് മനസിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് മാത്രമാണ് കാര്യം. ചിലർ കരുതുന്നതുപോലെ, 'യുക്തിയില്ലാത്തവർക്ക് പറഞ്ഞിട്ടുള്ള ഒന്നോ', 'ധൈര്യമില്ലാത്തവർക്ക് ചാരി നിൽക്കാനുള്ളതോ', 'ജീവിതത്തിലെ ദു?ഖ ദുരിതങ്ങൾ നീക്കാനുള്ള കുറുക്കുവഴിയോ' അല്ല ദൈവവിശ്വാസം. അത് ജീവിതത്തിന് ലക്ഷ്യബോധവും ദിശാബോധവും നൽകുന്നതും, നന്മയുടെയും സന്തോഷത്തിന്റെയും ഉറപ്പുള്ള ദിനരാത്രങ്ങൾ ശാശ്വതമായി സമ്മാനിക്കുന്നതും, മനുഷ്യജന്മത്തിന് അർത്ഥം തന്നെ നൽകുന്നതുമായ ബോധ്യങ്ങളുടെ ആകെത്തുകയാണ്. ദുരന്തങ്ങളിലും ദുരിതങ്ങളിലും മഹാമാരികളിലും തുടങ്ങി മരണത്തെ മുഖാമുഖം കാണുമ്പോൾ വരെ ഇളക്കമില്ലാത്ത പ്രത്യാശ സമ്മാനിക്കാൻ കഴിഞ്ഞിട്ടുള്ളത് മനുഷ്യചരിത്രത്തിൽ ദൈവവിശ്വാസത്തിന് മാത്രമാണ്. വേദനകളെയും ദു?ഖങ്ങളെയും തള്ളിമാറ്റാനല്ല സ്വീകരിക്കാനാണ് ദൈവവിശ്വാസം ഒരാളെ പ്രാപ്തനാക്കുന്നത്.

ശാസ്ത്രത്തെയും, രോഗങ്ങളെയും, അത്ഭുതങ്ങളെയും കുറിച്ചുള്ള കത്തോലിക്കാ സഭയുടെ നിലപാടുകളെക്കുറിച്ചുകൂടി സൂചിപ്പിക്കാതെ ഈ കുറിപ്പ് പൂർണ്ണമാകില്ല. ആധുനിക ശാസ്ത്രത്തിന്റെ ചരിത്രം പരിശോധിച്ചാൽ, ശാസ്ത്രരംഗത്ത് ഏറ്റവുമധികം സംഭാവന നൽകിക്കൊണ്ടിരിക്കുന്ന ഒരു മതവിഭാഗം ഏതാണെന്നു ചോദിച്ചാൽ കത്തോലിക്കാ സഭ എന്നായിരിക്കും ഉത്തരം. ബിഗ്ബാങ് തിയറി ലോകത്തിന് മുന്നിൽ അവതരിപ്പിച്ച ഭൗതിക ശാസ്ത്രജ്ഞനായ ജോർജസ് ലെമൈത്രെ, ജനിതക ശാസ്ത്രത്തിന് അടിത്തറ പാകിയ ഗ്രെഗർ മെൻഡൽ തുടങ്ങിയവർ കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ ശാസ്ത്രത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച കത്തോലിക്കാ വൈദികർ കൂടിയായ ശാസ്ത്രജ്ഞർക്ക് ഉദാഹരണങ്ങളാണ്. ഇക്കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന പ്രഗത്ഭ ശാസ്ത്രജ്ഞരിൽ വൈദികരും, അടിയുറച്ച ദൈവവിശ്വാസികളും അനവധിയുണ്ട്. നിരവധി വൈദികർ പോലും ശാസ്ത്ര ഗവേഷണങ്ങളിൽ സജീവമായിരിക്കുന്നത് കത്തോലിക്കാ സഭയ്ക്ക് വിവിധ ശാസ്ത്ര വിഷയങ്ങളോടുള്ള തുറന്ന സമീപനത്തിന് ഉദാഹരണമാണ്.

വ്യക്തികൾക്കപ്പുറം,


www.malankaralibrary.com

ഗവേഷണ സ്ഥാപനങ്ങൾ, സയൻസ് യൂണിവേഴ്സിറ്റികൾ, മെഡിക്കൽ കോളേജുകൾ, ആരോഗ്യ രംഗത്ത് സമാനതകളില്ലാത്ത ഇടപെടലുകൾ നടത്തുന്ന എണ്ണമറ്റ സ്ഥാപനങ്ങൾ തുടങ്ങിയവ കത്തോലിക്കാ സഭയുടേതായുണ്ട്. ഇന്ത്യയിലും, ക്രൈസ്തവരുടെ ശതമാനത്തേക്കാൾ ആനുപാതികമായി എത്രയോ അധികമാണ് ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിലുള്ള സഭയുടെ സ്ഥാപനങ്ങൾ? എല്ലാത്തിനും ഉപരിയായി, ലോകത്തിലേയ്ക്കും വച്ച് ഏറ്റവും വലുതും ഏറ്റവുമധികം പ്രഗത്ഭ ശാസ്ത്രജ്ഞരെ ഉൾക്കൊള്ളുന്നതുമായ സയൻസ് അക്കാദമിയാണ് വത്തിക്കാൻ കേന്ദ്രീകരിച്ചുള്ള 'പൊന്തിഫിക്കൽ അക്കാദമി ഓഫ് സയൻസസ്'. നൂറ്റാണ്ടുകളുടെ ചരിത്രമുള്ള ഈ അക്കാദമിയിൽ കാലാകാലങ്ങളായി പ്രഗത്ഭരായ ഇന്ത്യൻ ശാസ്ത്രജ്ഞർ ഉൾപ്പെടെയുള്ളവർ അംഗങ്ങളാണ്. ശാസ്ത്രത്തെയും ശാസ്ത്രീയ ഗവേഷണങ്ങളെയും ഇത്രമാത്രം ഗൗരവമായി സമീപിക്കുകയും അതിനൊപ്പം സഞ്ചരിക്കുകയും ശരിയായ പഠനങ്ങളുടെ മാത്രം വെളിച്ചത്തിൽ ഓരോ വിഷയങ്ങളിലുമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്ന, ശാസ്ത്രത്തെയും ശാസ്ത്രജ്ഞരെയും അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുന്ന കത്തോലിക്കാ സഭയുടെ വിശ്വാസത്തെ അതേ ശാസ്ത്രത്തിന്റെ പേരിൽ ചോദ്യം ചെയ്യാൻ ശ്രമിക്കുന്നത് തികഞ്ഞ വിരോധാഭാസമാണ്.

'ദൈവം മാന്ത്രികവടി കയ്യിലേന്തിയ ഒരു മജീഷ്യനല്ല' എന്ന ഫ്രാൻസിസ് പാപ്പയുടെ വാക്കുകൾ വലിയ കോളിളക്കങ്ങൾ സൃഷ്ടിച്ചതാണ്. ഒരിക്കൽ പൊന്തിഫിക്കൽ അക്കാദമി ഓഫ് സയൻസസിനെ അഭിസംബോധന ചെയ്ത് പാപ്പ നടത്തിയ പ്രസംഗത്തിലെ വാക്കുകളാണ് ഇവ. ലോക സൃഷ്ടിയുമായി ബന്ധപ്പെട്ടുള്ള ചില അപക്വമായ മനോഭാവങ്ങളെ കത്തോലിക്കാ സഭയുടെ പഠനങ്ങളുടെ വെളിച്ചത്തിൽ തിരുത്തുകയായിരുന്നു അന്ന് പാപ്പ ചെയ്തത്. ദൈവത്തിന്റെ ഇടപെടലുകൾ എപ്രകാരമാണ് ഈ പ്രപഞ്ചത്തിലും, മനുഷ്യന്റെ ജീവിതത്തിലും സംഭവിക്കുക എന്നുള്ളതിനെക്കുറിച്ച് വളരെ കൃത്യമായ കാഴ്ചപ്പാടുകൾ കത്തോലിക്കാ സഭയ്ക്കുണ്ട്. താൽക്കാലികമായി ലോകത്തിൽ സംഭവിക്കുന്ന ചില മാറ്റങ്ങളുടെയോ, രോഗബാധകളുടെയോ പശ്ചാത്തലത്തിൽ ഇളക്കം തട്ടുന്നവയല്ല അത്. കത്തോലിക്കാ സഭയെയും, ദൈവവിശ്വാസത്തെയും, അതിന്റെ മഹത്വത്തെയും തിരിച്ചറിയണമെങ്കിൽ ഉപരിപ്ലവമായ നിരീക്ഷണങ്ങളല്ല, ആഴമുള്ള പഠനങ്ങളാണ് ആവശ്യം.

ഒരുകാര്യം നിശ്ചയം, ഈ കോവിഡ് കാലത്ത് ദൈവവിശ്വാസത്തിനോ കത്തോലിക്കാ സഭയുടെ വിശ്വാസ പാരമ്പര്യങ്ങൾക്കോ പ്രബോധനങ്ങൾക്കോ മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ല. ആരുടേയും വിശ്വാസം ക്ഷയിച്ചിട്ടുമില്ല. വരും കാലങ്ങളിൽ മാനവരാശിയെ



കാത്തിരിക്കുന്ന കൂടുതൽ കടുപ്പമുള്ള പരീക്ഷണങ്ങളെ നേരിടാൻ ശാസ്ത്രം ഇനിയും ഒരുപാട് വളരേണ്ടതുണ്ട് എന്ന ബോധ്യമാണ് കോവിഡ് അനുഭവം ലോകത്തിന് നൽകുന്നത്. അത്തരം ബോധ്യങ്ങളുമായി ഉറച്ച കാലടികളോടെ ശാസ്ത്രം മുന്നേറുക തന്നെ ചെയ്യും. അതിന് കത്തോലിക്കാ സഭയുടെയും ദൈവവിശ്വാസികളായ സകലരുടെയും പിന്തുണയും സഹകരണവും ഉണ്ടായിരിക്കുകയും ചെയ്യും.


www.malankaralibrary.com

## ക്രൈസ്തവ ഇസ്‌ലാമിക വിശ്വാസ വിഷയങ്ങൾ സംബന്ധിച്ച വിവാദങ്ങളുമായി ബന്ധപ്പെട്ട് സിറോമലബാർ സഭ വിശ്വാസപരിശീലന കമ്മീഷൻ പ്രസിദ്ധീകരിച്ച പ്രസ്താവന

**പ്രിയമുള്ളവരെ,**

ക്രൈസ്തവ ഇസ്‌ലാമിക വിശ്വാസങ്ങളിലെ ചില താരതമ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ വിവാദ വിഷയമാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ചില വിവാദങ്ങളിലെങ്കിലും സഭയുടെ മതപഠന ഗ്രന്ഥങ്ങളെ പ്രതിസ്ഥാനത്തുനിർത്തുന്ന പരാമർശങ്ങൾ കാണാൻ ഇടവന്നതിനാൽ സീറോമലബാർ സഭയുടെ മതബോധന കമ്മീഷൻ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്താൻ ആഗ്രഹിക്കുന്നു.

1. ഇതര മതവിശ്വാസങ്ങളെയും അവരുടെ ആചാരങ്ങളെയും ആദരവോടെ വിലയിരുത്തുന്നതിൽ ക്രൈസ്തവർക്കു വീഴ്ചവരാൻ പാടില്ല എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചിന്തയാണ് നമ്മുടെ പ്രബോധനങ്ങൾക്ക് വഴി വിളക്കാവുന്നത്. അനാവശ്യമായ താരതമ്യങ്ങളിലൂടെ ഇതരമതവിശ്വാസങ്ങളെ ഇകഴ്ത്തുന്ന എല്ലാ പ്രവണതകളിൽ നിന്നും ബോധപൂർവ്വം അകന്നുനിൽക്കണം. കാരണം, എല്ലാ മനുഷ്യരുടെയും സ്രഷ്ടാവും പരിപാലകനുമാണ് ദൈവം, ദൈവ പിതാവിന്റെ മക്കളെന്ന നിലയിൽ എല്ലാ മനുഷ്യരും നമുക്ക് സഹോദരങ്ങളാണ്.

2. ദൈവം ഒന്നേയുള്ളൂ. ആ ദൈവത്തിലാണ് എല്ലാ മതാനുയായികളും വിശ്വസിക്കുന്നത്. എന്നാൽ, ദൈവത്തെക്കുറിച്ചുള്ള അവബോധത്തിൽ വിവിധ മതങ്ങളുടെ പ്രബോധനങ്ങളിൽ വ്യതിരിക്തതകളുണ്ട്. പഴയ നിയമത്തിലെ യാഹ്‌വേയുമായി സാമ്യമുള്ള പല പരാമർശങ്ങളും ഖുറാനിലെ ദൈവമായ അള്ളായെക്കുറിച്ചും കാണാമെങ്കിലും ക്രിസ്ത്യാനികൾക്കും മുസ്‌ലീങ്ങൾക്കും ദൈവത്തെക്കുറിച്ചുള്ള ധാരണ ഒന്നാണെന്നു പറയുക സാധ്യമല്ല. ആ അർത്ഥത്തിൽ ഖുറാനിലെ ദൈവവും ബൈബിളിലെ ദൈവവും ഒന്നാണെന്ന പ്രസ്ഥാവ നയും ശരിയല്ല. സ്നേഹവും കരുതലും കരുണയുമുള്ള പിതാവായ ദൈവത്തെക്കുറിച്ച് അവിടുത്തെ പുത്രനായ ഈശോ നൽകിയ വെളിപ്പെടുത്തലുകൾക്ക് ഉപരിയായ മറ്റൊരു വെളിപാടും ക്രൈസ്തവ വിശ്വാസത്തിനു നിരക്കുന്നതല്ല.

3. ത്രിയേക ദൈവത്തിലെ രണ്ടാം ആളായ പുത്രൻ തമ്പുരാനായ ഈശോമിശിഹായും ഖുറാനിൽ പരാമർശിക്കുന്ന ഈസാ നബിയും തികച്ചും വ്യത്യസ്തരായ വ്യക്തികളാണ്. പുതിയ നിയമം എഴുതപ്പെട്ട് ആറുനൂറ്റാണ്ടുകൾക്കുശേഷം എഴുതപ്പെട്ട ഖുറാനിൽ ബൈബിളിലെ ഈശോ മിശിഹായുടെ ജനന വിവരണത്തിൽനിന്നുള്ള ചില പരാമർശങ്ങൾ ഈസാനബിയെക്കുറിച്ച് നൽകിയിട്ടുണ്ട്. എന്നാൽ, കേവലം ഒരു പ്രവാചകനായ ഈസായും ദൈവപുത്രനും ലോകരക്ഷകനുമായ ഈശോയും തമ്മിൽ സാമ്യത്തെക്കാൾ വ്യത്യാസമുണ്ട്. സ്നേഹത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി കുരിശിലേറി മരിച്ച് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്ന വനായ ക്രിസ്തുവിലാണ് ക്രൈസ്തവർ വിശ്വസിക്കുന്നത്. ആകാശത്തിനു കീഴിൽ മനുഷ്യനു വെളിപ്പെടുത്തപ്പെട്ട ഏകരക്ഷാമാർഗ്ഗം അവനാണ്. ക്രിസ്തുസംഭവത്തിലെ രക്ഷാകരര ഹസ്യങ്ങളൊന്നും മുസ്‌ലീങ്ങൾ വിശ്വസിക്കുന്നില്ല എന്നതിൽ നിന്നും ഈസാനബിയും ഈശോമിശിഹായും തമ്മിലുള്ള വ്യത്യാസം സ്പഷ്ടമാണ്.

4. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം ത്രിയേക ദൈവത്തിലുള്ള വിശ്വാസമാണ്. പരിശുദ്ധ ത്രിത്വത്തെ നിഷേധിക്കുന്ന ഇസ്‌ലാമിക വിശ്വാസം ക്രൈസതവവിശ്വാസത്തിൽ നി ന്ന് അടിസ്ഥാനപരമായി വ്യത്യസ്തമാണ്.


www.malankaralibrary.com

ഏകദൈവം എങ്ങനെ മൂന്ന് ആളുകളാകുന്നു. എന്ന ചോദ്യത്തിന് ക്രൈസ്തവ വിശ്വാസത്തിൽ വ്യക്തമായ ഉത്തരമുണ്ട്. ദൈവം തന്നെയായ ഈശോ ദൈവത്തെ ത്രീത്വമായി വെളിപ്പെടുത്തിയതിനാൽ ഈ വെളിപാട് സ്വീകരിച്ച് ഏറ്റുപറയുന്ന വരാണ് ക്രൈസ്തവർ. തിതവൈകമല്ലാത്ത ദൈവവിശ്വാസങ്ങൾക്ക് ക്രിസ്തീയത യുമായി ബന്ധമില്ല.

5. ഈശോയുടെ അമ്മയായ മറിയവും ഖുറാനിലെ ഈസാനബിയുടെ അമ്മയായ മിറിയാമും തമ്മിൽ പേരിലുള്ള സാമ്യം മാത്രമേയുള്ളൂ. പരിശുദ്ധമറി യം അമലോത്ഭവയും നിത്യകന്യകയും ദൈവമാതാവും സ്വർഗ്ഗാരോപിതയുമാണ്. ഈ സത്യങ്ങളൊന്നും ഖുറാനി ലെ മിറിയാമിനു ചേരുന്നതല്ല. അടിസ്ഥാനപര മായ വ്യത്യാസങ്ങളെ തമസ്കരിച്ചുകൊണ്ടു ള്ള അനാവശ്യ താദാത്മീകരണങ്ങൾ ക്രിസ്തീയ വിശ്വാസത്തിന്റെ തനിമയെ തകർക്കുന്നതാണ്.

6. യഹൂദക്രിസ്ത്യൻ ഇസ്ലാം മതങ്ങൾ സെമിറ്റിക് പാരമ്പര്യത്തിൽ രൂപം കൊണ്ടതും ഏക ദൈവവിശ്വാസത്തിലധിഷ്ഠിതവുമായ മൂന്നു ലോകമതങ്ങളാണ്. അതിനാൽ തന്നെ മതഗ്രന്ഥങ്ങളിലെ വിവരണങ്ങളിലും ആചാരാനുഷ്ഠാനങ്ങളി ലും ചില സാദൃശ്യങ്ങൾ സ്വാഭാവികമാണ്. എന്നാൽ പ്രസ്തുത സാദൃശ്യങ്ങളുടെ വെളിച്ചത്തിൽ മൂന്നു മതവിശ്വാസങ്ങളും ഒന്നാണെന്നു വരുത്താനുള്ള അനാ വശ്യ വ്യഗ്രതയിൽ ചില ദുരുദ്ദേശങ്ങൾ സംശയിച്ചാൽ കുറ്റം പറയാനാവില്ല. അനാവശ്യവും അടിസ്ഥാനരഹിതവുമായ ഇത്തരം താരതമ്യ പ്രസ്താവനകൾ പലപ്പോഴും ക്രൈസ്തവ വിശ്വാസത്തിന്റെ അനന്യതയെ അപകടപ്പെടുത്തുന്നതാ ണ്. അതിനാൽത്തന്നെ അവയെ അംഗീകരിക്കാൻ ക്രൈസ്തവർക്കു കഴിയില്ല. എന്നാൽ എല്ലാ മതവിശ്വാസികളെയും ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരങ്ങളായി കരുതി സ്നേഹിക്കാനും സേവിക്കാനും ക്രൈസ്തവർക്കു കട മയുണ്ട്. പരസ്പരം സ്നേഹിക്കുക എന്നതാണ് ക്രിസ്തുവിന്റെ കല്പനകളുടെ സാരസംഗ്രഹം. ക്രിസ്തീയവിശ്വാസത്തെ വളർത്തുന്നതും മതസൗഹാർദ്ദത്തെ പരിപോഷിപ്പിക്കുന്നതുമായ സത്യങ്ങൾ മാത്രമാണ് സഭയുടെ മതബോധനഗ്രന്ഥ ങ്ങളിലും (ഉദാ : പന്ത്രണ്ടാം ക്ലാസ്സ്, ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തി ലും. 69) അനുബന്ധ പഠനങ്ങളിലും (ഉദാ : ഡോ. മൈക്കിൾ കാരിമറ്റം, കത്തോലി ക്കാ വിശ്വാസവും വെല്ലുവിളികളും) നൽകിക്കൊണ്ടിരിക്കുന്നത്.

7. പന്ത്രണ്ടാം ക്ലാസ്സിലെ ക്രൈസ്തവജീവിതം സഭയിലും സമൂഹത്തി ലും എന്ന പാഠപുസ്തകം തയ്യാറാക്കിയ കാലഘട്ടത്തിൽ നിന്നും ഏറെ വ്യ ത്യസ്തമായ മതാത്മക കാഴ്ചപ്പാടുകളാണ് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ അന്ന് നൽകിയ പ്രബോധനം, വിശ്വാസികൾക്ക് തെറ്റിദ്ധാരണകൾക്ക് ഇടയാകുമെന്ന് മനസ്സിലാക്കുന്നതിനാൽ തിരുത്തി ഇസ്ലാം മതത്തെക്കുറിച്ച് ഇപ്രകാരമാണ് 2021 മുതലുള്ള പുസ്തകത്തിൽ ചേർത്തിരിക്കു ന്നത്: 'ആറാം നൂറ്റാണ്ടിൽ സൗദി അറേബ്യായിലെ മക്കയിൽ ജനിച്ച മുഹമ്മദ് നബിക്ക് ജബ്രീൽ എന്ന ദൈവദൂതൻ വഴി മുസ്ലീങ്ങളുടെ ദൈവമായ അള്ളാഹു നേരിട്ട് ഓതിക്കൊടുത്തു എന്ന് മുസ്ലീങ്ങൾ വിശ്വസിക്കുന്ന ഖുറാന്റെ അടിസ്ഥാ നത്തിൽ രൂപം കൊണ്ട് മതമാണ് ഇസ്ലാം മതം. ഏകദൈവ വിശ്വാസികളാണ് മുസ്ലീങ്ങൾ. യഹൂദ ക്രൈസ്തവ വിശ്വാസപ്രമാണങ്ങൾ, ആചാരരീതികൾ, ദൈവശാസ്ത്ര വീക്ഷണങ്ങൾ എന്നിവയിൽ നിന്നും അടിസ്ഥാനപരമായ വ്യ ത്യാസങ്ങൾ ഇസ്ലാം മതം പുലർത്തുന്നു. ബൈബിളിൽ വെളിപ്പെടുത്തപ്പെടുന്ന ഏക സത്യ ദൈവത്തിൽ നിന്നും ഏറെ വിഭിന്നനാണ് ഖുറാനിലെ അള്ളാഹു'. അതിനാൽ ഈ വിഷയത്തെക്കുറിച്ച് ഇനിയും ആശയക്കുഴപ്പമുണ്ടാക്കാതിരിക്കാൻ ഏവരും ശ്രദ്ധിക്കുമല്ലോ.

*സ്നേഹാദരങ്ങളോടെ,*
*ഫാ. തോമസ് മേൽവെട്ടത്ത് (വിശ്വാസപരിശീലന കമ്മീഷൻ സെക്രട്ടറി).*


www.malankaralibrary.com

# ജർമ്മൻസഭ പിളർപ്പിലേക്കോ?: സത്യവും മിഥ്യയും!



ഫാ. ജോസഫ് പാണ്ടിയപ്പള്ളിൽ

മലയാളത്തിലുള്ള ചില സാമൂഹ്യമാധ്യമങ്ങളിലും ചില ഓൺലൈൻ ചാനലുകളിലും ചില അദ്ധ്യാത്മികഗുരുക്കൻമാരിലൂടെയും പ്രചരിച്ച വാർത്തയായിരുന്നു ജർമ്മൻസഭ പിളർപ്പിലേക്ക് എന്നത്. ആരെയും കുറ്റപ്പെടുത്താനല്ല, സത്യാവസ്ഥ വ്യകതമാക്കൻ വേണ്ടി കുറിക്കുന്നു. 2021 മെയ്മാസം പത്താം തിയതി ജർമനിയിലെ ചില സ്ഥലങ്ങളിൽ നടന്ന സ്വവർഗാനുരാഗികളുടെ ആശിർവാദവുമായി ബന്ധപ്പെട്ടാണ് ഇങ്ങനെയൊരു വാർത്ത പ്രചരിച്ചത്.

**1 . വസ്തുത:**

കത്തോലിക്കാസഭ സ്വവർഗ്ഗവിവാഹം അനുവദിക്കുന്നില്ല. എന്നാൽ, 2021 ഫെബ്രുവരി 22 ൽ Responsum ad dubiyum എന്ന പേരിൽ സ്വവർഗാനുരാഗികളായ കത്തോലിക്കരോട് അജപാലനപരമായി എങ്ങനെ പെരുമാറണം എന്നൊരു നിർദേശം വത്തിക്കാനിലെ വിശ്വാസതിരുസംഘം നല്കുകയുണ്ടായി. മാർപ്പാപ്പയുടെ അറിവോടെ ആയിരുന്നു അത്. എന്നാൽ വിശ്വാസതിരുസംഘത്തിന്റെ ഒരെഴുത്തു മാർപ്പായുടെ കല്പനയല്ല. അതുകൊണ്ടു മാർപ്പായുടെ കൽപ്പന ജർമൻസഭ ലംഘിച്ചുവെന്ന് പറഞ്ഞു ചേരിതിരിയുന്നതിൽ അർത്ഥമില്ല. അങ്ങനെയൊരു കൽപ്പന മാർപ്പാപ്പ നൽകിയിട്ടില്ല.

**2 . വിശ്വാസ തിരുസംഘത്തിന്റെ എഴുത്തിന്റെ ഉള്ളടക്കം:**

Responsum ad dubiyum എന്ന എഴുത്തിലൂടെ കത്തോലിക്കാസഭയുടെ വിശ്വാസതിരുസംഘം കൂദാശകളായോ കൂദാശാനുകരണങ്ങളായോ സ്വവർഗാനുരാഗികളുടെ കല്യാണം ആശീർവദിക്കാനാവില്ല എന്നു വ്യക്തമാക്കുന്നു. അതോടൊപ്പം സ്വവർഗാനുരാഗികളെ സഹായിക്കണമെന്നും അംഗീകരിക്കണമെന്നും ഈ രേഖ പറയുന്നു. മാമ്മോദിസയിലൂടെ ലഭിച്ച പ്രസാദവരം നിലനിർത്താൻ പ്രാർത്ഥനയും ആരാധനാക്രമത്തിലുള്ള പങ്കാളിത്തവും ദൈവവചനവായനയും അവർക്കു ആവശ്യമാണെന്നും അതിൽ പറയുന്നു. അവരെ കൂദാശാനുകരണങ്ങളെന്ന നിലയിൽ ആശീർവദിക്കാൻ ആവില്ലെന്ന് പറയുന്നുണ്ടെങ്കിലും സ്വവർഗാനുരാഗികളെ വ്യക്തിയെന്ന നിലയിൽ ആശീർവദിക്കുന്നതു സഭ അംഗീകരിക്കുന്നുവെന്നും പറയുന്നു. അതിനു കൃത്യമായൊരു ക്രമം ഇതുവരെ ഇല്ലായെന്നും കുറിച്ചിരിക്കുന്നു (വെഞ്ചരിപ്പുകൾക്കു വിവിധ ക്രമങ്ങൾ സഭ നൽകിയിട്ടുണ്ട്).

**3. എന്താണ് സംഭവിച്ചത്?**

ജർമനി പോലുള്ള രാജ്യങ്ങളിലെ ഗവൺമെന്റുകൾ സ്വവർഗ്ഗവിവാഹം അനുവദിക്കുന്നുണ്ട്. ചില ക്രൈസ്തവസഭകളും സ്വവർഗ്ഗവിവാഹം അനുവദിക്കുന്നു. എന്നാൽ ഇത്തരം ക്രൈസ്തവ സഭകളും ഗവൺമെന്റുകളും വിവാഹത്തെ ഒരു കൂദാശയായി അംഗീകരിക്കുന്നില്ല. വേർപിരിയാൻ അനുവാദമുള്ള ഒരു ധാരണയും ഉടമ്പടിയും മാത്രമാണ് അവർക്കു വിവാഹം. കത്തോലിക്കർക്ക് വിവാഹം ഒരു കൂദാശയാണ്. വിവാഹമോചിതരെ സഭ സ്നേഹത്തോടെ പരിചരിക്കുന്നുണ്ടെങ്കിലും വിവാഹമോചനം കത്തോലിക്കർക്ക് അനുവദനീയമല്ല.

ജർമനിയിലെ പ്രൊട്ടസ്റ്റന്റ് സഭ സ്വവർഗാനുരാഗികളുടെ കല്യാ


www.malankaralibrary.com

ണത്തെ അംഗീകരിക്കുന്നതുകൊണ്ടു ജർമനിയിലെ പ്രൊട്ടസ്റ്റന്റ് മനോഭാവമുള്ള ഏതാനും കത്തോലിക്കർ അത് ശരിയാണെന്നു ചിന്തിക്കുന്നു. കൂദാശകളും കൂദാശാനുകരങ്ങളും തമ്മിലുള്ള വ്യത്യാസം അവരിൽ പലരും വിസ്മരിക്കുന്നു. കൂദാശാനുകരണങ്ങളല്ലാതെ വ്യക്തികളായി അവരെ ആശിർവദിക്കാം എന്ന് വിശ്വാസതിരുസംഘം പറഞ്ഞത് അവരും മാധ്യമങ്ങളും പൂർണ്ണമായും അവഗണിച്ചു.

മലയാളത്തിലെ ചില ഓൺലൈൻ ചാനലുകൾ പറയുന്നതുപോലെ സ്വവർഗ്ഗവിവാഹം കൂദാശയായി ആശീർവദിക്കണമെന്നു പറയുന്ന കത്തോലിക്കാ മെത്രാൻമാർ ആരും ഇന്ന് ജർമനിയിൽ ഇല്ല. സ്വർഗ്ഗവിവാഹം കുദാശയായി ആശീർവദിക്കണമെന്നു പരസ്യമായി പറയുന്ന കത്തോലിക്കരായ പുരോഹിതരെ ജർമനിയിൽ കണ്ടെത്തുന്നതും പ്രയാ

പലർക്കും ഈ വ്യത്യസവും ക്രമങ്ങളുടെ എണ്ണവും അറിയാത്തതുകൊണ്ടാകാം, തെറ്റിദ്ധാരണാജനകമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നത്.

കൂദാശാനുകരണങ്ങളായ ആശിർവാദങ്ങൾ പോലും സ്വവർഗാനുരാഗികളായ പലരും ആവശ്യപ്പെടുന്നില്ല. പ്രാർത്ഥനയും അനുഗ്രഹവും ആശിർവാദവും ആണ് ആവശ്യപ്പെടുന്നത്. സഭ അത് നല്കാൻ തയാറാണെന്നു വിശ്വാസതിരുസംഘം വ്യക്തമായി പറയുന്നുമുണ്ട്.

ജർമൻ ബിഷപ്സ് കോൺഫറൻസിന്റെ പ്രസിഡന്റ് പറഞ്ഞത് ആശിർവദിക്കുന്ന കാര്യത്തിൽ പുരോഹിതർ മനഃസാക്ഷിയനുസരിച്ചു പ്രവർത്തിക്കണമെന്നാണ്. അതേസമയം പ്രതിഷേധസൂചകമായി അത്തരം ആശിർവാദങ്ങൾ ശരിയല്ലെന്നും അദ്ദേഹം പറഞ്ഞു. എന്നിരുന്നാലും വ്യ



സമാണ്. അങ്ങനെയൊരു ആശിർവാദം ഇന്നുവരെ ജർമനിയിൽ നടന്നിട്ടുമില്ല. കാരണം പുരോഹിതന്റെ ആശിർവാദം മാത്രമല്ല അതിനാവശ്യമായ മറ്റു ക്രമചട്ടങ്ങളും വിവാഹത്തിന് കത്തോലിക്കാസഭയിൽ പാലിക്കേണ്ടതായി ഉണ്ട്. അതിലൊന്നാണ് കുടുംബമായി രജിസ്റ്റർ ചെയ്യുന്നത്. വിവാഹമെന്ന കൂദാശയുടെ കാർമ്മികൻ പുരോഹിതനല്ല എന്നും മനസിലാക്കണം. പള്ളിയിലെ ചടങ്ങിന് മുൻപ് നടക്കേണ്ട ചില കർമ്മങ്ങളുണ്ട്, വിവാഹം സാധു ആകുന്നതിന്.

ക്തിയെന്ന നിലയിൽ ആശിർവദിക്കാം എന്ന് വിശ്വാസതിരുസംഘം പറഞ്ഞിട്ടുള്ളതുകൊണ്ടു അദ്ദേഹത്തിന്റെ നിർദേശത്തിൽ തത്വത്തിൽ യാതൊരുവിധ വൈരുധ്യതയും സഭാപഠനങ്ങളുടെ ലംഘനവും ഇല്ല. വിശ്വാസതിരുസംഘത്തിന്റെ നിർദ്ദേശങ്ങൾ അജപാലനപരമായി വിവേകപൂർവം അനുവർത്തിക്കണമെന്നു നിർദേശിച്ചതായി അതിനെ വ്യാഖ്യാനിക്കാം.

ആശീർവദിക്കണമെന്നു പറയുന്നതും, കൗദാശികമായി ആശീർവദിക്ക


www.malankaralibrary.com

ണമെന്നു പറയുന്നതും, കൂദാശാനുകരണ മായി വെഞ്ചരിക്കണമെന്നു പറയുന്നതും, കൈവച്ചു പ്രാർത്ഥിക്കണമെന്നും പറയുന്നതും, ഹന്നാൻവെള്ളം തളിച്ചു വെഞ്ചരിക്കണമെന്നു പറയുന്നതും, തലക്കു പിടിക്കണമെന്നു പറയുന്നതും, പുരോഹിതന്റെ പ്രാർത്ഥനയും അനുഗ്രഹവും ആശിർവാദവും ചോദിച്ചു വരുന്നവർക്ക് അത് കൊടുക്കണമെന്ന് പറയുന്നതും ഒന്നല്ല; വ്യത്യസ്തങ്ങളായ ശുശ്രൂഷകളാണ്.

കത്തോലിക്കാസഭയിലെ വ്യത്യസ്തങ്ങളായ ശുശ്രൂഷയുടെ മാനങ്ങളറിയാതെ തെറ്റിദ്ധാരണകൾ പരത്തുന്നത് ശരിയല്ല. ഇത്തരം തെറ്റിദ്ധാരണകളുടെയും തെറ്റായ വ്യാഖ്യാനങ്ങളുടെയും പേരിൽ ജർമനിയിൽ പ്രതിഷേധം ഉണ്ടെന്നത് ശരിതന്നെ. ഒപ്പു ശേഖരണവും പതിഷേധ പ്രകടനവും നടന്നുവെന്നതും ശരിതന്നെ. എന്നാൽ അതിന്റെപേരിൽ അമിതമായ ഉത്ക്കണ്ഠക്ക് കാര്യമില്ല. വിശ്വാസ തിരുസംഘം പറയുന്നതുപോലെ പാപത്തെയല്ല ആശിർവദിക്കുന്നത്, പാപികളെയാണ്. മാർപ്പാപ്പപോലും എന്നും കുർബാനക്കിടയിൽ താൻ പാപിയാണെന്നു ഏറ്റു പറയുന്നുണ്ട്. അതാണ് ക്രൈസ്തവപാരമ്പര്യം. എല്ലാവർക്കും ദൈവത്തിന്റെ കൃപയും കാരുണ്യവും ആവശ്യമാണ്. ആരും പൂർണ്ണരല്ല. ക്രൈസ്തവർക്കുവേണ്ടി മാത്രമല്ല അക്രൈസ്തവർക്കുവേണ്ടിയും നമ്മൾ പ്രാർത്ഥിക്കും. എന്നാൽ ചില കർമ്മങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ചില നിബന്ധനകളും ഉണ്ട് എന്ന് മാത്രം.

**4 . ഉത്തരം കൊടുക്കേണ്ട അവരുടെ ചോദ്യങ്ങൾ!**

വീട്, കട, ഫാക്റ്ററി പോലുള്ള കെട്ടിടങ്ങൾ, കൊന്ത, കുരിശു പോലുള്ള വസ്തുക്കൾ, കാർ, പണിയായുധങ്ങൾ തുടങ്ങിയവ കത്തോലിക്കാ പുരോഹിതർ വെഞ്ചരിക്കുന്നുണ്ട്. കുട്ടികളെയും രോഗികളെയും പ്രായമായവരെയും ആശീർവാദം ചോദിക്കുന്നവരെയും എപ്പോൾ വേണമെങ്കിലും ആശീർവദിക്കുന്നു. അടുക്കള മുതൽ കിടപ്പുമുറി വരെയും കുഴിമാടങ്ങൾ മുതൽ കക്കൂസ് വരെയും പുരോഹിതർ വെഞ്ചരിക്കുന്നു. പട്ടിയെയും പന്നിയെയും, കെട്ടിടവും കാറും ബസും തോക്കും യുദ്ധവിമാനങ്ങളും ആശീർവദിക്കാമെങ്കിൽ എന്തുകൊണ്ട് ഒരു മനുഷ്യനെ ആശിർവദിക്കുന്നതും വെഞ്ചരിക്കുന്നതും വിലക്കുന്നുവെന്നവർ ചോദിക്കുന്നു. കർഷകർ താമസിക്കുന്ന ചില സ്ഥലങ്ങളിൽ കുർബാനക്ക് മുൻപ് കന്നുകാലികളെ പ്രദിക്ഷണമായി കൊണ്ടുപോകുന്ന പതിവും പശുക്കൂട്ടങ്ങളെ വെഞ്ചരിക്കുന്ന പതിവും പശുക്കൂട്ടങ്ങളുടെ മുൻപിൽ കുർബാന ചൊല്ലുന്ന പതിവുംപോലും ജർമനിയിൽ ഉണ്ട്. നല്ല കറവയും മെഴുത്തുകൊഴുത്തു ഇഷ്ടംപോലെ ഇറച്ചിയും കിട്ടണേ എന്നാണ് പ്രാർത്ഥന. എങ്കിൽപ്പിന്നെ രണ്ടു മനുഷ്യരെ വെഞ്ചരിക്കുന്നതിലും ആശിർവദിക്കുന്നതിലും എന്താണ് തെറ്റ് എന്നു ഭൂരിപക്ഷം പ്രതിഷേധക്കാരും ചോദിക്കുന്നു. സ്വവർഗാനുരാഗികളോട് മുൻവിധി അരുതെന്നും സമൂഹത്തിൽ അവർ വിവേചിക്കപ്പെട്ടവരാണെന്നും മാർപ്പാപ്പ തന്നെ പറയുന്നുണ്ട്. പഠനം അനുസരിച്ചു അവരിൽ മൂന്നിലൊന്നു പേർ ജോലിസ്ഥലങ്ങളിൽ അവഗണനയും വിവേചനവും അനുഭവിക്കുന്നവരാണ്. സഭ അവർക്കു അനുഗ്രഹവും പ്രാർത്ഥനയും ആശിർവാദവും വ്യക്തിയെന്ന നിലയിൽ നിഷേധിക്കുന്നില്ല.

മലയാളത്തിൽ ഇതൊരു വിഷയമാക്കിയവർ സത്യാവസ്ഥ മറന്നു. കേരളത്തിൽ ഇതൊരു വിഷയമാക്കുക വഴി ക്രൈസ്തവവിരോധികളായ പലർക്കും അടിക്കാൻ നമ്മൾ നല്ലൊരു വടി കൊടുത്തു. പ്രശ്നങ്ങളെ പെരുപ്പിക്കുക വഴി ഇല്ലാത്ത പ്രശ്നങ്ങളുണ്ടാക്കി. ഇന്ന് കേരളത്തിലെ സഭയുടെ പ്രശ്നങ്ങൾ ഇതിലും കുറവൊന്നുമല്ല എന്ന് മറക്കരുത്. എന്തെല്ലാം അപവാദങ്ങളായിരുന്നു കഴിഞ്ഞ വർഷങ്ങളിൽ. സ്വന്തം അടുക്കള കത്തുമ്പോഴും അയൽവക്കത്തെ അടുപ്പിലെ തീചൂണ്ടിക്കാട്ടി അവിടെ തീ പിടിക്കാൻ പോകുന്നു എന്ന് പറയുന്നതിലും ഒരു സുഖമുണ്ടല്ലോ. ജർമൻ സഭയിൽ പ്രശ്നങ്ങളില്ലെന്നല്ല ഇതിനർത്ഥം.


www.malankaralibrary.com

# ന്യൂനപക്ഷവും വിവിധ പക്ഷങ്ങളും

ഫാ. ജയിംസ് കൊക്കാവയലിൽ



ന്യൂനപക്ഷക്ഷേമ വകുപ്പിൻറെ ഭരണം മുഖ്യമന്ത്രി ഏറ്റെടുത്ത നടപടിയെ കേരള ക്രൈസ്തവസമൂഹം ഏകകണ്ഠമായി സ്വാഗതം ചെയ്തിരിക്കുകയാണ്. പ്രധാനപ്പെട്ട മുസ്‌ലിം മതസംഘടനകളും ഈ നടപടിയെ സ്വാഗതം ചെയ്യുന്നതും മുഖ്യമന്ത്രിയിൽ വിശ്വാസം രേഖപ്പെടുത്തിയതും കാണാൻ സാധിച്ചു. മതേതര കേരളത്തിൻറെ കൈയടി നേടിയ ഒരു തീരുമാനമായിരുന്നു ഇത്.

മുഖ്യമന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ അതിൻറെ പ്രാധാന്യം വർധിക്കുന്നു എന്നത് എല്ലാ ന്യൂനപക്ഷങ്ങൾക്കും ആശ്വാസകരമാണ്. എന്നാൽ, ചില സങ്കുചിത താത്പര്യക്കാർ സർക്കാരിന്റെ ഭരണപരമായ ഈ നടപടിയെയും അസഹിഷ്ണുതയോടെയാണു സമീപിച്ചത്. സാമുദായിക വികാരം ഇളക്കി വിവാദം സൃഷ്ടിച്ച് അതുവഴി ചില്ലറ വർഗീയ മുതലെടുപ്പിനും ശ്രമങ്ങൾ നടക്കുന്നു.

### ഹൈക്കോടതിയുടെ പക്ഷം

സംസ്ഥാനത്തെ ന്യൂനപക്ഷ ആനുകൂല്യങ്ങൾ ഒബിസി വിഭാഗങ്ങൾക്കു മാത്രമായി ചുരുക്കുക എന്ന നയം നീതിക്കോ നിയമവ്യവസ്ഥയ്ക്കോ ചേരുന്നതല്ലെന്ന് 80:20 എന്ന അനീതി നിറഞ്ഞ അനുപാതം റദ്ദാക്കിക്കൊണ്ട് ഇന്നലെ ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ വ്യക്തമായിരിക്കുകയാണ്. എല്ലാ ന്യൂനപക്ഷങ്ങൾക്കും തുല്യപരിഗണന ലഭിക്കുക എന്നത് ഭരണഘടനാപരമായ അവകാശമാണ്. ഹൈക്കോടതി അത് അടിവരയിട്ട് വ്യക്തമാക്കിയിരിക്കുന്നു. ഹൈക്കോടതി വിധി എത്രയും വേഗം നടപ്പിലാക്കുന്നതിനു സംസ്ഥാന സർക്കാർ തയാറാകുകയാണു വേണ്ടത്.

### സിപിഎമ്മിൻറെ പക്ഷം

ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖ്യമന്ത്രി ഏറ്റെടു ത്തതു സംബന്ധിച്ച് സർക്കാരിനെതിരേ ഉയർന്ന വിവാദത്തിൽ സിപിഎം പോളിറ്റ് ബ്യൂറോ അംഗം കോടിയേരി ബാലകൃഷ്ണൻ നൽകിയ മറുപടി ശ്രദ്ധേയമാണ്. അദ്ദേഹം പറഞ്ഞു: കേരളത്തിലെ ന്യൂനപക്ഷമെന്നു പറയുന്നത് ഒരു മതവിഭാഗം മാത്രമല്ല. മുസ്‌ലിം, ക്രിസ്ത്യൻ വിഭാഗങ്ങളെല്ലാം ന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവരാണ്. ഇവർക്കെല്ലാം അർഹമായതു കൊടുക്കേണ്ടതാണ്. കേരളത്തിന്റെ സംസ്കാരവുമതാണ്. രൂപീകരിച്ച കാലം മുതൽ ഒരു വിഭാഗത്തിൽ പെട്ട ആളുകളാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരുന്നത്. അതിന് ഒരു മാറ്റം വേണം എന്നു ഞങ്ങൾ ചർച്ചചെയ്തു തീരുമാനിച്ചതാണ്. അതു ന്യൂനപക്ഷ വിഭാഗങ്ങൾക്കെല്ലാം ഗുണകരമായിരിക്കും.

മുഖ്യമന്ത്രിയുടെ നടപടി, സിപിഎമ്മും എൽഡിഎഫും നടത്തിയ ചർച്ചകളുടെയും പഠനത്തിൻറെയും അടിസ്ഥാനത്തിൽ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും തുല്യനീതി നടപ്പിലാക്കണം, ഇവിടെ മതവിവേചനം പാടില്ല എന്ന ലക്ഷ്യത്തോടെ എടുത്ത രാഷ്ട്രീയ തീരുമാനത്തിൻറെ ഭാഗമാണ് എന്നുള്ളതു കൊടിയേരിയുടെ വാക്കുകളിൽനിന്നു വ്യക്തമാണ്.

### ലീഗിൻറെ പക്ഷം

മുഖ്യമന്ത്രി ന്യൂനപക്ഷ വകുപ്പ് ഏറ്റെടുത്ത നടപടിയെ മുസ്‌ലിം ലീഗ് ശക്തമായി വിമർശിക്കുകയാണുണ്ടായത്. മുസ്‌ലിം സമുദായത്തെ ഇൻസൾട്ട് ചെയ്തു എന്നായിരുന്നു പി.കെ. കുഞ്ഞാലിക്കുട്ടിയുടെ പ്രതികരണം. അതിനു മുഖ്യ


www.malankaralibrary.com

മന്ത്രി വ്യക്തമായ മറുപടി നൽകി. മുസ്ലിം ജനവിഭാഗത്തിന്റെ അട്ടിപ്പേറ് അവകാശം മുസ്‌ലിം ലീഗിനല്ല എന്നതായിരുന്നു അത്. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പദ്ധതികൾ മുസ്‌ലിം വിഭാഗത്തിനു മാത്രമായിട്ടുള്ളതാണ്, അതിൽ മറ്റാർക്കും അവകാശമില്ല എന്ന തരത്തിൽ ലീഗിന്റെ മുതിർന്ന നേതാവ് ഇ.ടി. മുഹമ്മദ് ബഷീർ ഒരു ചാനലിൽ നടത്തിയ പരാമർശവും ശ്രദ്ധയിൽപ്പെട്ടു. ഇതേ ആശയവുമായി ചന്ദ്രിക ദിനപത്രത്തിൽ വന്ന അഡ്വ. മുഹമ്മദ് ഷായുടെ ലേഖനവും കാണാനിടയായി.

ഭരണഘടനാപരമായി രാജ്യത്തും സംസ്ഥാനത്തും നടപ്പിലാക്കിയ സാമ്പത്തിക സംവരണത്തിനെതിരേ 'സംവരണം ക്ഷേമപദ്ധതിയല്ല' എന്ന മുദ്രാവാക്യം ഉയർത്തിയവർ ന്യുനപക്ഷ വകുപ്പിൻറെ ക്ഷേമപദ്ധതികളിൽ സ




ഹന്യൂനപക്ഷങ്ങൾക്ക് 'അവകാശമില്ല' എന്ന തരത്തിൽ വാദങ്ങൾ ഉയർത്തുന്നതു പ്രതിഷേധാർഹമാണ്. മതേതര രാഷ്ട്രീയപാർട്ടി എന്ന് അവകാശപ്പെടുന്ന മുസ്ലിം ലീഗിൻറെ ഭാഗത്തുനിന്നു തുടർച്ചയായുണ്ടാകുന്ന ഇത്തരം നീക്കങ്ങൾ മതേതര കേരളത്തിന്റെ മനഃസാക്ഷിയെ വേദനിപ്പിക്കുന്നു.

**ജലീലിൻറെ പക്ഷം**

ന്യൂനപക്ഷ ക്ഷേമവകുപ്പിനെ സംബന്ധിച്ചുള്ള പരാതികളിൽ ഏറ്റവും ക്ഷീണമുണ്ടായതു മുൻ മന്ത്രി കെ.ടി. ജലീലിനാണ്. വകുപ്പിൽ നടന്ന സ്വജനപക്ഷപാതത്തിന്റെയും ബന്ധുനിയമനത്തിന്റെയും പേരിൽ ലോകായുക്തയും ഹൈക്കോടതിയും ഇടപെട്ട് മന്ത്രിസ്ഥാനം രാജിവയ്പിച്ചതിന്റെയും വിഷമത്തിലിരിക്കുമ്പോഴാണ്, കൂനിൻമേൽ കുരുവെന്നപോലെ, "ന്യൂനപക്ഷ വകുപ്പ് സമുദായത്തിൻറെ കൈയിൽനിന്നു നഷ്ടപ്പെടാൻ കാരണം ജലീലിൻറെ പക്വതയില്ലാത്ത നടപടികൾ മൂലം വകുപ്പിൻറെ പ്രവർത്തനം പൊതുജന വിമർശനത്തിനിടയായതാണ്" എന്നുള്ള സമുദായാംഗങ്ങളുടെ തന്നെ ആരോപണം. ഈ ജാള്യത മറയ്ക്കുന്നതിനുവേണ്ടിയാവണം അദ്ദേഹം സ്ഥിരം പല്ലവികളുൾക്കൊള്ളുന്ന ഒരു ഫേസ്ബുക്ക് പോസ്റ്റുമായി രംഗത്തെത്തിയത്.

**സംഘി ചാപ്പയടിക്കൽ**

ആ പോസ്റ്റിലെ ഒരു പ്രധാനപ്പെട്ട ആരോപണം ന്യൂനപക്ഷ വകുപ്പിലെ അനീതിക്കളക്കുറിച്ചുള്ള പ്രചാരണങ്ങൾ ബിജെപിയുടെയും സംഘപരിവാറിൻറെയും അജൻഡയാണെന്നും അതിൽ ക്രിസ്ത്യാനികൾ വീണുപോയി എന്നുമാണ്. തികച്ചും തെറ്റായ ആരോപണമാണത് . ഈ വിഷയങ്ങൾ പഠിച്ചും വിവരങ്ങൾ ആധികാരികമായി ശേഖരിച്ചും പൊതുസമൂഹത്തിൻറെ മുമ്പിൽ അവതരിപ്പിച്ചതു സമുദായസ്നേഹികളായ യുവാക്കളും യുവജനസംഘടനകളുമാണ്. തുടർന്ന് സഭാ നേതൃത്വം ഈ വിഷയങ്ങൾ അന്വേഷിക്കുകയും പഠിക്കുകയും ഏറ്റെടുക്കുകയും രാഷ്ട്രീയ നേതൃത്വങ്ങളുടെയും ഭരണാധികാരികളുടെയും മുമ്പിൽ ജനാധിപത്യപരമായ മാർഗത്തിൽ ഉന്നയിക്കുകയുമായിരുന്നു.

ഇവ പൊതുസമൂഹത്തിന്റെയും മാധ്യമങ്ങളുടെയും ശ്രദ്ധയിൽ വന്നതിനു ശേഷം പല രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഈ വിഷയങ്ങളിൽ അഭിപ്രായം പറഞ്ഞിട്ടുണ്ടാകാം. എന്നാൽ, ക്രൈസ്തവരുടെ ന്യൂനപക്ഷ അവകാശസംരക്ഷണ ശ്രമങ്ങളെ ഒരു മുൻ മന്ത്രി തന്നെ വർഗീയതയുടെ നിറം കൊടുത്തു വിലയിരുത്തുന്നതു ദുഃഖകരമാണ്.

**കുറ്റം സച്ചാർ പാലോളി സമിതികൾക്കു മാത്രമോ?**

ദേശീയതലത്തിൽ മുസ്‌ലിം പി


www.malankaralibrary.com

ന്നാക്കാവസ്ഥ പഠിക്കാൻ നിയോഗിക്കപ്പെട്ട സച്ചാർ കമ്മീഷന്റെയും അതേക്കുറിച്ചു കേരളത്തിൽ പഠിച്ച പാലൊളി കമ്മിറ്റിയുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് നിലവിൽ വന്നത് എന്ന ചർവിതചർവണവും ആ പോസ്റ്റിൽ കാണാൻ സാധിക്കും. എങ്കിൽ പിന്നെ എന്തുകൊണ്ടാണ് ഇതിനു മുസ്ലിം ക്ഷേമ വകുപ്പ് എന്നു പേരിടാതെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്നു പേരിട്ടത്? സച്ചാർ കമ്മീഷൻ മുസ്ലിംകളെക്കുറിച്ചു മാത്രമാണ് പഠിച്ചതെങ്കിലും ദേശീയ തലത്തിലും മറ്റു സംസ്ഥാനങ്ങളിലും ആറു വിജ്ഞാപിത ന്യൂനപക്ഷങ്ങൾക്കും തുല്യ അവകാശങ്ങൾ നിലനിൽക്കുന്നതും കേരളത്തിൽ മാത്രം അവ നിഷേധിക്കപ്പെടുന്നതും എന്തുകൊണ്ടാണ്?





കർണാടക, ആന്ധ്രപ്രദേശ് തുടങ്ങിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ക്രൈസ്തവർക്ക് എത്രയധികം ക്ഷേമപദ്ധതികളാണു നടപ്പിലാക്കുന്നത് എന്നു കണ്ണുതുറന്നു കാണേണ്ടിയിരിക്കുന്നു. (വിവരം ഇൻറർനെറ്റിൽ ലഭ്യമായതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല). കേന്ദ്ര പദ്ധതികളിലൊന്നും 80:20 നടപ്പിലാക്കാൻ സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിനു കഴിയില്ല എന്ന് അദ്ദേഹം തന്റെ പോസ്റ്റിൽ വിലപിക്കുന്നുണ്ട്. അതു ശരിയാണ്. കാരണം ന്യൂനപക്ഷ ക്ഷേമപദ്ധതികൾ രാജ്യത്തെ നോട്ടിഫൈഡ് ന്യൂനപക്ഷ വിഭാഗങ്ങൾക്കെല്ലാം ഒരുപോലെ അവകാശപ്പെട്ടതാണ്. അതായത്, കേരള സർക്കാർ മാത്രം കാണിക്കുന്ന അനീതിയാണ് 80:20 എന്ന് അദ്ദേഹം തുറന്നുസമ്മതിക്കുകയാണ്.

പാലൊളി റിപ്പോർട്ടിലെ ശിപാർശകൾ ഒഴികെ ബാക്കിയൊന്നും ന്യൂനപക്ഷ ക്ഷേമ വകുപ്പിനു ബാധകമല്ല എന്നതാണോ നിലപാട്? ഇതര ന്യൂനപക്ഷങ്ങൾക്കു ന്യൂനപക്ഷ ക്ഷേമ പദ്ധതികളിലുള്ള അവകാശം എന്നേക്കുമായി റദ്ദ് ചെയ്യുന്നതാണോ പാലൊളി റിപ്പോർട്ട്? നിലവിൽ ന്യൂനപക്ഷ ക്ഷേമവകുപ്പിൽനിന്ന് ക്രിസ്ത്യൻ പിന്നാക്ക വിഭാഗങ്ങൾക്കുൾപ്പെടെ ലഭിക്കുന്ന 20% ആനുകൂല്യങ്ങൾ സർക്കാരിന്റെ ഔദാര്യമാണോ? ഈ വിഷയങ്ങളിൽ ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനാധിഷ്ഠിത ന്യൂനപക്ഷ തത്വങ്ങളുടെ അടിസ്ഥാനത്തിലുള്ള വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്.

**പിന്നാക്കക്ഷേമ വകുപ്പിന്റെ അനുബന്ധമല്ല ന്യൂനപക്ഷ ക്ഷേമം**

ന്യൂനപക്ഷാവസ്ഥയും പിന്നാക്ക പദവിയും തമ്മിൽ കൂട്ടിക്കുഴയ്ക്കൽ നടത്തി ന്യൂനപക്ഷ തത്വങ്ങളെ അട്ടിമറിച്ചു എന്നതാണ് സംസ്ഥാന ന്യൂനപക്ഷ വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നത്തിൻറെ രത്നച്ചുരുക്കം. കേരളത്തിൽ മുസ്ലിംകൾ ആകെ ഒബിസിയിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ അവർക്കായി മാത്രം പ്രത്യേക പരിശീലന കേന്ദ്രങ്ങളും സ്കോളർഷിപ്പുകളും തുടങ്ങി, പിന്നീട് ഒരു ഔദാര്യം എന്ന നിലയിൽ പിന്നാക്ക ക്രിസ്ത്യാനികളെക്കൂടി അതിൽ ഉൾപ്പെടുത്തി എന്നാണു വാദം. ഇവിടെ പിന്നാക്കം എന്ന് ഉദ്ദേശിക്കുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെയല്ല; പകരം, ഒബിസി പദവിയുള്ളവരെ മാത്രമാണ്. ഇതിൽ പല പൊരുത്തക്കേടുകളും ചോദ്യങ്ങളുമുണ്ട്.

1. ന്യൂനപക്ഷ ക്ഷേമവകുപ്പ് ഒബിസി സംവരണ വിഭാഗങ്ങൾക്കുവേണ്ടി മാത്രമുള്ളതാണോ അതോ എല്ലാ ന്യൂനപക്ഷങ്ങൾക്കും വേണ്ടിയാണോ? ന്യൂനപക്ഷം എന്ന നിലയിൽ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങളെയും തുല്യമായി പരിഗണിക്കുക എന്നത് ഭരണഘടനാപരമായ ബാധ്യതയല്ലേ?
2. ന്യൂനപക്ഷങ്ങളെ പിന്നാക്കം, മുന്നാക്കം എന്നു വേർതിരിച്ച് ഇന്നു ന്യൂനപക്ഷക്ഷേമ പദ്ധതികളിൽനിന്നു മാറ്റിനിർത്തിയാൽ നാളെ ഇതേ ന്യായം പറഞ്ഞ്


www.malankaralibrary.com

ഭരണഘടന നൽകുന്ന എല്ലാ ന്യൂനപക്ഷ അവകാശങ്ങളിൽനിന്നും മുന്നാക്കം എന്നു വിളിക്കപ്പെടുന്ന സംവരണരഹിത വിഭാഗം മാറ്റിനിർത്തപ്പെടില്ലേ?

3. കേരളത്തിൽ 'കച്ചി മേമൻ' എന്ന ഉയർന്ന ജാതിക്കാരുൾപ്പെടെ മുഴുവൻ മുസ്ലിംകൾക്കും ഒബിസി സംവരണം ലഭിച്ചിട്ടുണ്ട് എന്ന് അദ്ദേഹം തന്നെ ഈ പോസ്റ്റിൽ പ്രസ്താവിക്കുന്നു. അങ്ങനെ ജാതിസംവരണമായി ആരംഭിച്ച ഒബിസി കേരളത്തിൽ മതസംവരണമായി മാറി. ഇതിൽ അറയ്ക്കൽ രാജവംശത്തിന്റെ പിൻഗാമികൾ പോലെയുള്ള ഉന്നതകുലജാതർ വരെ ഉൾപ്പെടും. ഇങ്ങനെയുള്ള ഒബിസിക്ക് പിന്നാക്കക്ഷേമ ആനുകൂല്യങ്ങൾ മാത്രമല്ല ന്യൂനപക്ഷ ആനുകൂല്യങ്ങളും നൽകണം. എന്നാൽ, സംവരണരഹിതരുടെ മക്കൾ എത്ര ദരിദ്രരായിരുന്നാലും ന്യൂനപക്ഷ ആനുകൂല്യങ്ങൾക്കു പോലും അർഹതയില്ല! ഈ നിലപാട് ന്യൂനപക്ഷ വകുപ്പിന്റെ ലക്ഷ്യത്തിനു യോജിച്ചതല്ല.

സംവരണതത്വങ്ങളെ അട്ടിമറിച്ചുകൊണ്ടുള്ള ഈ മതസംവരണ നടപടി ഉപയോഗിച്ച് ന്യൂനപക്ഷ തത്വങ്ങളെക്കൂടി അട്ടിമറിക്കാനുള്ള ശ്രമം ഇനിയും അംഗീകരിക്കാനാവില്ല.ദേശീയ ന്യൂനപക്ഷ കമ്മീഷൻ ആക്ട് പ്രകാരമുള്ള വിജ്ഞാപിത ന്യൂനപക്ഷങ്ങളെ അതിനുള്ളിൽത്തന്നെ മുന്നാക്കം (ജനറൽ), പിന്നാക്കം (ഒ ബി സി) എന്ന തരത്തിൽ സംവരണതത്വങ്ങളുടെ അടിസ്ഥാനത്തിൽ വേർതിരിക്കുന്ന സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ നടപടി ഭരണഘടനാവിരുദ്ധമാണ്. കേന്ദ്ര ന്യൂനപക്ഷക്ഷേമ വകുപ്പിന് ഈ തെറ്റായ നയമില്ല. മറ്റു സംസ്ഥാനങ്ങളിലുമില്ല.

കേരളത്തിൽ ന്യൂനപക്ഷ തത്വങ്ങളെ സംവരണതത്വങ്ങൾ ഉപയോഗിച്ചു പാടേ തമസ്കരിക്കുന്ന തെറ്റായ നയം തിരുത്തപ്പെടേണ്ടതാണ്. സംവരണ വിഭാഗങ്ങളും സംവരണേതര വിഭാഗങ്ങളും പ്രത്യേക പരിഗണന അർഹിക്കുന്ന ദളിത് ക്രൈസ്തവരും ഒക്കെയുൾപ്പെടുന്ന സംസ്ഥാനത്തെ എല്ലാ ന്യൂനപക്ഷ മതവിഭാഗങ്ങൾക്കും ന്യൂനപക്ഷക്ഷേമവകുപ്പിൽനിന്നു തുല്യനീതി ലഭിക്കണം.

**സ്വജനപക്ഷപാത നടപടികൾ**

കെ.ടി. ജലീലിന്റെ കാലത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നടന്ന പക്ഷപാത നടപടികളിൽ ഒന്നുമാത്രം ഇവിടെ പരാമർശിക്കട്ടെ. സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ ചെയർമാൻ ഒരു സമുദായത്തിൽ നിന്നാണെങ്കിൽ ഒരംഗമെങ്കിലും മറ്റൊരു സമുദായത്തിൽനിന്നായിരിക്കണം എന്ന നിയമപരമായ വ്യവസ്ഥയെ അട്ടിമറിച്ച് എല്ലാ അംഗങ്ങളും ഒരു സമുദായത്തിൽനിന്നായാലും കുഴപ്പമില്ല എന്ന ഭേദഗതി കൊണ്ടുവന്നതു ജലീലാണ്. സിവിൽ കോടതിക്കു സമാനമായ അധികാരത്തോടെ ന്യൂനപക്ഷ വിഭാഗങ്ങൾക്കു സംരക്ഷണവും നീതിയും ഉറപ്പാക്കാൻ സ്ഥാപിതമായ ന്യൂനപക്ഷ കമ്മീഷനിൽ ക്രൈസ്തവർക്കു മാത്രമല്ല ഇതര ന്യൂനാൽ ന്യൂനപക്ഷങ്ങൾക്കും പ്രാതിനിധ്യമുണ്ടാകണം.

**ജെ.ബി. കോശി കമ്മീഷൻ**

ന്യൂനപക്ഷക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് ഒട്ടനവധി പരാതികൾ സഭാമേലധ്യക്ഷന്മാരും സംഘടനാ നേതാക്കളും വ്യക്തികളും സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ, ജലീൽ തന്റെ പോസ്റ്റിൽ പരാമർശിക്കുന്ന വിധത്തിലുള്ള നടപടിക്കളൊന്നും ന്യൂനപക്ഷക്ഷേമ വകുപ്പിൻറെയോ കമ്മീഷന്റെയോ ഭാഗത്തുനിന്ന് ഉണ്ടായില്ല എന്നതാണു യാഥാർഥ്യം. മുഖ്യമന്ത്രി മുൻകൈയെടുത്തു സംസ്ഥാന ആഭ്യന്തര വകുപ്പാണു ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ പഠിക്കാനുള്ള ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷനെ നിയമിച്ചത്. ഈ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നീതി ലഭിക്കുമെന്ന പ്രതീക്ഷയിലാണ് കേരളത്തിലെ ക്രൈസ്തവ വിഭാഗങ്ങൾ.

മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന ന്യൂനപക്ഷ വകുപ്പിൽ എല്ലാ ന്യൂനപക്ഷങ്ങളും തുല്യപ്രതീക്ഷ പുലർത്തുന്നതു ശുഭസൂചനയാണ്.


www.malankaralibrary.com

# ഖിലാഫത്ത് സമരം പുനർജനിക്കുമോ?

ഫാ. വർഗീസ് വള്ളിക്കാട്ട്

1924 മാർച്ച് 3 നു തുർക്കി ഖാലിഫേറ്റ് നിർത്തലാക്കി ക്കൊണ്ടുള്ള ബ്രിട്ടീഷ് ഭരണകൂട നടപടിക്കെതിരെ ഇസ്‌ലാമിക ലോകത്തുയർന്നുവന്ന പ്രതിഷേധത്തിന്റെ ഭാഗമായി, ഇന്ത്യയിൽ ബ്രിടീഷുകാർക്കെതിരെ പൊരുതുന്നതിന് ഇന്ത്യയിലെ മുസ്‌ലീങ്ങൾ രൂപംകൊടുത്ത ഖിലാഫത്തു പ്രസ്ഥാനത്തിന്റെ സമകാലിക പ്രസക്തിയെന്താണ്? 1915 മുതൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഉയർന്നുവന്ന ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന് ഇന്ത്യയിലെ മുസ്‌ലിം സമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കുന്നതിനുള്ള ഒരു മാർഗമെന്ന നിലയിൽ, ഖിലാഫത്തു പ്രസ്ഥാനവുമായി സഹകരിക്കാൻ ഗാന്ധിജി സന്നദ്ധനായി. അത്തരം ഒരു നീക്കം ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുമെന്നും സ്വാതന്ത്ര്യ പ്രാപ്തിയെ ത്വരിതപ്പെടുത്തുമെന്നും ഇന്ത്യയിലെ ഹിന്ദു മുസ്‌ലിം ഐക്യത്തെ ദൃഢപ്പെടുത്തുമെന്നും ഗാന്ധിജി വിഭാവന ചെയ്തു. ഖിലാഫത്തു നേതാക്കളെ ദേശീയ പ്രസ്ഥാനത്തിലേക്ക് അദ്ദേഹം ക്ഷണിച്ചു. അഹിംസാ മാർഗം അവലംബിക്കണമെന്ന ഒറ്റ നിബന്ധനയേ അദ്ദേഹം മുന്നോട്ടു വച്ചുള്ളു. അങ്ങനെ, തുർക്കി കാലിഫേറ്റിന്റെ പുനഃസ്ഥാപനത്തിനുവേണ്ടി ബ്രിട്ടീഷുകാർക്കെതിരെ പൊരുതാനിറങ്ങിയ ഖിലാഫത്തു നേതാക്കളെ ദേശീയ പ്രസ്ഥാനത്തോട് ചേർത്തുനിർത്തി, അവരുടെ പ്രക്ഷോഭത്തെ ഇന്ത്യയുടെ സ്വാതന്ത്ര്യം എന്ന ലക്ഷ്യത്തിലേക്കു തിരിച്ചുവിടാൻ ഗാന്ധിജി പരിശ്രമിച്ചു.


ഭാരതം മുഴുവൻ ഒരു കൊടുങ്കാറ്റുപോലെ വീശിയടിച്ചു ശക്തിപ്രാപിച്ചുകൊണ്ടിരുന്ന ദേശീയ പ്രസ്ഥാനത്തോട് ചേർന്നു ഖിലാഫത്തുകാർ, ഗാന്ധിജിയുടെ നിബന്ധന അംഗീകരിച്ചുകൊണ്ടുതന്നെ ബ്രിട്ടീഷുകാർക്കെതിരേ സമരത്തിനിറങ്ങി. എന്നാൽ, ഖിലാഫത്തു പ്രസ്ഥാനത്തിന്റെ നേതാക്കളോ പ്രസ്ഥാനമോ അതിന്റെ പ്രഥമ ലക്ഷ്യം ഉപേക്ഷിക്കാൻ തയ്യാറായിരുന്നോ എന്ന ചോദ്യം അന്നത്തെപ്പോലെ ഇന്നും പ്രസക്തമാണ്. ബ്രിട്ടീഷുകാർ ഇന്ത്യവിടുന്ന പക്ഷം, ഇന്ത്യയിൽ സ്ഥാപിതമാകേണ്ടത് ഒരു ഇസ്‌ലാമിക ഭരണകൂടമായിരിക്കണം എന്നതു സംബന്ധിച്ച് ഖിലാഫത്തു പ്രസ്ഥാനത്തിൽ ആർക്കും യാതൊരു സന്ദേഹവും ഉണ്ടായിരുന്നില്ല. ഈ ആശയധാരയാണ് പിൽക്കാലത്ത് കോൺഗ്രസുമായുള്ള അഭിപ്രായ വ്യത്യാസത്തിലേക്കും വിഭജനവാദത്തിലേക്കും ജിന്നയുടെ മുസ്ളീംലീഗിനെ കൊണ്ടുചെന്നെത്തിച്ചത്.

സാഹചര്യങ്ങൾ അനുകൂലമായാൽ, ഖിലാഫത്തുകാരുടെ സ്വാതന്ത്ര്യസമരം ഏതു സമയത്തും മതരാഷ്ട്രത്തിനുവേണ്ടിയുള്ള സമരമായി പരിണമിക്കുമായിരുന്നു എന്നതിന്റെ തെളിവാണ് 1921 ലെ മലബാർ കലാപം. കലാപത്തിനൊടുവിൽ, ചക്കിപ്പറമ്പൻ വാരിയൻകുന്നത്തു കുഞ്ഞഹമ്മദ് ഹാജിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് മലബാറിന്റെ ഏറനാട് വള്ളുവനാട് താലൂക്കുകളിൽ ഇസ്‌ലാമിക ഭരണക്രമവും നിയമ വ്യവസ്ഥയും നാണയ വ്യവസ്ഥയും നടപ്പിൽ വരുത്തികൊണ്ട് ഒരു ഇസ്‌ലാമിക നാട്ടുരാജ്യം സ്ഥാപിതമായി. മുന്നൊരുക്കങ്ങളും കൃത്യമായ ആസൂത്രണവുമില്ലാതെ നടത്തിയ ഒരു കർഷക സമരമോ ഭൂസമരമോ ആയിരുന്നു മലബാർ കലാപമെങ്കിൽ, ബ്രിട്ടീഷ് ഭരണ സംവിധാനങ്ങൾക്കു ബദലായി കലാപകാലത്തുതന്നെ


www.malankaralibrary.com

ഒരു ഇസ്ലാമിക ഭരണക്രമം നടപ്പിൽ വരുത്താൻ വാരിയൻകുന്നനും അനുചരന്മാർക്കും കഴിയുമായിരുന്നോ? മലബാറിൽ സ്ഥാപിതമായ ഇസ്ലാമിക രാജ്യം ഒരു നിശ്ചിത പരിധിക്കപ്പുറത്തേക്ക് വ്യാപിപ്പിക്കാൻ വാരിയൻകുന്നനും അനുചരന്മാർക്കും കഴിയാതിരുന്നത് കോൺഗ്രസ്സിന്റെയോ ദേശീയ പ്രസ്ഥാന നേതാക്കളുടെയോ ഇടപെടൽ കൊണ്ടായിരുന്നില്ല. ബ്രിട്ടീഷുകാർ ഉരുക്കു മുഷ്ടി ഉപയോഗിച്ച് അതിനെ നേരിട്ടതുകൊണ്ട് മാത്രമായിരുന്നു എന്നു ചരിത്രം വായിച്ചാൽ മനസ്സിലാകും. എന്നാൽ, മലബാറിലെ പരാജയം, ഇന്ത്യയിൽ ഇസ്ലാമിക ഭരണത്തിന്റെ പുനഃസ്ഥാപനത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളുടെ അവസാനമായിരുന്നില്ല.

ബ്രിട്ടീഷ് ഇന്ത്യയിൽ ഇസ്ലാമിക രാജ്യത്തിനുവേണ്ടിയുള്ള മുറവിളിയുടെ ഏറ്റവും ഭീകരവും ഭീതിദവുമായ ചിത്രം 1946 ൽ ജിന്ന ആഹ്വാനം ചെയ്ത ‘ഡയറക്ട് ആക്ഷൻ’ എന്ന സമര മുറയിലാണു വെളിപ്പെട്ടത്. നാലായിരത്തിലേറെ നിരായുധരും നിരപരാധികളുമായ ആളുകളെ യാതൊരു പ്രകോപനവുമില്ലാതെ, കൊലചെയ്തുകൊണ്ടാണ് കൽക്കട്ടയിൽ ഡയറക്ട് ആക്ഷന് തുടക്കം കുറിച്ചത്. തുടർന്നുണ്ടായ വർഗീയ ലഹള ഇന്ത്യയുടെ വിഭജനത്തിലും ‘പാക്കിസ്ഥാൻ’ എന്ന ‘ശുദ്ധ ഇസ്ലാമിക’ രാജ്യത്തിന്റെ സൃഷ്ടിയിലുമാണ് അവസാനിച്ചത് എന്നത് ചരിത്രം. ഇന്ത്യാ വിഭജനത്തിനെതിരെ പാറപോലെ ഉറച്ചുനിന്ന ഗാന്ധിജിപോലും മൗണ്ട്ബാറ്റൺ മുന്നോട്ടുവച്ച പാകിസ്ഥാൻ എന്ന പരിഹാരത്തിന് മൗനാനുവാദം നൽകിയത് കൂടുതൽ രക്തച്ചൊരിച്ചിൽ ഒഴിവാക്കാൻ അനിവാര്യമായ മാർഗം എന്ന നിലയിലായിരുന്നല്ലോ.




1947 ലെ ഇന്ത്യാ വിഭജനത്തോടെ, ദേശീയ പ്രസ്ഥാനത്തിൽ മതരാഷ്ട്ര സ്വപ്നങ്ങളെ താലോലിച്ചിരുന്നവർ പാക്കിസ്താനിലേക്ക് പോവുകയും ‘ഖാലിഫേറ്റ്’ ഒരു വിദൂര സ്വപ്നം മാത്രമായി അവശേഷിക്കുകയും ചെയ്തു. തുടർന്ന്, ഇന്ത്യയിൽ ജീവിക്കാൻ തീരുമാനിച്ച മുസ്ലീങ്ങൾ ഇന്ത്യൻ ഭരണഘടനക്കു കീഴിൽ ഇന്ത്യയുടെ സെക്കുലർ ജനാധിപത്യത്തെ ശക്തിപ്പെടുത്തിക്കൊണ്ട് സ്വതന്ത്ര ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിൽ ഉറച്ചുനിൽക്കുന്ന കാഴ്ച ഏതൊരു ഇന്ത്യക്കാരനും അഭിമാനത്തോടെയേ നോക്കി കാണാൻ കഴിയൂ.

ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ഒരു രാഷ്ട്രീയ പാർട്ടിയായി രൂപീകരിക്കപ്പെട്ടപ്പോൾ മുതൽ സമീപകാലം വരെയുള്ള അതിന്റെ ചരിത്രം, മുസ്ലിം സാമുദായിക താൽപര്യങ്ങൾക്കായി നിലകൊള്ളുമ്പോഴും ഇന്ത്യയുടെ മതേതര ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന വിധത്തിലുള്ളതായിരുന്നു. അതായത്, മുസ്ലിം സമുദായത്തിന്റെ താൽപര്യങ്ങൾക്കു പ്രഥമ പരിഗണന നൽകുമ്പോഴും അത് ഇതര സമുദായങ്ങളോട് സൗഹൃദപരമായ സമീപനം പുലർത്തിയിരുന്നു. എന്നാൽ, ഇതേ മുസ്ലീംലീഗാണ് ‘ഹാഗിയ സോഫിയ’വിഷയം വന്നപ്പോൾ, തുർക്കിയുടെ നിലപാടിനെ ശക്തമായി ന്യായീകരിച്ചുകൊണ്ട് രംഗത്തു വന്നതും ഹാഗിയ സോഫിയയിൽ വാങ്കുവിളി ഉയരുന്നതിൽ ആർക്കാണ് അസ്വസ്ഥതയെന്ന വെല്ലുവിളി മുഴക്കിയതും!

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പലസ്തീൻ ഇസ്രായേൽ സംഘർഷത്തിൽ പലസ്തീൻ ജനതയുടെ അവകാശങ്ങളെക്കാൾ ഹമാസിന്റെ തീവ്ര മത രാഷ്ട്രീയത്തെ പിന്തുണക്കുന്ന നിലപാടുകളുമായി രംഗത്തുവരാൻ ലീഗുൾപ്പെടെയുള്ള കേരളത്തിലെ മുസ്ളീം രാഷ്ട്രീയ പ്രസ്ഥാനങ്ങളെ പ്രേരിപ്പിക്കുന്നതും, ഇസ്ലാമിക രാഷ്ട്രീയ


www.malankaralibrary.com

ത്തിൽ ആഗോളതലത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റത്തിലേക്കു വിരൽ ചൂണ്ടുന്നതാണ്. ഈ പശ്ചാത്തലത്തിലാണ് മലബാർ കേന്ദ്രമായി പ്രത്യേക സംസ്ഥാനം വേണമെന്ന ആവശ്യവുമായി അടുത്തകാലത്ത് ചില ഇസ്‌ലാമിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുന്നോട്ടു വന്നിട്ടുള്ളതും!

മുസ്‌ളീം സമുദായത്തിന്റെ മേൽ ലീഗിനുള്ള രാഷ്ട്രീയ സ്വാധീനത്തിനു വെല്ലുവിളി ഉയർത്തിക്കൊണ്ട് പൊളിറ്റിക്കൽ ഇസ്‌ലാമിന്റെ പ്രാദേശിക രൂപങ്ങളായ വിവിധ സംഘടനകൾ കേരളത്തിൽ ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്നു എന്നതും, തീവ്ര മത രാഷ്ട്രീയത്തിന് സമുദായത്തിനുള്ളിൽ സ്വീകാര്യത വർധിക്കുന്നു എന്നതും ലീഗിനെ സമ്മർദ്ദത്തിലാക്കുന്നുണ്ട് എന്നുവേണം കരുതാൻ. ലീഗിനുമാത്രമല്ല കേരളത്തിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ഈ യാഥാർഥ്യത്തോട് പൊരുത്തപ്പെട്ടുമാത്രമേ മുന്നോട്ടുപോകാൻ കഴിയൂ എന്നതിന്റെ വ്യക്തമായ സൂചനയാണ്, ഇസ്രായേലിൽ മരിച്ച സൗമ്യ സന്തോഷിന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടു കേരളത്തിലെ പ്രമുഖ രാഷ്ട്രീയ നേതാക്കന്മാർക്കുൾപ്പെടെ പ്രസിദ്ധീകരിച്ച അവരുടെ അനുശോചന സന്ദേശങ്ങൾ പിൻവലിക്കേണ്ടിവരികയോ എഡിറ്റുചെയ്തു പുനഃപ്രസിദ്ധീകരിക്കേണ്ടി വരികയോ ചെയ്തത്.



പലസ്തീനിൽ ഹമാസിന്റെ നിലപാട് തീവ്രവാദപരമാണ് എന്നുപറയാൻ കഴിയാത്ത രാഷ്ട്രീയ നേതാക്കൾക്ക്, കേരളത്തിൽ ഇസ്‌ലാമിക തീവ്രവാദമുണ്ട് എന്നുപറയാൻ ഇനി നാവു പൊന്തുന്നതെങ്ങനെ? കേരളത്തിൽ ലവ് ജിഹാദില്ല എന്നതുപോലെ, കേരളത്തിൽ ഇസ്‌ലാമിക തീവ്രവാദവുമില്ല! കേരളം അതിനോട് പൊരുത്തപ്പെട്ടിരിക്കുന്നു!

കേരളത്തിന്റെ സാംസ്‌കാരിക ലോകം എന്നേ പൊളിറ്റിക്കൽ ഇസ്‌ലാമിനോടു പൊരുത്തപ്പെട്ടു കഴിഞ്ഞതാണ്! സൂഫി വാങ്കുവിളിക്കുമ്പോൾ സുജാതമാർ സ്വയം മറന്നു നൃത്തംചെയ്യുന്നതിനെ മതേതര കേരളത്തിന്റെ ഐക്കണായി സാംസ്‌കാരിക ലോകം എന്നേ നെഞ്ചേറ്റിക്കഴിഞ്ഞു! മലബാറിൽ ഇസ്‌ലാമിക നാട്ടുരാജ്യം സ്ഥാപിച്ചതിന്റെ നൂറാം വാർഷികത്തിലാണ് മതരാഷ്ട്ര സ്വപ്നങ്ങളെ മഹത്വവൽക്കരിക്കുന്ന മുദ്രാവാക്യങ്ങളും ചുവരെഴുത്തുകളും സിനിമകളുമൊക്കെയായി ഈ പുത്തൻ പ്രവണത കേരളത്തിൽ ശക്തിപ്രാപിക്കുന്നത് എന്നത് കാണാതെപോകരുത്. മലബാറിന്റെ രാഷ്ട്രീയ സ്വപ്നങ്ങളിൽ, ഇപ്പോഴും ഒരു മതരാഷ്ട്രം പുനർജ്ജനി കാത്തുറങ്ങി കിടക്കുന്നുണ്ടാവാം!


www.malankaralibrary.com

# ഭ്രൂണഹത്യ നിയമ ഭേദഗതി കിരാതമായ നടപടി

## സർക്കാർ പുനർവിചിന്തനത്തിന് തയ്യാറാകണം

ഫാ. ജേക്കബ് പാലക്കാപ്പള്ളി
ഡെപ്യൂട്ടി സെക്രട്ടറി, കെസിബിസി

'അമ്മയുടെ ഉദരത്തിലിരിക്കുന്ന നിഷ്കളങ്കനും നിസ്സഹായനുമായ ശിശുവിനെ സംരക്ഷിക്കാൻ കഴിവില്ലാത്ത ഒരു രാജ്യത്തിന് വികസിതരാജ്യമെന്ന പേരിന് അവകാശമില്ല' ഗർഭച്ഛിദ്രത്തിന് അനുകൂല നിലപാടുണ്ടായിരുന്ന അമേരിക്കയിൽ വച്ച് ഒരു പ്രസംഗത്തിൽ മദർ തെരേസ പറഞ്ഞ വാക്കുകളാണ് ഇത്. പതിറ്റാണ്ടുകൾക്ക് ശേഷം ഇന്ന് അനേകായിരം അനാഥബാല്യങ്ങളെ നെഞ്ചോടുചേർത്ത അതേ വിശുദ്ധയുടെ പ്രവർത്തനമണ്ഡലമായിരുന്ന ഇന്ത്യയിൽ ഗർഭച്ഛിദ്രത്തിന് ഏറ്റവും അനുകൂല നിലപാട് സ്വീകരിക്കപ്പെടുമ്പോൾ ജീവനുവേണ്ടി ഇക്കാലമത്രയും നിലകൊണ്ട നിരവധി പുണ്യാത്മാക്കളും ശ്രേഷ്ഠ വ്യക്തിത്വങ്ങളുമാണ് അവഹേളിതരാകുന്നത്.

1971 ൽ നിലവിൽ വന്ന ഗർഭച്ഛിദ്ര (MTP) നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള ബിൽ (ഗർഭച്ഛിദ്രത്തിനുള്ള സമയപരിധി 20ൽ നിന്നും 24 ആഴ്ചയായി ഉയർത്താനുള്ള വ്യവസ്ഥ) മാർച്ച് 17 ന് ലോക്സഭ പാസ്സാക്കിയത് രാജ്യസഭയും പാസ്സാക്കിയിരിക്കുകയാണ്. ഗർഭച്ഛിദ്രനിയമത്തെ കൂടുതൽ ഉദാരവൽക്കരിച്ചു കൊണ്ടുള്ള, ജീവനും ധാർമികതക്കുമെതിരായ ഈ ഞാജ ആക്ട് ഭേദഗതി സൃഷ്ടിച്ചേക്കാവുന്ന അനന്തരഫലങ്ങൾ ഭീകരമാണ്. കണക്കുകളനുസരിച്ച്, ഇന്ത്യയിൽ മാത്രം 1.56 കോടി ഗർഭച്ഛിദ്രങ്ങളാണ് ഓരോ വർഷവും നടക്കുന്നത്. 2014 വരെ ഉള്ള കണക്കനുസരിച്ച് ആഗോളതലത്തിൽ ഇത് 5.6 കോടി ആയിരുന്നത് ഇപ്പോൾ 7.3 കോടി വരെ ആയെന്ന് ചില റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.



ഏറ്റവും സുരക്ഷിതമെന്ന് കരുതപ്പെടുന്ന അമ്മയുടെ ഗർഭപാത്രം ഏറ്റവും വലിയ കുരുതിക്കളം കൂടിയാകുന്നത് ഈ ആധുനിക സമൂഹത്തിന് തീരെയും ആശാസ്യമല്ല. ഗർഭച്ഛിദ്രത്തിന്റെ നിരക്ക് അതിഭീകരമാം വിധം വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ആ വലിയ തിന്മയെ ഉദാരവൽക്കരിക്കുന്ന നിയമങ്ങൾ പാസാക്കുകയും നയങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നത് അത്യന്തം ഖേദകരമാണ്.

'ഇനി വിട്ടുവീഴ്ച വേണ്ട' എന്ന ഹാഷ്ടാഗോടുകൂടി ഭ്രൂണഹത്യയെ പരസ്യമായി പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ ദിവസം സംസ്ഥാന വനിതാ ശിശുക്ഷേമ വകുപ്പിന്റെ ഫേസ്ബുക്ക് പോസ്റ്റ് പ്രത്യക്ഷപ്പെട്ടത്


www.malankaralibrary.com

കൂടുതൽ ഞെട്ടിക്കുന്നതായിരുന്നു. ഗർഭം ധരിച്ചിരിക്കുന്ന ഒരു സ്ത്രീക്ക്, അവർ വിവാഹിതരായാലും അവിവാഹിതരായാലും, ആ ഗർഭം നിലനിർത്തണോ അതോ ഗർഭച്ഛിദ്രം ചെയ്യണോ എന്ന് തീരുമാനിക്കാനുള്ള അവകാശം ഉണ്ടെന്നും ആവശ്യപ്പെട്ടാൽ അത് ചെയ്തു കൊടുക്കാൻ ഡോക്ടർമാർ തയ്യാറാവേണ്ടതുണ്ടെന്നുമാണ് പോസ്റ്റിൽ പറഞ്ഞിരുന്നത്. ഗർഭച്ഛിദ്രം സ്ത്രീകളുടെ നിയമപരമായ അവകാശമാണെന്നും പോസ്റ്റിൽ പരാമർശമുണ്ട്. നിസാരമായ കാരണങ്ങൾ പറഞ്ഞുകൊണ്ട് ആറുമാസം വരെ പ്രായമായ ഗർഭസ്ഥ ശിശുവിനെ കൊല്ലാൻ അമ്മയ്ക്ക് അവകാശമുണ്ടെന്ന് സ്ഥാപിക്കുന്ന ഫേസ്ബുക്ക് പോസ്റ്റ് ശിശുക്കളുടെ കൂടി ക്ഷേമത്തിനായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന വകുപ്പ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത് വലിയ വിരോധാഭാസമാണ്.

ഗർഭസ്ഥ ശിശു പൂർണതയുള്ള ഒരു മനുഷ്യനല്ല എന്ന പ്രകൃതമായ ചിന്താഗതിയിൽനിന്നാണ് ഈ സമൂഹത്തിന്റെ ഗർഭച്ഛിദ്രത്തോടുള്ള അനുകൂലനിലപാട് രൂപംകൊണ്ടിരിക്കുന്നത്. അണ്ഡവും ബീജവും തമ്മിൽ യോജിക്കുന്ന ഗർഭധാരണത്തിന്റെ ആദ്യനിമിഷം മുതൽ ജീവൻ ആരംഭിക്കുന്നു എന്ന് ജനീവ കോൺഫറൻസ് ഓഫ് ഡോക്ടേർസ്, യുണൈറ്റഡ് നേഷൻസ് ചാർട്ടർ ഓൺ ചൈൽഡ് എന്നീ സംഘടനകൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഗർഭിണി ആണെന്ന് സ്ത്രീ സ്വയം തിരിച്ചറിയുന്നതിനു മുമ്പുതന്നെ, അതായത് മൂന്നാഴ്ചയ്ക്കുള്ളിൽ ഗർഭസ്ഥ ശിശുവിന്റെ ഹൃദയം സ്പന്ദിച്ചു തുടങ്ങിയിരിക്കും. വെറും മൂന്നാഴ്ച പ്രായമാകുമ്പോൾ കുഞ്ഞിന്റെ തല, ഉടൽ, പൊക്കിൾക്കൊടി, കൈകാലുകൾ ഇവയെല്ലാം രൂപപ്പെടാൻ ആരംഭിക്കുകയും, ഒന്നര മാസമെത്തുമ്പോൾ സ്വയം രക്തം ഉത്പാദിപ്പിക്കാൻ തുടങ്ങുകയും ചെയ്യും. മൂന്നുമാസം പൂർത്തിയാവുന്നതോടെ ഗർഭസ്ഥശിശുവിന് എല്ലാശരീരഭാഗങ്ങളും ഉണ്ടായിരിക്കും. ആറുമാസം പ്രായമാകുമ്പോൾ ഏകദേശം മുക്കാൽ കിലോയോളം തൂക്കവും ഒരു പൈനാപ്പിളിന്റെ വലിപ്പവും ഉണ്ടായിരിക്കുന്ന ഗർഭസ്ഥ ശിശുവിന് വേണ്ടിവന്നാൽ അമ്മയുടെ ഉദരത്തിന് വെളിയിലുള്ള സുരക്ഷിത സജ്ജീകരണത്തിലും അതിജീവനം സാധ്യമാണ്. ആ പ്രായം വരെയെത്തുന്ന ഭ്രൂണത്തെയും നശിപ്പിക്കാൻ നിയമം അനുമതിനൽകുന്നു എന്നുള്ളത് കിരാതമായ തീരുമാനമാണ്.

വാസ്തവത്തിൽ, യാതൊരു കളങ്കവുമേശാത്ത ഒരു പൂർണ്ണ മനുഷ്യവ്യക്തിയെ മനഃപൂർവ്വം കൊന്നുകളയുന്ന നടപടിയാണ് ഭ്രൂണഹത്യ അഥവാ ഗർഭച്ഛിദ്രം. മനുഷ്യജീവനെതിരെ ഈ ലോകത്തിൽ നടക്കുന്ന അതിക്രമങ്ങളിൽ ഏറ്റവും ക്രൂരവും ഹീനവുമാണിത്. ഏറ്റവും നിസ്സഹായാവസ്ഥയിലുള്ള ഒരു മനുഷ്യവ്യക്തിയാണ് ഗർഭസ്ഥ ശിശു. തന്നോട് ചെയ്യുന്ന ക്രൂരതയ്ക്കെതിരെ ഒരു കരച്ചിൽകൊണ്ടുപോലും അതിന് പ്രതികരിക്കാൻ കഴിയാത്തതും, സാധാരണക്കാർക്ക് മുന്നിൽ ഗർഭച്ഛിദ്രത്തിന്റെ നടപടിക്രമങ്ങൾ ദൃശ്യമാകാത്തതുമാണ് ഭ്രൂണഹത്യ നിസാരമായ കാര്യമാണെന്ന് കരുതപ്പെടാൻ ഒരുപരിധിവരെ കാരണം. അപ്രതീക്ഷിതമായി ഗർഭം ധരിച്ചതിനാലോ, മറ്റുചില കാരണങ്ങൾകൊണ്ടോ കുഞ്ഞിനെ മാതാവിന്റെ ഉദരത്തിൽ വച്ചു തന്നെ നിഷ്പ്രയാസം നീക്കം ചെയ്യാൻ അനുവദിക്കുന്നത് പരിഷ്കൃത സമൂഹത്തിന് ചേർന്ന നയമല്ല.

മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി കൂടുതൽ അയവുള്ള സമീപനം ഭ്രൂണഹത്യ ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സംവിധാനങ്ങൾ സ്വീകരിക്കുന്നു എന്നുള്ളത് നിസാരമായി തള്ളിക്കളയാൻ കഴിയുന്ന കാര്യമല്ല. ഡിപ്പാർട്ട്മെന്റ് ഓഫ് വുമൺ ആൻഡ് ചൈൽഡ് ഡവലപ്പ്മെന്റിന്റെ ഏപ്രിൽ മൂന്നിലെ ഫേസ്ബുക്ക് പോസ്റ്റിൽ ഗർഭച്ഛിദ്രം സ്ത്രീയുടെ അവകാശമാണ് എന്ന് വാദിക്കുന്നതോടൊപ്പം, ഗർഭച്ഛിദ്രത്തിന് നിയമം അനുമതി നൽകുന്ന സാഹചര്യങ്ങൾ അക്കമിട്ട് പറയുന്നുണ്ട്. അതിലൊന്ന് ഇപ്രകാരമാണ്: 'ഗർഭനിരോധന മാർഗങ്ങൾ ഫലം കാണാതെയുണ്ടാകുന്ന അപ്രതീക്ഷിത ഗർഭം ഗർഭിണിയുടെ മാനസിക ആരോഗ്യത്തെ ബാധിക്കുന്ന സാഹചര്യമുള്ളപ്പോൾ.'


www.malankaralibrary.com

മാനസികാരോഗ്യം എന്ന കാരണം കാണിച്ചാൽ ആർക്കും ഗർഭച്ഛിദ്രം ചെയ്യാൻ തുറന്ന അനുമതിയാണ് നിയമം വഴി ലഭിക്കാൻ പോകുന്നത് എന്ന് നിശ്ചയം.

ഗർഭച്ഛിദ്രം സംബന്ധിച്ച കത്തോലിക്കാ സഭയുടെ നിലപാട് വളരെ വ്യക്തമാണ്. മനഃപൂർവ്വം നടത്തുന്ന ഗർഭച്ഛിദ്രം ധാർമ്മിക തിന്മ (Moral evil) യാണെന്നു സഭ ആദ്യനൂറ്റാണ്ടു മുതൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അസ്തിത്വത്തിന്റെ ആദ്യനിമിഷം മുതൽ മനുഷ്യജീവി ഒരു വ്യക്തിയുടെ




അവകാശങ്ങളുള്ളവനായി അംഗീകരിക്കപ്പെടണം. നിരപരാധിയായ ഒരുവന് ജീവിക്കാനുള്ള അലംഘനീയമായ അവകാശം അവയിൽ പെട്ടതാണ് (CCC 2270, 2271). ഭ്രൂണഹത്യ സംബന്ധിച്ചുള്ള ഒന്നാം നൂറ്റാണ്ട് മുതലുള്ള സഭയുടെ നിലപാടുകളിൽ ഒരിക്കലും മാറ്റമുണ്ടാവുകയില്ല എന്നും മതബോധന ഗ്രന്ഥം അടിവരയിട്ട് പറയുന്നുണ്ട്. വളരെ ശക്തമായ പ്രബോധനങ്ങളാണ് എക്കാലത്തും ഈ വിഷയത്തിൽ കത്തോലിക്കാ സഭയ്ക്ക് ഉണ്ടായിരുന്നത് എന്നതിനാൽ തന്നെ, എന്നും ഒരു തിരുത്തൽ ശക്തിയായി നിലകൊള്ളാൻ സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. തുടർന്നും കത്തോലിക്കാ വിശ്വാസികളുടെ ശബ്ദം ഈ വിഷയത്തിൽ കൂടുതൽ ശക്തമായി ഉയരേണ്ടതായുണ്ട്.

അബോർഷനിലേയ്ക്ക് നയിക്കുന്ന സാഹചര്യങ്ങൾക്കുമേൽ ഇടപെടാനും അവയെ നിയന്ത്രിക്കാനുമുള്ള ഉത്തരവാദിത്തമാണ് ഭരണകൂടങ്ങൾക്കുള്ളത്. ആരോഗ്യരംഗത്തും അത്തരത്തിലുള്ള മാറ്റങ്ങളാണ് ഉണ്ടാകേണ്ടത്. അരാജകീയമായ സാഹചര്യങ്ങൾ വർദ്ധിച്ചുവരികയും നിയമലംഘനങ്ങളും സ്ത്രീകൾക്കുമേലുള്ള അതിക്രമങ്ങളും പതിവാകുകയും ചെയ്യുന്ന ഇന്നത്തെ അവസ്ഥക്കും മാറ്റം വരേണ്ടതുണ്ട്. ആസൂത്രണം ചെയ്യാത്ത ഗർഭധാരണങ്ങൾ വർദ്ധിക്കുന്നു എന്ന കാരണത്താൽ യഥേഷ്ടം ഗർഭച്ഛിദ്രം ചെയ്യാൻ അനുമതി നൽകുന്ന നയത്തിന് മാറ്റമുണ്ടാവുകതന്നെ വേണം. വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾ ചൂണ്ടിക്കാണിച്ച് പുതിയ നിയമ ഭേദഗതിയെ ന്യായീകരിക്കുന്ന സാഹചര്യത്തിലും, വിദ്യാഭ്യാസമുള്ള പരിഷ്കൃത സമൂഹം എന്ന് അഹങ്കരിക്കുന്ന മലയാളികൾക്കിടയിൽ ഒരു അബോർഷൻ തരംഗം സൃഷ്ടിക്കാൻ സർക്കാർ സംവിധാനങ്ങൾ പരിശ്രമിക്കുന്നത് തികച്ചും പ്രതിഷേധാർഹമാണ്.


www.malankaralibrary.com

# വൈദികനായ എന്റെ രാഷ്ട്രീയം...

ഫാ. ജോഷി മയ്യാറ്റിൽ

ഈയിടെ FBയിൽ രസകരമായ ഒരു ചർച്ച നടന്നു. ഒരു വൈദികനായ എനിക്ക് രാഷ്ട്രീയ കാര്യങ്ങളിൽ അഭിപ്രായം പറയാൻ അവകാശമില്ല എന്ന ഒരു സുഹൃത്തിന്റെ കമന്റാണ് നീണ്ട ചർച്ചയ്ക്ക് വഴിയൊരുക്കിയത്. സത്യത്തിൽ ഇത്തരം ചിന്താഗതി അതു കുറിച്ചിട്ടയാളുടേതു മാത്രമല്ല. പലർക്കും അത്തരം തെറ്റിദ്ധാരണയുണ്ട്. എന്തിന്, വൈദികർക്കിടയിൽ പോലും ആ തെറ്റിദ്ധാരണയുണ്ട്.

**ഒരു വൈദികന് രാഷ്ട്രീയം ആകാമോ?**

രാഷ്ട്രീയം എന്നത് രാഷ്ട്രത്തെ സംബന്ധിച്ചതാകയാൽ, ഒരു രാഷ്ട്രത്തിലെ പൗരൻ എന്ന നിലയിൽ തീർച്ചയായും വൈദികന് രാഷട്രീയം ഉണ്ടായിരിക്കണം എന്നാണ് ഇതിനുള്ള എന്റെ ഉത്തരം.

**എന്തു തരം രാഷ്ട്രീയമാണ് ഒരു വൈദികന് ഉണ്ടാകേണ്ടത്?**

പൗരധർമ്മ നിബദ്ധമായ, പൊതുനന്മ മാത്രം ലക്ഷ്യം വച്ചുള്ള, അജപാലനപരമായ ഒരു രാഷ്ട്രീയമായിരിക്കണം (pastoral politics) വൈദികന്റേത്.

**എന്താണ് അജപാലനപരമായ രാഷ്ട്രീയം?**

തന്റെ ശുശ്രൂഷയിലുള്ള, ജനത്തിന്റെ (അതായത്, ഒരിടവകാതിർത്തിയിലുള്ള സകല മനുഷ്യരുടെയും) സംരക്ഷണത്തിനും സർവതോമുഖമായ വളർച്ചയ്ക്കും ഇടയാക്കുന്ന രാഷ്ട്രീയമാണ് അജപാലനപരമായ രാഷ്ട്രീയം.

**കക്ഷിരാഷ്ട്രീയവും അജപാലനപരമായ രാഷ്ട്രീയവും തമ്മിൽ ബന്ധമുണ്ടോ?**

ഉണ്ടാകാം. ജനനന്മയ്ക്കായി ഏതു രാഷ്ട്രീയ പാർട്ടിയും എടുക്കുന്ന നിലപാട് അജപാലനപരമായ രാഷ്ട്രീയത്തിന്റെ ഭാഗം കൂടിയാണ്. എന്നാൽ പ്രത്യയശാസ്ത്രപരമായ ചേരിതിരിവുകളിൽ വൈദികർ സജീവപങ്കാളികളാകുന്നതിനോട് എനിക്കു യോജിപ്പില്ല. താൻ പ്രതിനിധാനം ചെയ്യുന്ന വിശ്വാസ ധാർമിക ബോധ്യങ്ങൾക്ക് വിരുദ്ധമായ പ്രത്യയശാസ്ത്രങ്ങളോട് സഹകരിക്കാൻ വൈദികൻ സന്നദ്ധരാകരുത്.

**കമ്മ്യൂണിസ്റ്റു കോൺഗ്രസ് ബിജെപി പ്രത്യയശാസ്ത്രങ്ങളോടുള്ള സമീപനം?**

ഒരു നിരീശ്വരവാദപ്രസ്ഥാനം എന്ന നിലയിലും തൊഴിലാളിവർഗ സ്റ്റേറ്റിന്റെ പരമാധികാരം സ്വപ്നം കാണുന്ന പ്രസ്ഥാനം എന്ന നിലയിലും ഇതിനോട് ഒരു കാലത്ത് സഭയ്ക്ക് കടുത്ത വിമുഖതയുണ്ടായിരുന്നു. പക്ഷേ, അവരുടെ കൊടിമൂത്ത സൈദ്ധാന്തികർ പോലും കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ വിശ്വാസവിരുദ്ധതയും അൾട്രാസോഷ്യലിസവും തള്ളിപ്പറയുന്ന ഈ കാലത്ത് ആ പാർട്ടിയോട് വൈദികർക്ക് ആ പഴയ നിലപാട് ഉണ്ടാകേണ്ടതില്ല. കോൺഗ്രസ്സിന്റെ അടിസ്ഥാനസിദ്ധാന്തങ്ങൾ സഭാബോധ്യങ്ങളോടു ചേർന്നുപോകുന്നതാണെന്ന് വ്യക്തമായിരുന്നതിനാലാണ് കോൺഗ്രസ്സും ക്രൈസ്തവരും എക്കാലവും കൈകോർത്തിട്ടുള്ളത്. മതരാഷ്ട്രസങ്കല്പത്തിൽ അധിഷ്ഠിതമായ ബിജെപിയുടെ ശൈലി പ്രകടമായ വർഗീയ ധ്രുവീകരണവും ഭരണഘടനാവിരുദ്ധതയും പുലർത്തുന്നതും ഇന്ത്യ എന്ന ആശയത്തിനുതന്നെ തുരങ്കംവയ്ക്കുന്നതുമാണ് എന്നതിനാൽ വൈദികർക്ക് അതിനോട് അല്പം പോലും മൃദുവായ സമീപനം സ്വീകരിക്കാൻ സാധ്യമല്ല.

മതരാഷ്ട്രാധിഷ്ഠിതമായ ഏതു രാഷ്ട്രീയത്തെയും പൂർണമായി തള്ളിപ്പറയാൻ ക്രൈസ്തവരും ക്രൈസ്തവ നേതാക്കളും തയ്യാറാകണം. കാരണം, യേശുക്രിസ്തു മുന്നോട്ടുവച്ചിട്ടുള്ള രാഷ്ട്രീയം മതേതരത്വത്തിന്റേതാ


www.malankaralibrary.com

ണ്. 'സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും' എന്നു പറയുമ്പോൾ അർത്ഥം, മതവും രാഷ്ട്രീയവും കൂട്ടിക്കുഴയ്ക്കരുത് എന്നാണ്. പക്ഷേ, ഇത് ഒരു വിധത്തിലും വിശ്വാസികൾക്കോ മതനേതൃത്വത്തിനോ രാഷ്ട്രീയം അന്യമായിരിക്കണം എന്നർത്ഥമാക്കുന്നില്ല. മറിച്ച്, ഭൗമികകടമകളും സ്വർഗീയകടമകളും ക്രൈസ്തവർ വ്യതിരിക്തതകളോടെ നിറവേറ്റണം എന്നാണ് അർത്ഥമാക്കുന്നത്. പൊതുനന്മയിലും പൗരബോധത്തിലും മതേതരത്വത്തിലും അധിഷ്ഠിതമായ രാഷ്ട്രീയമാണ് യഥാർത്ഥ ക്രൈസ്തവരാഷ്ട്രീയം.

**അജപാലനപരമായ രാഷ്ട്രീയം എന്നാൽ പ്രായോഗികമായി എന്താണ്?**

ഒന്നാമതായി, ഒരു പാർട്ടിയോടും അന്ധമായ വിധേയത്വം പുലർത്താതിരിക്കലാണത്. ക്രിസ്ത്യാനി എന്നാൽ കൈപ്പത്തി എന്ന സമവാക്യം അജപാലനപരമായ രാഷ്ട്രീയത്തിന് എതിരാകാം. എന്തുവന്നാലും അരിവാൾ ചുറ്റിക നക്ഷത്രം എന്ന നിലപാടും അജപാലന പരമായ രാഷ്ട്രീയത്തിന് എതിരാകാം. പാർട്ടികളുടെയും മുന്നണികളുടെയും നയങ്ങളും പ്രവർത്തന ശൈലികളും ജനക്ഷേമ നിലപാടുകളും കാലാകാലങ്ങളിൽ വിലയിരുത്തിയുള്ള നിലപാടാണ് അജപാലന പരമായ രാഷ്ട്രീയത്തിന്റെ മുഖ്യധർമം.

രണ്ടാമതായി, ഏറ്റവും താഴെക്കിടയിലുള്ളവരുടെ സമുദ്ധാരണമായിരിക്കണം അജപാലനപരമായ രാഷ്ട്രീയത്തിന്റെ മുഖ്യലക്ഷ്യം. ദരിദ്രരോടും അരികുവത്കരിക്കപ്പെട്ടവരോടും ക്രിസ്തുവും സഭയും പുലർത്തിയിട്ടുള്ള സവിശേഷാഭിമുഖ്യമാണ് ഈ ലക്ഷ്യത്തിനായി നിലകൊള്ളാൻ വൈദികരെ നിർബന്ധിക്കുന്നത്. ഉദാഹരണത്തിന്, കൊച്ചി നിയോജകമണ്ഡലത്തിലെ ഏറ്റവും ഗുരുതര വിഷയമായ ചെല്ലാനം തീരദേശത്തെ ജനത്തിന്റെ ദുഃഖദുരിതങ്ങൾ മുഖ്യ തിരഞ്ഞെടുപ്പു വിഷയമായി കാണാത്ത ഇരുമുന്നണികൾക്കുമെതിരേ ആലപ്പുഴകൊച്ചി രൂപതകളിലെ വൈദികർ നിലപാടെടുക്കുന്നില്ലെങ്കിൽ അത് അജപാലനപരമായ രാഷ്ട്രീയമല്ല.

മൂന്നാമതായി, തിന്മകൾക്കെതിരേയുള്ള പ്രവാചകപരമായ പോരാട്ടം അജപാലനപരമായ രാഷ്ട്രീയത്തിന്റെ ഒഴിവാക്കാനാവാത്ത ഭാഗമാണ്. ദൈവവചനാധിഷ്ഠിതമായ പ്രവാചകധർമം നിറവേറ്റാത്തവർ പൗരോഹിത്യധർമവും നിറവേറ്റുന്നില്ല. ഉദാഹരണത്തിന്, വിദേശ മലയാളികളും മദ്യവും ലോട്ടറിയും മുഖ്യ സാമ്പത്തിക സ്രോതസ്സുകളായി കരുതുന്ന വിലകെട്ട രാഷ്ട്രീയനയത്തെ തുറന്നെതിർക്കാൻ വൈദികർ സന്നദ്ധരാകണം. കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്ന തീവ്രവാദ നീക്കങ്ങളോടു കൈകോർക്കുന്ന ഏതു രാഷ്ട്രീയനീക്കത്തെയും തുറന്നെതിർക്കാൻ അജപാലനപരമായ രാഷ്ട്രീയത്തിനു കടമയുണ്ട്.



നാലാമതായി, പാർട്ട്യാധിപത്യമോ പണാധിപത്യമോ ആണ് ജനാധിപത്യം എന്ന തെറ്റിദ്ധാരണ


www.malankaralibrary.com

തിരുത്താനും സമൂഹത്തിൽ ശുദ്ധമായ രാഷ്ട്രീയ അവബോധം ഉളവാക്കാനും പൗരധർമബോധമുള്ള ചെറുപ്പക്കാരായ രാഷ്ട്രീയക്കാരെ പരിശീലിപ്പിച്ചു വളർത്തിക്കൊണ്ടുവരാനും ശ്രദ്ധിക്കണം. പാർട്ടികളുടെ അടിമകൾക്ക് നല്ല പൗരരാകാൻ മിക്കപ്പോഴും കഴിയില്ലെന്ന യാഥാർത്ഥ്യം വെളിവാക്കാൻ സാധിക്കണം. അത് ഇവിടത്തെ അക്രമത്തെയും വർഗീയതയെയും തള്ളിപ്പറയാൻ ചങ്കൂറ്റമുള്ള പുത്തൻ രാഷ്ട്രീയസംസ്കാരം ഉടലെടുക്കാൻ ഇടയാക്കും.

**സാമുദായിക രാഷ്ട്രീയം വൈദികർക്ക് ആകാമോ?**

മതത്തിന് ഇന്ന് സമുദായിക മുഖം കൂടിയുണ്ട്. സാമുദായിക നേതാക്കൾക്ക് രാഷ്ട്രീയത്തിൽ വലിയ സ്വാധീനമുള്ള കാലമാണിത്. കഷ്ടമെന്നു പറയട്ടെ, ക്രൈസ്തവർക്കിടയിൽ സമുദായനേതാക്കളില്ല. മെത്രാന്മാരെയും പുരോഹിതരെയും സമുദായനേതാക്കളായി സമൂഹം തെറ്റിദ്ധരിച്ചിരിക്കുകയാണ്. കൈസ്തവ ആത്മീയനേതാക്കളിൽ നല്ലൊരു പങ്കിനും സമൂഹത്തെക്കുറിച്ചോ സമുദായത്തെക്കുറിച്ചോ കാര്യമായ ധാരണയൊന്നുമില്ല. അതിനാൽ ഒട്ടുമിക്കവരും വെറും സ്ഥാപനാത്മകതയിൽ കഴിയുന്നു. സ്കൂൾ, ആശുപത്രി എന്നിവയുടെ നടത്തിപ്പിന് ലഭിക്കുന്ന സഹായമാണ് അവരുടെ രാഷ്ട്രീയം നിർണയിക്കുന്നത്. കഴിഞ്ഞ അനേകം പതിറ്റാണ്ടുകളിൽ ക്രൈസ്തവനേതൃത്വത്തിന്റേത് ഇത്തരം സ്ഥാപനാത്മകരാഷ്ട്രീയം മാത്രമായിരുന്നു. സമുദായാംഗങ്ങളുടെ ജീവിതാവസ്ഥയെക്കുറിച്ചോ ഭാവിയെക്കുറിച്ചോ സമൂഹത്തിലെ വിവിധങ്ങളായ അടിയൊഴുക്കുകളെക്കുറിച്ചോ പ്രത്യേക ചിന്തയില്ലാതെ പൊതുജനനന്മ എന്ന ഏക ലക്ഷ്യമാണ് അവരെ എന്നും നയിച്ചത്. സമുദായങ്ങൾ തമ്മിൽ ഒരു കാരണവശാലും സ്പർദ്ധയുണ്ടാകരുത് എന്ന പുണ്യചിന്ത എപ്പോഴും ശിരസ്സാ വഹിച്ചവരാണ് ക്രൈസ്തവ മതനേതാക്കൾ. അതിനു വേണ്ടി എന്തും ബലികഴിക്കാനും ഏതിലും നിശ്ശബ്ദത പാലിക്കാനും (കൈവെട്ടുകേസ് ഉദാഹരണം) തുനിഞ്ഞ ഒരു സമുദായത്തിന് മെല്ലെ പാദത്തിനിടയിലെ മണ്ണ് ഒലിച്ചുപോവുകയായിരുന്നു. അങ്ങനെ ഒരു പ്രത്യേക മുന്നണിയുടെ വിനീതവിധേയരായി ക്രൈസ്തവർ കരുതപ്പെടുകയും സാമുദായികമായി അനീതിക്കിരയാവുകയും കവർച്ച ചെയ്യപ്പെടുകയും ചവിട്ടിമെതിക്കപ്പെടുകയും ചെയ്തു. അതുതന്നെയാണ് ക്രൈസ്തവരുടെ ഇന്നത്തെ പിന്നാക്കാവസ്ഥയ്ക്കു കാരണവും. ഈ തിരഞ്ഞെടുപ്പു മാനിഫെസ്റ്റോയിൽ പോലും ക്രൈസ്തവരുടെ ന്യായമായ പരാതികൾക്ക് ഒരു മുന്നണിയും ചെവി നല്കിയിട്ടില്ല എന്നതല്ലേ യാഥാർത്ഥ്യം? അതിനാൽ, ക്രൈസ്തവ സമുദായാംഗങ്ങളുടെ പിന്നാക്കാവസ്ഥയെക്കുറിച്ചുള്ള പരിഗണന കേരള രാഷ്ട്രീയത്തിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിയുമെന്ന് ഉറപ്പുള്ളവരും വ്യക്തിത്വസമഗ്രതയുള്ളവരുമായ സ്ഥാനാർത്ഥികൾ ജയിക്കുന്നു എന്നുറപ്പാക്കാൻ അജപാലനപരമായ രാഷ്ട്രീയം ശ്രദ്ധിക്കും.

**ഇതാ, എന്റെ രാഷ്ട്രീയത്തിന്റെ മേന്മകൾ!**

അജപാലനപരമായ രാഷ്ട്രീയം രാഷ്ട്രത്തിനു സഭ ചെയ്യുന്ന സേവനങ്ങളിൽ ഏറ്റവും നല്ലതായിരിക്കും. ഇന്ത്യ എന്ന ആശയത്തിനു പുനർജീവൻ നല്കാൻ അത്തരം രാഷ്ട്രീയത്തിനു കഴിയും. വർഗീയതയാലും അഴിമതിയാലും സ്വജനപക്ഷപാതത്താലും വിഷലിപ്തമായിക്കൊണ്ടിരിക്കുന്ന കേരളത്തിലെ സാമൂഹികാന്തരീക്ഷത്തെ വിമലീകരിക്കാൻ പൗരസമൂഹത്തെ പ്രാപ്തമാക്കാൻ അത്തരം രാഷ്ട്രീയത്തിനു കഴിയും. പാർശ്വവത്കരിക്കപ്പെട്ടവരെ രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാൻ അത്തരം രാഷ്ട്രീയത്തിനു കഴിയും. സാമുദായികമായ സന്തുലനം കേരള സമൂഹത്തിൽ നിലനിറുത്താൻ അത്തരം രാഷ്ട്രീയത്തിനു കഴിയും. സീസറിനുള്ളതു സീസറിനു നല്കാനുള്ള യേശുക്രിസ്തുവെന്ന സത്യദൈവത്തിന്റെയും സത്യമനുഷ്യന്റെയും കല്പന നിറവേറ്റുന്നവരായി നമ്മൾ മാറുകയും ചെയ്യും.


www.malankaralibrary.com

# ന്യൂനപക്ഷാവകാശങ്ങൾ

## കോടതി വിധിയുടെ സാഹചര്യത്തിൽ ഒരു അവലോകനം

അഡ്വ. പ്രകാശ് പി. തോമസ്



ന്യൂനപക്ഷ അവകാശങ്ങളിൽ ക്രൈസ്തവ സമൂഹത്തിന് മതിയായ പ്രാതിനിധ്യം ലഭിക്കുന്നില്ല എന്ന പ്രശ്നം വിവിധ സഭകളും ക്രൈസ്തവ സമൂഹങ്ങളും ശക്തമായി ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. ഇക്കാര്യങ്ങൾക്കായി കേരളാ കൗൺസിൽ ഓഫ് ചർച്ചസ് കാസർകോഡു നിന്നും തിരുവനന്തപുരത്തേക്ക് 2021 ജനുവരിയിൽ നടത്തിയ യാത്രയ്ക്ക് കേരളത്തിലെ എല്ലാ സഭകളിൽ നിന്നും ലഭിച്ച സഹകരണം വലുതാണ്. അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ ബഹു. കേരളാ ഹൈക്കോടതിയിൽ നൽകിയ ഹർജി പരിഗണിച്ച് ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ബെഞ്ച് ന്യൂനപക്ഷ സ്കോളർഷിപ്പുകളിൽ 80 : 20 അനുപാതം റദ്ദ് ചെയ്ത് ഉത്തരവായത് ക്രൈസ്തവ സമൂഹത്തിന് അനല്പമായ ആശ്വാസമാണ് നല്കിയിരിക്കുന്നത്. സംസ്ഥാനത്ത് ന്യൂനപക്ഷവകുപ്പ് കൈകാര്യം ചെയ്തതിൽ കാലാകാലങ്ങളായി വന്ന വലിയ പിഴവുകൾ നാം മനസ്സിലാക്കേണ്ടതുണ്ട്. ഏതെങ്കിലും വിഭാഗത്തിന് ആനുകൂല്യം കിട്ടുന്നതിന് നമ്മൾ എതിരല്ല. സകലർക്കും നീതി ലഭിക്കണം എന്നാൽ നമ്മൾക്ക് നീതിനിഷേധം ഉണ്ടാകാതിരിക്കുവാനാണ് ഈ സത്യങ്ങൾ സമൂഹത്തിൽ തുറന്നുകാട്ടുന്നത്.

**1. എന്താണ് ന്യൂനപക്ഷ അവകാശങ്ങൾ?**

ഒരു ബഹുസ്വരസമൂഹത്തിൽ ന്യൂനപക്ഷത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി നല്കിയിരിക്കുന്ന അവകാശങ്ങൾ ആണ് ന്യൂനപക്ഷ അവകാശങ്ങൾ. 'Minotiry rights are absolute rights' എന്നാണ് ഭരണഘടനാ ശില്പി ആയ ഡോ. ബി.ആർ. അംബേദ്കർ ഭരണഘടനാ നിർമ്മാണ സമിതിയിൽ ഇതിനെക്കുറിച്ച് പ്രസ്താവിച്ചത്. ന്യൂനപക്ഷത്തിൽ തന്നെ കൂടുതൽ കരുതൽ ലഭിക്കേണ്ടത് അതിലെ ന്യൂനപക്ഷത്തിനാണ്.

**2. കേരള സംസ്ഥാനത്തിൽ ക്രൈസ്തവ വിഭാഗത്തിന് നേരെയുണ്ടായ നീതി നിഷേധത്തിന്റെ ചരിത്രം എന്ത്?**

സംസ്ഥാനം ഭരിച്ചവർ വോട്ട് ബാങ്ക് രാഷ്ട്രീയത്തിന്റെ ഭാഗമായി ക്രൈസ്തവ ന്യൂനപക്ഷത്തെ നിരന്തരം അവഗണിച്ചു. സ്വന്തം അവകാശങ്ങൾക്കുവേണ്ടി തെരുവിലിറങ്ങുന്ന രീതി ക്രൈസ്തവ സമൂഹത്തിനില്ല എന്നതും അങ്ങനെ വന്നാൽ കൂടുതൽ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി ആഗ്രഹിക്കുന്ന ഈ സമൂഹത്തിലെ ആരെയെങ്കിലുമൊക്കെ ഏതെങ്കിലും തരത്തിൽ വിലയ്ക്കെടുത്ത് ക്രൈസ്തവ സമൂഹത്തിനുവേണ്ടി സംസാരിക്കുന്നത് വർഗ്ഗീയത ആണെന്ന് വരുത്തി തീർക്കാം എന്നതും ഇതിന് കാരണമാണ്. മുസ്ലീം സമൂഹത്തിന്റെ അവകാശങ്ങൾക്കുവേണ്ടി ഒരു മുസൽമാൻ സംസാരിച്ചാൽ അത് വർഗ്ഗീയത അല്ല എന്നും ക്രൈസ്തവ സമൂഹത്തിന്റെ അവകാശങ്ങൾക്കുവേണ്ടി ഒരു ക്രിസ്ത്യാനി സംസാരിച്ചാൽ അത് വർഗ്ഗീയത ആണ് എന്നും ചിന്തിക്കുന്ന


www.malankaralibrary.com

ഇരട്ടത്താപ്പുകാർ സമൂഹത്തിന് എന്നും ദോഷമായി പ്രവർത്തിക്കുന്നു. ചുവടെ ചേർക്കുന്നവയാണ് ക്രൈസ്തവ സമൂഹത്തിന് ഉണ്ടായ ചില അവഗണനകൾ.

### a. ന്യൂനപക്ഷ സ്കോളർഷിപ്പുകളുടെ വിവേചനം (80 : 20)

കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ സ്കോളർഷിപ്പുകളിൽ 80 ശതമാനം മുസ്ലിം സമൂഹത്തിനും 20 ശതമാനം മറ്റ് എല്ലാ ന്യൂനപക്ഷ സമൂഹങ്ങൾക്കുമായും ആണ് നല്കി വരുന്നത്. ന്യൂനപക്ഷ സമൂഹത്തിലെ വിദ്യാർത്ഥികൾക്കായി നടത്തിവരുന്ന മത്സ പരീക്ഷാ കേന്ദ്രങ്ങളിൽ ഈ വിവേചനം കൂടുതൽ പ്രകടമാണ്. അവിടെയുള്ള പ്രിൻസിപ്പൽമാർ, മറ്റ് സ്റ്റാഫ്, വിദ്യാർത്ഥികൾ ഇവ മിക്കവാറും എല്ലാം തന്നെ മുസ്ലീം സമുദായത്തിൽ നിന്നാണ്. 80 : 20 ആനുപാതം മറ്റൊരു സംസ്ഥാനത്തും കേന്ദ്രത്തിലും നിലവിലില്ല എന്നത് ശ്രദ്ധേയമാണ്.

### b. പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം സമിതികളിലെ പങ്കാളിത്തം

കേന്ദ്ര ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ മൾട്ടി സെക്ടറൽ ഡെവലപ്പ് മെന്റ് പ്രോഗ്രാമിന്റെ നടത്തിപ്പിനായി ജില്ലകളിൽ ഉള്ള പ്രധാനമന്ത്രി ജനവികാസ് കാര്യക്രം സമിതികളിൽ പത്തനംതിട്ട ഒഴികെ യുള്ള ഓരോ ജില്ലയിലും 3 പേരെ വീതമാണ് നിയമിച്ചിരിക്കുന്നത്. അപ്രകാരം സംസ്ഥാനത്ത് ആകെയുള്ള 39 പേരിൽ 7 പേർ മാത്രമാണ് ക്രിസ്ത്യാനികൾ ഉള്ളത്. 30 പേർ മുസ്ലീം സമൂഹത്തിൽ നിന്നാണ്. മറ്റ് ഓരോരുത്തർ സിക്ക്, ജൈന വിഭാഗങ്ങളിൽ നിന്നാണ്. ന്യൂനപക്ഷവിഭാഗ ങ്ങളിലെ ജനസംഖ്യ ജില്ല തിരിച്ചെടുത്താൽ അതിൽ ക്രിസ്ത്യാനികൾ 85 ശതമാനം ഉള്ള ഇടു ക്കിയിലും 71 ശതമാനം ഉള്ള എറണാകുളത്തും ഒരു ക്രിസ്ത്യാനിയെപ്പോലും ഈ കമ്മറ്റിയിൽ ഉൾപ്പെടുത്തിയില്ല എന്നത് നിയമനങ്ങളിലെ ബോധപൂർവ്വമായ വിവേചനത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു.

### c. സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ

ന്യൂനപക്ഷ ക്ഷേമത്തിനായുള്ള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ആകയുള്ള 8 പേരിൽ 2 അംഗങ്ങൾ മാത്രമാണ് ക്രസ്ത്യാനികൾ ഉള്ളത്. അതുകൊണ്ടുതന്നെ തീരുമാനങ്ങളും ധനവിനിയോഗവും തികച്ചും ഏകപക്ഷീയമാകുന്നു. പദ്ധതികളെക്കുറിച്ച് ക്രൈസ്തവ സമൂഹം പലപ്പോഴും അറിയാറില്ല. അറിയുമ്പോഴേക്കും അപേക്ഷിക്കുവാനുള്ള സമയം കഴിഞ്ഞിരിക്കും. മുസ്ലീം സമുദായത്തിന് ഇതിനെക്കുറിച്ച് അറിയുവാൻ മഹൽ സോഫ്റ്റ് എന്ന സംവിധാനം ചെയ്തു കൊടുത്തിരിക്കുന്നു.

### d. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നിയമത്തിന്റെ ഭേദഗതി

2014 ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നിയമത്തിൽ ചെയർമാൻ ഒരു ന്യൂനപക്ഷ വിഭാഗത്തിൽ നിന്നാണെങ്കിൽ രണ്ടാമത്തെ അംഗം മറ്റൊരു ന്യൂനപക്ഷ വിഭാഗത്തിൽ നിന്നാകണം എന്നായിരുന്നു വ്യവസ്ഥ. മൂന്നാമത്തെ അംഗം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഒരു വനിത ആയിരിക്കണം. എന്നാൽ 2017 ൽ മന്ത്രി ജലീൽ ഈ നിയമത്തിൽ ഭേദഗതി അവതരിപ്പിച്ചു. രണ്ടാമത്തെ അംഗം മറ്റൊരു ന്യൂനപക്ഷ വിഭാഗത്തിൽ നിന്നും ആയിരിക്കണം എന്നതിലെ 'മറ്റൊരു' മാറ്റി 'ഒരു' എന്നാക്കി. ('another' എന്നത് 'a' എന്നാക്കി മാറ്റി) അതിനുശേഷം ചെയർമാനെയും രണ്ടാമത്തെ അംഗത്തെയും മുസ്ലീം സമുദായത്തിൽ നിന്നും നിയമിച്ചു. മുൻപ് ഇതിലൊരാളെങ്കിലും ക്രിസ്ത്യാനി ആകുമായിരുന്നു. ഈ കൊടിയ ചതി ചെയ്തപ്പോൾ കേരള നിയമ സഭയിൽ ഉണ്ടാ യിരുന്ന ഒരു അംഗം പോലും ഇതിനെതിരെ ശബ്ദമുയർത്തിയില്ല എന്നത് മനസ്സിലാക്കണം.


www.malankaralibrary.com

**e. മദ്രസാ അധ്യാപക ക്ഷേമനിധി നിയമം, 2019**

മന്ത്രി കെ.ടി. ജലീൽ അവതരിപ്പിച്ച് പാസ്സാക്കിയെടുത്ത ഈ നിയമ പ്രകാരം 50 രൂപാ വീതം മാസം അടച്ച് ഈ സ്ക്കീമിൽ ചേരുന്ന ഏതൊരു മദ്രസ അധ്യാപകനും 7500 രൂപാ വരെ പ്രതിമാസ പെൻഷൻ ലഭിക്കും. 20 നും 55 നും ഇടയിൽ പ്രായമുള്ള ഏതൊരു മദ്രസാ അധ്യാപകനും ഈ സ്ക്കീമിൽ ചേരാവുന്നതാണ്. ഇതു കൂടാതെ വിവാഹ സഹായം, വൈദ്യ സഹായം, പ്രസവാനുകൂല്യങ്ങൾ, പലിശ രഹിത ഭവന വായ്പ, മക്കൾക്ക് സ്കോളർഷിപ്പ്, പെൺ മക്കൾക്ക് വിവാഹസഹായം, മരണാനന്തര ചടങ്ങുകൾക്ക് സഹായം, കുടുംബ പെൻഷൻ ഇവയുംലഭിക്കും. രണ്ടു ലക്ഷത്തിൽ കൂടുതൽ മദ്രസാ അധ്യാപകർ ഇന്ന് കേരളത്തിൽ ഉണ്ട്. മതം പഠിപ്പിക്കുന്ന സാമ്പത്തികമായി പ്രയാസമുള്ള ഒരു സമൂഹത്തെ സഹായിക്കാനാണ് ഇപ്രകാരം ചെയ്യുന്നത് എന്നാണ് മന്ത്രി നിയമസഭയിൽ പറഞ്ഞത്. പ്രയാസമുള്ള ഒരു വിഭാഗത്തെ സഹായിക്കുന്നത് മനസ്സിലാക്കുന്നു. അത് നല്ലതാണ്. എന്നാൽ ജീവിതകാലം മുഴുവൻ സുവിശേഷ പ്രവർത്തനം നടത്തിയിട്ടും ഒരു രൂപാ പോലും പെൻഷൻ ലഭിക്കാത്ത വൈദികർ കെ.സി.സി. അംഗസഭകളിൽ ഉണ്ട്. പൂർണ്ണ സമയ സുവിശേഷ പ്രവർത്തനം നടത്തുന്ന സുവിശേഷകരിൽ വളരെയധികം ആളുകൾ കുടുംബം പുലർത്തുവാൻ പ്രയാസപ്പെടുന്നു. ഇവർക്കും മദ്രസാ അധ്യാപകരുടേതുപോലെ ഒരു ക്രമീകരണം ചെയ്യുക സർക്കാരിന്റെ ഉത്തരവാദിത്വമാണ്. കഴിഞ്ഞ രണ്ടുമാസമായി ഒരു രൂപ പോലും ശമ്പളം ലഭിക്കാത്ത ക്രിസ്ത്യൻ പുരോഹിതരുണ്ട്. സുവിശേഷകരുടെ കാര്യം ഇതിലും കഷ്ടമാണ്. മദ്രസാ അധ്യാപകർക്ക് രണ്ടായിരം രൂപാ വീതം കോവിഡ് ധന സഹായം നല്കും എന്ന ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം കേട്ടപ്പോൾ മറ്റു മതങ്ങളിലെ പുരോഹിതരുടെയും മതം പഠിപ്പിക്കുന്നവരുടെയും കാര്യത്തിൽ സർക്കാരിന് കരുതലില്ലേ എന്ന ചോദ്യം ഉയരുന്നു. സാമ്പത്തിക പരാധീനത അനുഭവിക്കുന്ന പൂജാരിമാരുടെ കാര്യവും ഉത്തരുണത്തിൽ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

ഈ സത്യങ്ങൾ പുറത്തു വരുമ്പോൾ അതിനു മറയിടുന്നതിനായി ചില മറു ചോദ്യങ്ങളുമായി വരുന്നവരുണ്ട്. ആ ചോദ്യങ്ങൾ നാം ശ്രദ്ധിക്കണം.

a. ക്രൈസ്തവ വിഭാഗത്തിന് നിരവധി സ്ക്കൂളുകളും കോളേജുകളും ആശുപത്രികളും ഉണ്ടല്ലോ. അവയിൽ എയ്ഡഡ് സ്ഥാപനങ്ങളിൽ ശമ്പളം സർക്കാർ അല്ലെ കൊടുക്കുന്നത്. ഇപ്രകാരമുള്ള സമൂഹത്തിന് പിന്നെ എന്തിനാണ് ആനുകൂല്യം?

ക്രൈസ്തവ വിഭാഗത്തിന്റെ സ്ഥാപനങ്ങൾ ആ കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കിയ ദീർഘ വീക്ഷണമുള്ള നമ്മുടെ മുൻഗാമികൾ തുടങ്ങിയതാണ്. അത് ക്രൈസ്തവ സമൂഹത്തിന്റെ മതം പഠിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾ അല്ലായിരുന്നു. പൊതു സമൂഹത്തിന്റെ ഉന്നതിക്കുവേണ്ടി ആയിരുന്നു ആ സ്ഥാപനങ്ങൾ തുടങ്ങിയത്. മത പഠനം പോലെ തന്നെ ശാസ്ത്ര പഠനവും മറ്റും സമൂഹ വളർച്ചയ്ക്ക് ആവശ്യമാണെന്ന് മനസ്സിലാക്കിയ ആ മഹത് വ്യക്തികൾ പ്രയാസം സഹിച്ച് സമൂഹ നന്മയ്ക്കുവേണ്ടിയാണ് ഈ സ്ഥാപനങ്ങൾക്ക് രൂപം നല്കിയത്. കേരള നവോത്ഥാനത്തിൽ ഈ സ്ഥാപനങ്ങൾ വഹിച്ച പങ്ക് ശ്രദ്ധേയമാണ്. എയ്ഡഡ് സ്ഥാപനങ്ങൾ ആകും എന്നു കരുതി തുടങ്ങിയവയും അല്ല ഇവ. തുടക്കം മുതൽ എയ്ഡഡ് സ്ഥാപനങ്ങൾ ആയവയുടെ ലിസ്റ്റ് എടുത്താൽ ഏതു സമൂഹത്തിന് ആണ് അപ്രകാരമുള്ള സ്ഥാപനങ്ങൾ കൂടുതൽ ലഭിച്ചത് എന്ന് മനസ്സിലാകും. കൂടാതെ കേരളം മുഴുവൻ യാത്ര ചെയ്താൽ ഗവൺമെന്റ് ക്രിസ്ത്യൻ സ്കൂൾ എന്നൊരു ബോർഡ് കാണാൻ കഴിയില്ല എന്നതും നാം അറിയണം. അതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന ചോദ്യം അപ്രസക്തമാണ്.


www.malankaralibrary.com

b. ക്രിസ്ത്യാനികൾക്ക് മുന്നോക്ക സംവരണം ലഭിക്കുന്ന സാഹചര്യത്തിൽ അവർക്ക് ന്യൂനപക്ഷ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടോ ?

എന്നാണ് മുന്നോക്ക സംവരണം ഉണ്ടായത്? അങ്ങനെ ആയാൽ കാലാകാലങ്ങളായി പിന്നോക്ക സംവരണം കൈപ്പറ്റുന്ന മുസ്ലീം സമുദായത്തിന് പിന്നെ ന്യൂനപക്ഷ ആനുകൂല്യത്തിന് അർഹതയുണ്ടോ ?




ഇവിടെയാണ് ആദ്യം ഉദ്ധരിച്ച ഡോ. ബി. ആർ അംബേദ്കറുടെ വാക്കുകളുടെ പ്രസക്തി. ന്യൂനപക്ഷ ആനുകൂല്യങ്ങൾ ലഭിക്കുവാൻ എണ്ണത്തിൽ ന്യൂനപക്ഷമായിരിക്കുക എന്ന ഒരു കാര്യം മാത്രമാണ് ബാധകം.

ഇവിടെ മറ്റൊരു മറുചോദ്യം ഉയരുന്നുണ്ട്. നിയമനങ്ങളിലും മറ്റും 12 ശതമാനം പിന്നോക്ക സംവ രണം എപ്രകാരമാണ് മുസ്ലീം സമുദായത്തിന് ലഭിക്കുന്നത്. ജാതിയുടെ പേരിൽ കാലാകാലങ്ങ ളായി അവഗണന അനുഭവിച്ച സമൂഹത്തിനാണ് അത് ലഭിക്കുന്നത്. ഹിന്ദു സമൂഹത്തിലാണ് അപ്രകാരം വിവേചനം ഉണ്ടായിരുന്നത്. കേരളത്തിലെ ക്രൈസ്തവ - മുസ്ലീം സമൂഹങ്ങൾ ആരു ടെയും അടിമകളും വിവേചനം അനുഭവിച്ചവരും അല്ല. അതിനാൽ ഇരു സമൂഹങ്ങളും മുന്നോക്കമാണ് എന്നു കരുതണം. പിന്നോക്ക സമുദായങ്ങളിൽ നിന്നും മതം മാറിയവർ ക്രിസ്ത്യൻ - മുസ്ലീം സമൂഹങ്ങളിൽ ഒരുപോലെയുണ്ട്. അതിനാൽ പിന്നോക്ക സംവരണം മുസ്ലീം സമൂഹത്തിന് ലഭ്യമാകുന്നത് ശരിയാണോ എന്ന് ചിന്തിക്കേണ്ടതായി വരും. ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ ഇപ്രകാരമുള്ള സംവരണം മുസ്ലീം സമൂഹത്തിന് ലഭിക്കുന്നുണ്ടോ എന്ന് പ രിശോധിച്ചാൽ ഈ ചോദ്യത്തിന്റെ പ്രസക്തി വർദ്ധിക്കും. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ മുസ്ലീം - ക്രിസ്ത്യൻ സമൂഹങ്ങളേക്കാൾ കേരളത്തിലെ മുസ്ലീം - ക്രിസ്ത്യൻ സമൂഹങ്ങൾ സാമ്പത്തിക - രാഷ്ട്രീയ രംഗങ്ങളിൽ മുൻപിലാണ.

c. ക്രിസ്ത്യാനികളിൽ ലാറ്റിൻ, ദളിത് ക്രൈസ്തവ വിഭാഗങ്ങൾ മാത്രമാണ് പിന്നോക്കാവസ്ഥയിൽ ഉള്ളത്. അവർക്ക് മാത്രം ആനുകൂല്യങ്ങൾ നല്കിയാൽ മതിയല്ലോ.

ലാറ്റിൻ, ദളിത് ക്രൈസ്തവ വിഭാഗങ്ങൾ മറ്റ് ക്രൈസ്തവ വിഭാഗങ്ങളേക്കാൾ പിന്നിലാണ് എന്നത് പൂർണ്ണമായും ശരിയാണ്. അതിനാൽ അവർക്ക് ആനുകൂല്യങ്ങളിൽ മുൻഗണത നൽകണം. സുറിയാനി എന്ന് വിളിക്കുന്ന സമൂഹങ്ങളിലും വലിയ പങ്ക് ആളുകൾ പിന്നോക്ക വിഭാഗങ്ങളിൽ നിന്നും വിശ്വാസം മാറി വന്നവരാണ്. ഈ വിഭാഗങ്ങളിലെല്ലാം ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കുവാൻ കഷ്ടപ്പെടുന്ന അനേകം കുടുംബങ്ങൾ ഉണ്ട്. അതിനാൽ അവരുടെ പ്രയാസങ്ങളും മാന ദണ്ഡങ്ങൾക്കനുസരിച്ച് പരിഹരിക്കപ്പെ ടണം.

ഈ പ്രശ്നം മുസ്ലീം സമൂഹത്തിലും ഉണ്ട്. എന്തു പറഞ്ഞാലും കേരള സമൂഹത്തിന്റെ വായിൽ വരുന്ന സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ 193-ാം പേജ് ഈ സത്യം വെളിവാക്കുന്നു. കേരളത്തിലെ മുസ്ലീം സമൂഹത്തിൽ അഞ്ച് വിഭാഗങ്ങൾ ഉണ്ട്. - തങ്ങൾ, അറബി, മലബാറി, പുസാല, ഒസ്സാൻ. (Thangals, Arabis, Malabaris, Pusalars


www.malankaralibrary.com

and Ossans) ഇതിൽ തങ്ങൾ, അറബി, മലബാറി എന്നിവർ ഉന്നതശ്രേണിയിൽ ഉൾപ്പെട്ടവരും പ്രവാചകന്റെയും അറബികളുടെയും പാരമ്പര്യം ഉൾക്കൊള്ളുന്നവരും ആണ്. പുസാല വിഭാഗം മുക്കുവൻമാരിൽ നിന്നും ഒസ്സാൻ വിഭാഗം ബാർബറിൽ നിന്നും മതം മാറി വന്നതിനാൽ അവർ താഴ്ന്ന വിഭാഗമായി കണക്കാ ക്കപ്പെടുന്നു എന്നും സച്ചാർ കമ്മറ്റി വ്യക്തമായി പറയുന്നു. അതിനാൽ മുസ്ലീം സമുദായത്തിലെ എല്ലാവരെയും ഒരുപോലെ ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നത് ശരിയാകുമോ എന്ന് ചിന്തിക്കണം. സച്ചാർ കമ്മറ്റിയുടെ പേരു പറയുമ്പോൾ ഈ ഭാഗം മാത്രം വായിക്കാതെ പോകുന്നത് ശരിയാകില്ല.

d. ക്രിസ്ത്യാനിയുടെ പിന്നോക്കാവസ്ഥ പഠിക്കുവാൻ ഒരു ക്രമീകരണവും ഇതുവരെ നടന്നിട്ടില്ല. പിന്നെ എങ്ങനെ ക്രിസ്ത്യാനിക്ക് പിന്നോക്കാവസ്ഥ ഉണ്ടെന്ന് പറയും.

ഇതിനൊരു മറുചോദ്യമാണ് ആദ്യം ഉള്ളത്. പഠനം നടത്താതെ ക്രിസ്ത്യാനി മുന്നോക്കം ആണെന്ന്എങ്ങനെ പറയും. എന്നാൽ പഠനം നടന്നിട്ടുണ്ട്. എന്നാൽ അവ അനുസരിച്ച് നടപടിയെടുക്കുവാൻ സർക്കാർ തയ്യാറായില്ല എന്നതാണ്സത്യം. 27.06.2019 ൽ 92 -ാം നമ്പർ ചോദ്യമായി ശ്രീ. പ്രസൂൺ ബാനർജി ചോദിച്ച ചോദ്യത്തിന് മറുപടിയായി Periodic Labour Force Survey (PLFS) അനുസരിച്ച് നല്കിയ മതാടിസ്ഥാനത്തിലുള്ള തൊഴിലില്ലായ്മയുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

മതവിഭാഗത്തിന്റെ പേര്, പുരുഷൻ, സ്ത്രീ എന്നീ ക്രമത്തിൽ ആണിത് നൽകിയിരിക്കുന്നത്.

ഗ്രാമ പ്രദേശം

ഹിന്ദു - 5.7 - 3.5
മുസ്ലിം - 6.7 - 5.7
ക്രിസ്ത്യൻ - 6.9 - 8.8
സിഖ് - 6.4 - 5.7

നഗരപ്രദേശം
ഹിന്ദു - 6.9 - 10
ഇസ്ലാം - 7.5 - 14.5
ക്രിസ്ത്യൻ - 8.9 - 15.6
സിഖ് - 7.2 - 16.9

ക്രൈസ്തവ സമൂഹത്തിന്റെ പിന്നോക്കാവസ്ഥ ഇതിൽ നിന്നും വ്യക്തമാണ്. ഇതിനെ എതിർക്കാനായി ചിലർ പറയും ക്രൈസ്തവരുടെ അവസ്ഥ മറ്റു സംസ്ഥാനങ്ങളിലേതിനേക്കാൾ കേരളത്തിൽ വളരെ മുൻപിലാണെന്ന്. എല്ലാ സമൂഹങ്ങളുടെ കാര്യത്തിലും കേരളത്തിലെ അവസ്ഥ മറ്റ് സംസ്ഥാനങ്ങളിൽ അതത് മതത്തിലുള്ളവരുടേതിനേക്കാൾ മെച്ചമാണെന്ന് മനസ്സിലാക്കണം.

കേരളത്തിലെ ന്യൂനപക്ഷ വിഭാഗമായ ക്രിസ്തു മതത്തിൽ ഉൾപ്പെട്ട സി.എസ്.ഐ, പെന്തക്കോസ്ത് വിഭാഗങ്ങളിലുമുള്ളരുടെ പ്രശ്നങ്ങളെക്കുറിച്ച് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനുവേണ്ടി പഠനം നടത്തിയ കേരള സർവകലാശാലയുടെ സോഷ്യോളജി വിഭാഗത്തിന്റെ ഹെഡ് ആയ ഡോ. ശോഭ ബി. നായരുടെ പഠനം കേരള ക്രൈസ്തവരുടെ പൊതുവായ ദുരവസ്ഥയും വെളിവാക്കുന്നുണ്ട്. ക്രിസ്തുമതത്തിലേക്ക് വന്നവരിൽ ബഹുഭൂരിപക്ഷവും താഴ്ന്ന ജാതിയിൽ നിന്നും ആയിരുന്നു എന്ന സത്യം ഈ പഠനം വെളിവാക്കുന്നു. വലിയ വിഭാഗവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. ഈ റിപ്പോർട്ടുകൾ ഒന്നും ബന്ധപ്പെട്ടവരുടെ കണ്ണ് തുറപ്പിക്കുന്നില്ല എന്നത് ദു:ഖകരമാണ്. അതിനാൽ പഠനം നടക്കാഞ്ഞിട്ടല്ല, ഈ സമൂഹത്തെ സഹായി ക്കുവാൻ മനസ്സില്ലാത്തതാണ് ഇന്നത്തെ അവസ്ഥക്ക് കാരണം.

e. സച്ചാർ കമ്മറ്റി യുടെയും പാലോളി കമ്മറ്റിയുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുസ്ലീം സമൂഹത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങളിൽ 20 ശതമാനം മറ്റ് ന്യൂനപക്ഷങ്ങൾക്ക്


www.malankaralibrary.com

നല്കുന്നത് ഔദാര്യമായി കരുതിയാൽ മതി. ജനസംഖ്യാനുപാതികമായി അവകാശപ്പെടുന്നതിൽ കാര്യ മില്ല.

ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിയമം 1992 ൽ ആണ് നിലവിൽ വന്നത്. അതിന്റെ വകുപ്പ് 20 അനുസരിച്ച് ന്യൂനപക്ഷം എന്നത് കേന്ദ്രഗവൺമെന്റ് പറഞ്ഞിരിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാഴ്സി, ജൈന വിഭാഗങ്ങൾ ആണ്. ഈ നിയമത്തിന്റെ വകുപ്പ് 9 അനുസരിച്ച് ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന് പ്രത്യേക പ്രാധാന്യം ലഭിക്കാതെ എല്ലാവരെയും തുല്യമായി കാണണം എന്നാണ് പ റഞ്ഞിരിക്കുന്നത്. ഇതിന്റെ തുടർച്ചയാണ് സംസ്ഥാന ന്യൂനപക്ഷ കമ്മീ ഷനും വകുപ്പും എല്ലാം. അതിനാൽ തുല്യ പ്രാതിനിധ്യം ആരുടെയും ഔദാര്യമല്ല, എല്ലാവരു ടെയും അവകാശമാണ്.

f. ഹിന്ദു ഫാസിസ്റ്റ് ശക്തികൾ പിടിമുറുക്കുന്ന ഈ കാലത്ത് ന്യൂനപക്ഷങ്ങൾ അതിനെതിരായി ഒന്നിച്ചു നില്ക്കണം. അതിനാൽ ഇപ്രകാരമുള്ള കാര്യങ്ങൾ പ റഞ്ഞ് ന്യൂനപക്ഷങ്ങൾക്കിടയിൽ വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്നത് വർഗ്ഗീയതയാണ്.

ഹിന്ദു, ന്യൂനപക്ഷം എന്നൊക്കെ പറഞ്ഞ് വേർതിരിവ് ഉണ്ടാക്കുന്നത് തന്നെയാണ് യഥാർത്ഥ വർഗ്ഗീയത. അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ




അത് തുറന്നു പറയുന്നതിനെ നിരുൽസാഹപ്പെടുത്തുന്നതാണ് ഏറ്റവും വലിയ തെറ്റ്. ന്യൂനപക്ഷങ്ങളിൽത്തന്നെ ന്യൂനപക്ഷമായ ക്രൈസ്തവ സമൂഹത്തെ സംരക്ഷിക്കുന്നതിനു പകരം നീതി നിഷേധിക്കുന്നത് ശരിയല്ല. ഹിന്ദുവോ, ക്രിസ്ത്യാനിയോ, മുസ്ലീമോ എന്നതല്ല പ്രശനം. ആരു ഭരിച്ചാലും എല്ലാവർക്കും അർഹമായ നീതി നടപ്പിലാക്കണം. സകല ജനത്തിനും ഉണ്ടാകുന്ന മഹാസന്തോഷമെണ് ക്രൈസ്തവ ദർശനം.

കേരളാ ശാസ്ത്ര സാഹിത്യ പ രിഷത്തിന്റെ പഠനങ്ങളെക്കുറിച്ചൊക്കെ ചിലർ ചാനലിൽ വന്നിരുന്ന് പറയുന്നത് കേട്ടു. പരിഷത്തിന്റെ ഒരു പദ്യ ശകലം തന്നെ ഉദ്ധരിച്ചു നിർത്തട്ടെ.

'ടെറസും വീടും കാറും
ഫ്രിഡ്ജും
പണമുള്ളവനു ലഭിച്ചാൽ
നാട്ടിൽ
വികസന
മായെന്നോർത്തുനടക്കണ
വിവരം കെട്ടോനെ
നാടിന്നപകടമാണീ
ചിന്താഗതി
അതു മനസ്സിലിരുന്നോട്ടെ'

ക്രിസ്തീയ സമൂഹത്തിൽ ഏതോ ചിലർക്ക് ഉന്നതി ഉണ്ടെന്നു കരുതി ഈ സമൂഹം ഉന്നതിയിലായെന്നും ഇനിയൊന്നിന്റെയും ആവശ്യമില്ല എന്നും കരുതുന്നവരോട് എനിക്കും മുകളിലെ ആശയമേ പ റയുവാനുള്ളൂ. ഇപ്രകാരം ഉന്നതിയുള്ളവർ മറ്റ് പല സമൂഹങ്ങളിലും ഉണ്ട് എന്ന യാഥാർത്ഥ്യവും മറക്കരുത്.

അതിനാൽ ഇന്ത്യൻ പൗരനെന്ന നിലയിലുള്ള അവസര-ആനുകൂല്യ സമത്വവും ന്യുനപക്ഷ സമൂഹത്തിൽ എണ്ണം കുറഞ്ഞു കൊണ്ടിരിക്കുന്ന സമൂഹമെന്ന നിലയിൽ കൂടുതൽ കരുതലും ഈ സമൂഹത്തിന്റെ അവകാശമാണ്. അതിന്റെ നിഷേധം ഇനിയും കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല


www.malankaralibrary.com

# സ്പെയിനിൽ പൊലിഞ്ഞ ഒരു കേരളദീപം

**ഫാ. ജോഷി മയ്യാറ്റിൽ**

സ്പെയിനിൽ കർമലീത്താ സഭയുടെ നവാര പ്രോവിൻസിന്റെ അംഗമായിരുന്ന ഫാ. ഡോമിനിക് ഫെർണാണ്ടസ് ദെ മെൻഡിയോള 96 ാം വയസ്സിൽ മെയ് 15 ാം തീയതി രാവിലെ പത്തു മണിക്ക് നിര്യാതനായി. 17 ാം തീയതിയായിരുന്നു സംസ്കാര ശുശ്രൂഷകൾ. അതിനെന്താ എന്നായിരിക്കും നിങ്ങളുടെ ചോദ്യം. കേരളസമൂഹത്തിനും കേരളസഭയ്ക്കും നിർണായകമായ സംഭാവനകൾ നല്കിയ ഒരു വ്യക്തിത്വമാണ് കടന്നു പോകുന്നതെന്ന് ആർക്കും തന്നെ അറിയില്ല. ഈ പേര് ആരുംതന്നെ കേട്ടിരിക്കാനും സാധ്യതയില്ല. 1978ൽ സ്വദേശത്തേക്കു മടങ്ങിയ ഒരു മിഷനറിയെ ആരോർക്കാൻ?



**മംഗലപ്പുഴ കാർമൽഗിരി സെമിനാരികളുടെ റെക്ടർ**

1956 മുതൽ 1967 വരെ ആലുവ സെമിനാരി റെക്ടറായിരുന്ന ഫാ. മൈക്കിൾ എയ്ഞ്ചൽ ആഗോള കർമലീത്താസഭയുടെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് റോമിലേക്കു പോയപ്പോൾ തത്സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടത് ഫാ. ഡോമിനിക് ഫെർണാണ്ടസ് ദെ മെൻഡിയോള ആണ്. 1976 വരെ അദ്ദേഹം റെക്ടറായി സേവനമനുഷ്ഠിച്ചു. കാർമൽഗിരിയിൽ ഇപ്പോൾ മുഖ്യദേവാലയമായിരിക്കുന്ന പഴയ ഓഡിറ്റോറിയവും ലൈബ്രറി കെട്ടിടവും അദ്ദേഹമാണ് പണികഴിപ്പിച്ചത്. ഉന്നത ബൗദ്ധികനിലവാരം പുലർത്തിയിരുന്ന അദ്ദേഹത്തിന്റെ ഈടുറ്റ സംഭാവനയാണ് ഇന്നും സെമിനാരികളിൽ പഠിപ്പിക്കുന്ന പഠനരീതിശാസ്ത്രഗ്രന്ഥം (Methodology). ചരിത്രത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യവും അഗാധമായിരുന്നു. പിന്നീട് വിശ്രമജീവിതം നയിക്കാൻ റോമിലെ തെരേസിയാനും യൂണിവേഴ്സിറ്റിയോടു ചേർന്നുള്ള ആശ്രമം അദ്ദഹം തിരഞ്ഞെടുത്തത് ചരിത്രാന്വേഷണം തുടരുക എന്ന ഏകലക്ഷ്യത്തോടെയായിരുന്നു.

**സമഗ്രദർശനമുള്ള ഗുരു**

1972ൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആലുവ (PIA) സ്ഥാപിതമായത് അദ്ദേഹത്തിന്റെ കാലത്താണ്. ഒരു സർവകലാശാലയുടെ നിലവാരത്തിലേക്ക് സെമിനാരി പരിശീലന സംവിധാനത്തെ ഉയർത്താനായി അദ്ദേഹം കഠിനപ്രയത്നം ചെയ്തു. തന്നോടൊപ്പം അധ്വാനിക്കാൻ ബൗദ്ധികമേഖലയിൽ ഉന്നതനിലവാരം പുല


www.malankaralibrary.com

ർത്തിയിരുന്ന പലരെയും അദ്ദേഹം കൂടെ ചേർത്തിരുന്നതായി അനുഭവസ്ഥർ പറയുന്നു. ഫാ. മാത്യു മങ്കുഴിക്കരി, ഫാ. പോൾ ഉറുമ്പയ്ക്കൻ, ഫാ. സിറിയക് കണിച്ചായി തുടങ്ങിയ പ്രഗത്ഭരായ സ്റ്റാഫംഗങ്ങളെയും ബൗദ്ധികൗന്നത്യം പുലർത്തിയിരുന്ന സെമിനാരിക്കാരെയും അദ്ദേഹം തന്റെ വലംകൈയാക്കിയിരുന്നു. ആദ്യത്തെ ഫാക്കൽട്ടി പ്രസിഡന്റായി നിയോഗിക്കപ്പെട്ടതും അദ്ദേഹം തന്നെയായിരുന്നു. വൈദികവിദ്യാർത്ഥികളിൽ തത്ത്വശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ ദർശനങ്ങൾ രൂപപ്പെടുത്താൻ അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. 'മതവും ചിന്തയും' തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ അദ്ദേഹം കൈയയച്ചു പ്രോത്സാഹിപ്പിച്ചു.

'ക്രാന്തദർശിയും സഭാസ്നേഹിയും സെമിനാരി വിദ്യാർത്ഥികളുടെ എല്ലാ കഴിവുകളും വികസിപ്പിച്ചെടുക്കുന്നതിൽ ശ്രദ്ധാലുവുമായിരുന്നു ഡോമിനിക്കച്ചൻ. എല്ലാവരിലേക്കും വലിയ ചൈതന്യം പ്രസരിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ സാന്നിധ്യം' എന്നാണ് തന്റെ റെക്ടറച്ചനെക്കുറിച്ച് അദ്ദേഹത്തിന്റെ ശിഷ്യനും സീറോമലബാർ സഭയുടെ തലവനുമായ കർദിനാൾ ജോർജ് ആലഞ്ചേരി പിതാവിന്റെ സാക്ഷ്യം.

കർദിനാളിനെക്കൂടാതെ, ആർച്ചുബിഷപ്പുമാരായ ജോസഫ് കളത്തിപ്പറമ്പിൽ, ആൻഡ്രൂസ് താഴത്ത്, ജോർജ് ഞെറളക്കാട്ട്, മാത്യു മൂലക്കാട്ട്, ബിഷപ്പുമാരായ ജോസഫ് കരിയിൽ, വിൻസന്റ് സാമുവൽ, ജോസഫ് പൊരുന്നേടം, സെൽവിസ്റ്റർ പൊന്നുമുത്തൻ, സെബാസ്റ്റ്യൻ തെക്കെത്തുച്ചേരിൽ, ജോർജ് മഠത്തിക്കണ്ടത്തിൽ, ജോസഫ് കാരിക്കശ്ശേരി, സാമുവൽ മാർ ഇറേനിയോസ്, ജോസഫ് മാർ തോമസ് തുടങ്ങി ഇന്ന് കേരളസഭയിലെ പ്രമുഖരായ പലരുടെയും റെക്ടറച്ചനായിരുന്നു അദ്ദേഹം.

### കായിക മേഖലയ്ക്കും ആചാര്യൻ

വലിയ കായികപ്രേമി കൂടിയായിരുന്നു ഈ സന്യാസി. റെക്ടറായിരിക്കുന്ന കാലത്ത് ജില്ലാ ബാസ്കറ്റ് ബോൾ അസോസിയേഷന്റെ അധ്യക്ഷസ്ഥാനം അദ്ദേഹം അലങ്കരിച്ചിരുന്നു! UC കോളേജിലെ ആൻഡ്രൂസ് സ്റ്റേഡിയത്തിൽ പ്രശസ്ത ടീമുകളെ സംഘടിപ്പിച്ച് ബാസ്കറ്റ് ബോൾ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിൽ അദ്ദേഹം മുൻനിരയിലുണ്ടായിരുന്നു. അന്ന് സെമിനാരി ടീം വിദഗ്ദ്ധരായ കളിക്കാരെക്കൊണ്ട് സമ്പന്നമായിരുന്നു. പിന്നീട് ബാസ്കറ്റ് ബോൾ ഇന്റർനാഷനൽ റഫറി വരെയായിത്തീർന്ന ഫാ. ഫിലിപ്പ് വടക്കേക്കളം ഡോമിനിക്കച്ചന്റെ സ്പോർട്ട്സ് പ്രോത്സാഹനത്തിന്റെ ഉത്തമദൃഷ്ടാന്തമാണ്. ആധ്യാത്മികവും ബൗദ്ധികവുമായ വളർച്ചയോടൊപ്പം വൈദിക വിദ്യാർത്ഥികൾക്ക് കായികക്ഷമതയും ആവശ്യമാണെന്നും കളികളും വിനോദങ്ങളും അതിന് സഹായകമാണെന്നുമുള്ള തിരിച്ചറിവ് ഡോമിനിക്കച്ചനുണ്ടായിരുന്നു. കളിസമയത്ത് വൈദികവസ്ത്രം ഒഴിവാക്കി അനുയോജ്യമായ വസ്ത്രങ്ങൾ ധരിക്കാൻ ആദ്യമായി അവർക്ക് അനുവാദം ലഭിക്കുന്നത് അദ്ദേഹത്തിന്റെ കാലത്താണ്. ചുറ്റുപാടുമുള്ള കോളേജുകളും ക്ലബ്ബുകളുമായി സെമിനാരിയിൽ സൗഹൃദ മത്സരങ്ങൾ ആദ്യമായി സംഘടിപ്പിച്ചതും അദ്ദേഹം തന്നെയായിരുന്നു എന്ന് ഓർമിച്ചെടുക്കുന്നു കെആർഎൽസിസി പ്രസിഡൻറും ഇന്നത്തെ കൊച്ചി മെത്രാനുമായ ജോസഫ് കരിയിൽ പിതാവ്.

### മിഷനറിയുടെ തീർത്ഥാടകമനസ്സ്

വിദേശമിഷനറിമാരായ കർമലീത്താ വൈദികരുടെ 1766 മുതലുള്ള വൈദിക പരിശീലന നേതൃത്വത്തിന്റെ അവസാനത്തെ കണ്ണിയുമായിരുന്നു ഡോമിനിക്കച്ചൻ. 1976ൽ മോൺ. വർഗീസ് കവലക്കാട്ടിന് റെക്ടർ സ്ഥാനം ഒഴിഞ്ഞുകൊടുത്തതിലൂടെ കേരളസഭാചരിത്രത്തിൽ ഒരു പുതിയ അധ്യായം കുറിച്ചിടുകയായിരുന്നു അദ്ദേഹം. കളംവിടുംമുമ്പ് പാണ്ഡിത്യമുള്ള തദ്ദേശീയരെ സെമിനാരിപരിശീലകരായി ഒരുക്കിയെടുക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. തങ്ങളുടെ പ്രേഷിതചൈതന്യവും പണവും ആൾശേഷിയുംകൊണ്ട് ഒരു സന്യാസസമൂഹം കേരളംപോലൊരു സഭാ


www.malankaralibrary.com

സമൂഹത്തിനുവേണ്ടി ചെയ്ത വൻകാര്യങ്ങൾ ഒരു ദിവസം പൂർണമായും കൈമാറിയിട്ട് കടന്നുപോകാൻ കാണിക്കുന്ന ആ ഹൃദയവലുപ്പം അതാണല്ലോ യഥാർത്ഥമിഷനറിചൈതന്യം.

ഇന്ന് കരിസ്മാറ്റിക് നവീകരണ രംഗത്തു ശക്തരായി നിലകൊള്ളുന്ന പലരുടെയും ആത്മീയ ഗുരുവായിരുന്നു ഡോമിനിക്കച്ചൻ. ഡോ. എഡ്വേർഡ് എടേഴത്ത് കുറിക്കുന്നത് ഇങ്ങനെയാണ്: 'നവീകരണയാത്രയുടെ ആദ്യകാലങ്ങളിൽ ഞങ്ങളെഏറെ സഹായിച്ചിരുന്ന രണ്ട് ഒസിഡി വൈദികരാണ് ഫാ. മർസെല്ലീനോയും ഫാ. ഡോമിനിക്കും. 1976ൽ സെന്റ് തെരേസാസിൽ സംഘടിപ്പിച്ച ആദ്യ കരിസ്മാറ്റിക് പരിപാടി ഒരുക്കിയത് ഡോമിനിക്കച്ചൻ ആയിരുന്നു. ആ വർഷംതന്നെ ആദ്യമായി മംഗലപ്പുഴ സെമിനാരിയിൽ വച്ച് ഒരു ക്യാംപസ് നവീകരണ പരിപാടിയും അദ്ദേഹം സംഘടിപ്പിച്ചു. അതിനുശേഷം പല കോളേജ് പ്രാർത്ഥന ഗ്രൂപ്പുകളും ഞങ്ങൾ ആരംഭിച്ചു. അദ്ദേഹമാണ് ഇന്ത്യയിൽ ആദ്യമായി കരിസ്മാറ്റിക് നവീകരണത്തെക്കുറിച്ച് ഒരു പുസ്തകം Standing on the Promises of Christ എന്ന പേരിൽ എഡിറ്റുചെയ്തു പ്രസിദ്ധീകരിച്ചത്.

### മംഗലപ്പുഴയോരത്തെ പിഒസി

1967ൽ മംഗലപ്പുഴ സെമിനാരി റെക്ടറായി ഉത്തരവാദിത്വമേറ്റെടുത്തതോടൊപ്പം മറ്റൊരു നിയോഗം കൂടി അദ്ദേഹത്തെ തേടിയെത്തി പാസ്റ്ററൽ ഓറിയന്റേഷൻ സെൻറർ (POC) പ്രസിഡൻറ്. ഇതിന് ഒരു പശ്ചാത്തലമുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യച്ചൂടിൽ കേരള കത്തോലിക്കാസഭയുടെ അജപാലനപ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ഒരു സംവിധാനം സ്വപ്നം കാണുകയും അതിന് POC എന്ന പേരുവരെ കണ്ടെത്തുകയും അത് തന്റെ ഉന്നതപഠനത്തിന്റെ പ്രബന്ധവിഷയമായി തിരഞ്ഞെടുക്കുകയും ചെയ്ത, തൃശൂർ രൂപതക്കാരനായ ബഹു. ജോസഫ് കണ്ണത്തച്ചൻ തന്റെ സ്വപ്നം പങ്കുവച്ചത് മംഗലപ്പുഴ റെക്ടർ പെരിയ ബഹു. മൈക്കിൾ എയ്ഞ്ചൽ OCD അച്ചനോടായിരുന്നു. കേരളത്തിലെ വിവിധ മെത്രാന്മാരുമായി ഇക്കാര്യം കണ്ണത്തച്ചനും മൈക്കിൾ എയ്ഞ്ചലച്ചനും ചർച്ചചെയ്തതിന്റെ ഫലമായി രൂപതാപ്രതിനിധികളുടെ ഒരു താത്കാലിക ഉപദേശസമിതി രൂപംകൊണ്ടു. ഫാ. മൈക്കിൾ എയ്ഞ്ചൽ അതിന്റെ പ്രസിഡണ്ടായും ഫാ. ജോസഫ് കണ്ണത്ത് (തൃശൂർ), ഫാ. സെബാസ്റ്റ്യൻ മങ്കുഴിക്കരി (എറണാകുളം), ഫാ. പോൾ കാട്ടിശ്ശേരി (കൊച്ചി), ഫാ. ജോൺ വള്ളമറ്റം (കോതമംഗലം), ഫാ. സെബാസ്റ്റ്യൻ ഈരത്തറ (കോഴിക്കോട്) എന്നിവരടങ്ങുന്നതായിരുന്നു ആദ്യകമ്മിറ്റി. പിന്നീട് അത് വിപുലീകരിക്കുകയും പിഒസിക്കായി ഒരു സ്ഥലം കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. ഈ സന്ദർഭത്തിലാണ് മൈക്കിളച്ചൻ സുപ്പീരിയർ ജനറലായി മാറിപ്പോകുന്നത്.

പിഒസി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ഡോമിനിക്കച്ചൻ ആദ്യം ചെയ്തത് മംഗലപ്പുഴയിലെ ഫാദർ സഖറിയാസ് ഹാൾ പാസ്റ്ററൽ ഓറിയന്റേഷൻ സെൻററിനായി താത്കാലികമായി വിട്ടുകൊടുക്കുകയാണ്. കേരളസഭയുടെ ആവശ്യം മുൻകൂട്ടി കണ്ടറിഞ്ഞ പ്രതിഭയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ അധ്യക്ഷതയിലാണ് താഴെപ്പറയുന്ന സുപ്രധാനങ്ങളായ തീരുമാനങ്ങൾ കൈക്കൊണ്ടത്:

1. മതബോധകർക്കായി രണ്ടു വർഷം നീളുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക;
2. എല്ലാ രൂപതകൾക്കുംവേണ്ടി പൊതുവായ മതബോധനഗ്രന്ഥവും ദൃശ്യശ്രാവ്യ മാധ്യമങ്ങളും തയ്യാറാക്കുക;
3. പൊതുവായ ഒരു പുതിയ ബൈബിൾ പരിഭാഷ തയ്യാറാക്കുക;
4. കുടുംബകൗൺസിലിങ്ങ് സൗകര്യങ്ങളൊരുക്കുക;
5. അജപാലനത്തിന് സഹായകരമായ സാമൂഹികവും മതപരവുമായ വിവരശേഖരണം ശാസ്ത്രീയമായി തയ്യാറാക്കാൻ ഒരു കേന്ദ്രം ആരംഭിക്കുക;
6. പിഒസി ഔദ്യോഗികമായി ആരംഭി


www.malankaralibrary.com

ക്കാൻ കെസിബിസിയിൽനിന്ന് അനുവാദം തേടുന്ന കത്ത് തയ്യാറാക്കാൻ കണ്ണത്തച്ചനെ ഭരമേല്പിക്കുക.

1968 ഫെബ്രുവരി 19ാം തീയതി കാർഡിനൽ മാക്സ്മില്ലൻ ഫ്യൂർസ്റ്റൻബെർഗ് മംഗലപ്പുഴ ഫാദർ സഖറിയാസ് സ്മാരക മന്ദിരത്തിൽ വച്ച് പിഒസി ഉദ്ഘാടനം ചെയ്തപ്പോൾ അതിനുള്ള എല്ലാ ഒരുക്കങ്ങളും ഡോമിനിക്കച്ചന്റെ വിദഗ്ദ്ധ നേതൃത്വത്തിലാണ് നടന്നത്.

രണ്ടു വർഷത്തിനു ശേഷം, സഖറിയാസ് ഹാളിന്റെ സ്ഥലപരിമിതി മൂലം മഞ്ഞുമ്മൽ CRC യിലേക്കും പിന്നീട് ഏതാനും മാസത്തേക്ക് കലൂരിലേക്കും പറിച്ചുനടപ്പെട്ട പിഒസിക്ക് 1970 ഡിസംബർ 12ാം തീയതി പാലാരിവട്ടത്ത് സ്ഥിരകേന്ദ്രവും സംവിധാനങ്ങളും സംലഭ്യമായി.

**മുൻപേ പറന്ന പക്ഷി**

കേരളസമൂഹത്തിന്റെ പൊതുനന്മയ്ക്കായും ക്രൈസ്തവ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും ചാലക ശക്തിയായും നിലകൊള്ളുന്ന കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആസ്ഥാന കേന്ദ്രമെന്ന നിലയിൽ കഴിഞ്ഞ 53 വർഷങ്ങളായി നാടിന്റെ പുണ്യമായി നിലകൊള്ളുന്ന പിഒസിയുടെ തുടക്കക്കാലത്തെ അമരക്കാരൻ എന്ന നിലയിൽ ബഹു. ഫാ. ഡോമിനിക് ഫെർണാണ്ടസ് ദെ മെൻഡിയോള കേരളത്തിന് മറക്കാനാവാത്ത വ്യക്തിത്വമാണ്. അടിത്തറയുടെ ബലമാണ് ഭവനത്തിന്റെ ബലം. മുമ്പേ പോയ ദീർഘവീക്ഷണമുള്ളവരുടെ ഔദാര്യം പറ്റുന്നവരാണ് പിൻതലമുറക്കാരെല്ലാം.

**കേരളസഭയ്ക്കും സമൂഹത്തിനും വേണ്ടി അമൂല്യശുശ്രൂഷ ചെയ്ത ഫാ. ഡോമിനിക് ഫെർണാണ്ടസ് ദെ മെൻഡിയോളയച്ചന് കേരള മണ്ണിന്റെ ആദരാഞ്ജലികൾ! കേരളസഭയുടെ ഹൃദയംനിറഞ്ഞ നന്ദി! ദൈവസന്നിധിയിൽ വിശ്രമിക്കുക...**

---

# മോൺസിഞ്ഞോർ ഡോ. ജോർജ് കുരുക്കൂർ പി.ഒ.സിയിൽ നിന്നും വിരമിക്കുന്നു



മൂന്ന് പതിറ്റാണ്ടിന്റെ ചരിത്രവുമായാണ് മോൺസിഞ്ഞോർ ഡോ. ജോർജ് കുരുക്കൂർ പി.ഒ.സിയിൽ നിന്നും യാത്രയാകുന്നത്.

1990 ജൂൺ 22ന് കേരളകത്തോലിക്കാ മെത്രാൻ സമിതി ഭരമേല്പിച്ച ഉത്തരവാദിത്തങ്ങളുമായി പിഒസിയിൽ എത്തിയ ഡോ. ജോർജ് കുരുക്കൂർ തുടർന്നുള്ള മുപ്പത്തൊന്ന് വർഷക്കാലം കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയത്തിൽ ജനറൽ എഡിറ്റർ, അധ്യാപകൻ, സഭാപ്രമാണരേഖകളുടെ വിശ്വസ്ത വിവർത്തകൻ, താലന്ത് എഡിറ്റർ, പിഒസിയുടെ അസിസ്റ്റന്റ് ഡയറക്ടർ എന്നീ ഉത്തരവാദിത്വങ്ങളിൽ തുടർന്നു. ഏൽപ്പിക്കപ്പെട്ട ദൗത്യങ്ങളെല്ലാം സ്തുത്യർഹമാംവിധം പൂർത്തിയാക്കിയതിനുശേഷം, ജൂലൈ 12ാംതീയതി മോൺസിഞ്ഞോർ ഡോ. ജോർജ് കുരുക്കൂർ തന്റെ മാതൃരൂപതയായ കോതമംഗലത്തേക്ക് വിശ്രമത്തിനും പ്രാർത്ഥനയ്ക്കുമായി പോകുന്നു.


www.malankaralibrary.com

## നന്ദിയുടെ ഒരു വാക്ക്...

കഴിഞ്ഞ ആറ് വർഷമായി കെസിബിസി ഐക്യജാഗ്രത കമ്മീഷന്റെ സെക്രട്ടറി എന്ന ചുമതലയിൽ ആയിരുന്നുകൊണ്ട് കേരളസഭയിൽ സേവനമനുഷ്ഠിക്കുവാൻ അവസരമൊരുക്കിയ സർവ്വേശ്വരന് ആദ്യമായി നന്ദിയർപ്പിക്കുന്നു. സമൂഹവും സഭയും ഏറെ ജാഗ്രതയിൽ മുന്നേറേണ്ട ഒരു കാലഘട്ടത്തിലൂടെ ലോകം സഞ്ചരിക്കുമ്പോൾ, മാറിവരുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി കാലടികൾ വയ്ക്കാൻ പരിശീലിക്കേണ്ട ചില വർഷങ്ങളാണ് കടന്നുപോയത്. തുറന്ന മനസോടെ ഒരുമിച്ച് ചിന്തിക്കാനും പ്രവർത്തിക്കാനും എല്ലായ്പ്പോഴും സന്നദ്ധരായിരുന്ന അനേകരുണ്ട്. ഇക്കാലയളവിൽ കെസിബിസി പ്രസിഡന്റുമാർ ആയിരുന്ന, കർദിനാൾ ബസേലിയോസ് മാർ ക്ലീമീസ്, ആർച്ച്ബിഷപ് ഡോ. സൂസപാക്യം എന്നിവരോടും, ഇപ്പോൾ പ്രസിഡന്റ് ആയിരിക്കുന്ന കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനോടും കെസിബിസി എക്സിക്യൂട്ടീവ് അംഗങ്ങളോടും എല്ലാ മെത്രാന്മാരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ മുൻ ചെയർമാൻ ബിഷപ്പ് ജോഷ്വ മാർ ഇഗ്നാത്തിയോസ്, ഇപ്പോഴത്തെ ചെയർമാൻ ബിഷപ്പ് ഡോ. ജോസഫ് കരിയിൽ എന്നിവരോടും വൈസ് ചെയർമാന്മാരോടും കൃതജ്ഞത അറിയിക്കുന്നു. കെസിബിസി മുൻ ഡെപ്യൂട്ടി സെക്രട്ടറി റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, ഇപ്പോഴുള്ള സെക്രട്ടറി റവ. ഫാ. ജേക്കബ് പാലക്കാപ്പള്ളി എന്നിവർ നൽകിയിട്ടുള്ള പിന്തുണയും സഹകരണങ്ങളും വളരെ വലുതാണ്. അവരോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ഐക്യജാഗ്രതാ കമ്മീഷനോട് ചേർന്ന് പ്രവർത്തിച്ചിട്ടുള്ള കേരള കോൺഫറൻസ് ഓഫ് മേജർ സുപ്പീരിയേഴ്സ് (കെസിഎംഎസ്) നേതൃത്വത്തോട് പ്രത്യേകമായ നന്ദിയും കടപ്പാടും അറിയിക്കട്ടെ. കത്തോലിക്കാ സഭയുടെയും സമൂഹത്തിന്റെയും നന്മ മാത്രം ലക്ഷ്യംവച്ച് ഐക്യജാഗ്രതാ കമ്മീഷനോട് ചേർന്നുനിന്ന് പ്രവർത്തിച്ചിട്ടുള്ള ബഹുമാന്യരായ അനേകരുണ്ട്. എല്ലാവരോടുമുള്ള കൃതജ്ഞത പ്രത്യേകമായി അറിയിക്കുന്നു. കെസിബിസിയുടെ വിവിധ കമ്മീഷനുകളുടെ നേതൃസ്ഥാനങ്ങളിൽ മാറിവന്നിട്ടുള്ളവർ, പിഒസിയിലെ വൈദികർ, സന്യസ്തർ, സ്റ്റാഫ് അംഗങ്ങൾ തുടങ്ങി എല്ലാവരോടും, പ്രത്യേകിച്ച് കെസിബിസി ഐക്യജാഗ്രത കമ്മീഷന്റെ സ്റ്റാഫ് അംഗങ്ങളോടും നന്ദി അറിയിക്കുന്നതോടൊപ്പം തുടർപ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

**ഫാ. സാജു കൂത്തോടിപുത്തൻപുരയിൽ സിഎസ്റ്റി**
**സെക്രട്ടറി, കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ**


www.malankaralibrary.com

## നന്ദി



**റവ. ഡോ. സാജു കൂത്തോടിപുത്തൻ പുരയിൽ CST** കെസിബിസി ജാഗ്രതാ കമ്മീഷൻ സെക്രട്ടറി എന്ന നിലയിൽ ആറുവർഷത്തെ സ്തുത്യർഹമായ സേവനം പൂർത്തിയാക്കി വിരമിക്കുന്നു. ബഹുമാനപ്പെട്ട അച്ചൻ കേരള സഭയ്ക്കും സമൂഹത്തിനും നൽകിയ വിലയേറിയ സേവനങ്ങൾക്ക് കൃതജ്ഞത അർപ്പിക്കുന്നു.



## സ്വാഗതം


കെസിബിസി ജാഗ്രതാ കമ്മീഷന്റെ പുതിയ സെക്രട്ടറിയായി നിയമിതനായിരിക്കുന്ന **റവ. ഫാ. മൈക്കിൾ പുളിക്കൽ CMI** ക്ക് സ്വാഗതം. പുതിയ പ്രവർത്തന മേഖലയിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**കെസിബിസി ജാഗ്രതാ കമ്മീഷന്റെ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

A/C No: 042305300004178, IFC: SIBL0000423
Name of A/C Holder: M/S KCBC Harmony
(South Indian Bank, Vennala Branch)

**കെസിബിസി ജാഗ്രത ന്യൂസ് കോപ്പികൾക്ക് ബന്ധപ്പെടുക:**
സെക്രട്ടറി, കെസിബിസി ജാഗ്രതാ കമ്മീഷൻ, പിഒസി,
പാലാരിവട്ടം, കൊച്ചി 25 ഫോൺ: +917594900555

www.malankaralibrary.com




Published by: Secretary, KCBC Commission for Social Harmony and Vigilance,
POC, Palarivattom, Kochi - 25
www.malankaralibrary.com